

"നിങ്ങൾ യൗസേപ്പിന്റെ പക്കൽ പോകുവിൻ.
അവൻ നിങ്ങളോടു പറയുന്നത്
നിങ്ങൾ ചെയ്യുവിൻ"
(ഉല്പത്തി 41:55)

# വേദപ്രചാര മദ്ധ്യസ്ഥൻ

## ചങ്ങനാശേരി അതിരൂപത

സ്ഥാപിതം: മെയ് 20 1887

വാല്യം 91 ● ലക്കം 05 ● നവംബർ 2018

വേദപ്രചാര
മദ്ധ്യസ്ഥൻ
ചങ്ങനാശേരി അതിരൂപതാ മുഖപത്രം

# ഉള്ളടക്കം


കെ.സി.ബി.സി. സർക്കുലർ 3150/ K- 5/KCBC/OL/DS ........ 05
സർക്കുലർ 18 Ch. 208-283 ........ 11
സർക്കുലർ 18 Ch. 209-284 ........ 14
കച്ചേരിക്കാര്യം ........ 18
കുട്ടനാട് കൃതജ്ഞതാ സമർപ്പണം - വികസന ശില്പശാല റിപ്പോർട്ട് ........ 20
അനുസ്മരണം - റവ. ഫാ. തോമസ് കണ്ണംമ്പള്ളിൽ ........ 25
അനുസ്മരണം - റവ. ഫാ. മാത്യു പത്തിപ്പറമ്പിൽ ........ 26
പബ്ലിക് റിലേഷൻസ് - ജാഗ്രതാസമിതി ........ 30
സന്ദേശനിലയം ........ 31
ചെറുപുഷ്പ മിഷൻലീഗ് ........ 34
സി.ആർ.ഐ. ചങ്ങനാശേരി ........ 36
ജീവകാരുണ്യനിധി ട്രസ്റ്റ് ........ 70
എ.കെ.സി.സി. ........ 37
ഫാമിലി അപ്പോസ്റ്റലേറ്റ് ........ 28
ബൈബിൾ അപ്പോസ്റ്റലേറ്റ് & കുടുംബക്കൂട്ടായ്മ ........ 39
പ്രവാസി അപ്പോസ്റ്റലേറ്റ് ........ 43
യുവദീപ്തി ........ 44
ആവേമരിയ ........ 46
ഫ്രാൻസിസ്കൻ അല്മായസഭ ........ 60
ദലിത് കത്തോലിക്കാ മഹാജനസഭ ........ 47
ചാസ് ........ 48
എൽഡേഴ്സ് ഫ്രറ്റേണിറ്റി ........ 71
സെന്റ് തോമസ് സൺഡേസ്കൂൾ ........ 73
കെ.സി.എസ്.എൽ. ........ 62
ആത്മതാകേന്ദ്രം ........ 63
കേരളാ ലേബർ മൂവ്മെന്റ് ........ 65
കെയർ ഹോംസ് ........ 66
വിൻസെൻഷ്യൻ വേദി ........ 69
പൗരോഹിത്യ ആദ്ധ്യാത്മികത ........ 85
അഭിവന്ദ്യ പിതാക്കന്മാരുടെ ഡയറി ........ 71
Engagements ........ 94



Annual Subscription: Rs. 120/-



Archbishop's House, P.B. No. 20, Changanacherry - 686 101
Tel: 0481 - 2420040, 2420379, 2420614
Fax: 2422540 E-mail: bpjperumthottam@gmail.com
Website: www.archdiocesechanganacherry.org

Ref: 3150/K-5/KCBC/OL/DS 9.10.2018

# 2018 ഡിസംബർ 30 ബൈബിൾ ഞായർ കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ

കർത്താവിൽ പ്രിയ സഹോദരീസഹോദരന്മാരേ,

മാംസംധരിച്ച വചനമായ ഈശോയെ എതിരേല്ക്കാനുള്ള ഒരുക്കത്തിലാണ് നാമെല്ലാം. അവിടത്തെ രക്ഷയുടെ സന്ദേശം ഏറ്റുവാങ്ങി, നാം ജീവിക്കുന്ന സമൂഹത്തിൽ ഈ സദ്വാർത്തയുടെ പ്രേഷിതരായിത്തീരാൻ ഈശോ നമ്മെ ക്ഷണിക്കുന്നു. തിരുപ്പിറവിയുടെ ആഘോഷം, ദൈവമക്കളായ നാം വിശുദ്ധിയിലേക്കു വളരണമെന്ന ഓർമപ്പെടുത്തൽകൂടിയാണ്. മനുഷ്യാവതാരത്തിലൂടെ വിശുദ്ധിതന്നെയായ ദൈവം നമ്മിൽ ഒരുവനാകുക മാത്രമല്ല, വിശുദ്ധിയിലേക്കുള്ള വാതിൽ നമുക്കായി മലർക്കേ തുറന്നിടുക കൂടിയാണ് ചെയ്യുന്നത്. വിശുദ്ധിയിലേക്കുള്ള ക്രിസ്തുശിഷ്യന്റെ യാത്രയിലെ മാർഗദീപമാണ് ബൈബിൾ. ഓരോ വിശ്വാസിയും വിശുദ്ധിയിലൂടെ മുന്നേറുന്നതിന് പ്രായോഗികവും ലളിതവുമായ മാർഗങ്ങൾ നിർദേശിക്കുന്ന ഫ്രാൻസിസ് പാപ്പയുടെ 'ആനന്ദിച്ച് ആഹ്ലാദിക്കുവിൻ' എന്ന അപ്പസ്തോലിക ആഹ്വാനത്തിന്റെ പശ്ചാത്തലത്തിൽ *വിശുദ്ധഗ്രന്ഥവും വിശുദ്ധിയും* നമ്മുടെ പരിചിന്തനത്തിനു വിഷയമാക്കാം.

## പരിശുദ്ധനായ ദൈവവും വിശുദ്ധിയിലേക്കു വിളിക്കപ്പെട്ട ജനവും

ബൈബിളിൽ ദൈവത്തിന്റെ സ്വഭാവം വിവരിക്കുന്ന ഏറ്റവും പ്രധാന വിശേഷണമാണ് 'പരിശുദ്ധനായവൻ'. സിംഹാസനത്തിൽ ഉപവിഷ്ടനായ കർത്താവിനു ചുറ്റും നില്ക്കുന്ന സെറാഫുകൾ 'പരിശുദ്ധൻ, പരിശുദ്ധൻ, സൈന്യങ്ങളുടെ കർത്താവ് പരിശുദ്ധൻ' എന്ന് ഉദ്ഘോഷിക്കുന്നത് ഏശയ്യാപ്രവാചകൻ ദർശനത്തിൽ കാണുന്നുണ്ട് (ഏശ 6,3; cf. വെളി 4,8). 'പരിശുദ്ധനായവൻ' എന്നാണ് ഈശോ തന്റെ അന്തിമപ്രഭാഷണത്തിൽ പിതാവിനെ വിളിക്കുന്നതും (യോഹ 17,11). ദൈവസുതനായ ഈശോയ്ക്കും പുതിയ നിയമം ഈ വിശേഷണംതന്നെയാണ് നല്കുന്നത്. ഈശോയാണ് ദൈവത്തിന്റെ പരിശുദ്ധൻ എന്ന് ശിമയോൻ പത്രോസിന്റെ അധരങ്ങളിലൂടെ ദൈവവചനം സാക്ഷ്യപ്പെടുത്തുന്നു (യോഹ 6,69). സഭകളിൽ സന്നിഹിതനായിരിക്കുന്ന ഉത്ഥിതനായ ഈശോയെ 'പരിശുദ്ധനും സത്യവാനു'മെന്ന് യോഹന്നാൻ വിശേഷിപ്പിക്കുന്നുണ്ട് (വെളി 3,7). ത്രിത്വത്തിലെ മൂന്നാമത്തെ ആളിനെ പുതിയനിയമം വിളിക്കുന്നതും 'പരിശുദ്ധാത്മാവ്' എന്നാണല്ലോ (മത്താ 1,18; മർക്കോ 1,8; ലൂക്കാ 1,15; യോഹ 20,22). പരിശുദ്ധിതന്നെയായ

ത്രിയേകദൈവത്തിന്റെ രഹസ്യത്തിലേക്ക് ഇറങ്ങിച്ചെല്ലാൻ വിശുദ്ധഗ്രന്ഥം നമ്മെ സഹായിക്കുന്നു.

ദൈവത്തിന്റെ ഏറ്റവും പ്രധാന സ്വഭാവം പരിശുദ്ധിയാണെങ്കിൽ, ഈ വിശുദ്ധിയിൽ എത്തിച്ചേരുകയാണ് ദൈവസാദൃശ്യത്തിൽ സൃഷ്ടിക്കപ്പെട്ട മനുഷ്യന്റെ ലക്ഷ്യം. പരിശുദ്ധിതന്നെയായ ദൈവത്തിന്റെ സ്വന്തംജനം വിശുദ്ധിയിൽ വ്യാപരിക്കണമെന്ന സന്ദേശം ബൈബിളിൽ നിറഞ്ഞുനില്ക്കുന്നു. കർത്താവായ ദൈവം ഇസ്രായേൽജനത്തോട് അരുൾചെയ്യുന്നു: ''നിങ്ങൾ പരിശുദ്ധരായിരിക്കുവിൻ. എന്തെന്നാൽ, നിങ്ങളുടെ കർത്താവും ദൈവവുമായ ഞാൻ പരിശുദ്ധനാണ്'' (ലേവ്യ 19,2). ദൈവം തന്റെ ജനത്തിന്റെ മധ്യേ വസിക്കുന്നതിനാൽ അവർ വിശുദ്ധജനമായിരിക്കണമെന്ന് നിയമാവർത്തനഗ്രന്ഥവും പറയുന്നു (നിയ 7,6; 26,19; ജറെ 2,3).

പുതിയനിയമത്തിലേക്കു വരുമ്പോൾ, ദൈവജനത്തിന്റെ വിശുദ്ധിക്ക് പുതിയൊരു മാനം സിദ്ധിക്കുന്നു. മനുഷ്യാവതാരത്തിലൂടെ നമ്മിലൊരുവനായിത്തീർന്ന ഈശോമിശിഹായിലാണ് പുതിയ വിശുദ്ധജനം രൂപവത്കരിക്കപ്പെടുന്നത് (അപ്പ 4,30,31). നാമെല്ലാം ഈശോമിശിഹായിൽ വിശുദ്ധീകരിക്കപ്പെട്ടവരും വിശുദ്ധരാകാൻ വിളിക്കപ്പെട്ടവരുമാണെന്ന് പൗലോസ്ശ്ലീഹാ കോറിന്തോസിലെ സഭാതനയർക്കെഴുതുന്നു (1 കോറി 1,2). മിശിഹായിൽ രൂപവത്കരിക്കപ്പെട്ട വിശ്വാസിസമൂഹത്തെ പത്രോസ്ശ്ലീഹാ വളരെ ചേതോഹരമായി വിശേഷിപ്പിക്കുന്നുണ്ട്: ''നിങ്ങൾ തിരഞ്ഞെടുക്കപ്പെട്ട വംശവും രാജകീയപുരോഹിതഗണവും വിശുദ്ധജനതയും ദൈവത്തിന്റെ സ്വന്തം ജനതയുമാണ്'' (1 പത്രോ 2,9). ഈശോയിൽ വിശ്വസിക്കുന്നതുവഴി ദൈവമക്കളാകാൻ കഴിവു ലഭിക്കുന്നവരുടെ (യോഹ 1,12) മുഖമുദ്രയാണ് വിശുദ്ധി.

## ദൈവജനം വിശുദ്ധിയുടെ പാതയിൽ

വിശുദ്ധിതന്നെയായ ദൈവം ഉടമ്പടിയിലൂടെ സ്വന്തമാക്കുന്ന ജനത്തെ (പുറ 24,4-8) വിശുദ്ധിയിലേക്കു വിളിക്കുകയും നയിക്കുകയും ചെയ്യുന്നതിന്റെ വിവരണങ്ങൾ ബൈബിളിൽ നിറഞ്ഞുനില്ക്കുന്നു. വിശുദ്ധരുടെ ജീവിതകഥകൾ എന്നതിനെക്കാൾ ദൈവജനത്തെ വിശുദ്ധരാക്കിത്തീർക്കുന്നതിന്റെ വിവരണങ്ങളെന്ന് ബൈബിളിനെ വിളിക്കുന്നതാണ് ഉത്തമം. വിശുദ്ധഗ്രന്ഥത്തിലെ വലിയ കഥാപാത്രങ്ങൾ എന്നു നാം വിളിക്കുന്നവരുടെ ജീവിതത്തിലെ വീഴ്ചകളും കുറവുകളും ഇതിൽ പരാമർശിക്കപ്പെടുന്നുണ്ട്. പക്ഷേ, ജീവിതത്തിലെ ഈ ന്യൂനതകളെയെല്ലാം അതിജീവിച്ച്, വിശുദ്ധിയുടെ പാതയിലൂടെ അവർ മുന്നേറുന്നത് ബൈബിൾ നമ്മുടെ മുന്നിൽ ചിത്രീകരിക്കുന്നു.

വിശ്വാസികളുടെ പിതാവായ അബ്രാഹത്തിന്റെ കഥ ഇതിന് ഉത്തമോദാഹരണമാണ്. 'നീ ഒരു അനുഗ്രഹമായിരിക്കും' (ഉത്പ 12,2) എന്ന

ദൈവികാശീർവാദം ലഭിക്കുന്ന അബ്രാഹം പിന്നീട് ദൈവത്തിന്റെ വഴികളിൽനിന്ന് ഇടറിമാറുന്നത് നാം കാണുന്നുണ്ട്. സ്വന്തം ജീവൻ രക്ഷിക്കാൻവേണ്ടി ഫറവോയുടെ മുന്നിൽ സാറാ സഹോദരിയാണെന്നു പറയാൻ അബ്രാഹം ആവശ്യപ്പെടുന്നു (ഉത്പ 12,11-16). വഞ്ചനയിലൂടെ സഹോദരന്റെ അവകാശം തട്ടിയെടുക്കുന്ന യാക്കോബിനെയും (ഉത്പ 27,18-29) ബൈബിൾ ചിത്രീകരിക്കുന്നുണ്ട്. ദൈവത്തിന്റെ കരുണയുടെ അരുവിയിലാണ് ഇവരുടെ കളങ്കങ്ങൾ കഴുകിക്കളയപ്പെടുന്നത്. 'അബ്രാഹത്തിന്റെയും ഇസഹാക്കിന്റെയും യാക്കോബിന്റെയും ദൈവ'മെന്ന് സുവിശേഷങ്ങൾ പറയുമ്പോൾ (മത്താ 22,32; മർക്കോ 12,26; ലൂക്കാ 20,37) ദൈവം ഈ പൂർവപിതാക്കന്മാരുടെ കുറവുകൾ കഴുകി വിശുദ്ധീകരിച്ച് അവരെ തന്റെ മഹത്ത്വത്തിൽ പങ്കുകാരാക്കി എന്നർഥം. 'സ്നേഹിതനോടെന്നപോലെ കർത്താവു മുഖാഭിമുഖം സംസാരിച്ചിരുന്നു' (പുറ 33,11) എന്ന് പിന്നീട് വിശേഷിപ്പിക്കപ്പെടുന്നവനാണ് മോശയെങ്കിലും അദ്ദേഹത്തിന്റെ ജീവിതത്തിലെ കുറവുകൾ വിശുദ്ധഗ്രന്ഥം മറച്ചുവയ്ക്കുന്നില്ല. ഒരു ഈജിപ്തുകാരനെ വധിച്ചവനും (പുറ 2,12) വാക്ചാതുരിയില്ലെന്ന ന്യായംനിരത്തി ദൈവത്തിന്റെ വിളി സ്വീകരിക്കാൻ വിമുഖത പ്രകടിപ്പിക്കുന്നവനുമാണ് (ഉത്പ 4,10) മോശ. ബൈബിളിലെ ഏറ്റവും മനോഹരങ്ങളായ വിവരണങ്ങളിൽ ഒന്നാണ് ദൈവത്തിൽനിന്ന് ഓടിയകലുന്ന യോനാ പ്രവാചകന്റെ കഥ (യോനാ 1,3). ജീവിതത്തിലെ വീഴ്ചകളിൽനിന്നെല്ലാം എഴുന്നേറ്റ്, കർത്താവിന്റെ വഴികളിലൂടെ ചരിച്ച് ഇവരും ബൈബിളിലെ വിശുദ്ധിയുടെ ഉദാത്തമാതൃകകളായിത്തീരുന്നു.

പുതിയനിയമത്തിലും ഇതിനു സമാനങ്ങളായ വിവരണങ്ങളുണ്ട്. ബലഹീനതകളുടെ മനുഷ്യനായാണ് ശിഷ്യഗണത്തിൽ പ്രധാനിയായ പത്രോസ്ശ്ലീഹാ സുവിശേഷങ്ങളിൽ ഉടനീളം അവതരിപ്പിക്കപ്പെടുന്നത് (മത്താ 14,30; മർക്കോ 8,33; ലൂക്കാ 22,57,58,60). വിജാതീയരുടെ അപ്പസ്തോലനായ പൗലോസിനെ നാം കാണുന്നതിനുമുമ്പ് (അപ്പ 13,47) സഭയെ ഉപദ്രവിച്ചിരുന്ന സാവൂളിനെയാണ് കണ്ടുമുട്ടുന്നത് (അപ്പ 8,3). പക്ഷേ, ഇവർ ദൈവകൃപയോടു സഹകരിക്കുന്നതുവഴി വിശുദ്ധിയുടെ പടവുകൾ നടന്നുകയറുന്നതു നാം ബൈബിളിൽ വായിക്കുന്നു. മാനുഷികബലഹീനതകളുടെ ഊടുവഴിയിലൂടെ വിശുദ്ധിയിലേക്കുള്ള നമ്മുടെ യാത്രയിൽ നമുക്ക് ആശ്വാസവും ശക്തിയും പകരുന്നതാണ് ഈ വിശുദ്ധഗ്രന്ഥവിവരണങ്ങൾ.

ദൈവത്തിന് നമ്മെക്കുറിച്ചുള്ള പദ്ധതി നമ്മുടെ വിശുദ്ധീകരണം തന്നെയാണ് (1 തെസ്സ 4,3). ഈശോയാകുന്ന അടിത്തറയിൽ (1 കോറി 3,11) നമ്മുടെ ജീവിതം പണിതുയർത്തുകയെന്നതാണ് വിശുദ്ധിയെങ്കിൽ, ഈശോമിശിഹായെ അടുത്തറിയുകയാണ് നാമോരോരുത്തരും ലക്ഷ്യംവയ്ക്കേണ്ടത്. ബൈബിളിനെക്കുറിച്ചുള്ള അജ്ഞത

മിശിഹായെക്കുറിച്ചുള്ള അജ്ഞതതന്നെയാണെന്ന വി. ജെറോമിന്റെ വാക്കുകൾ ഇവിടെ പ്രസക്തമാണ്. ക്രൈസ്തവ ജീവിതത്തിൽ ബൈബിൾ വായനയ്ക്ക് എത്രമാത്രം പ്രാധാന്യം കൊടുക്കണമെന്ന് ഇതു വ്യക്തമാക്കുന്നു. വിശുദ്ധിയിലേക്കു വളരാൻ സുവിശേഷങ്ങളിലെ ഈശോയുടെ വചനങ്ങളിലേക്ക് നിരന്തരം തിരിയണമെന്ന് 'ആഹ്ലാദിച്ച് ആനന്ദിക്കുവിൻ' എന്ന അപ്പസ്തോലികാഹ്വാനത്തിൽ ഫ്രാൻസീസ് പാപ്പ ഉദ്ബോധിപ്പിക്കുന്നുണ്ട് (GE 109). വിശുദ്ധിയുടെ അടയാളങ്ങൾ സൂചിപ്പിക്കാൻ പരിശുദ്ധപിതാവ് ബൈബിളിലേക്കു തന്നെയാണ് തിരിയുന്നത്. ക്രൈസ്തവജീവിതത്തിൽ ബൈബിൾ വായനയ്ക്കും പഠനത്തിനും എത്രമാത്രം പ്രാധാന്യമുണ്ടെന്ന് ഇതു വ്യക്തമാക്കുന്നു. ബൈബിൾപാരായണം വിശുദ്ധിയിലേക്കുള്ള യാത്രയിൽ നമ്മെ നയിക്കുകയും ശക്തിപ്പെടുത്തുകയും ചെയ്യും. ഈശോയുടെ വചനം ഹൃദയത്തിൽ സംഗ്രഹിക്കുകയും (ലൂക്കാ 2,51) ഈശോയെ കുരിശിൻ ചുവടുവരെ അനുഗമിക്കുകയും ചെയ്ത (യോഹ 19,25) പരിശുദ്ധ മറിയം നമുക്കെല്ലാം മാതൃകയാണ്.

## കേരളസഭയും വിശുദ്ധിയിലേക്കുള്ള യാത്രയും

കേരളസഭയെ വിശുദ്ധിയുടെ പാതയിലൂടെ നയിക്കുന്നതിൽ ദൈവവചനശുശ്രൂഷയ്ക്കുള്ള പങ്ക് നിസ്തുലമാണ്. കെ.സി.ബി.സി. ബൈബിൾ കമ്മീഷനും രൂപതകളിലെ ബൈബിൾ അപ്പോസ്തലേറ്റും വിവിധങ്ങളായ ബൈബിൾ അധിഷ്ഠിത പദ്ധതികളിലൂടെ ദൈവവചനം സഭാമക്കളുടെ ജീവിതത്തിന്റെ അടിത്തറയാക്കി മാറ്റാൻ പരിശ്രമിക്കുന്നുണ്ട്.

ബൈബിൾ ഓരോ വിശ്വാസിക്കും ലഭ്യമാക്കുക എന്നത് വചനശുശ്രൂഷയുടെ മുഖ്യ ധർമ്മമാണല്ലോ. കേരളം നേരിട്ട ഭയാനകമായ പ്രളയദുരന്തത്തിനുശേഷം അനേകായിരം കുടുംബങ്ങൾക്കാണ് എല്ലാം വെള്ളത്തിൽ മുങ്ങിപ്പോയതിന്റെകൂടെ ബൈബിളും നഷ്ടമായത്. ദുരിതാശ്വാസകേന്ദ്രങ്ങളിൽനിന്ന് നിരന്തരമായി വന്ന ഒരഭ്യർഥന, വീടുകളിലേക്കു തിരികെ പോകുന്നവർക്കു കൊടുത്തുവിടാൻ ബൈബിൾ എത്തിക്കുകയെന്നതായിരുന്നു. പി.ഒ.സി.ക്കായി അച്ചടിച്ചുവച്ചിരുന്ന അനേകായിരം ബൈബിളുകൾ മാത്രമല്ല, അച്ചടിശാലയും ഈ വെള്ളപ്പൊക്കത്തിൽ നശിച്ചുപോയതിനാൽ ബൈബിളുകൾ ആവശ്യക്കാർക്ക് ഉടൻതന്നെ എത്തിക്കാൻ സാധിച്ചില്ലെങ്കിലും ഈ യജ്ഞം പൂർത്തിയാക്കാൻ ബൈബിൾ കമ്മീഷൻ തീവ്രമായി ശ്രമിച്ചുകൊണ്ടിരിക്കുന്നു. രൂപതകളിലെ ബൈബിൾ അപ്പോസ്തലേറ്റ് കേന്ദ്രങ്ങൾവഴി ഇവർക്കെല്ലാം കഴിയുന്നത്ര സൗജന്യമായി ബൈബിൾ നല്കുകയെന്നതാണ് കമ്മീഷൻ ലക്ഷ്യമിട്ടിരിക്കുന്നത്. നിരവധി വ്യക്തികളും സംഘടനകളും ഈ പദ്ധതിക്കു സഹായഹസ്തങ്ങൾ നീട്ടുന്നു എന്നത് നന്ദിയോടെ സ്മരിക്കുന്നു.

കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ ഏതാനും വർഷങ്ങളായി, നിലവിലുള്ള പി.ഒ.സി. ബൈബിൾ, മൂലഗ്രന്ഥങ്ങൾ ആധാരമാക്കി പരിഷ്കരിക്കുന്ന ദൗത്യത്തിൽ ഏർപ്പെട്ടിരിക്കുകയാണ്. പി.ഒ.സി.യിൽ താമസിച്ച് സേവനമനുഷ്ഠിക്കുന്ന ആറു ബൈബിൾപണ്ഡിതരെയും അവരുമായി സഹകരിക്കുന്ന എല്ലാവരെയും നന്ദിയോടെ ഓർക്കുന്നു. ബൈബിൾ കമ്മീഷൻ പരിഷ്കരിച്ച പുതിയനിയമത്തിലെ ആദ്യഭാഗം 'പഠനബൈബിൾ: സുവിശേഷങ്ങൾ' എന്ന പേരിൽ പി.ഒ.സി. 2018 ജൂൺമാസം പ്രസിദ്ധീകരിച്ചു. വചനം ആഴത്തിൽ മനസ്സിലാക്കാനും ആത്മീയമായി വളരാനും ഈ പഠനബൈബിൾ ഏറെ ഉപകരിക്കും.

ഇളംപ്രായംമുതൽ ദൈവവചനം വായിക്കാനും പഠിക്കാനും സ്നേഹിക്കാനും വഴിയൊരുക്കുന്ന ലോഗോസ് ക്വിസ് കേരളസഭയുടെ അഭിമാനമാണ്. ചെറുപ്പത്തിൽത്തന്നെ നമ്മുടെ മക്കൾ വളർത്തിയെടുക്കുന്ന ദൈവവചനത്തോടുള്ള സ്നേഹം അവരെ വിശുദ്ധിയുടെ പാതയിലൂടെ നടത്തുമെന്നതിനു സംശയമില്ല. സുവിശേഷവത്കരണത്തിനുള്ള ഏറ്റവും ഫലപ്രദമായ മാർഗമായി കേരളത്തിനു പുറത്തുള്ള രൂപതകൾ ഈ മോഡൽ സ്വീകരിക്കാൻ താത്പര്യപ്പെടുന്നു എന്നത് ഏറെ സന്തോഷകരമാണ്. ബധിരർക്കായും ഈ വർഷം ലോഗോസ്ക്വിസ് നടത്തുകയുണ്ടായി. ശാരീരിക വൈകല്യങ്ങളാൽ സമൂഹത്തിന്റെ മുഖ്യധാരയിൽനിന്ന് അകറ്റപ്പെടുന്നവർക്ക് കൂടുതൽ പരിഗണന നല്കാൻ ഇതു പ്രചോദനമേകുമെന്നു പ്രത്യാശിക്കുന്നു.

ബൈബിൾ ആഴത്തിൽ മനസ്സിലാക്കാൻ നിരവധിപേർ ആഗ്രഹിക്കുന്നതു കണക്കിലെടുത്ത്, പല രൂപതകളും ബൈബിൾകോഴ്സുകൾ സംഘടിപ്പിക്കുന്നതിൽ അതിയായ സന്തോഷമുണ്ട്. സ്വന്തമായി ബൈബിൾ പഠിക്കാൻ ആഗ്രഹിക്കുന്നവരെ കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ സംഘടിപ്പിക്കുന്ന ബൈബിൾ കറസ്പോൻസ് കോഴ്സിൽ ചേരാൻ പ്രോത്സാഹിപ്പിക്കണം. വിശ്വാസജീവിതം ശക്തിപ്പെടുത്താനും വിശുദ്ധിയുടെ പാതയിലൂടെ മുന്നേറാനും ഇത് ഏറെ സഹായിക്കും.

മാംസംധരിച്ച വചനമായ ഈശോയുടെ തിരുപ്പിറവിക്കായി ഒരുങ്ങുന്ന ഡിസംബർമാസം കേരളസഭ വചനപാരായണ മാസമായി ആചരിക്കുന്നു. എല്ലാ കുടുംബങ്ങളിലും ഡിസംബർമാസം ബൈബിൾ പ്രതിഷ്ഠനടത്തുകയും ദിവസവും കുടുംബപ്രാർഥനയ്ക്കിടയ്ക്ക് ബൈബിൾ വായിക്കുകയും ചെയ്യേണ്ടതാണ്. അതുപോലെതന്നെ, ഓരോ ഇടവകയിലും ഈ മാസത്തിൽ ബൈബിൾപ്രതിഷ്ഠ നടത്തുകയും ഒരു ദിവസമെങ്കിലും അഖണ്ഡവചനപാരായണം നടത്തുകയും ചെയ്യണം. ബൈബിൾകമ്മീഷൻ തയ്യാറാക്കിയിരിക്കുന്ന ബൈബിൾ പാരായണ കലണ്ടർ ഉപയോഗപ്പെടുത്തി ഈ മാസം സമ്പൂർണബൈബിൾ പാരായണം സംഘടിപ്പിക്കുന്നതും പ്രോത്സാഹിപ്പിക്കപ്പെടണം. കേരളത്തിൽ വിവിധയിടങ്ങളിൽ ഏതാനും രൂപതാ ബൈബിൾ അപ്പോ

സ്തലേറ്റുകളുടെ നേതൃത്വത്തിൽ വിപുലമായ അഖണ്ഡബൈബബിൾ പാരായണയജ്ഞങ്ങൾ സംഘടിപ്പിക്കുന്നതിനെ അഭിനന്ദിക്കുകയും ഈ മാതൃക മറ്റെല്ലാവരും പിഞ്ചെല്ലണമെന്ന് അഭ്യർഥിക്കുകയും ചെയ്യുന്നു. ദൈവവചനപാരായണത്തിന് കേരളകത്തോലിക്കാ മെത്രാൻസമിതി പ്രത്യേകം നിഷ്കർഷിച്ചിരിക്കുന്ന ഈ മാസം കേരളത്തിലുടനീളം ദൈവവചനത്തിന്റെ അലയടികൾ മുഴങ്ങട്ടെ. സമ്പൂർണ ബൈബിൾവായനയിൽ പങ്കുചേർന്ന്, ഈശോയെ കൂടുതൽ അടുത്തറിയാനും സ്നേഹിക്കാനും വിശുദ്ധിയിൽ വളരാനും ഏവർക്കും സാധിക്കട്ടെയെന്ന് ആശംസിക്കുന്നു.

കേരളകത്തോലിക്കാസഭ ബൈബിൾ ഞായറായി ആചരിക്കുന്ന ഡിസംബർ 30-ാം തീയതി നിങ്ങൾ നല്കുന്ന സംഭാവന രൂപതകളുടെയും കെ.സി.ബി.സി.യുടെയും ബൈബിൾപ്രേഷിതപ്രവർത്തനങ്ങൾ ശക്തിപ്പെടുത്തും. രൂപതാബൈബിൾ അപ്പോസ്തലേറ്റിനും കെ.സി.ബി.സി. ബൈബിൾ കമ്മീഷനുംവേണ്ടിയുള്ള ഈ സംഭാവന രൂപതാകേന്ദ്രത്തിൽ എത്തിക്കണമെന്ന് അഭ്യർഥിക്കുന്നു. വചനം മാംസംധരിച്ച ഈശോയെ അനുഗമിച്ച് വിശുദ്ധിയിൽ വളരാൻ ആഹ്വാനംചെയ്തുകൊണ്ടും തിരുപ്പിറവിയുടെ അനുഗ്രഹങ്ങൾ ഏവർക്കും നേർന്നുകൊണ്ടും,

സ്നേഹത്തോടെ,

**ബിഷപ് ഡോ. എബ്രഹാം മാർ യൂലിയോസ്**
ചെയർമാൻ, കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ
**ബിഷപ് മാർ ജേക്കബ് മനത്തോടത്ത്**
വൈസ്ചെയർമാൻ, കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ
**ബിഷപ് ഡോ. പീറ്റർ അബീർ അന്തോണിസ്വാമി**
വൈസ്ചെയർമാൻ, കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ

പി.ഒ.സി., കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം
കൊച്ചി - 682 025

NB: *2018 നവംബർ 25-ാം തീയതിയോ തുടർന്നുള്ള ഞായറാഴ്ചയോ ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാസഭകളിലെ എല്ലാ ദൈവാലയങ്ങളിലും വി. കുർബാന അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ചുകൊടുക്കുകയോ ചെയ്യേണ്ടതാണ്.*

## സർക്കുലർ

18 Ch. 207-282

# ആഘോഷങ്ങളിലും അലങ്കാരങ്ങളിലും മിതത്വം പാലിച്ചും അനാവശ്യചെലവുകൾ ഒഴിവാക്കിയും കുട്ടനാട് പുനഃനിർമ്മാണയജ്ഞത്തിൽ അതിരൂപതയോട് സഹകരിക്കുക.

സ്നേഹമുള്ള സഹോദരങ്ങളേ,

പ്രളയാനന്തര കുട്ടനാടിന്റെ പുനർനിർമ്മാണത്തിൽ പരമാവധി പങ്കുചേരുവാൻ ചങ്ങനാശേരി അതിരൂപത പ്രതിജ്ഞാബദ്ധയാണെന്ന് ഏവർക്കും അറിവുള്ളതാണല്ലോ. പ്രളയകാലത്തും തുടർന്നും മനുഷ്യസ്നേഹത്തിന്റെയും കാരുണ്യത്തിന്റെയും പ്രവാഹം നാടിന്റെ നാനാഭാഗത്തുനിന്നും ഉണ്ടായത് പ്രളയദുരിതബാധിതർക്ക് വലിയ ആശ്വാസവും ആത്മധൈര്യവും പകർന്നു എന്നുള്ളത് ഒരു സത്യമാണ്. കുട്ടനാടിന്റെ പുനർനിർമ്മാണത്തിന് ചങ്ങനാശേരി അതിരൂപതയുടെ പദ്ധതിയിൽ ഒരു തുണയാകാൻ സന്മനസ്സുള്ള എല്ലാവരോടും സ്നേഹപൂർവ്വം അഭ്യർത്ഥിക്കുന്നു.

പല ആഘോഷങ്ങളും അവയോടു ബന്ധപ്പെട്ട അലങ്കാരങ്ങളും പരിധിവിട്ടു പോകുന്നതായും അവയ്ക്കുവേണ്ടി വളരെയധികം പണം ചെലവഴിക്കുന്നതായും കാണുന്നു. അവയിലൊക്കെ മിതത്വം പാലിച്ചും അനാവശ്യചെലവുകൾ ഒഴിവാക്കിയും സ്വരൂപിക്കാവുന്ന പണം മേൽപറഞ്ഞ കുട്ടനാട് പുനർനിർമ്മാണ പദ്ധതിക്കായി നീക്കിവച്ചാൽ നന്നായിരിക്കും. താഴെപ്പറയുന്ന കാര്യങ്ങൾ ശ്രദ്ധയിൽപ്പെടുത്തട്ടെ.

വിവാഹം, വിവാഹവാഗ്ദാനം, മാമ്മോദീസാ, ആഘോഷമായ വിശുദ്ധ കുർബാന സ്വീകരണം തുടങ്ങിയ കൂദാശകളുടെ സ്വീകരണത്തോടനുബന്ധിച്ചുള്ള ആഘോഷങ്ങളിലും അലങ്കാരങ്ങളിലും നിയന്ത്രണം ഉണ്ടാകണം. ക്ഷണക്കത്ത്, വിരുന്നുസല്ക്കാരം, വസ്ത്ര

ധാരണം, ആഭരണങ്ങളുടെ ഉപയോഗം, പുഷ്പാലങ്കാരം, മോടി കൂട്ടാനുള്ള ഇതരപരിപാടികൾ എന്നിവയിലൊക്കെ മിതത്വവും ലാളിത്യവും പാലിക്കണം. ദൈവാലയങ്ങളിലെ പുഷ്പാലങ്കാരങ്ങൾ പലപ്പോഴും വളരെ കൂടിപ്പോകുന്നതായി കാണുന്നു. ബലിപഠത്തിലേക്കും തിരുക്കർമ്മങ്ങളിലേക്കുമെന്നതിനേക്കാൾ അലങ്കാരങ്ങളിലേക്ക് ശ്രദ്ധതിരിയാൻ ഇടയാക്കുന്നത് ഉചിതമല്ല.

ദൈവാലയത്തിൽ ക്യാമറാ ഉപയോഗിക്കുന്നതിലും നിയന്ത്രണം ആവശ്യമാണ്. തിരുക്കർമ്മങ്ങളിലെ ഏകാഗ്രതയ്ക്ക് ക്യാമറകളുടെ ഉപയോഗം പ്രതിബന്ധം സൃഷ്ടിക്കരുത്. ഫോട്ടോ എടുക്കാൻവേണ്ടി പള്ളിക്കകത്തുകൂടിയുള്ള സഞ്ചാരം നിയന്ത്രിക്കണം. വളരെ അത്യാവശ്യസന്ദർഭത്തിൽ മാത്രമേ ഒന്നിൽകൂടുതൽ ക്യാമറകൾ അനുവദിക്കാവൂ. രണ്ടിൽ കൂടുതൽ പാടില്ല.

തിരുപ്പട്ടസ്വീകരണം, പുത്തൻകുർബാന തുടങ്ങിയ ആഘോഷങ്ങളിലും മേല്പറഞ്ഞ കാര്യങ്ങൾ പാലിക്കേണ്ടതാണ്. ഫ്ളക്സ് ബോർഡ് ഉപയോഗിച്ചുള്ള പരസ്യങ്ങളും അറിയിപ്പുകളും ഒഴിവാക്കണം. പ്ലാസ്റ്റിക്കിന്റെ ഉപയോഗം വർജ്ജിക്കണം. ആഘോഷാവസരങ്ങൾ പരിസരമലിനീകരണത്തിന് ഇടയാക്കരുത്.

വീടുകളും ഇതര താമസസ്ഥലങ്ങളും പണിയുമ്പോൾ ആവശ്യകതയും ബലവും ആരോഗ്യകരമായ സംവിധാനങ്ങളും ശ്രദ്ധിക്കയും ആഡംബരം ഒഴിവാക്കുകയും വേണം. സാമ്പത്തിക ഭദ്രതയുള്ളവർ ഒരു വിഹിതം വീടില്ലാത്തവർക്കായി കൊടുക്കാൻ തയ്യാറാകണം.

വീടുവെഞ്ചരിപ്പ്, ജന്മദിനാഘോഷം, ജൂബിലിയാഘോഷങ്ങൾ, മറ്റ് അനുസ്മരണദിനാചരണങ്ങൾ, വിനോദയാത്രകൾ തുടങ്ങിയവയിലും ലാളിത്യം പാലിക്കണം. ഒരുപക്ഷെ, ഏറ്റവും കൂടുതൽ പണം ദുർവ്യയം ചെയ്യപ്പെടുന്നത് മദ്യത്തിനും ലഹരിക്കുംവേണ്ടിയാകാം. വ്യക്തികൾ ഉറച്ച തീരുമാനത്തോടെ പരിശ്രമിച്ചാൽ മാത്രമേ ഈ വിപത്ത് ഇല്ലാതാക്കാൻ സാധിക്കയുള്ളു. പള്ളിപ്പരിസരങ്ങളിൽ യാതൊരു കാരണവശാലും മദ്യം വിളമ്പാൻ പാടില്ല. വീടുകളിലും ആഘോഷങ്ങളിലും സല്ക്കാരങ്ങളിലും മദ്യത്തിന്റെ ഉപയോഗം വർദ്ധിച്ചുവരുന്നത് ഇളംതലമുറയ്ക്ക് വലിയ ദുർമാതൃകയാണ്. അവർ മദ്യാസ്കതിയിലേക്കും നാശത്തിലേക്കും ആനയിക്കപ്പെടുന്നതിന്റെ ഉത്തരവാദിത്വം ആർക്കാണ്?

തിരുനാളുകളോടനുബന്ധിച്ചുള്ള വെടിക്കെട്ടുകൾ നിയന്ത്രിക്കണം. ഇക്കാര്യത്തിൽ സർക്കാരും കോടതിയും നൽകിയിരിക്കുന്ന വ്യവസ്ഥകളും നിയന്ത്രണങ്ങളും കർശനമായി പാലിക്കേണ്ടതാണ്. ആത്മസംയമനം പാലിച്ചും, ആഡംബരം ഉപേക്ഷിച്ച് ലളിതജീവിതശൈലി

ഉൾക്കൊണ്ടും, സ്നേഹത്തോടെ പങ്കുവെയ്ക്കാൻ തയ്യാറായും ജീവിച്ചാൽ നമ്മുടെ സഹോദരങ്ങളെ അവരുടെ ന്യായമായ ആവശ്യങ്ങളിൽ നമുക്കു സഹായിക്കാൻ സാധിക്കും. അപ്രകാരം കുട്ടനാടിന്റെ പുനർനിർമ്മിതിക്കായ് നല്ല മനസ്സോടെ സഹകരിക്കാൻ എല്ലാവരെയും ഞാൻ സ്നേഹത്തോടെ ക്ഷണിക്കുന്നു.

സ്നേഹപൂർവ്വം,

**ആർച്ചുബിഷപ്പ് ജോസഫ് പെരുന്തോട്ടം**
ചങ്ങനാശ്ശേരി അതിരൂപതാ മെത്രാപ്പോലീത്ത

---

*ഈ സർക്കുലർ നവംബർ 18-ാം തീയതി ഞായറാഴ്ച എല്ലാ ഇടവകകളിലും വി. കുർബാനമദ്ധ്യേ വായിക്കേണ്ടതാണ്.*

## സർക്കുലർ

**18 Ch. 208-283**

# പഞ്ചവത്സര അജപാലനപദ്ധതി-പള്ളിക്കൂദാശ ക്കാലം പ്രഥമവർഷാചരണ സമാപനവും ദ്വിതീയ വർഷാചരണാരംഭവും

പ്രിയ ബഹുമാനപ്പെട്ട വൈദികരെ സമർപ്പിതരെ
സഹോദരീസഹോദരന്മാരെ,

ആരാധനാവത്സരത്തിന്റെ അവസാനഘട്ടമായ പള്ളിക്കൂദാശക്കാലം സമാഗതമായി. നാമാചരിച്ചുവരുന്ന പഞ്ചവത്സര അജപാലനപദ്ധതി യുടെ പ്രഥമവർഷവും പള്ളിക്കൂദാശക്കാലത്തോടെ സമാപിക്കുക യാണ്. ആരാധാനാവത്സരത്തിനനുസരിച്ച് വിശ്വാസജീവിതം ക്രമ വൽക്കരിച്ചുകൊണ്ട് സഭയോടൊത്ത് ചിന്തിക്കുവാനും ജീവിക്കുവാനും സഭയുടെ പ്രേഷിതദൗത്യത്തിൽ പങ്കുചേരുവാനും പഞ്ചവത്സര അജ പാലനപദ്ധതിയിലൂടെ നമ്മൾ പരിശ്രമിക്കുകയാണ്. സഭയുടെ ആധി കാരികവും ദൈവനിവേശിതവുമായ ജീവിതയാത്രയുടെ വിശുദ്ധ പാതയാണ് ആരാധനവത്സരം. രക്ഷകനായ മിശിഹായിലൂടെ മനു ഷ്യകുലത്തെ തന്റെ പക്കലെത്തിക്കാൻ ദൈവം തെളിച്ച സ്വർഗ്ഗീയ പാതയാണത്. 'ഞാനാകുന്നു വഴിയും സത്യവും ജീവനും. എന്നിലൂടെ യല്ലാതെ ആർക്കും എന്റെ പിതാവിന്റെ പക്കലെത്താൻ കഴിയുകയില്ല' എന്ന ഈശോയുടെ വാക്കുകൾ അന്വർത്ഥമാകുന്നത് ആരാധനവത്സ രത്തിലൂടെയാണ്. മനുഷ്യകുലത്തെ രക്ഷിച്ചുകൊണ്ടുള്ള മിശിഹാ യുടെ 'കടന്നുപോകലാ'യ 'പെസഹാ'യുടെ കൗദാശീകാചരണമാണ് ആരാധനവത്സരം. ചുരുക്കത്തിൽ, മിശിഹായുടെ ജീവിതയാത്രയാ ണത്, 'സ്ലീവാപ്പാത'യാണ് ആരാധനവത്സരം. സഭയിൽ നമ്മെ തന്റെ ശരീരമെന്നപോലെ തന്നോട് യോജിപ്പിച്ചുകൊണ്ട്, ഈശോ നമ്മെ പിതാവിലെത്തിക്കുന്നു. അങ്ങനെ മിശിഹായാകുന്ന ഏകമാർഗ്ഗത്തി ലൂടെ നമ്മൾ സ്വർഗ്ഗീയഭവനത്തിലെത്തുന്നു. ഈ സ്വർഗ്ഗപ്രവേശനമാ ണല്ലോ പള്ളിക്കൂദാശക്കാലം അർത്ഥമാക്കുന്നത്.

മിശിഹായുടെ പ്രത്യാഗമനദിനത്തിനായി സഭ പ്രത്യാശയോടെ കാത്തിരിക്കുകയാണ്. 'കർത്താവിന്റെ ദിവസ'മെന്നാണ് ആ ദിനത്തെ വിളിക്കുന്നത്. ആ ദിനം സമാഗതമാകുന്നതോടെ ഈ ലോകത്തിന്റേതായ സമയക്രമം അവസാനിക്കുന്നു. ചരിത്രത്തിന്റെ പരിസമാപ്തിയും ലോകത്തിന്റെതന്നെ അവസാനവുമാണത്. കർത്താവിന്റെ ആ ദിനം ഒരിക്കലും അവസാനിക്കാത്ത നിത്യതയായി മാറുന്നു അതാണ് സ്വർഗ്ഗീയജീവിതം. ആ ദിനത്തിലേക്കു വിരൽ ചൂണ്ടുന്നതും അതിന്റെയൊരു മുന്നാസ്വദനവുമാണ് നമ്മുടെ ഞായറാഴ്ചയാചരണങ്ങൾ. അതിനാൽ ഞായറാഴ്ചയേയും കർത്താവിന്റെ ദിവസമെന്നു വിളിക്കുന്നു. കർത്താവിന്റെ പ്രത്യാഗമനത്തെ കേന്ദ്രീകരിച്ചുള്ള ഏലിയാ-സ്ലീവാ-മൂശേക്കാലത്തെ തുടർന്ന് പള്ളിക്കൂദാശക്കാലത്തിലേക്ക് പ്രവേശിക്കുമ്പോൾ ഈ രക്ഷാകരഹസ്യങ്ങളാണ് സഭയുടെ ധ്യാനവിഷയം. അതിൽനിന്ന് ചൈതന്യമുൾക്കൊണ്ടുള്ള ജീവിതവും പ്രവർത്തനങ്ങളുമായിരിക്കണം നമ്മുടേത്.

## വിലയിരുത്തലും ഒരുക്കവും

പഞ്ചവത്സര അജപാലനപദ്ധതിയുടെ പ്രഥമവർഷ പ്രവർത്തനങ്ങളെ വിലയിരുത്തുകയും പോരായ്മകൾ പരിഹരിച്ച് കൂടുതൽ കാര്യക്ഷമതയോടും ഉത്സാഹത്തോടുംകൂടി നന്നായി ഒരുങ്ങി രണ്ടാം വർഷത്തിലേക്കു പ്രവേശിക്കുകയും വേണം. ഇപ്രകാരമുള്ള വിലയിരുത്തലുകളും ഒരുക്കവും ഇടവക മുതൽ അതിരൂപത വരെ എല്ലാ തലങ്ങളിലും അജപാലനപ്രവർത്തനങ്ങളുടെ എല്ലാ സംവിധാനങ്ങളും സമിതികളും പ്രസ്ഥാനങ്ങളും സജീവമായി പങ്കുചേരത്തക്കവിധം യഥോചിതം നടത്താൻ ശ്രദ്ധിക്കണം. ഇടവകയോഗങ്ങളും ഫൊറോനാകൗൺസിലുകളും കുടുംബക്കൂട്ടായ്മകളും ഇക്കാര്യത്തിൽ പ്രവർത്തനനിരതമാകണം. അജപാലനപദ്ധതിയുടെ മാർഗ്ഗരേഖയനുസരിച്ച് ഓരോ ഫൊറോനായിലെയും ഇടവകകളും സ്ഥാപനങ്ങളും എല്ലാ സംവിധാനങ്ങളും പ്രവർത്തിക്കാൻ ഫൊറോനാ വൈദികകോൺഫറൻസുകൾ നേതൃത്വവും ബോധവൽക്കരണവും നൽകണം. പള്ളിക്കൂദാശക്കാലം ഇപ്രകാരമുള്ള വിലയിരുത്തലിന്റെ ഒരുക്കത്തിന്റെയും അവസരമാക്കണം. പ്രത്യേകം ശ്രദ്ധിക്കുന്നതിന് ഏതാനും കാര്യങ്ങൾ താഴെച്ചേർക്കുന്നു.

1. ഇക്കഴിഞ്ഞ വർഷം ആരംഭത്തിൽ നൽകിയ മാർഗ്ഗരേഖ അഞ്ചു വർഷത്തേക്കുള്ള അടിസ്ഥാനരേഖയായി സ്വീകരിച്ച് പുതിയ ആരാധനവത്സരത്തിലെ അജപാലനപ്രവർത്തനങ്ങൾ തയ്യാറാക്കുക ഈ ആരാധനവത്സരക്കാലത്തു നടപ്പിലാക്കേണ്ട പ്രത്യേക നിർദ്ദേശങ്ങൾ മംഗളവാർത്തക്കാലത്തിനു മുമ്പായി നൽകുന്നതാണ്.

2. കുടുംബം, കൂട്ടായ്മ, ആതുരസേവനം, സാമൂഹികക്ഷേമം, ദൈവാരാധന, പ്രേഷിതദൗത്യം, വിദ്യാഭ്യാസം, വിശ്വാസപരിശീലനം, പരിസ്ഥിതി സംരക്ഷണം, പ്രവാസിക്ഷേമം എന്നീ പത്ത് അജപാലനമേഖലകളുമായി ബന്ധപ്പെട്ട അഞ്ചു കാര്യങ്ങൾ വീതം നടപ്പിലാക്കണമെന്ന് നിർദ്ദേശിച്ചിരുന്നത് എത്രമാത്രം ഫലപ്രദമായി നടപ്പിലാക്കിയെന്നു ചർച്ച ചെയ്യുകയും തുടർ പ്രവർത്തനങ്ങൾ ആവശ്യമുള്ളവയ്ക്ക് അതിനുള്ള പദ്ധതികൾ തയ്യാറാക്കുകയും ചെയ്യുക. ഇടവകപ്രവർത്തനങ്ങളുടെ റിപ്പോർട്ട് ഇനിയും നടക്കുന്ന ഫൊറോനാ കോൺഫറൻസുകളിൽ അവതരിപ്പിക്കുക.

3. അടുത്ത ആരാധനവത്സരത്തിലെ വിവിധ കാലങ്ങളിൽ പ്രത്യേകം ഊന്നൽ നൽകേണ്ട അജപാലനമേഖലകളുമായി ബന്ധപ്പെട്ട പ്രായോഗിക നിർദ്ദേശങ്ങൾ പൊതുവായി ചർച്ചചെയ്യുക. മംഗളവാർത്തക്കാലത്ത് പ്രത്യേകം ഊന്നൽ നൽകേണ്ട കുടുംബക്ഷേമ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന നിർദ്ദേശങ്ങളുടെ നിർവ്വഹണത്തിന് പ്രായോഗിക മാർഗ്ഗങ്ങൾ ചർച്ച ചെയ്തു നിശ്ചയിക്കുക.

## കുടുംബക്ഷേമം - ഈ വർഷം പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

1. **നസ്രാണി പാരമ്പര്യങ്ങളുടെ കൈമാറ്റം:** കുടുംബങ്ങൾ പ്രസക്തമായ നസ്രാണി പാരമ്പര്യങ്ങൾ വരുംതലമുറക്കു കൈമാറാനുള്ള വേദികളാകണം. ജനനം, പ്രാരംഭകൂദാശകളുടെ സ്വീകരണം, വിവാഹം, മരണം തുടങ്ങിയ പ്രത്യേക അവസരങ്ങളിൽ പാലിച്ചുപോന്നിരുന്ന നസ്രാണി പാരമ്പര്യങ്ങളെ പരിചയപ്പെടുത്തുന്ന പുസ്തകം അതിരൂപതാ കുടുംബക്ഷേമ കേന്ദ്രത്തിൽനിന്നു തയ്യാറാക്കി കുടുംബങ്ങളിൽ എത്തിക്കുക. പ്രസ്തുത പരമ്പരാഗത ആചാരങ്ങളിൽ അർത്ഥപൂർണ്ണമായവ പുനരുദ്ധരിക്കാനുള്ള പദ്ധതികൾ ഇടവകതല മാതൃ-പിതൃവേദികളുടെ നേതൃത്വത്തിൽ തയ്യാറാക്കുക.

2. **നസ്രത്ത് മീറ്റ്:** ദൈവവചനം പ്രത്യേക പഠനവിഷയമായി സ്വീകരിച്ചിരിക്കുന്ന ഈ വർഷം ദൈവവചന സ്വീകരണത്തിന്റെ ആനന്ദം കുടുംബങ്ങളിൽ എത്തിക്കുന്നതിന് അതിരൂപതാ കുടുംബക്ഷേമകേന്ദ്രത്തിന്റെ നേതൃത്വത്തിൽ നടത്തുന്ന നസ്രത്ത് മീറ്റ് 2019-ലെ ഉയിർപ്പുതിരുനാളിനു മുമ്പായി എല്ലാ ഇടവകകളിലും സംഘടിപ്പിക്കുക.

3. **പഠനവിഷയം:** 'ദൈവവചനം: വിശുദ്ധ ഗ്രന്ഥവും വിശുദ്ധ പാരമ്പര്യവും' എന്ന പഠനവിഷയത്തെ ആസ്പദമാക്കിയുള്ള ചർച്ചകളും ക്ലാസ്സുകളും മത്സരപരിപാടികളും കൂട്ടായ്മ, ഇടവക, ഫൊറോന, അതിരൂപത തലങ്ങളിൽ നടത്തുക. രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ ദൈവാവിഷ്കാരത്തെക്കുറിച്ചുള്ള പ്രമാണരേഖയുടെ (DV) പഠനത്തിന് പ്രത്യേക പദ്ധതികൾ തയ്യാറാക്കുക.

4. **ഏലീശ്വാ മീറ്റ്:** ഗർഭിണികളെയും അവരുടെ ഭർത്താക്കന്മാരെയും ഒരുമിച്ചുകൂട്ടി അതിരൂപതാതലത്തിൽ സംഘടിപ്പിക്കുന്ന ഏലീശ്വാ മീറ്റ് - ക്ലാസ്സ്, പങ്കുവയ്ക്കൽ, പ്രാർത്ഥന - പരിപാടിയിൽ ബന്ധപ്പെട്ടവരെയെല്ലാം പങ്കെടുപ്പിക്കുക.

5. **ഫെയ്ത്ത് ഫോറം:** വിശ്വാസ സംബന്ധമായ വിഷയങ്ങളെക്കുറിച്ചുള്ള പ്രബോധനങ്ങളും സംശയങ്ങൾക്കു മറുപടികളും ലളിതവും ആകർഷകവുമായ രീതിയിൽ കുടുംബക്ഷേമകേന്ദ്രത്തിൽനിന്നു തയ്യാറാക്കി എല്ലാ ഭവനങ്ങളിലും എത്തിക്കുക.


പഞ്ചവത്സര അജപാലനപദ്ധതിയുടെ ഫലപ്രദമായ നിർവ്വഹണത്തിന് എല്ലാവരുടെയും സഹകരണം ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

സ്നേഹപൂർവ്വം,

**ആർച്ചുബിഷപ് ജോസഫ് പെരുന്തോട്ടം**
ചങ്ങനാശ്ശേരി അതിരൂപതാ മെത്രാപ്പോലീത്ത

---

*ഈ സർക്കുലർ നവംബർ 4-ാം തീയതി ഞായറാഴ്ച എല്ലാ ഇടവകകളിലും വി. കുർബാനമദ്ധ്യേ വായിക്കേണ്ടതാണ്.*




## I
## TRANSFERS AND APPOINTMENTS

| Rev. Frs | Transferred from | Transferred to |
|---|---|---|
| Ambalathattil James CMI | | Ayroor |
| Cherupurackal Thomas | Metropolitan Church Chrry | Study, Rome |
| Kochelechamkalam Thomas | Kavalam Lisieux | Relieved |
| Meenatheril Francis | Manimala F | Paro.Vicar, Metropolitan Church, Chry |
| Narikunnel Reji MSFS | Vattiyoorkavu | Relieved |
| Palakunnel Joseph CMI | Ayroor | Relieved |
| Poovelil Joseph | Thrickodithanam F | Study, USA |
| Puthenparampil Joseph (Shijo) | | Kavalam Lisieux |
| Puthenpurackal Binod MSFS | | Vattiyoorkavu |
| Thyparampil Martin | Gulf Ministry | Padaharam |
| Vallathara Aloysius | Padaharam | Paro. Vicar, Manimala F |

## II
## വൈദിക സമ്മേളനം

ഈ വർഷത്തെ രണ്ടാമത്തെ വൈദിക സമ്മേളനം (Presbyterium) നവംബർ മാസം 20-ാം തീയതി രാവിലെ 09:45 മണിക്ക് അതിരൂപതാകേന്ദ്രത്തിലെ മാർ ജെയിംസ് കാളാശ്ശേരി ഇൻഡോർ സ്റ്റേഡിയത്തിൽ നടത്തപ്പെടുന്നു. ചങ്ങനാശേരി അതിരൂപതാ വൈദികർ മാത്രം സംബന്ധിക്കേണ്ട സമ്മേളനമാണിത്.

## III

## മാർ തെയഡോറിന്റെ കൂദാശക്രമത്തിന്റെ ഉപയോഗം

1. ഈശോമിശിഹായുടെ മനുഷ്യാവതാരത്തിനും രക്ഷാ പദ്ധതിക്കും പീഡാസഹനത്തിനും ഊന്നൽ നല്കുന്ന മാർ തെയഡോറിന്റെ കൂദാശക്രമം മംഗളവാർത്താക്കാലം മുതൽ ഓശാന ഞായർ വരെയാണ് പരമ്പരാഗതമായി ഉപയോഗിച്ചുവന്നിരുന്നത്. അതുകൊണ്ട് മംഗളവാർത്താക്കാലം മുതലുള്ള ഞായറാഴ്ചകളിലും തിരുനാളുകളിലും സാധിക്കുന്നിടത്തോളം ഇടദിവസങ്ങളിലും ഈ കൂദാശക്രമം ഉപയോഗിക്കേതാണ്.
2. സഭ മുഴുവനിലും ഈ കൂദാശക്രമത്തിനു സ്വീകാര്യത ലഭിക്കാൻ വേണ്ടി ചില ഭാഗങ്ങൾ ഐശ്ചികമായി അടയാളപ്പെടുത്തിയിട്ടുങ്കിലും പ്രാർത്ഥനകളെല്ലാം ചൊല്ലുന്നതാണ് കരണീയം.
3. നാലാം ഗ്ഹന്തയിലെ അപേക്ഷകൾ അടിസ്ഥാനക്രമത്തിലെപ്പോലെ കാർമ്മികൻ തന്നെ (പ്രത്യുത്തരത്തോടുകൂടിയല്ലാതെ) പൂർണ്ണമായും ചൊല്ലേണ്ടതാണ്.

---

### പാസ്റ്ററൽ കൗൺസിൽ സമ്മേളനം

പാസ്റ്ററൽ കൗൺസിലിന്റെ സമ്മേളനം 2018 നവംബർ 17-ാം തീയതി ശനിയാഴ്ച രാവിലെ 10 മണി മുതൽ 1 മണിവരെ ചങ്ങനാശേരി എസ്. ബി. കോളജിലെ കർദ്ദിനാൾ പടിയറ ഹാളിൽ നടത്തപ്പെടുന്നു. അഭിവന്ദ്യ ജോസഫ് പെരുന്തോട്ടം പിതാവ് അദ്ധ്യക്ഷത വഹിക്കുന്ന സമ്മേളനത്തിലേക്ക് എല്ലാ പാസറ്ററൽ കൗൺസിൽ അംഗങ്ങളെയും സ്നേഹപൂർവ്വം ക്ഷണിക്കുന്നു. പങ്കെടുക്കാൻ അസൗകര്യമുള്ളവർ സെക്രട്ടറിയെ വിവരം നവംബർ 14-ാം തീയതിക്കു മുമ്പായി അറിയിക്കുമല്ലോ.

ജോസ് ആനിത്തോട്ടത്തിൽ
(അസി. സെക്രട്ടറി
ഫോൺ: 9447027820

ഡോ. സോണി കണ്ടങ്കരി
(സെക്രട്ടറി)

# കുട്ടനാടിന്റെ നവ സൃഷ്ടി: കൃതജ്ഞതാ സമർപ്പണവും വികസന ശിൽപശാലയും പൊതുസമ്മേളനവും

2018 ജൂൺ, ജൂലൈ, ആഗസ്റ്റ് മാസങ്ങളിൽ ഉണ്ടായ മഹാപ്രളയത്തിൽ ഏറെ നഷ്ടങ്ങൾ അനുഭവിക്കേണ്ടിവന്ന കുട്ടനാട്ടുകാരെ ചേർത്തു നിർത്തുവാനും പുനരധിവസിപ്പിക്കുവാനും കേരളത്തിനകത്തു നിന്നും പുറത്തു നിന്നും വലിയ സഹകരണമുണ്ടായി അതിരൂപതയുടെ ഭൂവിസ്തൃതിയുടെ ഏതാണ്ട് പകുതിയോളം വരുന്ന കുട്ടനാടിന്റെ നവ സൃഷ്ടിക്ക് നെടുനായകത്വം വഹിക്കുന്ന ചങ്ങനാശ്ശേരി അതിരൂപത ദൈവം നൽകിയ വലിയ പരിപാലനയ്ക്ക് നന്ദി പറയാനും കുട്ടനാടൻ ജനതയുടെ പുനരധിവാസത്തെക്കുറിച്ചുള്ള വികസന കാഴ്ചപ്പാടുകൾ രൂപീകരിക്കാനും രക്ഷാപ്രവർത്തനത്തിനു നേതൃത്വം നല്കിയവരെ ആദരിക്കുന്നതിനും 2018 ഒക്ടോബർ 19-ാം തീയതി വെള്ളിയാഴ്ച ചങ്ങനാശേരി മെത്രീപ്പോലീത്തൻ പള്ളിയിൽ അർപ്പിച്ച പരിശുദ്ധ കുർബാനയും വിദഗ്ദരുടെ നേതൃത്വത്തിൽ നടന്ന ശിൽപശാലയും മഹാ സമ്മേളനവും അതിരൂപതയുടെ ചരിത്രത്തിലെ ഏറെ ധന്യമായ നിമിഷങ്ങളായിരുന്നു.

## 1. പരിശുദ്ധ കുർബാന

രാവിലെ 9.30 ന് ചങ്ങനാശേരി അതിരൂപത മെത്രാപ്പോലീത്ത മാർ ജോസഫ് പെരുന്തോട്ടം പിതാവിന്റെ കാർമികത്വത്തിൽ അർപ്പിച്ച പരിശുദ്ധ കുർബാനയിൽ പാലാ, കാഞ്ഞിരപ്പള്ളി രൂപതകളുടെ പ്രതിനിധികളായി വികാരി ജനറാൾമാരായ വെരി റവ. ഡോ. സെബാസ്റ്റ്യൻ വേതാനത്ത്, വെരി. റവ. ഡോ. ജസ്റ്റിൻ പഴയപറമ്പിൽ, ചങ്ങനാശേരി അതിരൂപത വികാരി ജനറാൾ വെരി. റവ. ഡോ. മാണി പുതിയിടം, ചങ്ങനാശേരി മെത്രാപ്പോലീത്തൻ പള്ളി വികാരി വെരി. റവ. ഫാ. കുര്യൻ പുത്തൻപുര, കുട്ടനാട്ടിലെ വൈദികരുടെ പ്രതിനിധിയായി പുളിങ്കുന്ന് ഫൊറോനാ വികാരി വെരി. റവ. ഫാ. മാത്യു ചൂരവടി, സന്യസ്തരുടെ പ്രതിനിധിയായി ചെത്തിപ്പുഴ തിരുഹൃദയ ആശ്രമം പ്രിയോർ വെരി. റവ. ഫാ. സെബാസ്റ്റ്യൻ അട്ടിച്ചിറ സി.എം.ഐ, അതിരൂപതയിലെ നൂറ്റമ്പതോളം വൈദികർ എന്നിവർ സഹകാർമ്മികരായി. കുർബാന മദ്ധ്യേ വെരി. റവ. ഫാ. സെബാസ്റ്റ്യൻ വേതാനത്ത് വചനസന്ദേശം നല്കി. വിവിധ ഇടവകകളിൽനിന്നുള്ള കൈക്കാരന്മാർ, സന്യസ്തർ, ആലപ്പുഴ, ചമ്പക്കുളം, എടത്വാ, പുളിങ്കുന്ന്, ചങ്ങനാശേരി, കുടമാളൂർ, കോട്ടയം എന്നീ ഫൊറോനകളിൽ നിന്നുമുള്ള ഫൊറോനാകൗൺസിൽ അംഗങ്ങൾ, അതിരൂപതാംഗങ്ങളായ ത്രിതല പഞ്ചായത്ത് അംഗങ്ങൾ, തുടങ്ങിയവർ കുർബാനയിലും തുടർന്നുനടന്ന ശില്പശാലയിലും പങ്കെടുത്തു. വിശുദ്ധ കുർബാനയിൽ, ദൈവത്തിന്റെ അനന്തപരിപാലനയ്ക്കും പ്രളയകാലത്തും തുടർന്നും സഹായഹസ്തവുമായെത്തിയ കേരളത്തിനകത്തും പുറത്തുമുള്ള രൂപതകൾ, സന്യാസ സമൂഹങ്ങൾ, ഇടവകകൾ, വിവിധ ഗ്രൂപ്പുകൾ, വ്യക്തികൾ എല്ലാവരെയും സമർ

പ്പിച്ച് നന്ദിപറഞ്ഞു പ്രാർത്ഥിച്ചു. പ്രളയത്തിൽ ജീവൻ നഷ്ടപ്പെട്ട പ്രിയപ്പെട്ടവരെയും അവരുടെ കുടുംബങ്ങളെയും സമർപ്പിച്ചും അടുത്ത മൂന്ന് വർഷത്തെ കുട്ടനാടിന്റെ നവസൃഷ്ടിക്കായുള്ള സഭയുടെയും ഗവൺമെന്റിന്റെയും പദ്ധതികളുടെ വിജയത്തിനായും പ്രത്യേകം നിയോഗം സമർപ്പിച്ച് പ്രാർത്ഥിച്ചു. വിശുദ്ധ കുർബാന 10.50 ന് സമാപിച്ചു. വിശുദ്ധ കുർബാനക്കുശേഷം ഓഡിറ്റോറിയത്തിന്റെ മുൻഭാഗത്തായി തയ്യാറാക്കിവച്ചിരുന്ന കാപ്പികുടിച്ച് എല്ലാവരും ശില്പശാലയിൽ പങ്കുചേർന്നു.

## 2. പ്രളയാനന്തര കുട്ടനാട്: വികസന കാഴ്ചപ്പാടുകൾ : ശിൽപശാല

പതിനൊന്നുമണിക്ക് ആരംഭിച്ച ശിൽപശാലക്കു ഒരുക്കമായുള്ള ഉതഘാടന സമ്മേളനത്തിൽ അദ്ധ്യക്ഷത വഹിച്ച ആർച്ചുബിഷപ് മാർ ജോസഫ് പെരുന്തോട്ടം പിതാവ്, കുട്ടനാടിന്റെ മനോഹരമായ പരിസ്ഥിതി സംരക്ഷിക്കപ്പെടണമെന്നും ദൈവം പ്രകൃതി ഭംഗികൊണ്ടും പ്രകൃതി വിഭവങ്ങൾ കൊണ്ടും അനുഗ്രഹിച്ച കുട്ടനാടിനെ ഏറ്റവും സുന്ദരമായ ആവാസ ഇടമാക്കി മാറ്റുവാൻ സുസ്ഥിര പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുവാൻ സർക്കാർ നേതൃത്വം നൽകണമെന്നും കുട്ടനാട് പാക്കേജിലെ പദ്ധതികൾ അടിയന്തരിമായി പൂർത്തീകരിക്കണമെന്നും ആവശ്യപ്പെട്ടു.

ശിൽപശാല ഉത്ഘാടനം ചെയ്ത ജലവിഭവവകുപ്പ് മന്ത്രി ശ്രീ. മാത്യു ടി തോമസ് ചങ്ങനാശേരി അതിരൂപത പ്രളയ ദിനങ്ങളിൽ നിർവ്വഹിച്ച രക്ഷാ പുനരധിവാസ പ്രവർത്തനങ്ങളെ അഭിനന്ദിക്കുകയും ജലാശയങ്ങളുടെ മേലുള്ള കൈയ്യേറ്റം ഒഴിപ്പിക്കാൻ ജാഗ്രതയോടെയുള്ള ജനശ്രദ്ധ ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയും ചെയ്തു.

പ്രളയത്തിന്റെയും ഉരുൾപൊട്ടലിന്റെയും കാരണങ്ങൾ സംബന്ധിച്ച ശാസ്ത്രീയ പഠനങ്ങൾ ഉണ്ടാകണമെന്നും കുട്ടനാടൻ ജനതയ്ക്ക് നിലനിൽക്കത്തക്ക വിധമുള്ള പദ്ധതികൾ വിഭാവനം ചെയ്യണമെന്നും ശ്രീ. ജോസ് കെ. മാണി എം.പി ചൂണ്ടിക്കാട്ടി. ചങ്ങനാശേരി മുൻസിപ്പൽ ചെയർമാൻ ശ്രീ ലാലിച്ചൻ കുന്നിപ്പറമ്പിൽ ആശംസകൾ അർപ്പിച്ചു. സമ്മേളനത്തിന് കത്തീഡ്രൽ വികാരി വെരി റവ. ഫാ. കുര്യൻ പുത്തൻപുര സ്വാഗതവും എസ്.എ.ബി.എസ്. ചങ്ങനാശേരി പ്രൊവിൻഷ്യൽ റവ.ഡോ.സിസ്റ്റർ മേഴ്സി നെടുമ്പുറം കൃതജ്ഞതയും അർപ്പിച്ചു.

പ്രളയാനന്തര കുട്ടനാട് വികസന ശിൽപശാലയിൽ കുട്ടനാട് പാക്കേജ് കമ്മീഷൻ ചെയർമാൻ ശ്രീ എം.എസ് സ്വാമിനാഥന്റെ വീഡിയോ കോൺഫറൻസ് സന്ദേശം വളരെ പ്രൗഢമായിരുന്നു. കുട്ടനാട് പാക്കേജിന്റെ വിശദാംശങ്ങൾ പങ്കുവെച്ച അദ്ദേഹം കുട്ടനാടിന്റെ നവസൃഷ്ടിക്ക് ചങ്ങനാശ്ശേരി അതിരൂപത മെത്രാപ്പോലീത്ത മാർ ജോസഫ് പെരുന്തോട്ടവും ചങ്ങനാശ്ശേരി അതിരൂപതയും ചെയ്തുകൊണ്ടിരിക്കുന്ന ഇടപെടലുകളെയും നേതൃത്വത്തെയും മുക്തകണ്ഠം അഭിനന്ദിച്ചു. പ്രമുഖ കാർഷിക ശാസ്ത്രജ്ഞനും കുട്ടനാട് ബിലോ സീ ലെവൽ റിസേർച്ച് സെന്റർ ഡയറക്ടറുമായ ഡോ.കെ.ജി. പദ്മകു

മാർ ശില്പശാലയിൽ പ്രബന്ധം അവതരിപ്പിച്ചു. നെൽകൃഷിയുമായി ബന്ധപ്പെട്ടുള്ള വികസനമാണ് കുട്ടനാടിനുള്ളത്. കുട്ടനാട്ടിൽ നെൽ കൃഷി കുറഞ്ഞുവരുന്ന സാഹചര്യം തടയണമെന്നും, നെൽകൃഷിയെ പ്രോത്സാഹിപ്പിക്കുന്നതോടൊപ്പം ഇതര കൃഷികൾക്കൂടി ചെയ്യാൻ ഉതകുന്ന സമഗ്രകൃഷിരീതി കുട്ടനാട്ടിൽ വിഭാവനം ചെയ്യണമെന്നും അദ്ദേഹം പറഞ്ഞു. വെള്ളപ്പൊക്കത്തിനുള്ള ഒരു പ്രധാന കാരണം ആറുകളിൽ എക്കൽ നിറഞ്ഞ് ആഴം കുറയുന്നതാണെന്നും എക്കലും മണലും തമ്മിൽ വേർതിരിച്ച് കാണുവാൻ സർക്കാരിന് കഴിയണമെന്നും എക്കലുകൾ നീക്കി ആറുകളുടെ നീരൊഴുക്ക് സുഗമമാക്കണമെന്നും അദ്ദേഹം പ്രബന്ധത്തിൽ ചൂിക്കാട്ടി. ദീപിക ന്യൂസ് എഡിറ്റർ ശ്രീ. ജിമ്മി ഫിലിപ്പ്, റേഡിയോ മീഡിയാ വില്ലേജിന്റെയും ചാരിറ്റി വേൾഡി ന്റെയും ഡയറക്ടറായ റവ.ഫാ. സെബാസ്റ്റ്യൻ പുന്നശ്ശേരി എന്നിവർ പ്രതികരണങ്ങൾ നടത്തി. അതിരൂപതാ പ്രസ്ബിറ്ററൽ കൗൺസിൽ സെക്രട്ടറി റവ. ഡോ. ജോസ് നിലവന്തറ മോഡറേറ്ററായിരുന്നു. സി.എം. സി. ചങ്ങനാശേരി പ്രൊവിൻഷ്യൾ റവ.ഡോ. സിസ്റ്റർ സുമാ റോസ് എല്ലാവർക്കും നന്ദി അർപ്പിച്ചു. ശിൽപശാലയിൽ എണ്ണൂറോളം പ്രതിനി ധികൾ പങ്കെടുത്തു. ശില്പശാല 1:10 നു സമാപിച്ചു. മെത്രാപ്പോലീത്തൻ പള്ളിയുടെ അജപാലന കേന്ദ്രത്തിൽ പ്രതിനിധികൾക്കെല്ലാവർക്കും ഉച്ചഭക്ഷണം തയ്യാറാക്കിയിരുന്നു.

### 3. പൊതു സമ്മേളനം

ഉച്ചയ്ക്ക്ശേഷം കഴിഞ്ഞ പൊതു സമ്മേളനത്തിന് ആമുഖമായി ചമ്പ ക്കുളം ഫൊറോനാ എ.കെ.സി.സി. അവതരിപ്പിച്ച വഞ്ചിപ്പാട്ട് സദസ്സിന് ആവേശകരമായി. 2:15 ന് ആരംഭിച്ച പൊതുസമ്മേളനത്തിൽ രാവിലെ പങ്കെടുത്ത പ്രതിനിധികളെക്കൂടാതെ മറ്റു ഫൊറോനകളിലെ ഫൊറോ നകൗൺസിൽ അംഗങ്ങൾ, രക്ഷാപ്രവർത്തനങ്ങൾക്കും പുരനധിവാ സപ്രവർത്തനങ്ങൾക്കും നേതൃത്വം നല്കിയ വിവിധ ഇടവകകളിൽ നിന്നും സ്ഥാപനങ്ങളിൽനിന്നും എത്തിയ പ്രതിനിധികളും, സേവനമേ ഖലകളിൽ സജീവമായി പ്രവർത്തിച്ച അതുരൂപതാംഗങ്ങളായ ഉദ്യോ ഗസ്ഥർ തുടങ്ങിയവരും പങ്കെടുത്തു. പൊതുമരാമത്ത് വകുപ്പിന്റെയും ആലപ്പുഴ ജില്ലയുടെയും ചുമതലയുള്ള മന്ത്രി ശ്രീ. ജി. സുധാകരൻ മഹാസമ്മേളനം ഉദ്ഘാടനം ചെയ്തു. മഹാപ്രളയകാലത്ത് ചങ്ങനാ ശേരി അതിരൂപത ചൊരിഞ്ഞത് ഹൃദയം നിറഞ്ഞ കാരുണ്യമാണെന്നും അതിന് കേരള സർക്കാരിന്റെ പേരിൽ പ്രത്യേകമായി നന്ദി അർപ്പിക്കു ന്നതായും ഉദ്ഘാടന സമ്മേളനത്തിൽ അദ്ദേഹം പ്രസ്താവിച്ചു. മഹാ പ്രളയത്തിൽ ദുരിതം നേരിട്ട് ചങ്ങനാശേരിയിലും മറ്റ് പ്രദേശങ്ങളിലും എത്തിയ ലക്ഷക്കണക്കിന് കുട്ടനാട്ടുകാരെ കാരുണ്യവും കരുതലും സ്നേഹവും നൽകി പുനരധിവസിപ്പിക്കുവാൻ ചങ്ങനാശേരി അതി രൂപത നൽകിയ സേവനം നേരിട്ട് കാണുവാൻ സാധിച്ചതായി മന്ത്രി പറഞ്ഞു. ഇക്കാര്യത്തിൽ ആർച്ചുബിഷപ്പ് മാർ ജോസഫ് പെരുന്തോട്ടം തിരുമേനിയും വൈദികരും സന്യസ്ഥരും വിശ്വാസികളും നൽകിയ മനുഷ്യസ്നേഹപരമായ പ്രവർത്തനത്തെ നന്ദിയോടെ അദ്ദേഹം

അനുസ്മരിച്ചു. അതിരൂപതയിലെ ബിഷപ്പുമാർ കാരുണ്യവാൻമാരും സമൂഹത്തോട് പരിഗണന ഉള്ളവരും മാനവികതയ്ക്കും സാമൂഹ്യ ചിന്തയ്ക്കും പ്രാധാന്യം നൽകുന്നവരും വിദ്യാഭ്യാസ പണ്ഡിതരുമാണെന്ന മന്ത്രിയുടെ പ്രസ്താവന വലിയ കരഘോഷത്തോടെ സദസ്സ് ഏറ്റുവാങ്ങി. കുട്ടനാടിന്റെ സമഗ്രവികസനം സാധിക്കുന്ന തരത്തിലുള്ള സമഗ്ര പദ്ധതി നവകേരളാ പദ്ധതിയിലൂടെ സർക്കാർ നടപ്പിലാക്കുമെന്നും 150 കോടി മുടക്കി ചങ്ങനാശേരി ആലപ്പുഴ റോഡ് ആധുനികമായി പുനർനിർമ്മിച്ച് മാതൃകാറോഡാക്കുമെന്നും കുട്ടനാട്ടിലെ എല്ലാ പ്രധാന റോഡുകളുടെയും പുനർനിർമ്മാണം ഉടനെ പൂർത്തിയാക്കുമെന്നും 2019-ൽ ചങ്ങനാശേരിയിലെ മുഴുവൻ റോഡുകളും പുനർനിർമ്മിക്കുമെന്നും വെള്ളമൊഴുക്ക് തടയുന്ന തരത്തിലുള്ള കുട്ടനാട്ടിലെ മുഴുവൻ പാലങ്ങളും അടിയന്തിരമായി പുനർ നിർമ്മിക്കുമെന്നും മന്ത്രി പ്രസ്താവിച്ചു.

പൊതുസമ്മേളനത്തിൽ ആർച്ചുബിഷപ്പ് മാർ ജോസഫ് പെരുന്തോട്ടം അദ്ധ്യക്ഷത വഹിച്ചു. കുട്ടനാടിന്റെ പുനർ നിർമ്മിതിക്ക് ശാസ്ത്രീയവും ആസൂത്രിതവുമായ ദീർഘകാല-ഹൃസ്വകാല പദ്ധതികൾ അടിയന്തിരമായി ആവിഷ്ക്കരിച്ച് നടപ്പാക്കണമെന്ന് കേരളാ ഗവൺമെന്റിനോട് പിതാവ് ആവശ്യപ്പെട്ടു. കുട്ടനാടിന്റെ നവസൃഷ്ടിയിൽ സർക്കാരുമായി ചേർന്ന് പ്രവർത്തിക്കുവാനുള്ള ചങ്ങനാശേരി അതിരൂപതയുടെ സന്നദ്ധത അഭിവന്ദ്യ പിതാവ് പ്രഖ്യാപിച്ചു. ഭവന നിർമ്മാണം, ടോയ്ലെറ്റ് നിർമ്മാണം, കുടിവെള്ള പദ്ധതി, കൃഷിക്കുള്ള സഹായങ്ങൾ എന്നിവ അടിയന്തിര പ്രാധാന്യത്തോടെ അർഹതയുള്ള എല്ലാവർക്കും ലഭ്യമാകുമെന്ന് ഉറപ്പ് വരുത്തി നടപ്പിലാക്കണമെന്ന് ആർച്ചുബിഷപ്പ് അഭ്യർത്ഥിച്ചു. കുട്ടനാടൻ ജനതയെ സഹായിച്ച എല്ലാവർക്കും രക്ഷാപ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയ ടോറസ്-ടിപ്പർ ഉടമകൾ, തൊഴിലാളികൾ, മത്സ്യതൊഴിലാളികൾ, 85-ഓളം ദുരിതാശ്വാസ ക്യാംപുകൾക്ക് നേതൃത്വം നൽകിയ അതിരൂപതാംഗങ്ങൾക്കും നിസ്വാർത്ഥതയോടെ നേതൃത്വം നൽകിയ വൈദികർ, സന്യസ്ഥർ, അൽമായർ, പ്രത്യേകിച്ച് യുവജനങ്ങൾ എന്നിവർക്കും അഭിവന്ദ്യ പിതാവ് അതിരൂപതയുടെ നന്ദി അറിയിച്ചു.

എസ്.ബി., അസംപ്ഷൻ കോളേജുകളിലെ എം.എസ്.ഡബ്ള്യു വിദ്യാർത്ഥികളും അദ്ധ്യാപകരും നാഷണൽ സർവ്വീസ് സ്കീമും ചേർന്ന് കുട്ടനാട്ടിൽ നടത്തിയ ശാസ്ത്രീയ പഠന സർവ്വേ റിപ്പോർട്ട്, കുട്ടനാടിന്റെ പുനർ നിർമ്മിതിക്കുള്ള ചങ്ങനാശേരി അതിരൂപതയുടെ ശുപാർശകളായി മാർ ജോസഫ് പെരുന്തോട്ടം മെത്രാപ്പോലീത്ത മന്ത്രി ശ്രീ. ജി. സുധാകരന് നൽകി കേരളാ സർക്കാരിന് സമർപ്പിച്ചു.

സംസ്ഥാന ഫിനാൻസ് സെക്രട്ടറി ശർമ്മിള മേരി ജോസഫ് ഐ.എ.എസ്. മുഖ്യ പ്രഭാഷണം നടത്തി. കുട്ടനാടിന് വേണ്ടിയുള്ള അതിരൂപതയുടെ പുനരധിവാസപദ്ധതിയുടെ വിശദാംശ പ്രഖ്യാപനം ചാസ് ഡയറക്ടർ റവ. ഫാ. ജോസഫ് കളരിക്കൽ നിർവ്വഹിച്ചു. അതിരൂപതയിലെ ദുരിതാശ്വാസ പ്രവർത്തനങ്ങളെ ഏകോപിപ്പിച്ച ചാസിന്റെ

ഔദ്യോഗിക കണക്ക് പ്രകാരം ഇതുവരെ 23 കോടി രൂപയ്ക്ക് തത്തു ല്യമായ ജീവകാരുണ്യ പ്രവർത്തനങ്ങൾ വിവിധ ഏജൻസികളുടെയും ഇടവകകളുടെയും സന്യാസ സമൂഹങ്ങളുടെയും വ്യക്തികളുടെയും സഹായത്തോടെ ചെയ്യാൻ കഴിഞ്ഞതായി അദ്ദേഹം നന്ദിയോടെ അറിയിച്ചു.

രക്ഷാപ്രവർത്തനങ്ങളിൽ സജീവമായി പങ്കാളികളായ മത്സ്യത്തൊ ഴിലാളികളുടെ മക്കൾക്കായി ആലപ്പുഴ, കൊല്ലം, തിരുവനന്തപുരം രൂപതകൾക്കായി 10 ലക്ഷം രൂപ വീതമുള്ള (30 ലക്ഷം രൂപയുടെ) എൻഡോവ്മെന്റിന്റെ സമർപ്പണം അതിരൂപത പ്രൊക്കുറേറ്റർ വെരി. റവ. ഫാ. ഫിലിപ്പ് തയ്യിൽ നിർവ്വഹിച്ചു. ഫാ. ക്ലീറ്റസ് വിൻസെന്റ്, ഫാ. ഡെയസൺ യേശുദാസ് (തിരുവനന്തപുരം), മോൺ. ഡോ. വിൻ സെന്റ് മച്ചാടോ, ഫാ. അൽഫോൻസ് (കൊല്ലം), ഫാ. സേവ്യർ കുടി യാംശേരി (ആലപ്പുഴ) എന്നിവർ എൻഡോവുമെന്റുകൾ ഏറ്റുവാങ്ങി. മഹാപ്രളയകാലത്തെ രക്ഷാപ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയ സന്നദ്ധപ്രവർത്തകരെ സമ്മേളനത്തിൽ ആദരിച്ചു.

ശ്രീ സി.എഫ്. തോമസ് എം.എൽ.എ., ശ്രീ സുരേഷ് കുറുപ്പ് എം.എൽ.എ., ദീപിക ചീഫ് എഡിറ്റർ റവ. ഫാ. ബോബി അലക്സ് മണ്ണംപ്ലാക്കൽ എന്നിവർ പ്രസംഗിച്ചു. അതിരൂപതാ പി.ആർ.ഒ. അഡ്വ. ജോജി ചിറയിൽ, റവ. ഫാ. ആന്റണി തലച്ചെല്ലൂർ, റവ. ഫാ. ഐസക് മുണ്ടുനടക്കൽ, റവ. ഫാ. തോമസ് കുളത്തുങ്കൽ, റവ. ഫാ. വർഗീസ് താനമാവുങ്കൽ എന്നിവർ പരിപാടികളുടെ നടത്തിപ്പിന് നേതൃത്വം നല്കി. സമ്മേളനത്തിന് സംഘാടകസമിതി കോ-ഓർഡിനേറ്ററും ചാസ് അസിസ്റ്റന്റ് ഡയറക്ടറുമായ റവ. ഫാ. ജോർജ്ജ് മാന്തുരുത്തിൽ സ്വാഗതവും അതിരൂപതാ പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി ഡോ. ആന്റണി മാത്യൂസ് കണ്ടങ്കരി നന്ദിയും അർപ്പിച്ചു. 4.30 സമാപിച്ച മഹാ സമ്മേളനത്തിൽ ആയിരത്തോളം പേർ പങ്കെടുത്തു.


പ്രസ്തുത പരിപാടിയുടെ ജനറൽ കൺവീനർ ചങ്ങനാശേരി അതിരൂപത വികാരി ജനറൽ വെരി. റവ. ഡോ. ഫിലിപ്സ് വടക്കേക്കളം ആയിരുന്നു. വികാരി ജനറൽ അച്ചന്റെ നേതൃത്വത്തിൽ അതിരൂപതയി ലെ വിവിധ ഡിപ്പാർട്ട്മെന്റ് ഡയറക്ടേഴ്സിന്റെയും അതിരൂപതാ ഭാരവാ ഹികളുടെയും, ചങ്ങനാശേരി കത്തീഡ്രൽ ഇടവകയിലെ കൈക്കാര ന്മാരുടെയും പാരീഷ് കൗൺസിൽ അംഗങ്ങളുടെയും നേതൃത്വത്തിൽ പത്ത് കമ്മറ്റികൾ നേതൃത്വം നൽകി. സംഘാടകമികവുകൊണ്ടും പ്രൗഢമായ വിശിഷ്ടാതിഥികളുടെ സാന്നിദ്ധ്യം കൊണ്ടും മികച്ച പ്രാധി നിത്യ ജനപങ്കാളിത്തം കൊണ്ടും സമയനിഷ്ഠ പാലിക്കുന്നതിലെ വിജയക രമായ ആസൂത്രണം കൊും ശ്രദ്ധേയമായിരുന്നു കുട്ടനാടിന്റെ നവസൃഷ്ടി ക്കായി അതിരൂപതയുടെ നേതൃത്വത്തിൽ നടന്ന മഹാസമ്മേളനം.

**ഡോ. ഫാ. ഫിലിപ്സ് വടക്കേക്കളം**
*അതിരൂപത വികാരി ജനറൽ &*
*പ്രോഗ്രാം ജനറൽ കൺവീനർ*

**ഫാ. ജോർജ്ജ് മാന്തുരുത്തിൽ**
*ചാസ് അസിസ്റ്റന്റ് ഡയറക്ടർ &*
*പ്രോഗ്രാം കോ-ഓർഡിനേറ്റർ*

# ഫാ. തോമസ് കണ്ണംമ്പള്ളിൽ

## ആടുകളെ അറിഞ്ഞ ഇടയൻ



ഏൽപ്പിക്കപ്പെട്ട ദൈവജനത്തിന്റെ ആത്മീയവും ഭൗതികവുമായ വളർച്ചയിൽ ശ്രദ്ധാലുവായിരുന്ന ഒരു അജപാലകൻ കടന്നു പോയി. 1936 സെപ്റ്റംബർ 20 -ാം തീയതി വെരൂർ സെന്റ് ജോസഫ് ഇടവകയിൽ കണ്ണം മ്പള്ളിൽ കുടുംബത്തിൽ ജനിച്ച ബ. തോമസ ച്ചൻ പാറേൽ പെറ്റിസെമിനാരി തൃശിനാപ്പള്ളി സെന്റ് പോൾസ് മേജർ സെമിനാരി എന്നി വിടങ്ങളിൽ വൈദികപഠനം പൂർത്തിയാക്കി. 1963 മാർച്ച് 27 -ാം തീയതി വൈദികനായി അഭിഷിക്തനായി ഹൈറേഞ്ച് മേഖലയിലെ മേരികുളം പള്ളി അസിസ്റ്റന്റ് വികാരിയായി സേവനം ആരംഭിച്ച ബഹു. അച്ചൻ 2014 ൽ മങ്കൊമ്പ് തെക്കേക്കരപള്ളി വികാരിയായി തന്റെ സജീവ അജ പാലനശുശ്രൂഷ അവസാനിപ്പിച്ചു. 2014 മുതൽ 2018 വരെയുള്ള തന്റെ വിശ്രമ ജീവിതകാലം ഇത്തിത്താനം സെന്റ് ജോസഫ് പ്രീസ്റ്റ്ഹോമിൽ ചെലവഴിച്ചു. തീഷ്ണമതിയും സമർപ്പിതനുമായ ഒരു അജപാലകനായി രുന്നു ബഹു. തോമസ് കണ്ണമ്പള്ളിയച്ചൻ. ഹൈറേഞ്ചിലും കുട്ടനാട്ടിലും തുടങ്ങി ചങ്ങനാശ്ശേരി അതിരൂപതയുടെ വിവിധ ഇടവകകളിൽ തീഷ്ണ മതിയായ ഒരജപാലകനായി അജഗണങ്ങൾക്ക് പ്രിയങ്കരനായ ഒരു വികാ രിയായിരുന്നു അദ്ദേഹം. ഇടവകയുടെ ആത്മീയവും ഭൗതികവുമായ സുസ്ഥിതിക്ക് മുൻഗണന നൽകിയ അദ്ദേഹത്തിന്റെ പ്രവർത്തനങ്ങൾ താൻ പ്രവർത്തിച്ച ഇടവകകളിലെല്ലാം നന്മയ്ക്കു കാരണമായിട്ടുണ്ട്.

വിശുദ്ധനായ ജോൺപോൾ രണ്ടാമൻ പാപ്പാ വൈദികപരിശീലനത്തെ പ്പറ്റി നൽകിയ പ്രബോധനരേഖയിൽ പറയുന്നു Priest is a Man of Communion'' ഇടയൻ തന്റെ ആടുകളെകൂട്ടിച്ചേർക്കുംപോലെ ദൈവജനത്തെ ഒന്നിപ്പിക്കു ന്നവനാണ് പുരേഹിതൻ. ഇടവകവികാരിയെന്ന നിലയിൽ തന്റെ അജഗ ണങ്ങളെ ഒരുമിച്ചു നിർത്തുവാനും, ഐക്യത്തിൽ വളർത്തുവാനും ബഹു. കണ്ണമ്പള്ളിലച്ചൻ ശ്രദ്ധാലുവായിരുന്നു. തന്നോടൊപ്പം സേവനം ചെയ്ത ബഹു. വൈദികരുടെ വളർച്ചയിൽ തടസ്സം സൃഷ്ടിക്കാതെ അവരെ പ്രോത്സാഹിപ്പിക്കുവാനും അദ്ദേഹം ശ്രദ്ധിച്ചിരുന്നു. എടത്വായിലും ഫാത്തിമാപുരത്തും അദ്ദേഹത്തിന്റെ സഹവികാരി എന്ന നിലയിൽ പ്രോത്സാഹനം സ്വീകരിക്കുവാനും അജപാലനശുശ്രൂഷയിൽ പങ്കാളിയാ കുവാനും സാധിച്ചത് ഒരു ഭാഗ്യമായി ഞാൻ കരുതുന്നു.

ഏവർക്കും സഹോദരനും സമീപസ്ഥനുമായിരുന്ന ബഹു. കണ്ണമ്പള്ളി യച്ചൻ വ്യക്തിബന്ധങ്ങളുടെ ഒരു മനുഷ്യനായിരുന്നു. താൻ സേവനം ചെയ്ത ഇടവകകളിലെയെല്ലാം ദൈവജനവുമായി ഊഷ്മളവും ഹൃദ്യ വുമായ വ്യക്തിബന്ധങ്ങൾ സ്ഥാപിക്കാൻ സാധിച്ച ഒരു അജപാലകനാ യിരുന്നു അദ്ദേഹം. ഇടവകജനത്തിന്റെ ആവശ്യങ്ങൾ കറിഞ്ഞ് സഹായി ക്കുന്നതിലും അദ്ദേഹത്തിന് പ്രത്യേക ശ്രദ്ധയുണ്ടായിരുന്നു.

**ഫാ. ചെറിയാൻ കറുകപ്പറമ്പിൽ**

# ബഹു. മാത്യു പത്തിപറമ്പിൽ

## മിതഭാഷണംകൊണ്ട് സ്നേഹഗാഥ രചിച്ച വൈദികൻ



പ്രക്ഷോഭങ്ങളുടെയും ബഹളങ്ങളുടെയും ലോകത്ത് സൗമ്യതയും മിതഭാഷണവുംകൊണ്ട് സ്നേഹഗാഥ രചിച്ച വൈദിക ശ്രേഷ്ഠനായിരുന്നു ബഹുമാനപ്പെട്ട പത്തിപ്പറമ്പിൽ മാത്യു അച്ചൻ. അദ്ദേഹം സൗഹൃദത്തിന്റെ പ്രതീകവും ദൈവജനത്തിന് പ്രിയങ്കരനുമായിരുന്നു വൈദിക കൂട്ടായ്മകളിൽ മിതമായ വാക്കുകൾകൊണ്ട് അദ്ദേഹം തീർത്ത നർമ്മ സംഭാഷണങ്ങൾ ആശയഗരിമയുടെ ഉത്തമ ഉദാഹരണങ്ങൾ ആയിരുന്നു. നേർത്ത സ്വരത്തിൽ ആരംഭിക്കുന്ന ആ വാക്കുകൾ കേൾക്കാൻ എല്ലാവരും എപ്പോഴും കാത്തിരുന്നു. ചിരിയും ചിന്തയുംകൊണ്ട് സംഭാഷണങ്ങൾ അദ്ദേഹം വിസ്മയമാക്കി മാറ്റി.

ഭൗതിക പ്രവർത്തനങ്ങളുടെ ആഢംബരമല്ല സ്നേഹസമൂഹത്തിന്റെ രൂപീകരണമാണ് തന്റെ ദൗത്യമെന്ന് അദ്ദേഹം വിശ്വസിക്കുകയും പറയുകയും ചെയ്തു. ശുശ്രൂഷകൾക്ക് ഇടയിൽ ആരെയും മുറിപ്പെടുത്താതിരിക്കാൻ പരമാവധി യത്നിച്ചു. അച്ചന്റെ പ്രവർത്തനമേഖലയിലൊന്നും അനുചിതമായ വാക്കോ പ്രവർത്തിയോ അദ്ദേഹത്തിൽനിന്ന് ഉണ്ടായില്ല. ദേഷ്യഭാവം ആ മുഖത്ത് ഒരിക്കലും കണ്ടില്ല. എല്ലായിടത്തും നിഷ്പക്ഷത അദ്ദേഹം മുഖമുദ്രയായി നിലനിർത്തി മറ്റുള്ളവരോട് അനുഭാവപൂർവ്വം പെരുമാറുന്നതിൽ അദ്ദേഹം ശ്രദ്ധാലുവായിരുന്നു.

എടത്വ എന്ന നാടിനോട് വൈകാരികമായ ബന്ധം എല്ലാകാലവും അദ്ദേഹം സൂക്ഷിച്ചിരുന്നു. സഹപാഠികളും നാട്ടുകാരും എന്നും അദ്ദേഹത്തിന് പ്രചോദനമായിരുന്നു. അവരുടെ ചെറുതും വലുതുമായ സുഖദുഃഖങ്ങളിൽ പത്തിപറമ്പിലച്ചൻ എന്നും പങ്കാളിയായി.

ലളിതമായ ജീവിതവും ഹൃദ്യമായ പെരുമാറ്റവുംകൊണ്ട് എല്ലാവരുടെയും ആദരവു നേടിയ അച്ചൻ രക്ഷാകര സ്നേഹത്തിന്റെ പ്രതീകമെന്ന് ജീവിതത്തിലൂടെ സാക്ഷ്യപ്പെടുത്തി. സംഘർഷഭരിതമായ സമകാലിക ലോകം പൗരോഹിത്യത്തെ അധിക്ഷേപിക്കാൻ വിഷം പുരട്ടിയ വാക്കുമായി കാത്തിരിക്കുമ്പോൾ അത്തരം ആളുകൾ പഠനവിധേയമാക്കേണ്ട അതുല്യ വ്യക്തിത്വമാണ് മാത്യു അച്ചന്റേത്. അദ്ദേഹം അവശേഷിപ്പിക്കുന്നത് അനുകരുണാർഹമായ ഒരു മാതൃകയാണ്. ലളിതമായ ജീവിതം ഹൃദ്യമായ പെരുമാറ്റം, മിതഭാഷ ഇവയായിരുന്നു അച്ചനെ അടുത്തറിയുന്നവർ അനുഭവിച്ചത്.

എടത്വാ പത്തിപ്പറമ്പിൽ ചാക്കോ-റോസമ്മ ദമ്പതികളുടെ മകനായി 1943 മെയ് മാസം 24 ന് ആണ് അദ്ദേഹം ജനിച്ചത്. വീടിനടുത്തുള്ള പാണ്ടങ്കരി എൽ.പി.സ്കൂളിലായിരുന്നു പ്രഥമപഠനം. പിന്നീട് എടത്വ സെന്റ്

അലോഷ്യസ് സ്കൂളിലും തുടർന്ന് വൈദികവിദ്യാർത്ഥിയായി പാറേൽ മൈനർ സെമിനാരിയിലും വൈദിക വിദ്യാർത്ഥിയായി. ചങ്ങനാശ്ശേരി എസ്. ബി. കോളേജിൽ പ്രീഡിഗ്രി പഠിച്ചു. ആലുവ കർമ്മലഗിരി സെമിനാരിയിൽ നിന്ന് ഫിലോസഫിയും മംഗലപ്പുഴ സെമിനാരിയിൽനിന്ന് തിയോളജി പഠനവും പൂർത്തിയാക്കി. പുണ്യശ്ലോകനായ മാർ കാവുകാട്ട് പിതാവിന്റെ അപ്രതീക്ഷിത ദേഹവിയോഗത്തെ തുടർന്ന് മാർ ജോസഫ് പാറേക്കാട്ടിൽ പിതാവിൽ നിന്ന് കൈവയ്പശുശ്രൂഷയിലൂടെ വൈദികനായി. ആദ്യ നാളുകളിൽ തുരുത്തി, പുളിങ്കുന്ന്, ഫൊറോനാ, കാഞ്ഞിരപ്പള്ളി ഫൊറോന, അതിരമ്പുഴ എന്നീ ഫൊറോന ദൈവാലയങ്ങളിൽ അസ്തേന്തിയായി സേവനം ചെയ്തു. വെളിയനാട് കേസറിയ കണ്ടങ്കരി, തകഴി-തെന്നടി, കേളമംഗലം, മിത്രക്കരി, തായങ്കരി, വെളിയനാട് സെന്റ് സേവ്യേഴ്സ്, വേഴപ്ര, കുമരങ്കരി, കിഴക്കേമിത്രക്കരി എന്നിവിടങ്ങളിലും പരാതിയില്ലാതെ സേവനം ചെയ്തു. അനാരോഗ്യം മൂലം പ്രീസ്റ്റുഹോമിൽ വിശ്രമജീവിതം തുടങ്ങുന്നതിനുമുമ്പ് കുടമാളൂർ അഭയഭവനിലെ അന്തേവാസികൾക്കായി അച്ചൻ ശുശ്രൂഷ ചെയ്തു. രോഗഗ്രസ്തനായിരുന്നിട്ടും ഒരിക്കൽപോലും അദ്ദേഹം ശാന്തത കൈവെടിഞ്ഞില്ല. 2018 സെപ്റ്റംബർ 23-ാം തീയതി അച്ചൻ ഈ ലോകത്തോട് വിട പറഞ്ഞു. സെപ്റ്റംബർ 25-ാം തീയതി പാണ്ടങ്കരിയിലുള്ള ഭവനത്തിൽ നിന്നാരംഭിച്ച് എടത്വാ സെന്റ് ജോർജ് ഫൊറോന പള്ളിയിൽ നടന്ന മൃതസംസ്കാര ശുശ്രൂഷകൾക്ക് അഭിവന്ദ്യ മാർ തോമസ് തറയിൽ പിതാവും മാർ ജോസഫ് പെരുന്തോട്ടം പിതാവും കാർമ്മികത്വം വഹിച്ചു. ''ഇതുവരെ ഞങ്ങൾ അങ്ങയെ അനുഗമിച്ചു. ഇനി ദൈവത്തിന്റെ മാലാഖമാർ അങ്ങയെ അനുഗമിക്കട്ടെ'' എന്ന പ്രാർത്ഥനയോടെ നമുക്ക് അദ്ദേഹത്തിന് യാത്രാമൊഴി നൽകാം.

**ഫാ. തോമസ് മംഗലത്ത്**

## അവധിക്കാല ക്യാമ്പ്

മേജർ സെമിനാരിക്കാർ അവധിക്കാലത്ത് എല്ലാ ഇടവകകളിലും, സൺഡേ സ്കൂൾ കുട്ടികൾക്കും യുവജനങ്ങൾക്കുമായി ക്യാമ്പുകളും ധ്യാനവും നടത്താൻ സന്നദ്ധരാണ്. മാർച്ച് മുതൽ മെയ് വരെയുള്ള അവധിക്കാലത്ത് ക്യാമ്പുകൾ നടത്താൻ ആഗ്രഹിക്കുന്ന അച്ചന്മാർ എത്രയും വേഗം താഴെ പേര് നല്കിയിരിക്കുന്ന ബ്രദേഴ്സുമായി ബന്ധപ്പെടുക. ഞായറാഴ്ചകളിലും അവധിക്കാലത്തും മാത്രമേ ബ്രദേഴ്സിനെ അവരുടെ ഫോൺ നമ്പറുകളിലൂടെ ബന്ധപ്പെടാൻ സാധിക്കുകയുള്ളൂ. എല്ലാ ദിവസവും ഉച്ചകഴിഞ്ഞ് ബ്രദേഴ്സിനെ അവരായിരിക്കുന്ന സെമിനാരി നമ്പറുകളിലും ലഭിക്കുന്നതാണ്.

| | |
|---|---|
| Programme Co-ordinators | : **Bro. Bibin Kocheethra** 8157834367 |
| | : **Bro. Rijo Edamuriyil** 7034721968 |
| Common Leader | : **Bro. Tinson Narithuruthel** 8281880991 |
| Vadavathoor Seminary | : 7558099450 (Third Year Theology) |
| Kunnoth Seminary | : 9446409592 (Third Year Theology) |

ബഹുമാനപ്പെട്ട അച്ചന്മാരുടെയും സമർപ്പിതരുടെയും
അല്മായ സഹോദരങ്ങളുടെയും ശ്രദ്ധയ്ക്ക്,

ദൈവവിശ്വാസത്തിനും ധാർമ്മികതയ്ക്കും നിരക്കാത്ത ചില കാര്യങ്ങൾക്ക് പൊതുസമൂഹത്തിൽ പിന്തുണയും അംഗീകാരവും ലഭിക്കാൻ ഇടയാകുന്ന ഏതാനും തീരുമാനങ്ങൾ സുപ്രീം കോടതിയുടെ ഭാഗത്തുനിന്നുതന്നെ അടുത്ത കാലത്തു ഉണ്ടായിരിക്കുന്നു എന്നത് നമ്മെ ഏറെ വേദനിപ്പിക്കുകയും ആശങ്കപ്പെടുത്തുകയും ചെയ്യുന്നു. ദയാവധം, സ്വവർഗ്ഗരതി, വിവാഹേതരബന്ധം എന്നിവയെ സംബന്ധിക്കുന്നവയാണവ. മനുഷ്യജീവനും ദാമ്പത്യബന്ധത്തിനും കുടുംബജീവിതത്തിനും വളരെ ദോഷകരവും അവയെ തകിടം മറിക്കുന്നതും അവയുടെ ധാർമ്മിക അടിത്തറയെ തകർക്കുന്നതുമായ കോടതിവിധികൾ വലിയ തകർച്ചയിലേക്കായിരിക്കും സമൂഹത്തെ നയിക്കുന്നത്. കുറ്റബോധം ഇല്ലാതാക്കുന്ന അവസ്ഥ പാപബോധമില്ലാതാക്കുകയും മനുഷ്യബന്ധങ്ങളിലെ വിശുദ്ധി നഷ്ടപ്പെടുത്തുകയും ചെയ്യും. ആകയാൽ ഈ കോടതി വിധികളുടെ ദോഷഫലങ്ങളെക്കുറിച്ച് സമൂഹത്തെ ബോധവല്ക്കരിക്കുവാനും വിധികളിന്മേലുള്ള നമ്മുടെ ശക്തമായ പ്രതിഷേധം അറിയിക്കുവാനും ഫാമിലി അപ്പോസ്റ്റലേറ്റിന്റെ ആഭിമുഖ്യത്തിൽ ചില കർമ്മപരിപാടികൾ ആസൂത്രണം ചെയ്തിരിക്കുകയാണ്. അവ സംബന്ധിച്ചുള്ള വിശദവിവരങ്ങൾ ബന്ധപ്പെട്ടവർ അറിയിക്കുന്നതാണ്. നിങ്ങളെല്ലാവരുടെയും ആത്മാർത്ഥമായ പിന്തുണയും പങ്കാളിത്തവും ഇക്കാര്യത്തിലുണ്ടാകണമെന്നഭ്യർത്ഥിക്കുന്നു.

സ്നേഹപൂർവ്വം,

**ആർച്ചുബിഷപ് ജോസഫ് പെരുന്തോട്ടം**
ചങ്ങനാശ്ശേരി അതിരൂപതാ മെത്രാപ്പോലീത്ത

## അഗാപ്പെ മെഗാക്വിസ്

നവംബർ 4-ാം തീയതി 2:30 p.m. ന് യൂണിറ്റ് തല ക്വിസ് മത്സരം ചോദ്യപേപ്പർ അതിരൂപതയിൽ നിന്ന് ലഭിക്കുന്നതാണ്.
റഫറൻസ് ഗ്രന്ഥം. സേവന നിരതയായ സഭ - രണ്ടാം പതിപ്പ് (അധ്യായം: 1, 4, 5, 11, 12, 13, 14)
**റവ. ഡോക്ടർ തോമസ് പാടിയത്ത്.**
നവംബർ 20, 9:00 a.m. ന് അതിരൂപതാതല ക്വിസ് മത്സരം. ചങ്ങനാശ്ശേരി അതിരൂപത പാസ്റ്ററൽ സെന്ററിൽ വച്ച്.
9:00 a.m. രജിസ്ട്രേഷൻ (ഫീസ് ടീമിന് 50 രൂപ)

## റഫറൻസ്

1. സേവനനിരതയായ സഭ - രണ്ടാം പതിപ്പ് (അദ്ധ്യായങ്ങൾ 1, 4,5, 11,12,13,14) റവ. ഡോ. തോമസ് പാടിയത്ത് (40%)
2. ഒരു നല്ല അപ്പന്റെ ചാവരുൾ-ഒരു പശ്ചാത്തല പഠനം (പേജ 87-104) 30%
3. സഭാസംബന്ധമായ പൊതു ചോദ്യങ്ങൾ 30%
   ഒന്നാം സമ്മാനം - 5001 രൂപയും ട്രോഫിയും
   രണ്ടാം സമ്മാനം - 3001 രൂപയും ട്രോഫിയും
   മൂന്നാം സമ്മാനം - 1001 രൂപയും ട്രോഫിയും

നവംബർ 17 ന് മുമ്പ് ടീം രജിസ്റ്റർ ചെയ്യണം. ഓഫീസിലേക്ക് ഫോൺ വഴി ബന്ധപ്പെട്ടാലും മതിയാകുന്നതാണ്.

പുതിയ ഭരണസമിതിയിലേക്കുള്ള ഇലക്ഷൻ നടന്നുകൊണ്ടിരിക്കുന്നു. ഒക്ടോബർ മാസത്തിൽ യൂണിറ്റുകളിൽ തെരഞ്ഞെടുപ്പ് നടന്നുകഴിഞ്ഞുവെന്ന് വിചാരിക്കുന്നു. ഡിസംബർ 2 ന് മുമ്പ് ഫൊറോന ഇലക്ഷൻ നടത്താൻ ശ്രദ്ധിക്കണം. ഭാരവാഹികളായി തെരഞ്ഞെടുക്കപ്പെടുന്നവർക്ക് അംഗത്വകാർഡ് ഉണ്ടായിരിക്കണം.

തെരഞ്ഞെടുപ്പ് ഇപ്പോൾ നടക്കുന്നുവെങ്കിലും പുതിയ ഭരണസമിതി ജനുവരിയിൽ മാത്രമാണ് ചാർജ്ജെടുക്കുക.

## പ്രതിഷേധറാലിയും ധർണ്ണയും

കുടുംബജീവിതത്തിന്റെ ധാർമ്മികതയെ തകർക്കുന്ന 3 വിധികളാണ് സുപ്രീംകോടതി പാസാക്കിയിരിക്കുന്നത്. ദയാവധത്തിന് അനുവാദം നല്കി, സ്വവർഗ്ഗരതി അനുവാദം നല്കി വിവാഹേതരബന്ധം കുറ്റകരമല്ലാതാക്കി. മാനുഷിക നിയമങ്ങളുടെ പേരിൽ ദൈവിക നിയമങ്ങൾ അസാധുവാക്കുന്ന രീതി തീർത്തും അപലപനീയമാണ്. കുമ്പസാരമെന്ന കൂദാശ നിർത്തലാക്കണമെന്ന ദേശീയ വനിത കമ്മീഷൻ ചെയർപേഴ്സന്റെ നിർദ്ദേശവും ദൈവിക നിയമങ്ങളുടെ കടന്നുകയറ്റമാണ്.

കുടുംബമെന്ന ദൈവികസ്താപനത്തിന്റെ തകർച്ച അരക്ഷിതാവസ്ഥയുണ്ടാക്കും. സമൂഹത്തിന്റെയും കുടുംബത്തിന്റെയും നന്മയെ ലക്ഷ്യം വയ്ക്കാതെ വ്യക്തിപരമായ സ്വാതന്ത്ര്യത്തിനും അഭിലാഷങ്ങൾക്കും മാത്രം പ്രാധാന്യം കൊടുക്കുന്ന വിധികൾ നമ്മുടെ രാജ്യത്ത് തുടർച്ചയായിട്ടുണ്ടാകുന്നത് തീർത്തും അപലപനീയമാണ്. ഈ സാഹചര്യത്തിൽ ഫാമിലി അപ്പോസ്തലേറ്റിന്റെ ആഭിമുഖ്യത്തിൽ വിവിധ സംഘടനകളുടെ സഹകരണത്തോടെ പ്രതിഷേധ പരിപാടികൾ ക്രമീകരിക്കുന്നു.

1. പോസ്റ്റോഫീസിനു മുമ്പിൽ പ്രതിഷേധ ധർണ്ണ യൂണിറ്റുകളിൽ.
2. റീജണൽ റാലിയും ധർണ്ണയും

(a) ആലപ്പുഴ (ആലപ്പുഴ, ചമ്പക്കുളം, പുളിങ്കുന്ന്, എടത്വ ഫൊറോനകൾ) ആലപ്പുഴ പഴവങ്ങാടി പള്ളിയിൽ നിന്ന് ഹെഡ്പോസ്റ്റാഫീസിലേക്ക് റാലിയും ധർണ്ണയും നവംബർ 9 വെള്ളി, 3 p.m. ന്.

(b) ഏറ്റുമാനൂർ (അതിരമ്പുഴ, കുടമാളൂർ, കോട്ടയം ഫൊറോനകൾ) ക്രിസ്തുരാജ പള്ളിയിൽ നിന്ന് ഹെഡ്പോസ്റ്റാഫീസിലേക്ക് റാലിയും ധർണ്ണയും. നവംബർ 15 വ്യാഴം 3 p.m. ന്.

(c) ചങ്ങനാശ്ശേരി (ചങ്ങനാശ്ശേരി, തുരുത്തി, തൃക്കൊടിത്താനം, കുറുമ്പനാടം, നെടുംങ്കുന്നം, മണിമല) അരമനപടിയിൽ നിന്ന് ഹെഡ്പോസ്റ്റാഫീസിലേക്ക്. റാലിയും ധർണ്ണയും നവംബർ 19 തിങ്കൾ 3 ന് .

3. ഈ നിയമങ്ങളിൽ പുനർവിചിന്തനം നടത്തണമെന്ന് ആവശ്യപ്പെട്ട് ഇന്ത്യൻ പ്രസിഡന്റിനും പ്രധാനമന്ത്രിക്കും കത്തയ്ക്കുന്നു.

എല്ലാ റാലികളിലും അഭിവന്ദ്യ മാർ ജോസഫ് പെരുന്തോട്ടം പിതാവിന്റെ സാന്നിദ്ധ്യം കൂടാതെ മുഖ്യപ്രഭാഷണം റവ. ഫാ. മാത്യു ചന്ദ്രൻകുന്നേൽ.

കുടുംബപ്രേഷിത പ്രവർത്തനത്തിന്റെ ശുശ്രൂഷകളിൽ നിങ്ങളുടെ സഹകരണം പ്രതീക്ഷിച്ചുകൊണ്ട്.

സ്നേഹപൂർവ്വം,

**ഫാ ജോൺസൺ ചാലയ്ക്കൽ**
(അസി. ഡയറക്ടർ)

**ഫാ. ജോസ് മുകളേൽ**
(ഡയറക്ടർ)

# പബ്ലിക് റിലേഷൻസ് ജാഗ്രതാസമിതി

PR-JAGRATHASAMITHI

## സഭാവബോധ ക്വിസ്സ് ഒന്നാം സ്ഥാനം ചമ്പക്കര ഇടവകയ്ക്ക്.

അതിരൂപതാ പബ്ലിക്ക് റിലേഷൻസ് ജാഗ്രതാ സമിതിയുടെ ആഭിമുഖ്യത്തിൽ ഒക്ടോബർ 2-ാം തീയതി നടത്തിയ സഭാവബോധ ക്വിസ്സ് മൽസരത്തിൽ ചമ്പക്കര സെന്റ് ജോസഫ്സ് ഇടവകയിലെ ജിനോ ജോർജ്ജ്, ജിഷാ ജോർജ്ജ് എന്നിവർ 1-ാം സ്ഥാനം കരസ്ഥമാക്കി. ഇരവുചിറ സെന്റ് മേരീസ് ഇടവകാംഗങ്ങളായ ബീനാ മോനിച്ചൻ, ജാൻസി ജോസഫ് എന്നിവർ 2-ാം സ്ഥാനവും, അയർക്കുന്നം സെന്റ് സെബാസ്റ്റ്യൻസ് ഇടവകാംഗങ്ങളായ ദിയാ മരിയ, സിൽദാ ഷോളി എന്നിവർ 3-ാം സ്ഥാനവും നേടി.

എസ്.ബി. ഹയർ സെക്കൻഡറി സ്കൂളിൽ നടന്ന മൽസരം വികാരി ജനറാൾ വെ. റവ. ഡോ. ഫിലിപ്സ് വടക്കേക്കളം ഉദ്ഘാടനം ചെയ്തു. അതിരൂപതയുടെ പാസ്റ്ററൽ കൗൺസിൽ മുൻ സെക്രട്ടറി പ്രൊഫ. ഡോ. റൂബിൾ രാജ് സമ്മാനദാനം നിർവ്വഹിച്ചു.

## കുമ്പസാരത്തെ നിന്ദിച്ചതിനെതിരെ പ്രതികരിച്ചു.

കേരളാ ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിക്കുന്ന വിജ്ഞാന കൈരളി എന്ന മാസികയിലൂടെ ക്രൈസ്തവർ പരിപാവനമായി കാണുന്ന കുമ്പസാരം എന്ന കൂദാശയെ നിന്ദിച്ചുള്ള പരാമർശം നടത്തിയതിനെതിരെ അതിരൂപതാ സമിതി പ്രതിഷേധം രേഖപ്പെടുത്തി.

സംസ്ഥാനത്തെ സ്കൂളുകളിൽ എൻ.എസ്.എസ്. വോളന്റിയേഴ്സ് മുഖാന്തിരം വിതരണം ചെയ്യുന്ന ഈ പ്രസിദ്ധീകരണത്തിൽ ക്രൈസ്തവ വിശ്വാസത്തിനെതിരെയുള്ള ആശയങ്ങൾ പ്രചരിപ്പിക്കുന്നതിനു പിന്നിൽ ദുരുദ്ദേശമുന്നും, ഇത്തരം നീക്കങ്ങൾക്ക് സർക്കാർ പ്രസിദ്ധീകരണം വേദിയാകുന്നത് വിഷയതിന്റെ ഗൗരവം വർദ്ധിപ്പിക്കുന്നുവെന്നും അതിരൂപതാ പബ്ലിക്ക് റിലേഷൻസ് ജാഗ്രതാ സമിതി വിലയിരുത്തി.

കുമ്പസാരത്തെ നിന്ദിച്ചു കൊണ്ട് പുറത്തിറക്കിയ മാസിക പിൻവലിച്ച് ഉത്തരവാദിത്വപ്പെട്ടവർ വിശ്വാസ സമൂഹത്തോട് മാപ്പു പറയണമെന്നും, ഈ വിഷയത്തിൽ സർക്കാർ നിലപാട് വ്യക്തമാക്കണമെന്നും സമിതി ആവശ്യപ്പെട്ടു.

**അഡ്വ. ജോജി ചിറയിൽ**
പി.ആർ.ഒ.

**ഫാ. ആന്റണി തലച്ചെല്ലൂർ**
കോ-ഓർഡിനേറ്റർ

ഈശോയിൽ സ്നേഹമുള്ളവരേ,

ആരാധനക്രമവത്സരത്തിന്റെ അവസാന കാലത്തിലേയ്ക്ക് നാം പ്രവേശിക്കുമ്പോൾ, നമ്മുടെ ആത്മീയ ജീവിതത്തിന്റെ വളർച്ചയോടൊപ്പം, വിശ്വാസ പരിശീലന പ്രവർത്തനങ്ങളുടെ വിലയിരുത്തലും നടത്തുന്നത് എന്തുകൊണ്ടും ഉചിതമാണ്. വിശ്വാസപരിശീലന വർഷത്തിന്റെ രണ്ടാം ഘട്ടത്തിലേയ്ക്ക് നാം പ്രവേശിച്ചിരിക്കുന്നു. CRT സന്ദർശനങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. നവംബർ 11-ാം തീയതി നടക്കുന്ന ഒന്നാം ടേം പരീക്ഷയ്ക്കായി കുട്ടികളെ ഒരുക്കാം. സ്വർഗ്ഗോന്മുഖമായി യാത്ര ചെയ്യുന്ന തീർത്ഥാടകയായ സഭയോടൊപ്പം തീക്ഷ്ണതയോടെയും വിശ്വാസത്തോടെയും നമുക്കും പങ്കുചേരാം.

ഈശോയിൽ സ്നേഹപൂർവ്വം,

**ജോബിനച്ചൻ & അനീഷച്ചൻ**

## നവംബർ

| | | |
|---|---|---|
| 1 വ്യാഴം | : | ദൈവദാസൻ പുത്തൻപറമ്പിൽ തൊമ്മച്ചൻ |
| 3 ശനി | : | CLT ക്ലാസ്സ് |
| | | **വിശ്വാസപരിശീലകരുടെ ഏകദിന ഫൊറോന സെമിനാർ** |
| | | (കൊല്ലം - ആയൂർ 9:30 am to 4:00 pm) |
| | | XII-ാം ക്ലാസ്സ് വിദ്യാർത്ഥികൾക്കായുള്ള പ്രതിഭാസംഗമം |
| | | (കൊല്ലം - ആയൂർ) |
| 6 ചൊവ്വാ | : | BCT Day Scholar Batch 2, രണ്ടാം ദിവസം |
| | | **വിശ്വാസപരിശീലകരുടെ ഏകദിന ഫൊറോന സെമിനാർ** |
| | | (എടത്വാ - 9:30 am to 4:00 pm) |
| 10 ശനി | : | CLT ക്ലാസ്സ് |
| | | MCC ക്ലാസ്സ് |
| | | **വിശ്വാസപരിശീലകരുടെ ഏകദിന ഫൊറോന സെമിനാർ** |
| | | (ചങ്ങനാശേരി 9:30 am to 4:00 pm) |
| 11 ഞായർ | : | **സൺഡേസ്കൂൾ ഒന്നാം ടേം പരീക്ഷ** |
| | | രാവിലെ 11:00 മുതൽ 1:00 വരെ |
| | | (1 മുതൽ 7 വരെയുള്ള ക്ലാസ്സുകൾക്ക്) |
| | | ഉച്ചകഴിഞ്ഞ് 2:00 മുതൽ 4 വരെ |
| | | (8 മുതൽ 12 വരെയുള്ള ക്ലാസ്സുകൾക്ക്) |
| 16 വെള്ളി | : | **അതിരൂപതാതല പ്രതിഭാ പരിശീലനക്യാമ്പ് (12-ാം ക്ലാസ്സ്)** |
| | | (വൈകുന്നേരം 5:00 ന് ആരംഭിച്ച 18-ാം തീയതി ഞായറാഴ്ച ഉച്ചയ്ക്ക് 1:30 ന് സമാപിക്കുന്നതാണ്) |
| | | സ്ഥലം: സന്ദേശനിലയം, ഫീസ് - 750/- രൂപ. |
| 17 ശനി | : | CLT ക്ലാസ്സ് |
| 20 ചൊവ്വാ | : | BCT Day Scholar Batch-2 മൂന്നാം ദിവസം |
| | | **വിശ്വാസപരിശീലകരുടെ ഏകദിന ഫൊറോന സെമിനാർ** |
| | | (കുറുമ്പനാടം - 9:30 am to 4:00 pm) |
| 24 ശനി | : | CLT ക്ലാസ്സ് |
| | | MCC ക്ലാസ്സ് |

## ഡിസംബർ

| | | |
|---|---|---|
| 1 ശനി | : | CLT ക്ലാസ്സ്, ഇരുപത്തഞ്ചു നോമ്പാരംഭം |
| 8 ശനി | : | **പ. കന്യകാമറിയത്തിന്റെ അമലോത്ഭവതിരുനാൾ** (ഓഫീസ് അവധി) |

## സൺഡേസ്കൂൾ ഒന്നാം ടേം പരീക്ഷ

സൺഡേസ്കൂൾ കുട്ടികളുടെ ഒന്നാം ടേം പരീക്ഷ നവംബർ 11 ഞായറാഴ്ച ആയിരിക്കും. 1 മുതൽ 7 വരെ ക്ലാസ്സുകൾക്ക് രാവിലെ 11:00 മണിമുതൽ 1:00 മണിവരെയും 8 മുതൽ 12 വരെ ക്ലാസ്സുകൾക്ക് ഉച്ചകഴിഞ്ഞ് 2:00 മുതൽ 4:00 വരെയുമായിരിക്കും. പരീക്ഷകൾ കൃത്യസമയത്തും പിഴവുകൾ കൂടാതെയും നടത്തുവാൻ പ്രത്യേകം ശ്രദ്ധിക്കുമല്ലോ. 1,2 ക്ലാസ്സുകൾക്ക് വാചികം (ചോദ്യം) ആയിരിക്കും. 3,4 ക്ലാസ്സുകളിൽ ചോദ്യക്കടലാസ്സിൽ തന്നെ ഉത്തരം എഴുതുക. 5 മുതലുള്ള ക്ലാസ്സുകളിൽ ഉത്തരക്കടലാസ്സിൽ എഴുതേണ്ടതാണ്. പരീക്ഷാ സമയത്ത് ബൈബിൾ, കുർബാനപ്പുസ്തകം എന്നിവ ഉപയോഗിക്കുവാൻ അനുവദിക്കുന്നതല്ല.

## ദെനാറ 2018 (Talent Workshop) December 26th 3:30 p.m. to 28th 4:00 p.m.

കുട്ടികൾക്ക് ദൈവദാനമായി കിട്ടിയ കഴിവുകളെ മത്സരവേദിയ്ക്ക് പുറത്ത് ദൈവഹിതപ്രകാരം വളർത്തുവാനും, സുവിശേഷം പങ്കുവയ്ക്കുന്നതിനും, കല, യുടെ ഉന്നത സാധ്യതകളെ മനസ്സിലാക്കുന്നതിനും ലക്ഷ്യം വയ്ക്കുന്ന പരിപാടിയാണ് **ദെനാറ 2018**. ഇടവക തലത്തിൽ നടത്തപ്പെട്ട കലാസാഹിത്യ മത്സരങ്ങളിൽ പ്രസംഗം, ഉപന്യാസം, കവിതാരചന, ലളിതഗാനം, സ്ക്രിപ്റ്റ് റൈറ്റിംഗ്, വചനരംഗാവതരണം (Best Actor or Actress) എന്നീ ഇനങ്ങളിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കിയ ജൂനിയർ, സീനിയർ വിഭാഗത്തിൽ നിന്നും ഒരാൾക്കു മാത്രമാണ് വർക്ക്ഷോപ്പിൽ പങ്കെടുക്കാവുന്നത്. വിദഗ്ധരുടെ നേതൃത്വത്തിലുള്ള പ്രായോഗിക പരിശീലനവും വിലയിരുത്തലും വർക്ക്ഷോപ്പിന്റെ പ്രത്യേകതകളാണ്. ഓരോ വർക്ക്ഷോപ്പിലും പരമാവധി 40 പേർക്ക് മാത്രമാണ് പങ്കെടുക്കാനാവുക. നവംബർ 30 നു മുമ്പായി മുഴുവൻ തുകയും അടച്ച് സന്ദേശനിലയത്തിൽ പേര് രജിസ്റ്റർ ചെയ്യുന്നവർക്ക് മാത്രമാണ് ഈ അവസരം.

| | | |
|---|---|---|
| തീയതി | : | ഡിസംബർ 26-ാം തീയതി വൈകുന്നേരം 3:30 ന് ആരംഭിച്ച് 28-ാം തീയതി വൈകുന്നേരം 4:00 ന് സമാപിക്കുന്നതാണ്. |
| സ്ഥലം | : | എസ്. എച്ച്. ഹയർ സെക്കന്ററി സ്കൂൾ ഫാത്തിമാപുരം |
| രജി. ഫീസ് | : | 750/- |

## അതിരൂപതാ മതാദ്ധ്യാപക നേതൃസംഗമം

അതിരൂപതാ മതാദ്ധ്യാപക നേതൃസംഗമം 2019 ജനുവരി 26 ശനിയാഴ്ച രാവിലെ 9:30 മുതൽ ഉച്ച കഴിഞ്ഞ് 1:30 വരെ സന്ദേശനിലയം മാർ ജെയിംസ് കാളാശേരി ഇൻഡോർ സ്റ്റേഡിയത്തിൽ വച്ച് നടത്തപ്പെടുന്നു. മതാധ്യാപന മേഖലയിൽ 25,50 വർഷം പൂർത്തിയാക്കിയവരെ നേതൃസംഗമത്തിൽ ആദരിക്കുന്നതാണ്. ഫൊറോന സെക്രട്ടറിമാർ, CRT അംഗങ്ങൾ, അതിരൂപതയിലെ മുഴുവൻ സൺഡേസ്കൂളിലെയും ഹെഡ്മാസ്റ്റമാർ, ഓഫീസ് സെക്രട്ടറിമാർ, സ്റ്റാഫ് സെക്രട്ടറിമാർ എന്നിവർ പങ്കെടുക്കേണ്ടതാണ്. രജി ഫീസ്. 100 രൂപ. മതാദ്ധ്യാപനരംഗത്തെ ജൂബിലേറിയൻസിന്റെ ബയോഡേറ്റ, ഫോട്ടോ, വികാരിയച്ചന്റെ സാക്ഷ്യപത്രം എന്നിവയോടെ 2018 ഡിസംബർ 31 മുമ്പായി സന്ദേശനിലയത്തിൽ എത്തിക്കേണ്ടതാണ്.

## Ecos & Sandes

വജ്രജൂബിലി വർഷത്തിൽ നാം ആരംഭിച്ച **Ecos & Sandes** എന്ന ഓൺലൈൻ പോർട്ടലിൽ കുട്ടികളുടെയും അധ്യാപകരുടെയും പേരുവിവരങ്ങൾ ഈ വർഷം തന്നെ രേഖപ്പെടുത്തേണ്ടതാണ്. അറുപതോളം സൺഡേസ്കൂളുകൾ പൂർത്തിയാക്കിക്കഴിഞ്ഞിരിക്കുന്നു എന്നത് സന്തോഷാവഹമായ കാര്യമാണ്.

### പ്രത്യേക ശ്രദ്ധയ്ക്ക്

1. ടെക്സ്റ്റ് ബുക്കിന്റെയും വർക്കുബുക്കിന്റെയും പണം അടയ്ക്കാനുള്ളവർ കഴിവതും വേഗം സന്ദേശനിലയം ഓഫീസിൽ ഏല്പിക്കേണ്ടതാണ്. **അതോടൊപ്പം തന്നെ മതബോധനവിഹിതം ഇനത്തിൽ ഒരു കുട്ടിയ്ക്ക് 5 രൂപയും പരീക്ഷാഫീസ് ഇനത്തിൽ ഒരു കുട്ടിയ്ക്ക് 3 രൂപയും സന്ദേശനിലയത്തിൽ നല്കേണ്ടതാണ്.**
2. 10, 11, 12 ക്ലാസ്സുകളിലെ ടേമിലി മാർക്ക് ലിസ്റ്റ് ഡിസംബർ 31ന് മുമ്പ് സന്ദേശനിലയത്തിൽ ഏല്പിക്കുക.

### ആദരാഞ്ജലികൾ

ഫാത്തിമാപുരം ഫാത്തിമാമാതാ സൺഡേസ്കൂൾ അധ്യാപിക സി. കുസുമം എഫ്.സി.സി. യുടെയും കായൽപ്പുറം സെന്റ് ജോസഫ്സ് സൺഡേസ്കൂൾ അധ്യാപിക സി. ആലീസ് എഫ്.സി.സി. യുടെ മാതാവിന്റെയും അതിരമ്പുഴ സെന്റ് മേരീസ് സൺഡേസ്കൂൾ മുൻ അധ്യാപകനും **CRT** അംഗവുമായിരുന്ന ശ്രീ. തോമസ് പോൾ പീടിയേക്കലിന്റെയും കുമരങ്കരി സെന്റ് മേരീസ് സൺഡേസ്കൂൾ അധ്യാപകൻ ശ്രീ. ജേക്കബ് പെരുമ്പ്രാലിന്റെ മാതാവിന്റെയും ഫാത്തിമാപുരം ഫാത്തിമാമാതാ സൺഡേസ്കൂൾ അധ്യാപിക ശ്രീമതി. മോളി ജോസഫിന്റെ മാതാവിന്റെയും പച്ച ലൂർദ്ദ് മാതാ സൺഡേസ്കൂൾ അധ്യാപിക ശ്രീമതി. ലിസമ്മ ആന്റണിയുടെ മാതാവിന്റെയും രാജമറ്റം സേക്രട്ട് ഹാർട്ട് സൺഡേസ്കൂൾ മുൻ അധ്യാപിക സി. ലിനറ്റ് ഡി.എസ്.ജെ.യുടെയും വേഴപ്രാ സെന്റ് പോൾസ് സൺഡേസ്കൂൾ വിദ്യാർത്ഥിനി കുമാരി ആൻമരിയ ജിജോ കളരിപ്പറമ്പിലിന്റെയും രാജമറ്റം സേക്രട്ട് ഹാർട്ട് സൺഡേസ്കൂൾ അധ്യാപിക ശ്രീമതി അനിത കൊച്ചുപറമ്പിലിന്റെ പിതാവിന്റെയും നിര്യാണത്തിൽ സന്ദേശനിലയത്തിന്റെ അനുശോചനം അറിയിക്കുകയും പരേതരുടെ ആത്മശാന്തിയ്ക്കായി പ്രാർത്ഥിക്കുകയും ചെയ്യുന്നു.

## വിവാഹ ഒരുക്ക ധ്യാനം

| NOVEMBER | DECEMBER | 2019 JANUARY |
|---|---|---|
| 12, 13, 14 (Zion) | 28, 29, 30 (Chry) | 7, 8, 9 (Chry) |
| 19, 20, 21 (Zion) | 10, 11, 12 (Zion) | 21, 22, 23 (Zion) |
| 5, 6, 7 (Chry) | 21, 22, 23 (Zion) | 28, 29, 30 (Chry) |
| 26, 27, 28 (Chry) | | |

ഈശോയിൽ സ്നേഹമുള്ളവരേ,

കഴിഞ്ഞ മാസം നമ്മൾ പ്രേഷിതമാസമായി ആചരിക്കുകയായിരുന്നല്ലോ. സഭയെ നല്ല ദൈവവിളികളാൽ സമ്പന്നമാക്കണമെന്ന് തുടർന്നും നമുക്ക് പ്രാർത്ഥിക്കാം. ഒപ്പം നമ്മുടെ ദൈവവിളി എന്തെന്ന് തിരിച്ചറിയാനും അതിനെ പരിപോഷിപ്പിക്കാനും സാധിക്കണം.

അൾത്താരശുശ്രൂഷികളുടെ മേഖലാതല ക്യാമ്പ് / സെമിനാർ ക്രമീകരിച്ചുവെന്ന് കരുതുന്നു. അതിരൂപതാതല അൾത്താരബാലന്മാരുടെ ക്യാമ്പിൽ പങ്കെടുക്കുന്നതിനായി മേഖലാ സെമിനാറിൽ പങ്കെടുത്ത ഒരു കുട്ടിയെ ഓരോ ശാഖയിൽനിന്നും പറഞ്ഞയയ്ക്കണമെന്ന് ഓർമ്മിപ്പിക്കുന്നു. കാരുണ്യനിധി കൂപ്പൺതുക നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ പൂർത്തീകരിച്ച് അതിരൂപതാ കേന്ദ്രത്തിൽ ഏല്പിക്കുമല്ലോ. പ്രാർത്ഥനയോടെ,

ഈശോയിൽ സ്നേഹപൂർവ്വം,

**ജോബിനച്ചൻ & അനീഷച്ചൻ**

## നവംബർ

| | | |
|---|---|---|
| 15 ബുധൻ | : | ഒന്നാം ഘട്ട റിപ്പോർട്ട്, മിഷൻ വോയ്സ് പത്രം എന്നിവ അതിരൂപതാ ഓഫീസിൽ ഏല്പിക്കേണ്ട അവസാന ദിവസം |
| 30 വെള്ളി | : | അൾത്താര ബാലന്മാരുടെ ക്യാമ്പ് (നവംബർ 30, ഡിസംബർ 1, 2 തീയതികളിൽ കുന്നന്താനം സെഹിയോൻ ധ്യാനകേന്ദ്രത്തിൽ വച്ച്) |
| | : | ക്യാമ്പിന് അയയ്ക്കുന്ന കുട്ടിയുടെ ഫോട്ടോയോടൊപ്പം ഇംഗ്ലീഷിൽ പേരും അഡ്രസ്സും എഴുതിയിരിക്കണം. (CAPITAL LETTERS) പിന്നീട് തിരുത്തലുകൾ ഉണ്ടാവാതിരിക്കുന്നതിനാണിത്. |
| | : | അൽഫോൻസാ കാരുണ്യനിധി സമ്മാനകൂപ്പൺ മേഖലകൾ അതിരൂപതയിൽ ഏല്പിക്കേണ്ട അവസാന ദിവസം |

## ഡിസംബർ

| | | |
|---|---|---|
| 1 ശനി | : | ഇരുപത്തഞ്ചു നോമ്പാരംഭം. (ഈശോയെ സ്വന്തമാക്കാൻ നമുക്കൊരുങ്ങാം) |
| 4 ചൊവ്വ | : | വി. ഫ്രാൻസിസ് സേവ്യറുടെ തിരുനാൾ പ്രേഷിതർക്കുവേണ്ടി പ്രാർത്ഥിക്കുക |
| 8 ശനി | : | പരി. കന്യകാമറിയത്തിന്റെ അമലോത്ഭവ തിരുനാൾ (ഓഫീസ് അവധി) |
| 9 ഞായർ | : | കൂപ്പൺ നറുക്കെടുപ്പ് |

## മിഷൻവോയ്സ് പത്രം

മിഷൻലീഗ് അംഗങ്ങൾ പ്രാർത്ഥനയ്ക്കായി ദത്തെടുത്തിരിക്കുന്ന മിഷൻ കേന്ദ്രങ്ങളെ സംബന്ധിച്ച് പഠിച്ചും, വിവരങ്ങൾ ശേഖരിച്ചും ശാഖകളിൽ തയ്യാറാക്കുന്ന പത്രം അതിരൂപതാതലത്തിൽ നടത്തുന്ന മത്സരത്തിനായി നവംബർ 18–ാം തീയതിവരെ അതിരൂപതാ ഓഫീസിൽ ഏല്പിക്കാവുന്നതാണ്.

## നിബന്ധനകൾ

1. ഓരോ ശാഖയും തങ്ങൾ പ്രാർത്ഥനയ്ക്കും, സഹായത്തിനുമായി ദത്തെടുത്തിരിക്കുന്ന മിഷൻരൂപതാ (പ്രദേശ)ത്തെപ്പറ്റിയുള്ള പരമാവധി വിവരങ്ങൾ ശേഖരിക്കുക.
2. വെള്ളചാർട്ട് പേപ്പർ രണ്ടായി മടക്കി 4 പേജായി ക്രമീകരിച്ച് പത്രം തയ്യാറാക്കേണ്ടതാണ്.
3. പത്രത്തിൽ എഴുതുന്നത് കൈപ്പടയിലായിരിക്കണം. പ്രിന്റ് ചെയ്തിട്ടുള്ളത് പരിഗണിക്കുന്നതല്ല.
4. വാർത്തകളുമായി ബന്ധപ്പെട്ട ചിത്രങ്ങൾ വെട്ടി ഒട്ടിയ്ക്കാവുന്നതാണ്.
5. പത്രത്തിന് ഉചിതമായ പേരുകൾ നല്കാവുന്നതാണ്.
6. ഒന്നും രണ്ടും മൂന്നും സ്ഥാനത്ത് എത്തുന്ന പത്രങ്ങൾക്ക് സമ്മാനങ്ങൾ ഉണ്ടായിരിക്കുന്നതാണ്.

കൂടാതെ പ്രോത്സാഹന സമ്മാനങ്ങളും നല്കുന്നതാണ്.

## മിഷൻ എലൈവ്

മിഷൻലീഗിന്റെ പഠനഗ്രന്ഥത്തെ അടിസ്ഥാനമാക്കി ചർച്ചാക്ലാസ്സ് നടത്തി, ഏഴുപേരടങ്ങുന്ന ഒരു ടീമിനെ തയ്യാറാക്കി, അതിരൂപതാതല മത്സരത്തിനായി അയയ്ക്കേണ്ടതാണ്. പങ്കെടുക്കുന്നവരുടെ ലിസ്റ്റ് ഡിസംബർ 26നു മുമ്പായി അതിരൂപതാ ഓഫീസിൽ എത്തിക്കുക.

മിഷൻ എലൈവിൽ പങ്കെടുക്കുന്നവരുടെ അംഗസംഖ്യ ഏഴ് ആയിരിക്കണം. സമയം 10 മിനിറ്റ്. വിശദവിവരങ്ങൾക്കായി മാർഗ്ഗരേഖ പേജ് 32 കാണുക.

## പ്രത്യേക ശ്രദ്ധയ്ക്ക്

ചെറുപുഷ്പ മിഷൻലീഗ് ശാഖാ ജോയിന്റ് ഡയറക്ടേഴ്സിന്റെ പേര്, അഡ്രസ്സ്, ഫോൺ നമ്പർ എന്നിവ അതിരൂപതാ മിഷൻലീഗ് ഓഫീസിൽ എത്രയും വേഗം എത്തിക്കുവാൻ ശ്രദ്ധിക്കുമല്ലോ.

## ആദരാഞ്ജലികൾ

നെടുമണ്ണി യൂണിറ്റിന്റെ ജോയിന്റ് ഡയറക്ടർ സി. എലൈസ് എസ്. എച്ച് ന്റെ മാതാവിന്റെ നിര്യാണത്തിലും ചങ്ങനാശേരി അതിരൂപത ചെറുപുഷ്പ മിഷൻലീഗിന്റെ ആദ്യപ്രസിഡന്റായിരുന്ന ശ്രീ. തോമസ് പോൾ സാറിന്റെ നിര്യാണത്തിലും അതിരൂപതാ ചെറുപുഷ്പ മിഷൻലീഗിന്റെ അനുശോചനം അറിയിക്കുകയും പരേതരുടെ ആത്മശാന്തിയ്ക്കായി പ്രാർത്ഥിക്കുകയും ചെയ്യുന്നു.

# അർദ്ധദിന സെമിനാർ

**2018 നവംബർ 6 ചൊവ്വ 9:30 a.m.**

**Dear Rev. Mother & Sisters,**

**CRI** ചങ്ങനാശ്ശേരി യൂണിറ്റിന്റെ ഒരു അർദ്ധദിന സെമിനാർ 2018 നവംബർ 6–ാം തീയതി ചൊവ്വാഴ്ച രാവിലെ 9:30 മുതൽ 12:30 വരെ പാറേൽ അമല തീയോളജിക്കൽ കോളേജിൽ വച്ച് നടത്തപ്പെടുന്നതാണ്. "Rejoice and be Glad" എന്ന അപ്പസ്തോലിക ലേഖനത്തെ ആസ്പദമാക്കി വെരി റവ. ഡോ. തോമസ് പാടിയത്ത് ക്ലാസ്സ് നയിക്കുന്നതാണ്. നിങ്ങളുടെ സമൂഹത്തിൽ നിന്നും സാധിക്കുന്നിടത്തോളം പേർ ഈ സെമിനാറിൽ സംബന്ധിക്കുന്നതിനായി പ്രത്യേകം ക്ഷണിക്കുന്നു. 9:30 a.m.ന് രജിസ്ട്രേഷൻ തുടങ്ങും. രജിസ്ട്രേഷൻ ഫീസ് ഒരു ഭവനത്തിന് 100 രൂപയാണ്.

എല്ലാവരുടെയും സഹകരണം പ്രതീക്ഷിച്ചുകൊണ്ട്,

**Sr. Mercy Nedumpuram** SABS
*CRI President*

**Sr. Liz Maria Vazhekalam** SABS
*CRI Secretary*

*SABS Provincial House*
*Koothrappally*

**നിത്യതയുടെ തീരത്തെത്തിയ പ്രിയപ്പെട്ട അമ്മമാർക്ക്**
**പ്രാർത്ഥനാമഞ്ജരികൾ**

സി. സെലസ്റ്റിൻ SH
സി. പെറ്റിട്രീസ SH
സി. ലിനറ്റ് DSJ
സി. ടെസിനാ FDSHJ
സി. ഇൻഫന്റ് മരിയ SABS
സി. ജോസ് ലിറ്റ് SABS
സി. സെബസ്റ്റിൻ SABS
സി. ബോർജ്ജിയ SABS
സി. റോസ് ലിൻ SABS
സി. സിസിലി SABS
സി. ജനവീവ് SH
സി. ജോർജ്ജ് മരിയ SABS
സി. മേരി എയ്ഞ്ചൽ CMC
സി. റെജിനാ CMC
സി. ആനിമേരി CMC
സി. സ്ക്കൊളസ്റ്റിക്കാ CMC
സി. റേജിസ് SD
സി. ജെസീന്ത SD
സി. ഇലക്ടാ SD

# കത്തോലിക്കാ കോൺഗ്രസ്

AKCC

ചങ്ങനാശേരി അതിരൂപതാ കത്തോലിക്കാ കോൺഗ്രസിന്റെ നേതൃത്വത്തിൽ 'അതിജീവനത്തിന്റെ കരുത്തുമായി ജനകീയ സദസ്സ്' കുട്ടനാട്ടിലെ 4 ഫൊറോനകളിലും നടന്നു. 2018 ഒക്ടോബർ 2–ാം തിയതി വൈകുന്നേരം 4:30 ന് ആദ്യത്തെ ജനകീയ സദസ്സ് ചമ്പക്കുളം ഫൊറോനയിലെ മങ്കൊമ്പിൽ ജംഗ്ഷനിൽ അതിരൂപതാ മെത്രപ്പോലീത്താ മാർ ജോസഫ് പെരുന്തോട്ടം ഉദ്ഘാടനം ചെയ്തു. അതിരൂപതാ പ്രസിഡന്റ് വർഗീസ് ആന്റണി അദ്ധ്യക്ഷത വഹിച്ചു. ചമ്പക്കുളം ഫൊറോനാ വികാരി ഫാ. എബ്രാഹാം കാടാത്തുകളം അനുഗ്രഹപ്രഭാഷണം നടത്തി. സേവ് കേരളപ്രസിഡന്റ് റസിൽ ജോയി മുഖ്യസന്ദേശം നല്കി. ഡോ.പ്ലാരിലാൽ, ജനറൽ സെക്രട്ടറി രാജേഷ് ജോൺ, ഡയറക്ടർ ഫാ. ജോസ് മുകളേൽ, പി.പി. ജോസഫ്,ബിജു സെബാസ്റ്റ്യൻ, സി.റ്റി തോമസ്, ജോസി പുതുമന, എന്നിവർ പ്രസംഗിച്ചു. ജനകീയ സദസ്സിൽ കുട്ടനാടിന്റെ സംരക്ഷണത്തിനായും,വികസനത്തിനായും വിവിധതരത്തിലുള്ള ആശയങ്ങൾ ചർച്ചയിൽ ഉന്നയിച്ചു. പ്രളയത്തിൽ ദുരിതാശ്വാസപ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയ 15 പേരെ യോഗത്തിൽ ആദരിച്ചു.

ഒക്ടോബർ 13–ാം തിയതി പുളിങ്കുന്ന് ഫൊറോനായിലെ രാമങ്കരി ജംഗ്ഷനിൽ ജനകീയസദസ്സ് നടന്നു. അതിരൂപതാ സഹായ മെത്രാൻ മാർ തോമസ് തറയിൽ ഉദ്ഘാടനം ചെയ്തു. അതിരൂപതാ പ്രസിഡന്റ് വർഗീസ് ആന്റണി അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ ഫൊറോനാ വികാരി ഫാ. മാത്യു ചൂരവടി, ഫൊറോനാ ഡയറക്ടർ ഫാ. ടോണി മണിയൻചിറ, അതിരൂപതാ ജനറൽ സെക്രട്ടറി രാജേഷ് ജോൺ, ജോസ് ജോൺ വെങ്ങാന്തറ, ബിജു സെബാസ്റ്റ്യൻ, സിബി മൂലംകുന്നം, കുരിയാക്കോസ് പുളിവേലിൽ, എന്നിവർ പ്രസംഗിച്ചു.

ഒക്ടോബർ 14–ാം തീയതി എടത്വാ ഫൊറോനായിലെ മുട്ടാറിൽ ജനകീയ സദസ്സ് നടന്നു. അതിരൂപതാ പ്രസിഡന്റ് വർഗീസ് ആന്റണി അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ അതിരൂപതാ വികാരി ജനറാൾ റവ. ഡോ. ജോസഫ് മുണ്ടകത്തിൽ ഉദ്ഘാടനം ചെയ്തു. ഫൊറോനാ ഡയറക്ടർ ആന്റണി തേവാരി, ഫാ. എബ്രഹാം തയ്യിൽ അതിരൂപതാ ജനറൽ സെക്രട്ടറി രാജേഷ് ജോൺ, ട്രഷറർ സിബി മുക്കടൻ, സെക്രട്ടറി ജോസ് ജോൺ വെങ്ങാന്തറ, ശ്രീ. സണ്ണി മുട്ടാർ, മോഡി തോമസ്, സജി മോൻ പീറ്റർ എന്നിവർ പ്രസംഗിച്ചു.

ഒക്ടോബർ 15–ാം തിയതി ആലപ്പുഴയിലെ പഴവങ്ങാടിയിൽ ജനകീയ സദസ്സ് നടന്നു. അതിരൂപതാ പ്രസിഡന്റ് വർഗീസ് ആന്റണി അദ്ധ്യക്ഷത വഹിച്ച യോഗം ആലപ്പുഴ ഫൊറോനാ വികാരി ഫാ. ജോസഫ് വാണിയപുരയ്ക്കൽ ഉദ്ഘാടനം ചെയ്തു. ഫാ. സേവ്യർ കാരിപറമ്പിൽ ആമുഖ സന്ദേശം നല്കി. ആലപ്പുഴ മുൻസിപ്പൽ ചെയർമാൻ തോമസ് ജോസഫ് പ്രളയ രക്ഷാപ്രവർത്തനത്തിന് നേതൃത്വം നൽകിയവരെ ആദരിച്ചു. ആലപ്പുഴ DYSP പി വി ബേബി, ഡോ. സംഗീതാ എന്നിവർ മറുപടി പ്രസംഗം നടത്തി. അതിരൂപതാ ജനറൽ സെക്രട്ടറി രാജേഷ് ജോൺ, ടോമിച്ചൻ മേത്തശേരി, കെ. ജെ. ആന്റണി, എന്നിവർ പ്രസംഗിച്ചു.

ഒക്ടോബർ 16–ാം തിയതി ചങ്ങനാശേരി അതിരൂപതാ കത്തോലിക്കാ കോൺഗ്രസിന്റെ നേതൃത്വത്തിൽ സഭാവിരുദ്ധനിലപാടുകൾക്കെതിരേയും

മാധ്യമ ഗൂഢാലോചനയ്ക്കെതിരേ പ്രതിഷേധവും വിശദീകരണയോഗവും നടന്നു. ഏറ്റുമാനൂർ കോടതിപടിയിൽ നിന്ന് ആരംഭിച്ച ജപമാല റാലി ഏറ്റുമാനൂർ പ്രൈവറ്റ് ബസ് സ്റ്റാന്റിനു സമീപം സമാപിച്ചു. തുടർന്ന് അതിരൂപതാ കത്തോലിക്കാ കോൺഗ്രസ് പ്രസിഡന്റ് വർഗീസ് ആന്റണിയുടെ അധ്യക്ഷതയിൽ നടന്ന വിശദീകരണ യോഗം പൂഞ്ഞാർ MLA ശ്രീ. പി സി ജോർജ് ഉദ്ഘാടനം ചെയ്തു. അതിരൂപതാ ഡയറക്ടർ ഫാ. ജോസ് മുകളേൽ, ജനറൽ സെക്രട്ടറി രാജേഷ് ജോൺ, ജനറൽ കൺവീനർ ജോയി പാറപ്പുറം എന്നിവർ പ്രസംഗിച്ചു. ഗ്ലോബൽ സെക്രട്ടറി ജാൻസൺ ജോസഫ്, റവ.ഫാ.ടോം കുന്നുംപുറം, ഫാ. ജോസ് വരിക്കപ്പള്ളി, പി. പി. ജോസഫ്, തങ്കച്ചൻ പൊൻമാങ്കൽ, സൈബി അക്കര, സിബി മുക്കാടൻ, ബിജു സെബാസ്റ്റ്യൻ, ഷെയ്ൻജോസഫ്, കെ.എ. ജോസ്, ജോബിൻ ജോസഫ്, ബിജോ തുളശേരിൽ, കുഞ്ഞ് കളപ്പുര എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകി. പരിപാടികളുടെ വിജയത്തിനായി പ്രവർത്തിച്ച എല്ലാവർക്കും പ്രത്യേകം നന്ദി.

ഒക്ടോബർ 19-ാം തിയതി കുട്ടനാട്ടിൽ ജനകീയ സദസ്സുകൾ ശേഷം ഗവൺമെന്റിനു കൊടുക്കുന്ന അവകാശ പത്രിക സമർപ്പണത്തിനു മുന്നോടിയായി ബോട്ടു മാർഗ്ഗം വിളംബര പ്രയാണം നടന്നു. കൈനകരിയിൽ നിന്നാരംഭിച്ച പ്രയാണം അതിരൂപതാ കത്തോലിക്കാ കോൺഗ്രസ്സ് പ്രസിഡന്റ് വർഗീസ് ആന്റണി ഉദ്ഘാടനം ചെയ്തു. ജനറൽ സെക്രട്ടറി രാജേഷ് ജോൺ, ജോസ് ജോൺ വെങ്ങാന്തറ, ഷെയിൻ ജോസഫ്, ടോമിച്ചൻ മേത്തശേരി, എന്നിവർ പ്രസംഗിച്ചു. പ്രയാണം, കൈനകരി, ചേന്നങ്കരി, ചമ്പക്കുളം, നെടുമുടി, നസ്രേത്ത്, പുളിങ്കുന്ന്, കാവാലം, ലിസ്യു, കൂലിപ്പുര എന്നിവിടങ്ങളിൽ പ്രയാണം നടത്തി.

ഒക്ടോബർ 20-ാം തിയതി കത്തോലിക്കാ കോൺഗ്രസിന്റെ നേതൃത്വത്തിൽ അവകാശ സംരക്ഷണ മാർച്ച് നടത്തി. ആലപ്പുഴ പഴവങ്ങാടി പള്ളിയിൽ നിന്നാരംഭിച്ച റാലി ഫൊറോനാ വികാരി ജോസഫ് വാണിയപുരയ്ക്കൽ ഫ്ളാഗ് ഓഫ് ചെയ്തു. റാലി കലക്ട്രേറ്റിൽ എത്തിയപ്പോൾനടന്ന സമ്മേളനം അതിരൂപതാ കത്തോലിക്കാ കോൺഗ്രസ്സ് പ്രസിഡന്റ് വർഗീസ് ആന്റണി ഉദ്ഘാടനം ചെയ്തു. അതിരൂപതാ വൈസ് പ്രസിഡന്റ് ശ്രീ. സൈബി അക്കര അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ ജനറൽ സെക്രട്ടറി രാജേഷ് ജോൺ, ശ്രീ. സി.റ്റി. തോമസ്, ടോമിച്ചൻ മേത്തശേരി, എന്നിവർ പ്രസംഗിച്ചു. പരിപാടികൾക്ക് അച്ചാമ്മ യോഹന്നാൻ, ശ്രീ. ജോസ് ജോൺ വെങ്ങാന്തറ, ബിജു സെബാസ്റ്റ്യൻ, ഷെയ്ൻ ജോസഫ്, മോഡി തോമസ്, സിബി മൂലംകുന്ന്, എന്നിവർ നേതൃത്വം നല്കി. തുടർന്ന് ആലപ്പുഴ കളക്ടർക്ക് അവകാശ പത്രിക കൈമാറി.

## കത്തോലിക്കാ കോൺഗ്രസ്സ് അതിരൂപതാ നേതൃസംഗമം

എല്ലാ യൂണിറ്റിൽ നിന്നും പ്രസിഡന്റ്, സെക്രട്ടറി, ട്രഷറർ, ഫൊറോനാ ഭാരവാഹികൾ, അതിരൂപതാ ഭാരവാഹികൾ, പ്രതിനിധി സഭാംഗങ്ങൾ, എല്ലാവരും പങ്കെടുക്കേണ്ടതാണ്. എല്ലാവരും കൃത്യസമയത്ത് എത്തിച്ചേരണം. ഉദ്ഘാടനം മാർ. സെബാസ്റ്റ്യൻ വാണിയപുരയ്ക്കൽ (കൂരിയ ബിഷപ്പ്).

***സ്ഥലം :* സെന്റ് ജോസഫ് മീഡിയ വില്ലേജ്,**
**കുരിശുംമൂട്, ചങ്ങനാശേരി.**

***സമയം :* 2018 നവംബർ 3 ശനി ഉച്ചകഴിഞ്ഞ് 2:30 ന്**

ഈശോയിൽ സ്നേഹം നിറഞ്ഞവരേ,

ലോഗോസ് ക്വിസ് മത്സരം ഭംഗിയായി ക്രമീകരിക്കുവാൻ സഹായിച്ച ബഹു. അച്ചന്മാർക്കും, സിസ്റ്റേഴ്സിനും മതാദ്ധ്യാപകർക്കും കൂട്ടായ്മാ പ്രവർത്തകർക്കും നന്ദി നേരുന്നു. ലോഗോസ് ക്വിസ് മത്സരഫലം തയ്യാറായിട്ടുണ്ട്. നവംബർ 1 മുതൽ ബൈബിൾ അപ്പോസ്തലേറ്റ് ഓഫിസിൽനിന്നും റിസൾട്ട് ലഭിക്കുന്നതാണ്. വിജയികൾക്കുള്ള സമ്മാനങ്ങൾ പിന്നീട് നൽകുന്നതാണ്.

കുടുംബക്കൂട്ടായ്മാ പ്രാർത്ഥനാഗാനം, ആന്തം എന്നിവയുടെ മത്സരം നവംബർ 30 ന് മുൻപായി ഇടവക തലത്തിൽ ക്രമികരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ലിറ്റർജിക്കൽ ക്വിസിന്റെ ചോദ്യപ്പേപ്പറുകൾ നവംബർമാസം ആദ്യവാരം തന്നെ ഇടവകകളിൽ എത്തിക്കുന്നതാണ്. എല്ലാ കുടുംബങ്ങളേയും പങ്കെടുപ്പിക്കുവാൻ വികാരിയച്ചന്മാർ ശ്രദ്ധിക്കണമെന്നോർപ്പിക്കുന്നു.

പ്രാർത്ഥനയോടെ,

**ജെന്നിയച്ചൻ**

## വാർത്തകൾ - പ്രവർത്തനങ്ങൾ

### ബസാലേൽ കൺവൻഷൻ മണലാടി ഇടവകയിൽ

ഇടവകകളിൽ കൂട്ടായ്മാ ലീഡേഴ്സിനായി നടത്തിവരുന്ന ബസാലേൽ കൺവൻഷൻ ഒക്ടോബർ 14-ാം തീയതി സെന്റ് മേരീസ് മണലാടി ഇടവകയിലൽ നടത്തി.

### ഒക്ടോബർ - 14 സെന്റ് മേരീസ് മണലാടി

കൺവൻഷൻ സംഘടിപ്പിക്കുവാൻ ക്രമീകരണങ്ങൾ ചെയ്തു തന്ന റവ. ഫാ. വർക്കി മണവത്തച്ചനെയും പ്രസ്തുത ഇടവകയിലെ ബഹുമാനപ്പെട്ട ആനിമേറ്റേഴ്സ്, ലീഡേഴ്സ് എന്നിവരെയും നന്ദിയോടെ ഓർക്കുന്നു.

### ഹോം മിഷൻ പരിശീലന പരിപാടി

സെപ്റ്റംബർ - 20 മുതൽ 25 വരെ ബഹുമാനപ്പെട്ട എഫ്. സി. സി. സിസ്റ്റേഴ്സിന്റെ നേതൃത്വത്തിൽ സെന്റ് മേരീസ് വള്ളംചിറ ഇടവകയിൽ **ഹോം മിഷൻ പരിശീലന പരിപാടി** സംഘടിപ്പിക്കുകയുണ്ടായി. ബഹുമാനപ്പെട്ട സെബാസ്റ്റ്യൻ കുന്നത്തുകുഴിയച്ചന്റെ നേതൃത്വത്തിൽ ഇടവകയിലെ സിസ്റ്റേഴ്സും, കുടുംബക്കൂട്ടായ്മാ ലീഡേഴ്സും ഇതിന്റെ വിജയത്തിനായി പ്രവർത്തിച്ചു. അതിരൂപതാ ഡയറക്ടർ റവ. ഫാ. ജെന്നി കായംകുളത്തുശ്ശേരി ഇടവക സന്ദർശനം നടത്തി അവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകി.

സെപ്റ്റംബർ - 23 മുതൽ 29 വരെ ബഹുമാനപ്പെട്ട എസ്. ഡി. സിസ്റ്റേഴ്സിന്റെ നേതൃത്വത്തിൽ ലിറ്റിൽ ഫ്ളവർ ആര്യാട് ഇടവകയിൽ **ഹോം മിഷൻ** സംഘടിപ്പിക്കുകയുണ്ടായി. ബഹുമാനപ്പെട്ട വർഗ്ഗീസ് കായിത്തറയച്ചന്റെ നേതൃത്വത്തിൽ ഇടവകയിലെ സിസ്റ്റേഴ്സും, കുടുംബക്കൂട്ടായ്മാ ലീഡേഴ്സും ഇതിന്റെ വിജയത്തിനായി പ്രവർത്തിച്ചു.

ഒക്ടോബർ 14 മുതൽ 28 വരെ ബഹുമാനപ്പെട്ട സ്പിരിച്ച്വാലിറ്റി (എ ഒ) സിസ്റ്റേഴ്സിന്റെ നേതൃത്വത്തിൽ സെന്റ് ജോസഫ്സ് മാന്നാനം ഇടവകയിൽ ക്രമീകരിക്കുകയുണ്ടായി. ബഹു. പ്രിയോരച്ചന്റെ നേതൃത്വത്തിൽ വൈദികരും അൽമായരും അടങ്ങുന്ന ടീം പരിപാടികൾക്ക് നേതൃത്വം നൽകി. അതിരൂപത ഡയറക്ടർ ഫാ. ജെന്നി കായംകുളത്തുശ്ശേരി സമാപനനസമ്മേളനത്തിൽ ക്ലാസ് നയിച്ചു.

### കുടുംബക്കൂട്ടായ്മാ കൺവൻഷൻ

നാല്പ്പാത്തിമല സെന്റ് തോമസ് ഇടവകയിൽ ഒക്ടോബർ 27, 28 തീയതികളിലായി കുടുംബക്കൂട്ടായ്മാ വാർഡ് കൺവൻഷനുകൾ സംഘടിപ്പിച്ചു. റവ. ഫാ. റ്റിജോ പുത്തൻപറമ്പിൽ പ്രഭാഷണം നടത്തുകയുണ്ടായി. വികാരി റവ. ഫാ. സോണി മുണ്ടുനടയ്ക്കൽ ക്രമീകരണങ്ങൾക്ക് നേതൃത്വം നൽകി.

### ഫൊറോനാ ഡയറക്ടേഴ്സ് മീറ്റ്

ഒക്ടോബർ 2 ന് കുടുംബക്കൂട്ടായ്മ, ബൈബിൾ അപ്പോസ്തലേറ്റ് ഫൊറോന ഡയറക്ടേഴ്സിന്റെ സമ്മേളനം നടക്കുകയുണ്ടായി. പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുവാനുള്ള കർമ്മപദ്ധതികൾ ചർച്ച ചെയ്തു. അടുത്ത വർഷത്തേയ്ക്കുള്ള മാർഗ്ഗരേഖയുടെ രൂപീകരണം നടന്നു.

## അറിയിപ്പുകൾ

### ലോഗോസ് ക്വിസ്

ഈ വർഷത്തെ ലോഗോസ് ക്വിസ് സംസ്ഥാനതല മത്സരം 2018 നവംബർ 11-ാം തീയതി ഉച്ചകഴിഞ്ഞ് 2 മുതൽ 3 വരെ കൊല്ലം ട്രിനിറ്റി ലൈസിയം സ്കുളിൽവച്ച് നടത്തപ്പെടുന്നു. അതിരൂപതയിൽ നിന്നും ഓരോ വിഭാഗത്തിലും ആദ്യ മൂന്നു സ്ഥാനങ്ങൾ കരസ്ഥമാക്കിയവർ പങ്കെടുക്കേണ്ടതാണ്. ഓഫീസിൽനിന്നും അറിയിക്കുന്നതാണ്.

### ലോഗോസ് ഫാമിലി ക്വിസ്

ലോഗോസ് ക്വിസ് മത്സരത്തിൽ അതിരൂപതയിൽ നിന്നും ഒന്നാം സ്ഥാനം നേടിയ കുടുംബം പങ്കെടുക്കുന്നു.മത്സരം നവംബർ 24-ാം തീയതി 9.30 മുതൽ പി.ഒ.സി യിൽ നടക്കുന്നു. മത്സരത്തിൽ പങ്കെടുക്കേണ്ടവരെ അറിയിക്കുന്നതാണ്.

**Place of Logos Quiz Examination on 11th November 2018**

Kollam Trinity Lyzium School, (near St. Aloysius school/Pastoral centre,1KM from Bus stand, 2 KM from Railway station) Contact. No. Rev. Fr. Jolly Abraham 9048407550.

### ലോഗോസ് സിലിബസ് 2018

ഈ വർഷത്തെ ലോഗോസ് ക്വിസ് വിഷയങ്ങൾ കൂടാതെ പഠന ബൈബിളിലെ വി. മത്തായിയുടെ സുവിശേഷം (പിഒസി പ്രസിദ്ധീകരണം), വെളിപാടു വായനയ്ക്കൊരു വഴികാട്ടി, വെബ്സൈറ്റിൽ നിന്നും ലഭിക്കുന്ന പഠനസഹായി.

Study Bible on Mathew(POC), Study guide materials in website.
Contact No. 944 777 6920, 88 48 49 23 69.

## അഭിനന്ദനങ്ങൾ

ലോഗോസ് ക്വിസ് മത്സരത്തിൽ അതിരൂപതയിൽ ഏറ്റവും കൂടുതൽ ആളുകളെ പങ്കെടുപ്പിച്ച് ആദ്യ മൂന്നു സ്ഥാനങ്ങൾ നേടിയ ഇടവകകൾ
സെന്റ് സേവ്യേഴ്സ് ചർച്ച്, തൃക്കൊടിത്താനം
സെന്റ് ആന്റണീസ് ചർച്ച്, കുറുമ്പനാടം
സെന്റ് ജോസഫ്സ് ചർച്ച് വെരൂർ

## ലിറ്റർജിക്കൽ ക്വിസ്

ഈ വർഷത്തെ ലിറ്റർജിക്കൽ ക്വിസ് അതിരൂപതാ മത്സരം **2019 ജനുവരി 12-ാം** തീയതി ശനിയാഴ്ച നടത്തപ്പെടുന്നു. ഇടവകതല മത്സരത്തിനുള്ള ചോദ്യപ്പേപ്പർ നവംബർ 5 നകം ഇടവകകളിൽ എല്ലാ കുടുംബങ്ങൾക്കുമായി നൽകുന്നതാണ്. എല്ലാവരെയും പങ്കെടുപ്പിക്കുവാനാണ് ഈ ക്രമീകരണം ചെയ്തിരിക്കുന്നത്. ഒരു ചോദ്യപ്പേപ്പറിന് 2 രൂപ വീതം ഓഫിസിൽ നൽകേണ്ടതാണ്. പൂരിപ്പിച്ച ഉത്തരക്കടലാസുകൾ നവംബർ 31 നകം ബഹു. വികാരിയച്ചനെ ഏൽപ്പിക്കേണ്ടതാണ്. ബഹു. വികാരിയച്ചന്മാർക്ക് നവംബർ അവസാനവാരം ഉത്തരസൂചിക നൽകുന്നതാണ്. മൂല്യനിർണ്ണയം നടത്തി ആദ്യ മൂന്നു സ്ഥാനങ്ങൾ നേടുന്ന കുടുംബങ്ങളുടെ പേരു വിവരങ്ങൾ ഡിസംബർ 10 നകം അതിരൂപതാ കുടുംബക്കൂട്ടായ്മാ ഓഫീസിൽ നൽകേണ്ടതാണ്. അതിരൂപതാതല മത്സരത്തിന് ഒരു കുടുംബത്തിൽ നിന്ന് പരമാവധി 3 പേർ മാത്രമെ ഒരു ടീമിൽ ഉണ്ടാകുവാൻ പാടുള്ളൂ. 2 പേരിൽ കുറയുകയുമരുത്.

## മത്സര സിലബസ്

ആരാധനവത്സര കലണ്ടർ 2018 - 40% സത്യദർശനം 2018 - 40% (ജൂൺ മുതൽ ഒക്ടോബർ വരെയുള്ള ലക്കങ്ങൾ)
ജീവിതം സഭയോടൊപ്പം (പഞ്ചവത്സര അജപാലന പഠനവിഷയം) - 20% (പുസ്തകം കുടുംബക്കൂട്ടായ്മാ ഓഫീസിൽ ലഭ്യമാണ്. വില - 40 രൂപ)

## ജനറൽ കൺവീനേഴ്സ് - സെക്രട്ടറി സംയുക്ത സമ്മേളനം

ഒക്ടോബർ 18-ാം തീയതി ഹർത്താലായിരുന്നതിനാൽ നടത്താൻ സാധിക്കാതിരുന്ന ജനറൽ കൺവീനേഴ്സ് - സെക്രട്ടറി സംയുക്ത സമ്മേളനം നവംബർ 24 ശനിയാഴ്ച രാവിലെ 9:30 മുതൽ പാസ്റ്ററൽ സെന്ററിൽവച്ച് നടത്തപ്പെടുന്നു. ഓരോ ഇടവകയിലെയും ജനറൽ കൺവീനേഴ്സും സെക്രട്ടറിമാരും ഈ മീറ്റിംഗിൽ സംബന്ധിക്കണമെ. ഉച്ചഭക്ഷണത്തിനായി 50 രൂപ കൊണ്ടുവരുമല്ലോ.

## ആനിമേറ്റേഴ്സ് മീറ്റ്

ഒക്ടോബർ 18-ാം തീയതി ഹർത്താലയിരുന്നതിനാൽ നടത്താൻ സാധിക്കാതിരുന്ന കുടുംബക്കൂട്ടായ്മാ ആനിമേറ്റേഴ്സ് മീറ്റ് നവംബർ 24 ശനിയാഴ്ച ഉച്ചകഴിഞ്ഞ് 2 മുതൽ 4.30 വരെ പാസ്റ്ററൽ സെന്ററിൽവച്ച് നടക്കുന്നു. പ്രസ്തുത സമ്മേളനങ്ങളിലേയ്ക്ക് ബന്ധപ്പെട്ടവരെ പറഞ്ഞയയ്ക്കണമെന്ന് ബഹുമാനപ്പെട്ട അച്ചന്മാരോട് സ്നേഹപൂർവ്വം അഭ്യർത്ഥിക്കുന്നു. രജി. ഫീസ് ഉണ്ടായിരിക്കുന്നതല്ല.

## ബൈബിൾ സ്പോൺസേഴ്സ് ഫോറം

സാധുക്കൾക്ക് ബൈബിൾ സൗജന്യമായി നൽകുന്നതിനായി ആരംഭിച്ച ബൈബിൾ സ്പോൺസേഴ്സ് ഫോറം പദ്ധതിയിൽ സഹായങ്ങൾ നൽകാൻ

താൽപ്പര്യമുള്ളവരെ കണ്ടെത്തി ഈ പദ്ധതിയെ പ്രോത്സാഹിപ്പിക്കണമെന്ന് താൽപ്പര്യപ്പെടുന്നു. പ്രളയ ദുരിതത്തിൽ ബൈബിൾ നഷ്ടപ്പെട്ട പല ഇടവക കൾക്കും ഇതിനോടകം ബൈബിൾ സൗജന്യമായി ഈ പദ്ധതിയിലൂടെ നൽകുവാൻ സാധിച്ചു. ഇനിയും ഏറെപ്പേർക്ക് നൽകേണ്ടതായുണ്ട്.

## സഹായങ്ങൾ അയയ്ക്കേണ്ടത്

**Director, Bible Apostolate, South Indian Bank, A/C No. 0013053000060926, Branch – 0013 Changanacherry, IFSC- SIBL0000013**
**Contact: No. 944 777 6920**

## ഡിഡാക്കേ 2018

കുടുംബക്കൂട്ടായ്മ, ബൈബിൾ അപ്പോസ്തലേറ്റ് വിഭാഗങ്ങളുടെ ആഭിമുഖ്യത്തിൽ രണ്ടാം ശനിയാഴ്ചകളിൽ കൂട്ടായ്മാ ലീഡേഴ്സിനായി നടത്തിവന്നിരുന്ന ഡിഡാക്കേ പരിശീലന പരിപാടിയുടെ പുതിയ ബാച്ച് ഉടൻതന്നെ ആരംഭിക്കുന്നു. വിശ്വാസസംബന്ധമായ വിവിധ വിഷയങ്ങൾ കൈകാര്യം ചെയ്യപ്പെടുന്ന വളരെയേറെ വിജ്ഞാനപ്രദമായ ഈ പഠന പരിപാടിയിലേയ്ക്ക് ഓരോ ഇടവകയിൽ നിന്നും 2 പേരെ വീതം അയയ്ക്കണമെന്ന് സ്നേഹപൂർവ്വം അഭ്യർത്ഥിക്കുന്നു. പങ്കെടുക്കുന്നവരുടെ പേരു വിവരങ്ങൾ നവംബർ 30 നു മുൻപായി താഴെപ്പറയുന്ന നമ്പരിൽ അറിയിക്കണമെ. നമ്പർ - 9447776920, 8848492369

## സംഗീത മത്സരം

നമ്മുടെ കുടുംബക്കൂട്ടായ്മകളിൽ പാടാനായി ക്രമീകരിച്ചിരിക്കുന്ന പ്രാർത്ഥനാ ഗാനം, ആന്തം എന്നിവ ഇടവകകളിലെ എല്ലാ കുടുംബകൂട്ടായ്മ അംഗങ്ങളും പഠിക്കുക എന്ന ലക്ഷ്യത്തോടെ ഇടവക, ഫൊറോന, അതിരൂപതാ തലങ്ങളിൽ കുടുംബക്കൂട്ടായ്മാ വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ ഒരു മത്സരം സംഘടിപ്പിക്കാൻ ആഗ്രഹിക്കുന്നു.

| | |
|---|---|
| ഇടവകതലം | – **2018 നവംബർ 30** നു മുൻപായി നടത്തുക |
| ഫൊറോനാ തലം | – **2018 ഡിസംബർ 30** നു മുൻപായി നടത്തുക |
| അതിരൂപതാ തലം | – **2019 ജനുവരി 12** രണ്ടാം ശനിയാഴ്ച |

## മത്സര നിബന്ധനകൾ

**ഇടവകതലം** – കൂട്ടായ്മാ അടിസ്ഥാനത്തിലോ വാർഡ് അടിസ്ഥാനത്തിലോ ക്രമീകരിക്കാവുന്നതാണ്. എല്ലാ വിഭാഗത്തിന്റെയും പ്രാധിനിധ്യം (പുരുഷന്മാർ, സ്ത്രീകൾ, യുവജനങ്ങൾ, കുട്ടികൾ) ഉണ്ടായിരിക്കണം.

**ഫൊറോനാ തലം** – ഒരിടവകയിൽനിന്ന് എല്ലാ കൂട്ടായ്മകളും ഉൾക്കൊള്ളുന്ന ഒരു ടീമിനെയാണ് ഫൊറോനതല മത്സരത്തിനായി അയയ്ക്കേണ്ടത്. എല്ലാ വിഭാഗത്തിന്റെയും പ്രാധിനിധ്യം ഉണ്ടായിരിക്കണം. പുരുഷന്മാർ, സ്ത്രീകൾ, യുവജനങ്ങൾ - 2, കുട്ടികൾ - 2 എന്നിവർ ഓരോ ടീമിലും ഉണ്ടായിരിക്കേണ്ടതാണ്. (മിനിമം 12 പേർ, പരമാവധി 15 പേർ)

**അതിരൂപതാ തലം** – ഫൊറോനാ തലത്തിൽ ഒന്നാം സ്ഥാനം നേടുന്ന ടീമിനെ അതിരൂപതാ തല മത്സരത്തിനായി അയയ്ക്കേണ്ടതാണ്.

**N.B.** സംഗീത മത്സരത്തിനായി നിർദ്ദേശിച്ചിരിക്കുന്ന പാട്ടിന്റെ സി.ഡി. കുടുംബക്കൂട്ടായ്മാ ഓഫീസിൽ ലഭ്യമാണ്. സി.ഡി.യിൽ ഉള്ളതുപോലെ തന്നെയാണ് ആലാപനം നടത്തേണ്ടത്. വാദ്യോപകരണങ്ങൾ ഉപയോഗിക്കുവാൻ പാടുള്ളതല്ല. പാട്ടുകൾ വാട്ട്സാപ്പിൽ ലഭിക്കേണ്ടവർ 9447776920 എന്ന നമ്പറിലേയ്ക്ക് സന്ദേശം അയയ്ക്കുക.

ഈശോയിൽ പ്രിയ പ്രവാസി സഹോദരങ്ങളെ,

എല്ലാവർക്കും എല്ലാവിധ ദൈവാനുഗ്രഹവും ആശംസിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു.

**R.O. Plants ആശീർവ്വാദകർമ്മം**

കുട്ടനാടിന്റെ പുനഃരധിവാസത്തിന് ചങ്ങനാശ്ശേരി അതിരൂപത നടപ്പാക്കുന്ന 100 കോടി പദ്ധതിയുടെ ഭാഗമായി അതിരൂപതാ പ്രവാസി അപ്പസ്തോലേറ്റിന്റെ ഷാർജാ എക്സിക്യൂട്ടീവ് അംഗം ശ്രീ. പ്രിൻസ് ചെറിയവാടയിലിന്റെ സഹായത്തോടെ തെക്കേക്കര, പൊങ്ങ, ഇടവകകളിൽ സ്ഥാപിച്ച R.O. പ്ലാന്റുകളുടെ ആശീർവ്വാദവും ഉദ്ഘാടനവും 2018 ഒക്ടോബർ 2 ചൊവ്വാഴ്ച രാവിലെ അഭിവന്ദ്യ മാർ ജോസഫ് പെരുന്തോട്ടം പിതാവ് നിർവ്വഹിച്ചു.

**Ave Maria Holidays & Ventures L.L.P.**

Ave Maria Holidays & Ventures ലെ 30 അംഗ നിക്ഷേപകരുടെ General Body Meeting October - 13 ശനിയാഴ്ച നടത്തപ്പെട്ടു. പ്രസ്തുത മീറ്റിംഗിൽ ഹോളിലാന്റിലേയ്ക്കുള്ള പ്രഥമ തീർത്ഥാടനം നടത്തുന്നതിന് തീരുമാനിക്കുകയുണ്ടായി.

**പഞ്ചവത്സരപദ്ധതി**

2018–ൽ നടപ്പാക്കാൻ നിശ്ചയിച്ചിരിക്കുന്ന പഞ്ചവത്സര പദ്ധതിയുടെ ഭാഗമായി ഇടവകകളിലും, ഫൊറോനകളിലും പ്രവാസി കൂട്ടായ്മകൾ നടത്തുന്നതിനുള്ള തീയതികൾ ബഹു. വികാരിയച്ചന്മാരോട് ആലോചിച്ച് ഇടവക പ്രവാസി പ്രതിനിധികൾ അതിരൂപതാ ഓഫീസിൽ അറിയിക്കേണ്ടതാണ്.

സ്നേഹപൂർവ്വം, **ഫാ. സണ്ണി പുത്തൻപുരയ്ക്കൽ**
(ഡയറക്ടർ)

## മാർത്തോമ്മാ വിദ്യാനികേതൻ - ദൈവശാസ്ത്രകോഴ്സുകൾ

ചങ്ങനാശ്ശേരി: അല്മയാർക്കുവേണ്ടി വത്തിക്കാൻ അംഗീകാരമുള്ള ചങ്ങനാശ്ശേരി അതിരൂപതയിലെ ഉന്നതദൈവശാസ്ത്രപഠനകേന്ദ്രമായ മാർത്തോമ്മാ വിദ്യാനികേതനിൽ വിവിധ കോഴ്സുകളുടെ പുതിയ ബാച്ചുകൾ ഉടൻ ആരംഭിക്കുന്നു.

1. ത്രിവത്സര ദൈവശാസ്ത്ര ബിരുദ കോഴ്സ് (BA Rsc) 17–ാം ബാച്ച്

പ്ലസ് ടു/ പി.ഡി.സി. യോഗ്യതയുള്ള അല്മായർക്ക് അപേക്ഷിക്കാം. ഞായറാഴ്ചകളിലും പൊതു അവധി ദിവസങ്ങളിലും ഉച്ചകഴിഞ്ഞ് 3 മുതൽ 6 വരെയാണ് ക്ലാസ്സുകൾ. ബൈബിൾ, ആരാധനക്രമം, സഭാചരിത്രം, കാനൻനിയമം, ധാർമ്മിക വിജ്ഞാനീയം തുടങ്ങിയ എല്ലാ ദൈവശാസ്ത്ര വിഷയങ്ങളിലും വിദഗ്ദ്ധ പരിശീലനം നൽകുന്നു.

2. ഏകവത്സര ബൈബിൾ – ദൈവശാസ്ത്ര ഡിപ്ലോമാകോഴ്സ്

ബൈബിൾ, ആരാധനക്രമം, ക്രൈസ്തവധാർമ്മികത, സഭാചരിത്രം എന്നീ വിഷയങ്ങളിലാണ് ക്ലാസ്സുകൾ ക്രമീകരിച്ചിരിക്കുന്നത്. എല്ലാ ശനിയാഴ്ചയും രാവിലെ 9:30 മുതൽ 12:30 വരെയാണ് ക്ലാസ്സുകൾ നടത്തപ്പെടുക.

കൂടുതൽ വിവരങ്ങൾക്കും രജിസ്ട്രേഷനും ബന്ധപ്പെടുക.

കോൺടാക്ട് നമ്പർ: 0481 – 2421891, 9946751381, 9995145862

## ഒക്ടോബർ - 2 ഉപവാസ പ്രാർത്ഥനാദിനമായി ആചരിച്ചു

യുവദീപ്തി - എസ്സ്.എം.വൈ.എം. ഒക്ടോബർ - 2 ഉപവാസ പ്രാർത്ഥനാദിനമായി ആചരിച്ചു. (ലോക അഹിംസാദിനം) അന്നേദിവസം ഫൊറോനാകളിലെ തെരഞ്ഞെടുക്കപ്പെട്ട യൂണിറ്റുകളിൽ യുവദീപ്തി പ്രവർത്തകർ ഒരുമിച്ചുകൂടി ഉപവസിച്ചു പ്രാർത്ഥിച്ചു. കൂടാതെ ക്ലാസ്സുകൾ, ആരാധന, കുമ്പസാരം, വി. കുർബാന എന്നിങ്ങനെയാണ് ഉപവാസ പ്രാർത്ഥനാദിനം ക്രമീകരിച്ചത്.

## ഉപവാസ പ്രാർത്ഥന നടന്ന ഫൊറോനാകളും, യൂണിറ്റുകളും

| | | |
|---|---|---|
| അതിരമ്പുഴ | - | ഏറ്റുമാനൂർ, ക്രിസ്തുരാജ |
| അമ്പൂരി | - | സെന്റ് ജോർജ് ഫൊറോനാപള്ളി |
| ആലപ്പുഴ | - | ചാത്തനാട്ട് സെന്റ് അൽഫോൻസ |
| ചമ്പക്കുളം | - | പടഹാരം, സെന്റ് ജോസഫ് |
| ചങ്ങനാശ്ശേരി | - | സെന്റ് ജോസഫ്സ് ളായിക്കാട് |
| കുടമാളൂർ | - | സെന്റ് ഫ്രാൻസീസ് ഡി. സാലസ് ചർച്ച്, കിളിരൂർ |
| പുളിംങ്കുന്ന് | - | കൊല്ലമുട്ടം |
| തൃക്കൊടിത്താനം | - | മുണ്ടുപാലം, സെന്റ് മേരീസ് |
| തുരുത്തി | - | പയറ്റുപാക്ക ഹോളിഫാമിലി |
| കുറുമ്പനാടം | - | കുറുമ്പനാടം, സെന്റ് ആന്റണീസ് |
| കോട്ടയം | - | കൂരോപ്പട, ഹോളി ക്രോസ് |
| നെടുംകുന്നം | - | കൂത്രപ്പള്ളി എസ്.എ.ബി.എസ്. കോൺവെന്റ് |

## അതിരൂപതാ സെനറ്റ്

ഒക്ടോബർ -7 ന് ചങ്ങനാശ്ശേരി പാസ്റ്ററൽ സെന്ററിൽവച്ച് അതിരൂപതാ സെനറ്റ് സമ്മേളനം നടത്തുകയുണ്ടായി.

## കുടമാളൂർ ഫൊറോന കൺവൻഷൻ

കുടമാളൂർ ഫൊറോനാ യുവദീപ്തി - എസ്സ്.എം.വൈ.എം. ന്റെ ആഭിമുഖ്യത്തിൽ പാറമ്പുഴ ഹോളി ഫാമിലി ഇടവകയിൽ വച്ച് ഒക്ടോബർ -18 ശനിയാഴ്ച രാവിലെ 9:30 മുതൽ ''ഈഗിൾ വിങ്സ്'' എന്ന പേരിൽ യുവജനകൺവൻഷൻ നടത്തി. ഫൊറോനാ പ്രസിഡന്റ് സെബിൻ ആലുങ്കൽ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ എം.ജി. യൂണിവേഴ്സിറ്റി വൈസ് ചാൻസലർ പ്രൊഫ. ഡോ. സാബു തോമസ് ''ഈഗിൾ വിംഗ്സ്'' ഉദ്ഘാടനം ചെയ്തു. അഭിവന്ദ്യ മാർ ജോസഫ് പെരുന്തോട്ടം മെത്രാപ്പോലീത്താ അനുഗ്രഹപ്രഭാഷണം നടത്തി. അതിരൂപതാ ഡയറക്ടർ ഫാ. ജേക്കബ് ചക്കാത്ര, പാറമ്പുഴ ഇടവക വികാരി റവ. ഡോ. ജോബി കറുകപറമ്പിൽ, അതിരൂപതാ പ്രസിഡന്റ് ഷിജോ മാത്യൂ ഇടയാടി, സി. അനുറോസ് എസ്.ഡി. എന്നിവർ ആശംസകൾ അർപ്പിച്ചു പ്രസംഗിച്ചു. സി. സുമറോസ് എസ്.ഡി. ക്ലാസ്സിനു നേതൃത്വം നൽകി. ഫൊറോനാ ഡയറക്ടർ ഫാ. ജേക്കബ് ചീരംവേലിൽ സ്വാഗത പ്രസംഗം നടത്തി.

## ആയൂർ, ചെറിയവെളിനല്ലൂർ യൂണിറ്റ് ക്യാമ്പ്

ആയൂർ ചെറിയവെളിനല്ലൂർ യുവദീപ്തി യൂണിറ്റുകളുടെ നേതൃത്വ പരിശീലനക്യാമ്പ് ഒക്ടോബർ 17,18 തീയതികളിൽ ആയൂർ ക്രിസ്തുരാജാ യൂണിറ്റിൽ വച്ചു നടത്തി. അതിരൂപതാ ഡയറക്ടർ ഫാ. ജേക്കബ് ചക്കാത്ര ക്യാമ്പ് ഉദ്ഘാടനം ചെയ്തു. ഫൊറോനാ വികാരി വെരി. റവ. ഫാ. അനിൽ കരിപ്പിങ്ങാംപുറം മാർഗ്ഗനിർദേശ പ്രസംഗം നടത്തി. പ്രസിഡന്റുമാരായ ജോബിൻ വർഗ്ഗീസ്,

വിവിൻ കുര്യാക്കോസ് എന്നിവർ ആശംസകൾ അർപ്പിച്ചു സംസാരിച്ചു. പ്രൊഫ. സി.എസ്സ്. ജോസഫ് ക്ലാസ്സുകൾ നയിച്ചു. ക്യാമ്പിന്റെ ഒരു സെഷൻ യുവജന ങ്ങൾക്കും മാതാപിതാക്കൾക്കുംവേണ്ടിയായിരുന്നു.

### അയർക്കുന്നം യൂണിറ്റ് ക്യാമ്പ്

അയർക്കുന്നം സെന്റ് സെബാസ്റ്റ്യൻസ് യൂണിറ്റിന്റെ ത്രിദിന നേതൃത്വ പരിശീലന ക്യാമ്പ് വെള്ളൂർ സെന്റ് ജോൺ ഓഫ് ഗോഡ് ആശ്രമത്തിൽ വച്ച് ഒക്ടോബർ 17,18,19 തീയതികളിൽ നടത്തി. യൂണിറ്റ് പ്രസിഡന്റ് ജോർജിൻ ടോമി യുടെ അദ്ധ്യക്ഷതയിൽ ചേർന്ന സമ്മേളനത്തിൽ വച്ച് ഫൊറോനാ ഡയറക്ടർ ഫാ. റോയി പൊങ്ങനാം തടത്തിൽ ക്യാമ്പ് ഉദ്ഘാടനം ചെയ്തു. ഫാ. ആശീഷ് പ്ലാംപറമ്പിൽ ആൻ മരിയ ജോസ്, തോമസ്, സി. മേബിൾ എസ്.എ.ബി.എസ്. എന്നിവർ ആശംസകൾ അർപ്പിച്ച് പ്രസംഗിച്ചു. വികാരി ഫാ. വർഗീസ് കൈതപ റമ്പിൽ അനുഗ്രഹ പ്രഭാഷണം നടത്തി. അതിരൂപതാ ഡയറക്ടർ ഫാ. ജേക്കബ് ചക്കാത്ര, സിജോ ജോസഫ്, പ്രിൻസ് അറയ്ക്കൽ, ഫാ. രാജീവ്, ഫാ. ബിന്നി കൈയ്യാനിൽ, റവ. ഡോ. ജോസഫ് കൊല്ലാറ എന്നിവർ ക്ലാസ്സുകൾ നയിച്ചു.

### സീനാമോൾ ചെറിയാൻ ക്യാമ്പ് ചീഫായി പ്രവർത്തിച്ചു.

### ഇത്തിത്താനം സെന്റ് മേരീസ് യൂണിറ്റ് ക്യാമ്പ്

ഇത്തിത്താനം സെന്റ് മേരീസ് യുവദീപ്തിയുടെ ക്യാമ്പ് ഒക്ടോബർ 17,18,19 തീയതികളിൽ ലിസ്യൂ എൽ.പി. സ്കൂളിൽ വച്ചു നടത്തി. പ്രസിഡന്റ് ക്രിസ്റ്റോ പൗവ്വത്തിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന സമ്മേളനത്തിൽവച്ച് ഇടവക വി കാരി റവ. ഡോ. ഫിലിപ്പ് നെൽപ്പുരപറമ്പിൽ ക്യാമ്പ് ഉദ്ഘാടനം ചെയ്തു. സി. ഗ്രേസ്‌ലിൻ സി.എം.സി. സി. ബീനാ അതിരൂപതാ പ്രസിഡന്റ് ഷിജോ എടയാടി എന്നിവർ ആശംസാ പ്രസംഗം നടത്തി. ജോൺസൺ പൂവൻതുരുത്ത്, ഫാ. ജോബിൻ പെരുമ്പളത്തുശ്ശേരി, ജെഫിൻ തോമസ് എന്നിവർ ക്ലാസ്സുകൾ നയിച്ചു. അതിരൂപതാ ഡയറക്ടർ ഫാ. ജേക്കബ് ചക്കാത്ര ആരാധനയ്ക്കു നേതൃത്വം നൽകി. മെത്രന്മാരുടെ സിനഡിനോടു ഐക്യദാർഢ്യം പ്രഖ്യാ പിച്ചുകൊണ്ട് ക്യാമ്പ് അംഗങ്ങൾ പ്രത്യേക പ്രാർത്ഥനായജ്ഞം നടത്തുകയു ണ്ടായി. ജോബിൻ ജോസഫ്, അജയ് സജീവ് എന്നിവർ ക്യാമ്പ് ചീഫ്മാരായി പ്രവർത്തിച്ചു.

### നവംബർ മാസത്തെ പരിപാടികൾ

### അഫിലിയേഷൻ

യൂണിറ്റ് അഫിലിയേഷൻ ഓൺലൈൻ നവംബർ -1 വരെയും, ഓഫ് ലൈൻ നവംബർ 20 വരെയും ഉണ്ടായിരിക്കുന്നതാണ്.

### എക്യുമെനിക്കൽ യുവജനസംഗമം

നവംബർ 6 ചൊവ്വാഴ്ച രാവിലെ 10 മണി മുതൽ ചങ്ങനാശ്ശേരി എസ്. ബി. കോളജിലെ പടിയറ ഹാളിൽ വച്ച് എക്യുമെനിക്കൽ യുവജനസംഗമം നടത്തുന്നു.

### വനിതാ ക്യാമ്പ് നവംബർ 9,10,11

നവംബർ 9,10,11 തീയതികളിൽ ചങ്ങനാശ്ശേരി പാസ്റ്ററൽ സെന്ററിൽവച്ച് വനിതാ ക്യാമ്പ് നടത്തുന്നു.

### അമ്പൂരി ഫൊറോനാ ക്യാമ്പ്

നവംബർ 16,17,18 തീയതികളിൽ വെഞ്ഞാറംമ്മൂട് പാസ്റ്ററൽ സെന്ററിൽ.

### ഷട്ടിൽ ടൂർണമെന്റ് നവംബർ 24

നവംബർ 24 ശനിയാഴ്ച അതിരൂപതാ ഷട്ടിൽ ടൂർണമെന്റ് മത്സരം. സ്ഥലം - എസ്.എച്ച്. കിളിമല.

## ലീജിയൻ ഓഫ് മേരി

ലീജിയൻ ഓഫ് മേരി ചങ്ങനാശ്ശേരി കമ്മീസിയത്തിന്റെ 783–ാമതും കൂരിയായുടെ 1023–ാമതും സമ്മേളനം പ്രസിഡന്റ് തോമസ് ഫിലിപ്പ് പാലാത്തറയുടെ അദ്ധ്യക്ഷതയിൽ പാറേൽ ലീജിയൻ ഹാളിൽവെച്ച് 14.10.2018–ൽ ഉച്ചകഴിഞ്ഞ് 2:30 ന് നടക്കുകയുണ്ടായി.

പ്രാരംഭപ്രാർത്ഥന ജപമാല എന്നിവയ്ക്കുശേഷം പ്രസിഡന്റ് നിയമഗ്രന്ഥം ചാപ്റ്റർ 11 ന്റെ ആദ്യഭാഗം ''ലക്ഷ്യവും മാർഗ്ഗങ്ങളും'' ജ്ഞാനവായന നടത്തി. മരിയൻ സൈന്യം അതിന്റെ ഉദ്ദേശം സാധിക്കുവാൻ ഉപയോഗിക്കുന്ന പ്രധാന മാർഗ്ഗം ദൈവപ്രേരണ അനുസരിച്ച് നൽകുന്ന വ്യക്തിപരമായ സേവനം ആണ്. ഈ പ്രേരണയ്ക്ക് പ്രചോദനം നൽകുന്നത് ദൈവവരപ്രസാദമാണ്. അതിന്റെ അന്തിമ ഉദ്ദേശവും ലക്ഷ്യവും ദൈവമഹത്വവും ആത്മാക്കളുടെ രക്ഷയാണ്. ഇതായിരുന്നു ജ്ഞാന വായന മുഖ്യസന്ദേശം.

സെക്രട്ടറി ജെമിനി സുരേഷ് കണ്ണമ്പള്ളി കഴിഞ്ഞ മാസത്തെ പ്രവർത്തന റിപ്പോർട്ടും ഖജാൻജി സഹോദരി എത്സമ്മ കോട്ടപ്പുറം വരവു ചിലവു കണക്കുകളും അവതരിപ്പിച്ചു. റിപ്പോർട്ടും കണക്കുകളും യോഗം പാസ്സാക്കുകയും റവ. ഫാ. ഡയറക്ടർ അച്ചനും, പ്രസിഡന്റും അതിൽ ഒപ്പുവയ്ക്കുകയും ചെയ്തു.

തുടർന്ന് സൈനിക ജപശൃംഖല ചൊല്ലി എല്ലാവരും സ്വസ്ഥാനങ്ങളിൽ ഇരുന്നശേഷം ബഹുമാനപ്പെട്ട ജോജോ പുതുവേലിൽ അച്ചൻ ആദ്ധ്യാത്മിക നിയന്താവ് എന്ന നിലയിൽ പ്രഭാഷണം നടത്തി. ഒക്ടോബർ 28–ന് നടത്തുവാനിരിക്കുന്ന ജപമാലറാലി അതിന്റെ പ്രാധാന്യം സൈനികർ എന്ന നിലയിൽ എങ്ങനെ ജപമാല കൈകാര്യം ചെയ്യണം ഈ ജപമാല ത്യാഗറാലി എങ്ങനെ ദൈവത്തിന് പ്രീതികരമാക്കിത്തീർക്കാം എന്നതിനെക്കുറിച്ചെല്ലാം അച്ചൻ വിശദമായി സംസാരിച്ചു. എല്ലാ പ്രസീദിയങ്ങൾക്കും ജപമാലറാലിയുടെ നോട്ടീസ് വിതരണം ചെയ്യുകയും ചെയ്തു.

അമലോത്ഭവനാഥ കൊടിനാട്ടുകുന്ന് പ്രസീദിയം 2017 ആഗസ്റ്റ് മുതൽ 2018 സെപ്റ്റംബർവരെയുള്ള വാർഷിക റിപ്പോർട്ടും പാറേൽ കർമ്മലനാഥ പ്രസീദിയം അവരുടെ സെപ്റ്റംബർ സമ്മേളനം റിപ്പോർട്ടും അവതരിപ്പിച്ചു. നേരത്തെ കമ്മീസിയം മീറ്റിങ്ങിൽ തീരുമാനിച്ചിരുന്നപ്രകാരം കമ്മീസിയത്തിൽ റിപ്പോർട്ടുകൾ അവതരിപ്പിക്കുമ്പോൾ അതാതു വികാരി അച്ചന്മാരുടെ ഒപ്പുകൂടി വേണം എന്ന കാര്യം സെക്രട്ടറി ഓർമ്മപ്പെടുത്തി. പ്രസീദിയത്തിൽ എന്തു പ്രധാന കാര്യങ്ങൾ നടന്നാലും പ്രസീദിയം ഭാരവാഹികൾ അത് വികാരിയച്ചന്മാരെ അറിയിച്ചിരിക്കണം.

പൂമറ്റം, തുരുത്തി, പാറേൽ തൃക്കൊടിത്താനം, കുറുമ്പനാടം, കൊടിക്കുന്ന് എന്നി സ്ഥലങ്ങളിലെ പ്രസീദിയങ്ങൾ നേരത്തെ തീരുമാനിച്ചിരുന്നതുപോലെ ലീജിയൻ ഓഫ് മേരിയുടെ നിയമഗ്രന്ഥം അനുശാസിക്കുന്ന പ്രകാരം സെപ്റ്റംബർ സമ്മേളനങ്ങൾ നടത്തി. എല്ലായിടത്തുംതന്നെ ആദ്ധ്യാത്മിക നിയന്താവ് റവ. ഫാ. ജോജോ പുതുവേലിൽനോടുകുടി കമ്മീസിയം ഭാരവാഹികളും പങ്കെടുത്തു.

അവസാനജപവും ചൊല്ലി ചെറിയ ചായസൽക്കാരത്തിനുശേഷം ദൈവദാസൻ ഫ്രാങ്ക്ഡഫിന്റെ നാമകരണജപവും ചൊല്ലി ബഹുമാനപ്പെട്ട ജോജോ അച്ചന്റെ അനുഗ്രഹ ആശീർവ്വാദവും സ്വീകരിച്ച് സൈനികർ സ്വഭവനങ്ങളിലേക്കു പോയി.

കമ്മീസിയത്തിനുവേണ്ടി

**റവ. ഫാ. ജോജോ പുതുവേലിൽ** — ആദ്ധ്യാത്മീക നിയന്താവ്

**സി. ജെമിനി സുരേഷ് ജെ. കണ്ണമ്പള്ളി** — (സെക്രട്ടറി)

DCMS

# ദലിത് കത്തോലിക്കാ മഹാജനസഭ

ദലിത് കത്തോലിക്കാ മഹാജനസഭയുടെയും DCY, DCVS എന്നിവയുടെയും 4-ാമതു കൗൺസിൽയോഗം 2018 ഒക്ടോബർ 14-ാം തീയതി ഉച്ചകഴിഞ്ഞു 2 മണിക്കു പാസ്റ്ററൽ സെന്ററിൽ ഫാ. ജസ്റ്റിൻ കായംകുളത്തുശ്ശേരിയുടെ സാന്നിദ്ധ്യത്തിലും പ്രസിഡന്റ് ജെയിംസ് ഇലവുങ്കലിന്റെ അദ്ധ്യക്ഷതയിലും നടന്നു. സെക്രട്ടറി മാത്യു ജോസഫ് സ്വാഗതവും, റിപ്പോർട്ടും അവതരിപ്പിച്ചു. തുടർന്ന് വിവിധ വിഷയങ്ങളിൽ ചർച്ച നടന്നു. യൂണിറ്റു ഫൊറോനാ അതിരൂപതാ ഭാരവാഹികൾ ഉൾപ്പെടെ 70 അംഗങ്ങൾ പങ്കെടുത്തു. ട്രഷറർ പി.ഡി. ജോസഫ് നന്ദി രേഖപ്പെടുത്തി 4 മണിയോടെ യോഗം അവസാനിച്ചു.

## യോഗതീരുമാനങ്ങൾ

1. DCMS സംസ്ഥാന സമ്മേളനം 2018 നവംബർ 21 കോട്ടയത്ത് മുഖ്യാതിഥി മുൻ പാർലമെന്റ് അംഗം പ്രകാശ് അംബേദ്കർ (ഡൽഹി) പങ്കെടുക്കുന്നു. സമ്മേളനത്തിന്റെ വിജയത്തിനായി അതിരൂപതയിലെ DCMS യൂണിറ്റുകളി ലേക്കു നവംബർ 17,18 തീയതികളിൽ എടത്വായിൽനിന്നും മാന്നാനത്തേക്കു വാഹനപ്രചരണ ജാഥാ നടത്തുക.
2. രൂപതകളിൽ പ്രാർത്ഥനാദിനം ആചരിക്കുക എന്നതിന്റെ ഭാഗമായി ചങ്ങനാശ്ശേരിയിൽ നവംബർ 4-ാം തീയതി 2 മണിമുതൽ 4 മണിവരെ കത്തീഡ്രൽ പള്ളിയിൽ യൂണിറ്റുകളെ പങ്കെടുപ്പിച്ചുകൊണ്ടു പ്രാർത്ഥനാദിനം ആചരിക്കുക.
3. സംസ്ഥാന കമ്മറ്റിയുടെ നേതൃത്വത്തിലുള്ള യൂണിറ്റു രജിസ്ട്രേഷൻ കാർഡ് യൂണിറ്റുകൾക്കു നൽകുക.
4. ഫാമിലി കാർഡിനുള്ള അപേക്ഷാഫോറം യൂണിറ്റുകൾ ഭവനങ്ങളിൽ എത്തിക്കുക.
5. സമ്മേളന വിജയത്തിനായി ഫണ്ടുശേഖരണാർത്ഥം യൂണിറ്റുകൾക്കു കൂപ്പൺ വിതരണം ചെയ്യുക.
6. DCMS ന്റെ അംഗങ്ങളായ അയ്മനം പഞ്ചായത്തു അംഗം ശ്രീമതി ചിന്നമ്മ, ആർപ്പൂക്കര പഞ്ചായത്തു അംഗം കുമാരി എൻ.ജെ. റോസമ്മ എന്നിവരെ യോഗത്തിൽവച്ചു പൊന്നാടയണിയിച്ചു ആദരിച്ചു.
7. സ്വന്തമായ് ഗാനം രചിച്ചു സംഗീതം നൽകി ആലപിച്ച കായൽപ്പുറം യൂണിറ്റു സെക്രട്ടറി ലെനിൻ ജോസഫിനെ ഉപഹാരം നൽകി ആദരിച്ചു.

## അതിരൂപതാ കമ്മിറ്റിയുടെ യൂണിറ്റു സന്ദർശനം

6.10.2018 ൽ കുടമാളൂർ ഫൊറോനായിലെ, മാന്നാനം, കൈപ്പുഴ, വില്ലൂന്നി, ചെറുപുഷ്പം, ഐക്കരച്ചിറ, കുടമാളൂർ എന്നീ സ്ഥലങ്ങളിൽ സന്ദർശനം നടത്തി. തുടർന്ന് 21.10.2018 ൽ പുളിംകുന്നു ഫൊറോനായിൽ, കായൽപ്പുറം പുളിംകുന്ന്, പുന്നക്കുന്നം, മണലാടി, മാമ്പുഴക്കരി എന്നീ ഇടവകകളിലും എടത്വാ ഫൊറോനായിലെ കൊടുപ്പുന്ന ഇടവകയിലും സന്ദർശനം നടത്തി. അതിരൂപതാ ഡയറക്ടർ ഫാ. ജസ്റ്റിൻ കായംകുളത്തുശ്ശേരി, DCMS, DCYC, DCVS ഭാരവാഹികളും കൂടി സംയുക്തമായാണ് സന്ദർശനം നടത്തിയത്.

വിശ്വസ്തതാപൂർവ്വം,

**മാത്യൂ ജോസഫ്**
*(ജ:സെക്രട്ടറി)*

**ഫാ. ജസ്റ്റിൻ കായംകുളത്തുശ്ശേരി**
*(ഡയറക്ടർ)*

ബഹു. അച്ചാ/സുഹൃത്തേ,

**ചാസിൽ നിന്നും ആശംസകൾ!!!**

അഭിവന്ദ്യ പിതാവ് പ്രഖ്യാപിച്ച പ്രളയാനന്തര പുന:രധിവാസ പദ്ധതി കാര്യക്ഷമമായി നടപ്പാക്കാൻ ചങ്ങനാശ്ശേരി അതിരൂപതയുടെ സാമൂഹിക ശുശ്രൂഷാ സംവിധാനം കടപ്പെട്ടിരിക്കുന്നു. യാഥാർത്ഥ്യ ബോധത്തോടെ പദ്ധതി നിർവഹണത്തിൽ സഹകരിക്കാൻ ചങ്ങനാശ്ശേരി അതിരൂപതയിലെ ഇടവകകളും, സന്യാസ സമൂഹങ്ങളും, പ്രസ്ഥാനങ്ങളും, സ്ഥാപനങ്ങളും, വ്യക്തികളും സന്നദ്ധരായി മുമ്പോട്ടു വരുന്നതിൽ ഏറെ സന്തോഷമു്.

പ്രളയക്കെടുതിയിൽ ദുരിതമനുഭവിക്കുന്ന കുട്ടനാട്ടിൽ നാളിതുവരെ ചങ്ങനാശ്ശേരി അതിരൂപതയുടെ നേതൃത്വത്തിൽ 23 കോടി രൂപയ്ക്ക് തത്തുല്യമായ ദുരിതാശ്വാസ സഹായങ്ങളായി, ഭക്ഷണം, വസ്ത്രം, വീട്ടുപകരണങ്ങൾ കുടിവെള്ളസംവിധാനം, മരുന്ന് തുടങ്ങിയവ നല്കാൻ സാധിച്ചു. മറ്റ് രൂപതകൾ, അതിരൂപതയുടെ കീഴിലും പുറത്തുമുള്ള ഇടവകകൾ, പ്രസ്ഥാനങ്ങൾ, സ്ഥാപനങ്ങൾ എന്നിവയുടെ സഹകരണത്തോടെയും വിവിധ സന്യാസസമൂഹങ്ങളുടെയും വ്യക്തികളുടെയും നിസ്വാർത്ഥമായ പങ്കാളിത്തത്തോടെയുമാണ് ഇത് സാധ്യമായത്.  തുടർന്ന് ആവിഷ്ക്കരിക്കുന്ന പ്രളയാനന്തര പുന:രധിവാസ പദ്ധതികളും ഇതേ മാതൃകയിൽ അടുത്ത മൂന്നുവർഷംകൊ് നടപ്പാക്കാൻ ലക്ഷ്യം വയ്ക്കുന്നു.

അതേസമയം സർക്കാരിന്റെ പുന:രധിവാസ പദ്ധതികളോട് പൂർണ്ണമായി സഹകരിച്ചും കണ്ണിചേർന്നും മാത്രമേ മുമ്പോട്ടുപോകാനാവൂ. ഒപ്പം ദേശീയ അന്തർദേശീയ ഏജൻസികളുടെ സഹായവും പ്രതീക്ഷിക്കുന്നു. വളരെ പ്രധാനമായി ഇടവകകൾ തമ്മിലുള്ള ടേശിശിഴ പ്രോഗ്രാം പുന:രധിവാസ പദ്ധതിക്ക് വളരെ പിന്തുണയാകുമെന്ന് പ്രതീക്ഷിക്കുന്നു. ഇടവകകൾ ഹെൽപ്പ് ഡസ്ക്ക് സംവിധാനം സജീവമാക്കി, സർക്കാർ പദ്ധതികളുടെ ഗുണഭോക്താക്കളാകാൻ ജാതിമതഭേദമന്യേ ആളുകളെ സഹായിക്കേത് അനിവാര്യമാണ്.

വീട് നിർമ്മാണം, വീടുകളുടെ അറ്റകുറ്റപണികൾ, ശൗചാലയനിർമ്മാണം, മഴവെള്ളസംഭരണികൾ എന്നിവയ്ക്ക് മുൻഗണനനൽകുന്ന നിർമ്മാണ പ്രവർത്തനങ്ങളും കൃഷി പ്രോത്സാഹനം, മാലിന്യസംസ്ക്കരണം, പ്രകൃതി സംരക്ഷണം എന്നിവ സാധ്യമാക്കുന്ന പദ്ധതികളുമാണ് അതിരൂപതയുടെ പുന:രധിവാസ പദ്ധതിയിൽ ഉൾച്ചേർത്തിരിക്കുന്നത്.

പദ്ധതി നിർവഹണത്തിന് എല്ലാ ഇടവകയിലും ബഹുമാനപ്പെട്ട വികാരിയച്ചന്മാരുടെ മേൽനോട്ടത്തിൽ സോഷ്യൽ സർവ്വീസ് യൂണിറ്റിന്റെ ഉത്തരവാദിത്വത്തിൽ നാനാതുറകളിലുള്ള ആളുകളെ ഉൾപ്പെടുത്തി ജനകീയസമിതികൾ ഉാവണം. വ്യക്തമായ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കാനും ആവശ്യമായ ധാർമ്മിക-സാങ്കേതിക പിന്തുണ നൽകി പദ്ധതികൾ കൃത്യമായി നടപ്പാക്കാനും  ഈ സമിതികൾക്ക് സാധിക്കണം. (നാനാജതി മതസ്ഥരായ, സഹായം അർഹിക്കുന്നവർ പദ്ധതിയുടെ ഗുണഭോക്താക്കളാകണം) സന്യാസസമൂഹങ്ങളുടെയും, മറ്റു സ്വതന്ത്ര ഏജൻസികളുടെയും പ്രവർത്തനങ്ങൾ ഇടവക തലത്തിൽ ഏകോപിപ്പിക്കുന്നതിന് ഈ സമിതി സഹായിക്കണം. ഒപ്പം പ്രവർത്തന പുരോഗതി സംബന്ധിച്ച റിപ്പോർട്ട് ചാസ് മുഖാന്തിരം, അതിരൂപതാകേന്ദ്രത്തിൽ യഥാസമയം എത്തിക്കുകയും വേണം.

പദ്ധതി നിർവഹണത്തിന് ആവശ്യമായ വിഭവ സമാഹരണം നടത്തേിയിരിക്കുന്നു. ഏവരുടെയും സഹകരണം ഉണ്ടാകണമെന്ന്, അഭിവന്ദ്യ പിതാവിന്റെ നാമത്തിൽ വിനീതമായി അഭ്യർത്ഥിക്കുന്നു.

വിശ്വസ്തതാപൂർവ്വം,

**ഫാ. ജോർജ്ജ് മാന്തുരുത്തിൽ**
**ഫാ. തോമസ് കുളത്തുങ്കൽ**
(അസി. ഡയറക്ടേഴ്സ്)

**ഫാ. ജോസഫ് കളരിക്കൽ**
(ഡയറക്ടർ)

## വെള്ളപ്പൊക്ക ദിരിതാശ്വാസം

ചാസിലൂടെ വെള്ളപൊക്ക ദുരിതാശ്വാസ സഹായമായി (ഭക്ഷണം, വസ്ത്രം, കുടിവെള്ളം, സാനിട്ടേഷൻ) എന്നിവ നൽകുന്നതിന് സഹകരിച്ച പ്രസ്ഥാനങ്ങളും വ്യക്തികളും

- കാരിത്താസ് ഇൻഡ്യ
- UNICEF
- തക്കല രൂപത
- കുഴിത്തുറയ് രൂപത
- കോട്ടാർ രൂപത
- ഷംഷാബാദ് രൂപത
- പീപ്പിൾസ് സോഷ്യൽ സർവ്വീസ് സൊസൈറ്റി, പാലക്കാട്
- തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റി
- ഹൈറേഞ്ച് ഡവലപ്മെന്റ് സൊസൈറ്റി, ഇടുക്കി
- കോതമംഗലം സോഷ്യൽ സർവ്വീസ് സൊസൈറ്റി
- വെൽഫയർ സർവ്വീസസ്, എറണാകുളം (WSE)
- പാലാ സോഷ്യൽ വെൽഫയർ സൊസൈറ്റി, പാല
- COD താമരശ്ശേരി
- കൊച്ചിൻ സോഷ്യൽ സർവ്വീസ് സൊസൈറ്റി
- തിരുവനന്തപുരം സോഷ്യൽ സർവ്വീസ് സൊസൈറ്റി
- കരുണ ചാരിറ്റബിൾ സൊസൈറ്റി, അഞ്ചലിപ്പ
- തെരേസ് ജ്യോതി ചാരിറ്റബിൾ ട്രസ്റ്റ്, കണിച്ചൂർ, കണ്ണൂർ
- മലനാട് ഡവലപ്പ്മെന്റ് സൊസൈറ്റി, (MDS) കാഞ്ഞിരപ്പള്ളി
- മലങ്കര സോഷ്യൽ സർവ്വീസ് സൊസൈറ്റി, തിരുവനന്തപുരം
- ഹോളി ഫാമിലി ചർച്ച്, മുടിയൂർക്കര
- ലിസ്യൂ, കാവാലം
- മംഗലവാർത്ത പള്ളി, ആറുമനൂർ
- 12 ശ്ലീഹന്മാരുടെ പള്ളി, മാന്നാനം
- സെന്റ് സെബാസ്റ്റ്യൻസ് ചർച്ച്, മുത്തോലപുരം
- സെന്റ് മേരീസ് ചർച്ച്, കല്ലുപാലം
- സെന്റ് മേരീസ് ചർച്ച്, നാഗപ്പുഴ
- സെന്റ് മേരീസ്, ചർച്ച്, മൂഴൂർ
- സെന്റ് മേരീസ് ചർച്ച്, ഇളംകുളം
- സെന്റ് മേരീസ്, ചർച്ച്, ചെറുവള്ളി
- സെന്റ് മേരീസ് ചർച്ച്, മോഴൂർ
- സെന്റ് മേരീസ് ചർച്ച്, തിരുമാറാടി
- സെന്റ് ജോർജ്ജ് ചർച്ച്, ഇടുക്കി

- സെന്റ് ജോർജ്ജ് ചർച്ച്, കുടലപ്പാട്, എറണാകുളം
- സെന്റ് ജോർജ്ജ് ചർച്ച്, നെയ്യാട്ടുശ്ശേരി
- സെന്റ് ജോസഫ്സ് ചർച്ച്, മൂലമററം
- സെന്റ് ജോസഫ്സ് ചർച്ച്, തിടനാട്, പാല
- സെന്റ് ജോസഫ്സ് ചർച്ച്, കൂടല്ലൂർ
- സെന്റ് തോമസ് ചർച്ച്, കുമളി
- സെന്റ് തോമസ് ചർച്ച്, മുക്കൂട്ടുതറ
- സെന്റ് തോമസ് ചർച്ച്, കോട്ടൂർ
- സെന്റ് പീറ്റർ & പോൾ ചർച്ച്, ഇലഞ്ഞി
- ഹോളി ക്രോസ് ചർച്ച്, കപ്പാട്
- സെന്റ് സെബാസ്റ്റ്യൻസ് ചർച്ച്, തൊടുപുഴ
- സെന്റ് അത്തനേഷ്യസ് ചർച്ച്, നെടുങ്ങാടപ്പള്ളി
- SH ചർച്ച്, പെരിങ്ങളം, പാലാ
- ക്രിസ്തുരാജ പള്ളി, ഏറ്റുമാനൂർ
- സെന്റ് ഗർവാസീസ് & സെന്റ് പ്രോത്താസീസ് ചർച്ച്, കോതനല്ലൂർ
- താമരക്കുന്ന് പള്ളി, ചിറക്കടവ്
- സെന്റ് സെബാസ്റ്റ്യൻ ചർച്ച്, മാള
- LSDP സിസ്റ്റേഴ്സ്, കുന്നന്താനം
- അഭയഭവൻ എറണാകുളം
- എസ്.ബി കോളേജ്, ചങ്ങനാശ്ശേരി
- നിർമ്മലഗിരി കോളേജ്, കൂത്തുപറമ്പ്
- എസ്.ബി.എച്ച്.എസ്.എസ്, ചങ്ങനാശ്ശേരി
- സെന്റ്ജോസഫ് എച്ച്.എസ്.എസ്, കാഞ്ഞിരപ്പള്ളി
- ഗുഡ് ഷെപ്പേഡ് സ്കൂൾ, തെങ്ങണ
- ഡി പോൾ, തൊടുപുഴ
- വിമല പബ്ലിക്സ്കൂൾ, തൊടുപുഴ
- സെന്റ് അഗസ്റ്റിൻ ജി എച്ച് എസ്. എസ്., മൂവാറ്റുപുഴ
- സെന്റ് ജോസഫ്സ് ഹൈ സ്കൂൾ, കണ്ണിമല
- ഹോളി ഫാമിലി സ്കൂൾ, ചേർത്തല
- സെന്റ്തോമസ് ഹോസ്പിറ്റൽ, ചെത്തിപ്പുഴ
- സെന്റ് ജോസഫ് ബുക്ക്സ്റ്റാൾ, ചങ്ങനാശ്ശേരി
- ബോംബേ ഡയിംഗ്, ചങ്ങനാശ്ശേരി
- ജീവ മിൽക്ക്, കോതമംഗലം
- ജീവ വാട്ടർ, കോതമംഗലം
- ആദിത്യ ഹോളോ ബ്രിക്സ്, നിദ്രവിള
- എൻവയോൺമെന്റൽ എഞ്ചിനീയേഴ്സ് & കൺസൾട്ടേഴ്സ്, ഡൽഹി
- Export Credit Guarantee Corporation of India & Science and Technology., Park, Pune
- റസിഡൻസ് അസോസിയേഷൻ 12-ാം മൈൽ, പാല
- ശാന്തിനഗർ റസിഡൻസ് അസോസിയേഷൻ 12-ാം മൈൽ, പാല
- ബാംഗളൂർ മലയാളീസ് C/o ജെസ്റ്റിൻ & റിജോ ജോർജ്ജ്
- ഖെഇക അയർക്കുന്നം
- ഇടക്കോലി കൂട്ടുകാർ ആർട്ട്സ് & സ്പോർട്ട്സ്, ഉഴവൂർ
- വിൻസെന്റ്ഡി പോൾ സൊസൈറ്റി അതിരമ്പുഴ ഏരിയകൗൺസിൽ

- പിതൃവേദി- മാതൃവേദി, അതിരമ്പുഴ ഫൊറോന
- AKCC, പാലാരൂപത
- ജനമൈത്രി സ്വാശ്രയസംഘം, മണിമല
- KCYM, എറണാകുളം
- SMYM, മൂലമറ്റം
- KLM, താഴത്തുവടകര
- ശ്രീ. സണ്ണിച്ചൻ പീടികതുണ്ടിയിൽ
- Mr. & Mrs. Grace James, വെല്ലൂർ
- ശ്രീ. ജയിംസ് സെബാസ്റ്റ്യൻ, Eye care, infopark, Kochi
- ശ്രീ. ഷാജി ഡൊമിനിക്ക്, കാഞ്ഞിരപ്പള്ളി
- സേലം C/o തോമസ്, താഴത്തങ്ങാടി

## വെള്ളപ്പൊക്ക ദുരിതാശ്വാസം ധനസഹായം നൽകിയവർ

| | | |
|---|---|---|
| • | ഇറ്റാവ സമാജ് കല്യാൺ സമിതി | 16,15,000 |
| • | സെന്റ് തോമസ് ചർച്ച്, മാനന്തവാടി | 25,000 |
| • | ഫാ. തോമസ് ആലുംപറമ്പിൽ | 10,000 |
| • | സെന്റ് മേരീസ് വേളാങ്കണ്ണിമാതാ ചർച്ച്, ഏന്തയാർ | 20,000 |
| • | സാൻജോ പ്രൊവിൻഷ്യൽ ഹൗസ്, അഴകിയമണ്ഡപം | 50,000 |
| • | സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി, കോട്ടൂർ, കണ്ണൂർ | 25,000 |
| • | സെന്റ് ജോർജ്ജ് ചർച്ച് മേരികുളം, കാഞ്ഞിരപ്പള്ളി | 21,335 |
| • | മരിയഗൊരേത്തി ചർച്ച്, കൊല്ലമുള | 20,000 |
| • | സ്നേഹ കൂട്ടായ്മ, വാഴക്കുളം, മൂവാറ്റുപുഴ | 20,000 |
| ] | മരിയഗൊരേത്തി ചർച്ച്, കാവുംകണ്ടം, പാല | 56,250 |
| • | ക്രൈസ്റ്റ് ദി കിംഗ് ചർച്ച്, ഏറ്റുമാനൂർ | 60,000 |
| • | തെരേസ് ജ്യോതി ചാരിറ്റബിൾ ട്രസ്റ്റ്, കണ്ണൂർ | 10,000 |
| • | സെന്റ് അത്തേനിഷ്യസ് ചർച്ച്, നെടുംങ്ങാടപ്പള്ളി | 21,502 |
| • | കരുണ ചാരിറ്റബൾ സൊസൈറ്റി, അഞ്ചരിപ്പ, കാഞ്ഞിരപ്പള്ളി | 10,000 |
| • | സീറോ മലബാർ കാത്തലിക്ക് അസ്സോസിയേഷൻ, ലക്നൗ | 15,000 |
| • | ഫാ. ജോസഫ് പൗവത്തിൽ തലശ്ശേരി | 5,000 |
| • | സെന്റ് അഗസ്റ്റിൻ കോളേജ്, രാമപുരം ബസാർ, കോട്ടയം | 40,000 |
| • | സെന്റ് മേരീസ് ചർച്ച്, പാറേൽ | 50,000 |
| • | സെന്റ് ജോസഫ്സ് ചർച്ച്, കാക്കൂർ | 10,000 |
| • | സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി, ഇളങ്ങുളം | 20,000 |
| • | ശ്രീ. മാത്യു സെബാസ്റ്റ്യൻ | 7,000 |
| • | SH English Medium School, ഫാത്തിമാപുരം | 10,000 |
| • | ഫാ. ജോബി കറുകപ്പറമ്പിൽ | 25,000 |
| • | യുവദീപ്തി SMYM, പള്ളിക്കുന്ന് | 12,050 |
| • | മൂലയിൽ ഫാമിലി, കുറുമ്പനാടം | 20,000 |
| • | ലൂർദ്ദ് മാതാ ചർച്ച്, താഴത്തുവടകര | 2,000 |
| • | KLM ലൂർദ്ദ് മാതാ ചർച്ച്, താഴത്തുവടകര | 1,000 |
| • | സെന്റ് മേരീസ്, ചർച്ച്, അറക്കുളം | 25,000 |
| • | ശ്രീമതി റാണി ജയിംസ് കാഞ്ഞിരപ്പള്ളി | 15,000 |
| • | ശ്രീ. കെ.ജെ. ഡൊമിനിക്ക് ചെറുതാനിക്കൽ | 2,00,000 |
| • | ശ്രീ. സണ്ണി മേക്കരശ്ശേരി, പുഴവാത് | 10,000 |

| | | |
|---|---|---|
| • | മംഗലവാർത്ത ചർച്ച് ആറുമാനൂർ | 1,00,000 |
| • | ശ്രീ. പത്മകുമാർ | |
| • | ശ്രീ. വർഗ്ഗീസ് SHIN | 75,000 |
| • | ശ്രീ. ജോസ് പി.ജെ. | 10,000 |
| • | Jirah Developers and Building Pvt. Ltd., Bangalore | 1,00,000 |
| • | ശ്രീ. ജയിൻ മാത്യു പരവനാക്കൽ, ചെങ്കൽ | 50,000 |
| • | ശ്രീ. വെങ്കട്ട് രാം ദേവ് | 10,000 |
| • | MCBS-Holy Family House | 15,000 |
| • | വേളാങ്കണ്ണിമാതാ ചർച്ച് ഇടക്കുന്നം, കാഞ്ഞിരപ്പള്ളി | 25,000 |
| • | CLC, തൃശൂർ അതിരൂപത | 1,00,000 |
| • | ശ്രീ. തോമാച്ചൻ കോണ്ടോടിക്കൽ, ഇരവുചിറ | 10,000 |
| • | ഡോ. പ്രതീപ് സി. തോമസ്, മെഡിക്കൽ കോളേജ്, കോട്ടയം | 2,00,000 |
| • | SVD ചൈനാ പ്രോവിൻസ് | 4,65,000 |
| • | Blessed Sacrament Church, Karimpani, Pala 1 | ,70,000 |
| • | വിൻസർ മലയാളി കാത്തലിക് പ്രയർ ഗ്രൂപ്പ്, കാനഡ | 55,670 |
| • | ചാസ് അതിരമ്പുഴ യൂണിറ്റ് | 25,000 |
| • | ചാസ് നാലുകോടി യൂണിറ്റ് | 10,000 |
| • | ചാസ് പാറേൽ യൂണിറ്റ് | 15,000 |
| • | ചാസ് ഇത്തിത്താനം യൂണിറ്റ് | 5,000 |
| • | ചാസ് ചെറുവാണ്ടൂർ യൂണിറ്റ് | 10,000 |
| • | ചാസ് വെട്ടിമുകൾ യൂണിറ്റ് | 10,000 |

തുടരും.........

## പാരീഷ് ട്വിന്നിംഗ് പ്രോഗ്രാം

വെള്ളപ്പൊക്ക ബാധിത ഇടവകകളെ സ്പോൺസർ ചെയ്ത് പുനരധിവാസ പ്രവർത്തനങ്ങളിൽ സഹായിക്കാൻ വിവിധ പള്ളികളും സന്ന്യാസസമൂഹങ്ങളും സന്നദ്ധത അറിയിച്ചിട്ടു്. ലിസ്റ്റ് താഴെ ചേർക്കുന്നു

### വെള്ളപ്പൊക്ക ബാധിത സഹായിക്കുന്ന ഇടവകകൾ/ ഇടവകകൾ സന്ന്യാസ സമൂഹങ്ങൾ

| | |
|---|---|
| 1. ഐക്കരച്ചിറ | 1. മണിമല ന്യൂ |
| 2. അമ്പലപ്പുഴ | 2. പൊടിപ്പാറ |
| 3. അറുന്നൂറ്റിൻപാടം | 3. ചെത്തിപ്പുഴ ഹോസ്പിറ്റൽ |
| 4. ചങ്ങങ്കരി | 4. മല്ലപ്പള്ളി |
| 5. ചീപ്പുങ്കൽ | 5. വെട്ടിമുകൾ |
| 6. ചേന്നങ്കരി | 6. ചെറുവാൂർ |
| 7. കൂലിപ്പുര | 7. MCBS |
| 8. ചെറുകര | 8. കുറിച്ചി |
| 9. കൈനടി | 9. തുരുത്തി |
| 10. കൈനകരി | 10. കുറുമ്പനാടം ഫൊറോന |
| 11. കണ്ടങ്കരി | 11. കടുവാകുളം/നെടുംകുന്നം |
| 12. കണ്ണാടി സെന്റ് ജോസഫ് | 12. പാറേൽ |
| 13. കണ്ണാടി സെന്റ് റീത്താസ് | 13. പാറേൽ |
| 14. കരുമാടി | 14. ലൂർദ്ദ് TVM/S.H. Congregation |
| 15. കരുവാറ്റ | 15. ആറുമാനൂർ |
| 16. കാവാലം ലിസ്യൂസ് | 16. മുണ്ടുപാലം |

17. കാവാലം സെന്റ് ജോസഫ്സ്
18. കാവാലം സെന്റ് തെരേസാസ്
19. കായൽപുറം സെന്റ് ആന്റണീസ്
20. കായൽപുറം സെന്റ് ജോസഫ്സ്
21. കേളമംഗലം
22. കിടങ്ങറ
23. കിഴക്കേമിത്രക്കരി
24. കൊടുപ്പുന്ന
25. കോയിൽമുക്ക്
26. കൊാക്കൽ
27. കുമരങ്കരി
28. കുട്ടമംഗലം
29. മഹേന്ദ്രപുരം
30. മാമ്പുഴക്കരി
31. മനയ്ക്കച്ചിറ
32. മണലാടി
33. മങ്കൊമ്പ് പയസ് 10വേ
34. മരിയാപുരം
35. മിത്രക്കരി
36. മുട്ടാർ സി.എം.ഐ.
37. മുട്ടാർ ഒൾഡ്
38. നർബോനപുരം
39. നസ്രത്ത്
40. ഒന്നാംകര
41. പടഹാരം
42. പള്ളാത്തുരുത്തി
43. പള്ളിക്കൂട്ടുമ്മ
44. പാങ്കരി
45. പാി
46. പയറ്റുപാക്ക
47. പൊങ്ങ
48. പുലിമുഖം
49. പുല്ലങ്ങടി
50. പുന്നക്കുന്നം
51. പുതുക്കരി
52. രാമങ്കരി
53. തകഴി
54. തായങ്കരി
55. തെക്കേക്കര
56. തോട്ടുവാത്തല
57. വടക്കേഅമിച്ചകരി
58. വെളിയനാട് നോർത്ത്
59. വെളിയനാട് സൗത്ത്
60. വെട്ടിത്തുരുത്ത്

17. മുടിയൂർക്കര
18. ചീരംചിറ/മണിമല ഓൾഡ്
19. വിൻസെഷൻ കോൺഗ്രിഗേഷൻ
20. വിൻസെഷൻ കോൺഗ്രിഗേഷൻ
21. മാടപ്പള്ളി/ ജീസസ്സ് യൂത്ത്
22. കൊടിനാട്ടുകുന്ന്/കത്തീഡ്രൽ
23. കുറുമ്പനാടം അസംപ്ഷൻ
24. ഇത്തിത്താനം
25. പുന്നത്തുറ
26. ചമ്പക്കര
27. ചേപ്പുംപാറ
28. ചാരിറ്റി വേൾഡ്
29. ആയൂർ
30. കത്തീഡ്രൽ/S.H. Congregation
31. പുനലൂർ
32. MCBS
33. മണ്ണാർകുന്ന്/കട്ടച്ചിറ
34. ഏറ്റുമാനൂർ
35. വടവാതൂർ
36. ചെത്തിപ്പുഴ
37. വെരൂർ/S.H. Congregation
38. അതിരമ്പുഴ
39. കൂത്രപ്പള്ളി
40. കോട്ടാങ്ങൽ/രാജമറ്റം
41. അയർക്കുന്നം
42. ജീസസ്സ് യൂത്ത്
43. മായം
44. തുരുമൂല
45. നാൽപ്പാത്തിമല
46. കുറിച്ചി
47. കൂരോപ്പട
48. പാറേക്കടവ്/വടവാതൂർ
49. ചാഞ്ഞോടി
50. മീൻകുളം
51. അമ്പൂരി
52. തൃക്കൊടിത്താനം
53. തോട്ടയ്ക്കാട്
54. പാറേൽ/SABS
55. പനയമ്പാല
56. ളായിക്കാട്
57. കരിമ്പനക്കുളം
58. ഫാത്തിമാപുരം/S.H. Congregation
59. പായിപ്പാട് (L)
60. മുത്തനം

| | |
|---|---|
| 61. വേഴപ്രാ | 61. നാലുകോടി |
| 62. വൈശ്യംഭാഗം | 62. അതിരമ്പുഴ |
| 63. Cuc | 63. CST Congregation |
| 64. കുമരകം നവനസ്രത്ത് | 64. S.H. Congregation |
| 65. കുമരകം വടക്കുംകര | 65. S.H. Congregation |

തുടരും........................

**2018 നവംബർ മാസത്തെ യൂണിറ്റുതല പ്രധാന പരിപാടികൾ**

**സ്വാശ്രയസംഘസംഗമം**

| തീയതി | മേഖല | യൂണിറ്റ് |
|---|---|---|
| 01.11.18 | അതിരമ്പുഴ | മണ്ണാർകുന്ന്, ലിസ്യു |
| 03.11.18 | കോട്ടയം | അയർക്കുന്നം |
| 11.11.18 | അതിരമ്പുഴ | ഏറ്റുമാനൂർ |
| 03.11.18 | അതിരമ്പുഴ | തെള്ളകം |
| 04.11.18 | കുറുമ്പനാടം | നെടുംകുന്നം |
| 08.11.18 | കോട്ടയം | പാമ്പാടി |
| 05.11.18 | കുറുമ്പനാടം | കൂത്രപ്പള്ളി |
| 05.11.18 | കോട്ടയം | പങ്ങട |
| 06.11.18 | കുറുമ്പനാടം | പുളിക്കൽകവല |
| 13.11.18 | അതിരമ്പുഴ | ഏറ്റുമാനൂർ |
| 15.11.18 | മണിമല | മുട്ടാർ ഓൾഡ് |
| 16.11.18 | എടത്വാ | തകഴി |
| 17.11.18 | എടത്വാ | മുട്ടാർ ഓൾഡ് |
| 17.11.18 | കോട്ടയം | ചേപ്പുംപാറ |
| 20.11.18 | അതിരമ്പുഴ | പുന്നത്തുറ |
| 20.11.18 | കുടമാളൂർ | കിളിരൂർ |
| 22.11.18 | എടത്വാ | പുതുക്കരി |
| 22.11.18 | നെടുംകുന്നം | നെടുങ്ങാടപ്പള്ളി |

**പരിശീലന പരിപാടികൾ**

| തീയതി | മേഖല | യൂണിറ്റ് | പരിശീലനം |
|---|---|---|---|
| 05.11.18 | അതിരമ്പുഴ | ചെറുവാണ്ടൂർ | തയ്യൽ പരിശീലനം |
| 13.11.18 | മണിമല | കരിമ്പനക്കുളം | തയ്യൽ പരിശീലനം |
| 07.11.18 | അമ്പൂരി | മായം | കുടനിർമ്മാണം |
| 09.11.18 | മണിമല | പെരുങ്കാവ് | കുടനിർമ്മാണം |

**മറ്റു പരിപാടികൾ**

| തീയതി | മേഖല | യൂണിറ്റ് | പരിപാടികൾ |
|---|---|---|---|
| 03.11.18 | കുടമാളൂർ | കുടമാളൂർ | EAP |
| 03.11.18 | കുറുമ്പനാടം | മാന്നില | ചങ്ങാതിക്കൂട്ടം |
| 06.11.18 | അമ്പൂരി | അമ്പൂരി | PME |
| 08.11.18 | തൃക്കൊടിത്താനം | തൃക്കൊടിത്താനം | PME |
| 08.11.18 | കുറുമ്പനാടം | മാന്നില | ഫാർമേഴ്സ് ക്ലബ് മീറ്റ് |
| 09.11.18 | എടത്വാ | കിഴക്കേമിത്രക്കരി | യൂണിറ്റ് എക്സിക്യൂട്ടീവ് |
| 10.11.18 | എടത്വാ | എടത്വാ | Men SHG ലീഡേഴ്സ് മീറ്റ് |
| 10.11.18 | അതിരമ്പുഴ | ഏറ്റുമാനൂർ | കമ്മ്യൂണിറ്റി ഓർഗ്ഗനൈസേഴ്സ് മീറ്റ് |

| | | | |
|---|---|---|---|
| 15.11.18 | എടത്വാ | മുട്ടാർ ഓൾഡ്, ന്യൂ | യൂണിറ്റ് എക്സിക്യൂട്ടീവ് |
| 18.11.18 | കുടമാളൂർ | വില്ലൂന്നി | കാർഷിക സെമിനാർ |
| 24.11.18 | നെടുംകുന്നം | വായ്പൂർ | കാൻസർ ബോധവത്ക്കരണം |
| 25.11.18 | അതിരമ്പുഴ | അതിരമ്പുഴ | Men SHG മേഖലാസംഗമം |
| 25.11.18 | കുറുമ്പനാടം | അസംപ്ഷൻ | കാൻസർ ബോധവത്ക്കരണം |
| 27.11.18 | നെടുംകുന്നം | കുറുമ്പനാടം | കമ്മ്യൂണിറ്റിഓഗ്ഗനൈസേഴ്സ് മീറ്റ് |
| 27.11.18 | എടത്വാ | കേളമംഗലം | മേഖലാ എക്സിക്യൂട്ടീവ് |
| 29.11.18 | മണിമല | കുളത്തൂർ | മേഖലാ എക്സിക്യൂട്ടീവ് |
| 29.11.18 | അമ്പൂരി | പച്ചക്കാട് | സ്വാശ്രയ സംഘ വാർഷികം |

**ചാസ് സഹായ പദ്ധതികൾ**

**ചാസിന്റെ വിവിധ സഹായ പദ്ധതികൾവഴി 2018 ഒക്ടോബർ മാസം ആനുകൂല്യം ലഭിച്ച കുടുംബങ്ങൾ**

**(1) SHG മരണാനന്തര സഹായം**

| പേര് | സംഘം | യൂണിറ്റ് | മേഖല |
|---|---|---|---|
| 385. വിജയകുമാരൻ നായർ | ഉദയ | പങ്ങട | കോട്ടയം |
| 386. വി. ലീല തൂമ്പുങ്കൽ | വീണ | രാജഗിരി | അമ്പൂരി |
| 387. സിസിലിയാമ്മ ജോസഫ് | സ്നേഹദീപം | കോയിൽമുക്ക് | എടത്വാ |
| 388. കെ.ജെ. തോമസ് | സീയോൻ | പുത്തനങ്ങാടി | ആലപ്പുഴ |
| 389. പ്രസാദ് ഭാസ്ക്കരൻ | യുണൈറ്റഡ് ബ്രദേഴ്സ് | കത്തീഡ്രൽ | ചങ്ങനാശ്ശേരി |
| 390. ഗൗരിക്കുട്ടി രാജപ്പൻ | സ്നേഹധാര | മുട്ടാർ ഓൾഡ് | എടത്വാ |
| 391. വിൻസെന്റ് കുര്യൻ | ബ്രദേഴ്സ് | നാലുകോടി | തൃക്കൊടിത്താനം |
| 392. ഒ.ജി. സതീശൻ | ഉദയ | പങ്ങട | കോട്ടയം |

**(2) മ്യൂച്വൽ ബെനിഫിറ്റ് സ്കീം മരണാനന്തരസഹായം**

| പേര് | യൂണിറ്റ് | മേഖല |
|---|---|---|
| 188. സിസിലിയാമ്മ ജോസഫ്, വേണാട് | കോയിൽമുക്ക് | എടത്വാ |
| 189. വിശ്വമ്പരൻ വാടപ്പറമ്പിൽ | കിഴക്കേമിത്രക്കരി | എടത്വാ |
| 190. തോമസ് വർഗ്ഗീസ്, നെല്ലുവേലിൽ | തൃക്കൊടിത്താനം | തൃക്കൊടിത്താനം |
| 191. ജോയിച്ചൻ പട്ടാറ | മുഹമ്മ | ആലപ്പുഴ |
| 192. ചെറിയാൻ കുര്യാക്കോസ്, ചീരംവേലിൽ | മുട്ടാർ | എടത്വാ |
| 193. ഈപ്പൻ സെബാസ്റ്റ്യൻ തോട്ടുവേലിൽ | പാറി | എടത്വാ |
| 194. രാജു പി.റ്റി. പാപ്പനാംചിറ | ചെറുവാണ്ടൂർ | അതിരമ്പുഴ |
| 195. ജോസഫ് ദേവസ്യ വട്ടക്കളം | നാലുകോടി | തൃക്കൊടിത്താനം |
| 196. തങ്കമ്മ ജോസ്, പ്രക്കാട്ട് | പാറേൽ | ചങ്ങനാശ്ശേരി |
| 197. ചാക്കോ അമ്പാട്ട് | പാറേൽ | ചങ്ങനാശ്ശേരി |
| 198. ഔസേഫ് വർഗ്ഗീസ്, പള്ളിച്ചിറ | എടത്വ | എടത്വ |
| 199. ഒ.സി. ജോസഫ് ഒട്ടിയംപറമ്പ് | കൂത്രപ്പള്ളി | നെടുംകുന്നം |
| 200. തോമസ് ആന്റണി കറുകപ്പറമ്പ് | കൂത്രപ്പള്ളി | നെടുംകുന്നം |
| 201. ഫിലോമിന ജോസഫ്, പ്ലാക്കിയിൽ | തത്തംപള്ളി | ആലപ്പുഴ |
| 202. ദാമോദരൻ നായർ, ഗോപാലയം | അറുമാനൂർ | അതിരമ്പുഴ |
| 203. ഭാസ്ക്കരൻ കൂട്ടുമ്മേൽ | ചീപ്പുങ്കൽ | കുടമാളൂർ |
| 204. ത്രേസ്യമ്മ ദേവസ്യ തൈപ്പറമ്പിൽ | ആറാട്ടുവഴി | ആലപ്പുഴ |

- **ചികിത്സാസഹായം**

| പേര് | യൂണിറ്റ് | മേഖല |
|---|---|---|
| 90. വി.എം. സോമൻ, വാലുപറമ്പിൽ | തൃക്കൊടിത്താനം | തൃക്കൊടിത്താനം |
| 91. ചിന്നമ്മ കേശവൻ, പുതുപ്പറമ്പ് | തൃക്കൊടിത്താനം | തൃക്കൊടിത്താനം |
| 92. റോസമ്മ തോമസ്, അമ്പലത്തുങ്കൽ | തൃക്കൊടിത്താനം | തൃക്കൊടിത്താനം |
| 93. ജോയി തോമസ്, കോട്ടപ്പുഴയ്ക്കൽ | തൃക്കൊടിത്താനം | തൃക്കൊടിത്താനം |
| 94. ദേവസ്യ ആന്റണി, തയ്യിൽ | തൃക്കൊടിത്താനം | തൃക്കൊടിത്താനം |
| 95. ജെയ്സമ്മ ജോൺ, കുരിശുംമൂട്ടിൽ | തൃക്കൊടിത്താനം | തൃക്കൊടിത്താനം |
| 96. സിനു ജോയിസ്, കൊച്ചുവീട്ടിൽ | ആർപ്പൂക്കര | കുടമാളൂർ |
| 97. ജോസഫ് തോമസ്, വലിയപറമ്പിൽതുറയിൽ | നാലുകോടി | തൃക്കൊടിത്താനം |
| 98. റോസമ്മ മാത്യു, ഇടശ്ശേരിപ്പറമ്പ് | നാലുകോടി | തൃക്കൊടിത്താനം |
| 99. റോസമ്മ മാത്യും കാലായിൽ | നാലുകോടി | തൃക്കൊടിത്താനം |
| 100. കുഞ്ഞുമോൾ ജോസഫ്, മുട്ടത്തേട്ട് | നാലുകോടി | തൃക്കൊടിത്താനം |
| 101. റോസമ്മ റെജി, ചിറ്ററയ്ക്കൽ | നാലുകോടി | തൃക്കൊടിത്താനം |
| 102. ബാബു ആന്റണി വീയപുരം | നാലുകോടി | തൃക്കൊടിത്താനം |
| 103. മറിയക്കുട്ടി തോമസ് വലിയപറമ്പിൽതുറയിൽ | നാലുകോടി | തൃക്കൊടിത്താനം |
| 103. കുഞ്ഞമ്മ മാത്യു പുതുപ്പറമ്പ് | നാലുകോടി | തൃക്കൊടിത്താനം |
| 104. സിബിച്ചൻ തോമസ് വേഷ്ണാൽ | നാലുകോടി | തൃക്കൊടിത്താനം |

### (3) ജീവകാരുണ്യനിധി

ജീവകാരുണ്യനിധിയിൽനിന്നും ചികിത്സ/വിദ്യാഭ്യാസ സഹായമായി 2018 ഒക്ടോബർ മാസം 46 ഇടവകകളിൽ നിന്നും ബഹു. വികാരിയച്ചന്മാരുടെ കത്ത് ലഭിച്ച 31 അപേക്ഷകർക്ക് 84,000/- രൂപ നൽകി.

### (4) സേവ് എ ഫാമിലി പ്ലാൻ (SAFP)

• 2018 ഒക്ടോബർ മാസം 43 ഗുണഭോക്താക്കൾക്ക് 5,73,700/- രൂപ സഹായധനം അനുവദിച്ചു.

### (5) ആരോഗ്യ ഇൻഷുറൻസ് പദ്ധതി

ആരോഗ്യ ഇൻഷുറൻസ് പദ്ധതിയിൽ 2018 ഒക്ടോബർ മാസം 3 കുടുംബത്തിന് ചികിത്സാചെലവായി 18,720/- രൂപ അനുവദിച്ചു.

| പേര് | യൂണിറ്റ് | തുക |
|---|---|---|
| 1. ജോസഫ് ചാക്കോ, വടക്കുംമുറി | മാടപ്പള്ളി | 4800 |
| 2. അനിൽ കുമാർ കെ.കെ., കോലോത്ത് | രാമങ്കരി | 7200 |
| 3. മാത്യു ജോസഫ്, മാവേലിക്കളം | വേഴപ്രാ | 6720 |

### കേന്ദ്രവാർത്തകൾ

### സോളാർ ലാമ്പ് വിതരണം

Export Credit Guarantee Corporation of India & Science and Technology park, pune യുടെ സഹകരണത്തോടെ കുട്ടനാട് പുനരധിവാസ പദ്ധതിയുടെ ഭാഗമായി ഒക്ടോബർ 12, 20 തീയതികളിൽ സോളാർ ലാമ്പ് വിതരണം നടത്തി. വികാരി ജനറാൾ ഫാ. ജോസഫ് മുകത്തിൽ, ആലപ്പുഴ നഗരസഭ ചെയർമാൻ ശ്രീ. തോമസ് ജോസഫ്, ചാസ് ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ എന്നിവർ വിവിധയിടങ്ങളിൽ പരിപാടി ഉദ്ഘാടനം ചെയ്തു.

| തീയതി | സ്ഥലം | ഗുണഭോക്താക്കൾ | എണ്ണം |
|---|---|---|---|
| ഒക്ടോ. 12 | പാസ്റ്ററൽ സെന്റർ | കമ്മ്യൂണിറ്റി ഓർഗ്ഗനൈസർമ്മാർ ഭിന്നശേഷിക്കാരായ കുട്ടികൾ | 103 |
| ഒക്ടോ. 12 | അസ്സീസി വിദ്യാലയം | ഭിന്നശേഷിക്കാരായ കുട്ടികൾ | 73 |
| ഒക്ടോ. 20 | പള്ളിക്കൂട്ടുമ്മ ചാദിഭവൻ | ഭിന്നശേഷിക്കാരായ കുട്ടികൾ | 41 |

**ചാസ്-യുണിസെഫ്-വാഷ്കിറ്റ് വിതരണം**

ചാസിന്റെ നേതൃത്വത്തിൽ യുണിസെഫിന്റെ സഹകരണത്തോടെ വിവിധ പഞ്ചായത്തുകളിൽ നടപ്പാക്കുന്ന മാതൃശിശു പരിപാലന പദ്ധതിയുടെ ഭാഗമായി കാവാലം പഞ്ചായത്തിൽ ഒക്ടോബർ 22 ന് വാഷ്കിറ്റ് വിതരണം ചെയ്തു. കാവാലം പഞ്ചായത്ത് പ്രസിഡന്റ് സന്ധ്യ രമേഷ് ഉദ്ഘാടനം ചെയ്തു. ചാസ് അസി. ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ, മെമ്പർ സന്ധ്യ സുരേഷ്, യൂണിറ്റ് പ്രസിഡന്റ് ശ്രീ. ബാബു. സിസ്റ്റർ സെൽമ എന്നിവർ പ്രസംഗിച്ചു.

**ചാസ് കാരിത്താസ് വെള്ളപ്പൊക്ക ദുരിതാശ്വാസ കിറ്റ് വിതരണം**

ചാസ് കാരിത്താസ് ഇൻഡ്യയുടെ സഹകരണത്തോടെ കുട്ടനാട്ടിൽ നടപ്പാക്കുന്ന ദുരിതാശ്വസ പദ്ധതിയുടെ ഭാഗമായി നല്കുന്ന 1000 കിറ്റുകളുടെ വിതരണോദ്ഘാടനം ഒക്ടോബർ 9-ാം തീയതി മുട്ടാർ സെന്റ് തോമസ് യൂണിറ്റിൽ കാരിത്താസ് ഇൻഡ്യ അഡ്മിനിസ്ട്രേറ്റർ ഫാ. സുശീൽ മോഡി നിർവഹിച്ചു. മേഖലാ കോ-ഓർഡിനേറ്റർ ശ്രീമതി ബിന്ദു തോമസ് ശുചീകരണ പ്രവർത്തനങ്ങളെക്കുറിച്ച് ക്ലാസ് നയിച്ചു. വിവിധ പഞ്ചായത്തുകളിൽ കിറ്റുവിതരണം പുരോഗമിച്ചുവരുന്നു.

## മേഖലാ വാർത്തകൾ

**ഫ്ളവർ അറേഞ്ച്മെന്റ്**

തൃക്കൊടിത്താനം യൂണിറ്റിൽ സെപ്റ്റംബർ 13 ന് ഫ്ളവർ അറേഞ്ച്മെന്റിൽ പരിശീലനം നൽകി. യൂണിറ്റ് ഡയറക്ടർ റവ. ഫാ. വർഗ്ഗീസ് കാലായിൽ അദ്ധ്യക്ഷതവഹിച്ചു. ശ്രീമതി മേരിക്കുട്ടി മാത്യു ക്ലാസ് നയിച്ചു. 28 അംഗങ്ങൾ പങ്കെടുത്തു.

**യൂണിറ്റ് രൂപീകരണം**

| തീയതി | യൂണിറ്റ് | മേഖല |
|---|---|---|
| 30.09.2018 | കൊല്ലമുട്ടം | പുളിംകുന്ന് |
| 30.09.2018 | കൂലിപ്പുര | പുളിംകുന്ന് |
| 07.10.2018 | ഒന്നാംകര | ചമ്പക്കുളം |
| 14.10.2018 | കാവാലം ലിസ്യൂ | പുളിംകുന്ന് |

**ലഹരിവിരുദ്ധ സെമിനാർ**

**ആർപ്പൂക്കര:** മദ്യം മയക്കുമരുന്ന് ലഹരി വസ്തുക്കളുടെ ഉപയോഗത്തെക്കുറിച്ച് സെപ്റ്റംബർ 30 ന് ബോധവത്ക്കരണ സെമിനാർ സംഘടിപ്പിച്ചു. ആർപ്പൂക്കര പഞ്ചായത്ത് പ്രസിഡന്റ് ശ്രീ മോഹൻ സി. ചതുരച്ചിറ ഉദ്ഘാടനം നിർവഹിച്ചു. ചാസ് ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ അദ്ധ്യക്ഷതവഹിച്ചു. RRTC ട്രെയ്നിംഗ് സെന്റർ അംഗം ലിറ്റിമോൻ എംഎസ്. ക്ലാസ് നയിച്ചു. 54 അംഗങ്ങൾ പങ്കെടുത്തു.

**കാർഷിക സെമിനാർ**

വള്ളംചിറ യൂണിറ്റിൽ ഒക്ടോബർ 15 ന് കാർഷിക സെമിനാർ സംഘടി

പ്പിച്ചു. 'പച്ചക്കറികൃഷിയും രോഗപ്രതിരോഗ മാർഗ്ഗങ്ങളും' എന്ന വിഷയത്തിൽ മണിമല കൃഷിഓഫീസർ ശ്രീമതി സിമി ക്ലാസ് നയിച്ചു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. സെബാസ്റ്റ്യൻ കുന്നത്തുംകുഴി അദ്ധ്യക്ഷതവഹിച്ചു. 61 അംഗങ്ങൾ പങ്കെടുത്തു.

**സ്വാശ്രയസംഗമം**

എടത്വാ യൂണിറ്റിൽ സെപ്റ്റംബർ 6 ന് സ്വാശ്രയസംഘസംഗമം സംഘടിപ്പിച്ചു. ശ്രീ. ആന്റണി മാമ്മൂട്ടിൽ, ശ്രീ. ടോമിച്ചൻ പറപ്പള്ളിൽ എന്നിവർ ക്ലാസ് നയിച്ചു. 14 സംഘങ്ങളിലെ 190 അംഗങ്ങൾ പങ്കെടുത്തു. മുടിയൂർക്കര യൂണിറ്റിൽ ഒക്ടോബർ 20 ന് സ്വാശ്രയസംഘസംഗമം സംഘടിപ്പിച്ചു. മേഖലാ പ്രസിഡന്റ് ശ്രീ. ബെന്നി പടിഞ്ഞാറേപ്പറമ്പിൽ അദ്ധ്യക്ഷതവഹിച്ചു. 'സ്വാശ്രയസംഘങ്ങൾ-ഇന്നിന്റെ ആവശ്യം' എന്ന വിഷയത്തെ ആസ്പദമാക്കി ആലപ്പുഴ മേഖലാ കോ-ഓർഡിനേറ്റർ എൻ.ഐ. തോമസ് ക്ലാസ് നയിച്ചു. യോഗത്തിൽ 67 അംഗങ്ങൾ പങ്കെടുത്തു. യൂണിറ്റ് ഭാരവാഹികൾ നേതൃത്വം നൽകി.

**നേത്രചികിത്സാക്യാമ്പ്**

നാൽപ്പാത്തിമല യൂണിറ്റിൽ കോട്ടയം മെഡിക്കൽ കോളേജിന്റെ സഹകരണത്തോടെ ഒക്ടോബർ 13 ന് നേത്രചികിത്സാ ക്യാമ്പ് സംഘടിപ്പിച്ചു. Rev. Sr. Roseket SABS ഉദ്ഘാടനം നിർവഹിച്ചു. കോട്ടയം മെഡിക്കൽ കോളേജിലെ 5 ഡോക്ടർമാർ പരിശോധനയ്ക്ക് നേതൃത്വം നൽകി. 170 പേർ ക്യാമ്പ് പ്രയോജനപ്പെടുത്തി. 15 രോഗികളെ തിമിര ശസ്ത്രക്രിയയ്ക്ക് തെരഞ്ഞെടുത്തു.

**സ്വാശ്രയസംഘം 1000-മാത് വാർഷികം**

ഏറ്റുമാനൂർ യൂണിറ്റിന്റെ കീഴിൽ പ്രവർത്തിക്കുന്ന സെന്റ്. ജോൺസ് സ്വാശ്രയസംഘത്തിന്റെ 19-ാം മത് വാർഷികവും 1000-ാം മത് മീറ്റിംഗും ഒക്ടോബർ 14 ന് നടത്തി. സംഘം പ്രസിഡന്റ് ശ്രീമതി അന്നമ്മ ജോൺ അദ്ധ്യക്ഷതവഹിച്ചു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. ടോം കുന്നുംപുറം ഉദ്ഘാടനം നിർവഹിച്ചു. ചാസ് ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ മുഖ്യപ്രഭാഷണം നടത്തി. അസി. ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ, അതിരമ്പുഴ ബ്ലോക്ക് കമ്മറ്റിഅംഗം ശ്രീ. സജി തടത്തിൽ, യൂണിറ്റു ഭാരവാഹികൾ, മേഖലാ കോ-ഓർഡിനേറ്റർ എന്നിവർ ആശംസകൾ അർപ്പിച്ചു. സംഘത്തിന്റെ ലാഭ വിഹിതത്തിൽനിന്നും 5000 രൂപ ദുരിതാശ്വാസനിധിയിലേയ്ക്കും 5000 രൂപ ചികിത്സാ സഹായമായും, 1000 രൂപ സ്കോളർഷിപ്പായും വിതരണം ചെയ്തു.

**ബോധവത്ക്കണ സെമിനാർ**

ആറുമാനൂർ യൂണിറ്റിന്റെ പ്രവർത്തനങ്ങൾ ശക്തീകരിക്കുന്നതിന്റെ ഭാഗമായി ഒക്ടോബർ 13 ന് ക്രെഡിറ്റ് യൂണിയൻ സംഗമം സംഘടിപ്പിച്ചു. ചാസ് ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ ചാസ് പ്രവർത്തനങ്ങൾ വിശദീകരിച്ചു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. അലക്സ് പാലമറ്റം അദ്ധ്യക്ഷതവഹിച്ചു. ഭാരവാഹികൾ നേതൃത്വം നൽകി.

**തയ്യൽ പരിശീലന സമാപനം**

പച്ച-ചെക്കിടിക്കാട് യൂണിറ്റിൽ 4 മാസം ദീർഘിച്ച തയ്യൽ പരിശീലനം ഒക്ടോബർ 13 ന് സമാപിച്ചു. പരിശീലനം പൂർത്തിയാക്കിയ 30 വനിതകൾക്ക് ചാസ് അസി. ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ സർട്ടിഫിക്കറ്റ് വിതരണം ചെയ്തു. യൂണിറ്റ് ഭാരവാഹികൾ നേതൃത്വം നൽകി.

**നാട്ടുപച്ച കാർഷിക വിപണനമേള-2018**

പാറേൽ യൂണിറ്റിൽ ഒക്ടോബർ 25 മുതൽ 28 വരെ 'നാട്ടുപച്ച' കാർഷിക വിപണനമേള-2018 സംഘടിപ്പിച്ചു. ശ്രീ. പി. സി. ജോർജ്ജ് എം.എൽ.എ. ഉദ്ഘാടനം ചെയ്തു. വികാരി ജനറാൾ റവ. ഡോ. ജോസഫ് മുകത്തിൽ അദ്ധ്യക്ഷത വഹിച്ചു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. ജേക്കബ് വാരിക്കാട്ട്, ചാസ് ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ, മുനിസിപ്പൽ ചെയർമാൻ ശ്രീ. ലാലിച്ചൻ കുന്നിപ്പറമ്പിൽ എന്നിവർ പ്രസംഗിച്ചു. ഘലഗഏ മുതൽ +2 വരെ ക്ലാസുകളിൽ പഠിക്കുന്ന കുട്ടികൾക്ക് ചിത്രരചന, കവിതാരചന, പ്രസംഗമത്സരം എന്നിവ സംഘടിപ്പിച്ചു. ഫലവൃക്ഷതൈകൾ, വീട്ടുപകരണങ്ങൾ, ചക്കയുടെ വിവിധ ഉല്പന്നങ്ങൾ എന്നിവയുടെ പ്രദർശനവും വിപണനവും നടത്തപ്പെട്ടു. യൂണിറ്റ് ഭാരവാഹികൾ നേതൃത്വം നൽകി.

**സ്വാശ്രയ സംഘരൂപീകരണം**

| തീയതി | സംഘം | യൂണിറ്റ് | അംഗങ്ങൾ |
|---|---|---|---|
| 04.10.2018 | ടെൻ സ്റ്റാർ | പൊടിപ്പാറ | 10 |
| 08.10.2018 | ഹരിതം | എടത്വ | 16 |
| 10.10.2018 | സെന്റ് ജോസഫ്സ് | തേക്കുപാറ | 18 |
| 24.10.2018 | ചെറുപുഷ്പം | പുറക്കാട് | 16 |
| 24.10.2018 | ഡിവൈൻ | പുല്ലങ്ങടി | 10 |

**ഖാദി**

**ചാസ് ഖാദി ഗ്രാമോദ്യോഗ് വിദ്യാലയ മല്ലപ്പള്ളി**

കേന്ദ്രസർക്കാരിന്റെ കീഴിലുള്ള ഖാദി ഗ്രാമവ്യവസായ കമ്മീഷന്റെ അംഗീകാരത്തോടുകൂടി മല്ലപ്പള്ളിയിലും വിവിധ യൂണിറ്റുകളിലും ഉടൻ ആരംഭിക്കുന്ന കോഴ്സുകൾ.

| കോഴ്സിന്റെ പേര് | കാലാവധി | സീറ്റിന്റെ എണ്ണം | കോഴ്സ് ഫീസ് |
|---|---|---|---|
| ഹോം സയൻസ് കോഴ്സ് | 2 മാസം | 80 | 1000/- |
| പേപ്പർ കൺവേർഷൻ (പേപ്പർ ക്യാരിബാഗ്,ലേഡിസ് ഹാൻഡ് ബാഗ്,ലേഡിസ് പേഴ്സുകൾ) | 2 മാസം | 60 | 200/- |
| വെൽഡിംഗ് & ഫാബ്രിക്കേഷൻ | 2 മാസം | 40 | 3000/- |
| തേൻ സംസ്ക്കരണം | 1 മാസം | 30 | 500/- |
| സ്പൈസസ് & മസാല | 2 മാസം | 50 | 500/- |
| തയ്യൽ പരിശീലനം | 3 മാസം | 20 | 1500/- |
| മെഴുകുതിരി നിർമ്മാണം | 1 ആഴ്ച | 60 | 100/- |
| ബ്യൂട്ടീഷൻ കോഴ്സ് | 2 മാസം | 60 | 4000/- |
| ബിഗ്ഷോപ്പറുകൾ | 1 ആഴ്ച | 20 | 200/- |
| ഡോർമാറ്റ് പരിശീലനം | 1 ആഴ്ച | 20 | 200/- |
| കുട നിർമ്മാണം | 1 ആഴ്ച | 20 | 100/- |
| മരപ്പണി പരിശീലനം | 6 മാസം | 20 | 1200/- സ്റ്റൈഫന്റ് |

വിജയകരമായി കോഴ്സ് പൂർത്തിയാക്കുന്നവർക്ക് കേന്ദ്രഗവ.സർട്ടിഫിക്കറ്റും സ്വന്തമായി യൂണിറ്റുകൾ തുടങ്ങാൻ 35% സബ്സിഡിയോടുകൂടി 5-6 വർഷം കൊണ്ട് തിരിച്ചടക്കാവുന്ന വായ്പയും ക്രമീകരിക്കും. ഒരുബാച്ചിൽ 10-20 പേരുണ്ടെങ്കിൽ സ്ഥലത്ത് വന്ന് പഠിപ്പിക്കും. വിശദവിവരങ്ങൾക്ക് ബന്ധപ്പെടുക ഫോൺ 9447432531.

പ്രിയ സഹോദരീ സഹോദരന്മാരെ,

ഫ്രാൻസിസ്കൻ അല്മായസഭ SFO യുടെ ശതോത്തര സുവർണ്ണ ജൂബിലി സമാപനവും കേരളാ അസ്സീസി ദൈവദാസൻ പുത്തൻപറമ്പിൽ തൊമ്മച്ചന്റെ 110–ാം ചരമ വാർഷികാചരണവും, SFO ചങ്ങനാശ്ശേരി അതിരൂപതാ വാർഷികവും 2018 നവംബർ 4–ാം തീയതി ഞായറാഴ്ച രാവിലെ 9 മണി മുതൽ 4 മണിവരെ എടത്വാ സെന്റ് ജോർജ്ജ് ഫൊറോനാ പള്ളിയിൽ സമുചിതമായി ആചരിക്കുക യാണ്. രാവിലെ 9 മണിക്ക് രജിസ്ട്രേഷൻ 9:30 ന് പ്രഭാതപ്രാർത്ഥന തുടർന്ന് 10 മണിക്ക് സെമിനാർ ''കുടുംബജീവിതം ഫ്രാൻസിസ്കൻ ജീവിത ശൈലിയിൽ'' എന്ന വിഷയത്തിൽ റവ. ഫാ. തോമസ് കാഞ്ഞിരക്കോണം OFM Cap. ക്ലാസ്സ് നയിക്കുന്നു. 11:30 ന് പൊതുസമ്മേളനം ആരംഭിക്കുന്നു. SFO ചങ്ങനാശ്ശേരി അതിരൂപതാ പ്രസിഡന്റ് സിബിച്ചൻ സ്രാങ്കൻ അദ്ധ്യക്ഷത വഹിക്കും. SFO ചങ്ങനാശ്ശേരി അതിരൂപതാ സ്പിരിച്വൽ അസിസ്റ്റന്റ് റവ. ഫാ. തോമസ് വെട്ടിക്കാലായിൽ OFM Cap. സ്വാഗതവും അതിരൂപതാ സെക്രട്ടറി എൽസമ്മ സെബാസ്റ്റ്യൻ വാർഷികറിപ്പോർട്ടും അവതരിപ്പിക്കും. മാവേലിക്കര രൂപതാ അദ്ധ്യക്ഷൻ അഭിവന്ദ്യ ജോഷ്വാ മാർ ഇഗ്നാത്തിയോസ് സമ്മേളനം ഉദ്ഘാടനം ചെയ്ത് സന്ദേശം നൽകും. റവ. ഫാ. മൈക്കിൾ പാറുശ്ശേരി OFM Cap. ദൈവദാസൻ പുത്തൻപറമ്പിൽ തൊമ്മച്ചൻ അനുസ്മരണ പ്രഭാഷണം നടത്തും. വൈസ് പോസ്റ്റുലേറ്റർ റവ. സി. അനറ്റ് ചാലക്കുടി SABS, റവ. സി. ജിയോ FCC, SFO അതിരൂപതാ വൈസ് പ്രസിഡന്റ് പ്രമോദ് പി. ജോസഫ് എന്നിവർ ആശംസ കൾ അർപ്പിക്കും, SFO എടത്വാ റീജണൽ മിനിസ്റ്റർ പ്രൊഫ. മാത്യു ജോർജ്ജ് വെള്ളാപ്പള്ളിപ്പുരയ്ക്കൽ കൃതജ്ഞത അർപ്പിക്കും തുടർന്ന് ഉച്ചഭക്ഷണ ത്തിനുശേഷം 2 മണിക്ക് തെള്ളകം കപ്പൂച്ചിൻ മേജർ സെമിനാരി റെക്ടർ റവ. ഫാ. സെബാസ്റ്റ്യൻ ചൂണ്ടക്കാട്ടിൽ OFM Cap. ന്റെ മുഖ്യകാർമ്മികത്വത്തിൽ വി. കുർബാന, സന്ദേശം എന്നിവയ്ക്കുശേഷം ദൈവദാസൻ പുത്തൻപറമ്പിൽ തൊമ്മച്ചന്റെ കബറിടത്തിങ്കൽ ഒപ്പീസും നടത്തുന്നു. ഈശോയെ അക്ഷരാർത്ഥ ത്തിൽ അനുകരിച്ച വി. ഫ്രാൻസീസിന്റെ ജീവിതലാളിത്യം, ദാരിദ്ര്യം, എളിമ എന്നീ പുണ്യത്തിൽ വളരുവാനും, കുടുംബജീവിതവും, സന്യാസ ജീവിതവും സമന്വയിപ്പിച്ച ദൈവദാസപദവിയിലേക്ക് ഉയർത്തപ്പെട്ട പുത്തൻപറമ്പിൽ തൊമ്മ ച്ചന്റെ ജീവിതവിശുദ്ധിയും നമുക്ക് കൈമുതലാക്കാം. ഈ പുണ്യദിനങ്ങളിലെ പരിപാടികളിലേക്ക് മുഴുവൻ SFO അംഗങ്ങളെയും സ്നേഹപൂർവ്വം ക്ഷണി ക്കുന്നു. പരിപാടികളുടെ വിശദമായ നോട്ടീസ് ഏവരുടെയും കൈകളിൽ എത്തി എന്നു കരുതുന്നു.

## ദൈവദാസൻ പുത്തൻപറമ്പിൽ തൊമ്മച്ചൻ സ്മാരക അഖിലകേരളാ ക്വിസ്സ് മത്സരം

ദൈവദാസൻ പുത്തൻപറമ്പിൽ തൊമ്മച്ചൻ സ്മാരക അഖിലകേരളാ ക്വിസ് മത്സരം. 2018 നവംബർ മാസം 17–ാം തീയതി ശനിയാഴ്ച. രാവിലെ 9:30 ന് വാഴ പ്പള്ളി ഗെത്സെമനി ആശ്രമ സോഷ്യൽ സെന്ററിൽ വെച്ച് നടത്തുന്നു. 2018 സെപ്റ്റംബർ 1–ാം തീയതി നടത്താനിരുന്ന ഈ പരിപാടി വെള്ളപ്പൊക്കദുരന്തം മൂലം നമ്മൾ മാറ്റിവെച്ചിരിക്കുകയായിരുന്നു. ആയതിനാൽ നവംബർ 17–ാം തീയതി നടത്തുന്ന ഈ ക്വിസ് മത്സരത്തിൽ എല്ലാ ഭ്രാതൃത്വങ്ങളിൽ നിന്നും

കുറഞ്ഞത് ഒരു ടീമെങ്കിലും പങ്കെടുക്കണമെന്ന് അറിയിക്കുന്നു. മത്സരവിഷയങ്ങൾ എല്ലാം തന്നെ മുൻ തീരുമാനപ്രകാരം നിങ്ങൾക്കു കിട്ടിയ നോട്ടീസിലുള്ളതാണ് മത്സരത്തിനുശേഷം ഉച്ചഭക്ഷണവും ക്രമീകരിച്ചിട്ടുണ്ട്.

**നവംബർ 19. വി. എലിസബത്തിന്റെ തിരുനാൾ**

ഫ്രാൻസിസ്കൻ വിശുദ്ധാരാമത്തിലെ വിശുദ്ധയും ഫ്രാൻസിസ്ക്കൻ അല്മായസഭയുടെ മദ്ധ്യസ്ഥയുമായ ഹംഗറിയിലെ വി. എലിസബത്തിന്റെ തിരുനാൾ നവംബർ 19-നാണ്. ഈ വിശുദ്ധയുടെ ജീവിതത്തെ ആഴത്തിൽ പഠിക്കുകയും, ധ്യാനിക്കുകയും, ആ ചൈതന്യം നമ്മുടെ ജീവിതത്തിൽ പകർത്തുവാനും ശ്രമിക്കാം. അന്നേദിവസം അംഗങ്ങൾ വി. കുർബാനയിൽ പങ്കെടുത്ത് SFO യെ സമർപ്പിച്ച് പ്രാർത്ഥിക്കുക.

നവംബർ 4-ാം തീയതിയിലെ മുഴുവൻ പരിപാടികളും ദൈവകരങ്ങളിൽ നമുക്കു സമർപ്പിക്കാം.

സ്നേഹത്തോടെ,

**ബ്ര. സിബിച്ചൻ സ്രാങ്കൻ**
SFO അതിരൂപതാ പ്രസിഡന്റ്

**ഫാ. തോമസ് വെട്ടിക്കാലായിൽ** OFM. Cap.
SFO അതിരൂപതാ Spiritual Assistant

## കുന്നന്താനം സെഹിയോൻ ധ്യാനകേന്ദ്രത്തിലെ നവംബർ മാസത്തിലെ പ്രോഗ്രാം

| | | |
|---|---|---|
| നവംബർ | 12-14 | വിവാഹ ഒരുക്ക ധ്യാനം |
| | 14 | നിശാരാധന (6 p.m. - 10 p.m.) |
| | 15 | അഖണ്ഡ ജപമാല (10 a.m. - 2 p.m.) |
| | 19-21 | വിവാഹ ഒരുക്ക ധ്യാനം |
| | 22 | ജാഗരണപ്രാർത്ഥന |
| | 23-27 | വിശ്വാസാനുഭവധ്യാനം (വെള്ളി 5 p.m. - ചൊവ്വ 2 p.m.) |
| | 30-2 | അൾത്താരബാലന്മാരുടെ ക്യാമ്പ് |

**ഫാ. മാത്യു താന്നിയത്ത്,**
*ഡയറക്ടർ*, 9446903631

ഈശോമിശിഹായിൽ സ്നേഹമുള്ളവരേ,

കെ.സി.എസ്.എൽ. കുടുംബത്തിൽനിന്നും പ്രാർത്ഥനാശംസകൾ. നമ്മുടെ സഖ്യത്തിന്റെ പ്രവർത്തനങ്ങൾ സ്കൂളുകളിൽ സജീവമായി നടക്കുന്നു എന്നു കരുതുന്നു. പരീക്ഷകൾക്കായി ഏവരും ഗൗരവമായി ഒരുങ്ങുന്ന തിരക്കിൽ വിദ്യാലയങ്ങളുടേയും, കുടുംബങ്ങളുടേയും, സമൂഹത്തിന്റേയും ഉന്നമനം ലക്ഷ്യം വയ്ക്കുന്ന കെ.സി.എസ്.എൽ. സംഘടനയുടെ വിശേഷങ്ങൾ അറിയിക്കുന്നു.

2018 ഒക്ടോബർ മാസത്തിൽ രണ്ട് ക്യാമ്പുകളാണ് നമ്മൾ ക്രമീകരിച്ചത്. 12,13,14 തീയതികളിൽ നടത്തപ്പെട്ട മണിമല, നെടുങ്കുന്നം, കുറുമ്പനാടം സോണൽ ക്യാമ്പിൽ 75 കുട്ടികൾ പങ്കെടുത്തു. കോർപ്പറേറ്റ് മാനേജറായ ബഹു. മനോജ് കറുകയിലച്ചൻ ക്യാമ്പ് ഉദ്ഘാടനം നിർവ്വഹിച്ചു. 17,18,19 തീയതികളിൽ ഹയർ സെക്കണ്ടറി വിഭാഗത്തിലെ കുട്ടികൾക്കായി നടത്തപ്പെട്ട ക്യാമ്പ് അഭിവന്ദ്യ മാർ തറയിൽ പിതാവ് ഉദ്ഘാടനം ചെയ്തു. ഈ ക്യാമ്പിൽ പങ്കെടുത്ത 52 കുട്ടികളും വ്യത്യസ്തവും വളർച്ചാപരവുമായ അനുഭവങ്ങളുമായാണ് പോകുന്നതെന്ന് സാക്ഷ്യപ്പെടുത്തുകയുണ്ടായി. കൂടാതെ, 12-ാം തീയതി ജീസസ് കിഡ്സിന്റെ നെടുംകുന്നം സോണൽ കൺവൻഷൻ നെടുംകുന്നം ഫൊറോനാ പള്ളിയിൽവച്ച് നടത്തപ്പെട്ടു. സി. ജെയ്സിലി നയിച്ച കൺവൻഷനിൽ 152 കുട്ടികൾ പങ്കെടുക്കുകയുണ്ടായി. ജീസസ് കിഡ്സിന്റെ ചങ്ങനാശ്ശേരി സോണൽ കൺവൻഷൻ 25-ാം തീയതി പാറേൽ പള്ളിയിൽവച്ച് നടത്തപ്പെടുകയുണ്ടായി. വികാരി ജനറാൾ ബഹു. പാടിയത്ത് അച്ചൻ ഉദ്ഘാടനം ചെയ്ത കൺവൻഷനിൽ 170 കുട്ടികൾ പങ്കെടുത്തു. സി. ജെയ്സിലി ക്ലാസ്സ് നയിച്ചു.

നവംബർ മാസത്തിലെ പരിപാടികളിൽ 27-ാം തീയതി ധന്യൻ മാർ കുര്യാളശ്ശേരി ക്വിസ്സ് മത്സരം വാഴപ്പള്ളി സെന്റ് തെരേസാസ് എച്ച്.എസ്.എസ്സിലും 24-ാം തീയതി അഖില കേരള ചാവറ പ്രസംഗമത്സരം ചങ്ങനാശ്ശേരി സെന്റ് ജോസഫ്സ് എച്ച്. എസ്. എസ്സിലും വച്ച് നടത്തപ്പെടുന്നതായിരിക്കും. പ്രസംഗമത്സരത്തിന്റെ വിഷയം ചുവടെ കൊടുത്തിരിക്കുന്ന വിഷയങ്ങളിൽനിന്നും മത്സരത്തിനു അഞ്ച് മിനിറ്റ് മുമ്പേ നൽകുന്നതായിരിക്കും.

1. വി. ചാവറയച്ചന്റെ ജീവിതവുമായി ബന്ധപ്പെട്ടവ
2. ക്രൈസ്തവ മൂല്യങ്ങളെ പ്രതിപാദിക്കുന്നവ
3. വിദ്യാഭ്യാസമേഖലയിൽ പ്രസക്തിയുള്ളവ
4. ആനുകാലിക പ്രാധാന്യമുള്ളവ

നടത്തപ്പെടാനിരിക്കുന്ന മറ്റു പരിപാടികളുടെ വിശദവിവരങ്ങൾ സ്കൂളുകൾവഴി അറിയിക്കുന്നതായിരിക്കും. ആരാധനാവത്സരത്തിന്റെ അവസാനകാലത്തേക്കു പ്രവേശിക്കുന്ന അവസരത്തിൽ ദൈവത്തോടും, മാതാപിതാക്കന്മാരോടും, ഗുരുക്കന്മാരോടും കൃതജ്ഞതാപൂർണ്ണരായി വർത്തിക്കുവാൻ ഏവർക്കും സാധിക്കട്ടെ എന്ന് ആശംസിക്കുന്നു.

ഈശോമിശിഹായിൽ സ്നേഹപൂർവ്വം,

**ഫാ. ലൈജു കണിച്ചേരിൽ**
(അസി. ഡയറക്ടർ)

**ഫാ. മാത്യു വാരുവേലിൽ**
(ഡയറക്ടർ)

# മദ്യമയക്കുമരുന്ന് ആസക്തിക്ക് സൗജന്യനിരക്കിൽ ഹോമിയോ ചികിത്സാ സംവിധാനം.

സ്നേഹ ബഹു. അച്ചാ/സിസ്റ്റർ/സഹോദരരെ

നമ്മുടെ സമൂഹത്തിൽ ലഹരി വസ്തുക്കൾക്ക് അടിമകൾ ആകുന്ന രീതി വർദ്ധിച്ച് വരികയാണല്ലോ, ഈ അവസരത്തിൽ ലഹരി വസ്തുക്കൾക്ക് എതിരായ ബോധവത്ക്കരണ പ്രവർത്തനങ്ങൾ നടത്തുവാൻ ശ്രദ്ധിക്കുമല്ലോ. കൂട്ടായ ശ്രമത്തിലൂടെ നമുക്ക് ലഹരിക്കെതിരെ പ്രവർത്തിക്കാൻ കഴിയണം.

ആത്മതാകേന്ദ്രം കഴിഞ്ഞ 10 വർഷത്തിൽ അധികമായി വളരെ മാതൃകാപരവും പാർശ്വഫലങ്ങൾ ഇല്ലാത്തതുമായ ലഹരിക്കെതിരായ ഹോമിയോ ചികിത്സ നടത്തിവരുന്ന കാര്യം അറിവുള്ളതാണല്ലോ. അച്ചൻ/സിസറ്റർ പ്രത്യേക ശ്രദ്ധയെടുത്ത് താഴെപ്പറയുന്ന സ്ഥലങ്ങളിൽ വച്ച് വിദഗ്ധരായ ഡോക്ടർമാരുടെ നേതൃത്വത്തിൽ നടത്തുന്ന ചികിത്സയിൽ നിന്ന് ഫലം എടുക്കാൻ ആളുകൾക്ക് ബോധനം നല്കി സഹായിക്കണമെ. മദ്യമയക്കുമരുന്ന് ആസക്തിക്കും മറ്റ് ഇതര രോഗങ്ങൾക്കും ടി കേന്ദ്രങ്ങളിൽ സൗജന്യനിരക്കിലാണ് മരുന്ന് ലഭിക്കുന്നത് എന്ന വിവരവും പാർശ്വഫലങ്ങൾ ഇല്ലാ എന്ന കാര്യവും ഇടവക ജനത്തെ ബോധിപ്പിച്ച് ചികിത്സയിലൂടെ ഫലം എടുക്കാൻ വേണ്ടതു ചെയ്യണമെ.

## സപ്പോർട്ട് എ ചൈൽഡ് പദ്ധതി.

2004 - ൽ ആത്മതാകേന്ദ്രം ആരംഭിച്ച നിത്യരോഗികളുടെ മക്കളുടെ പഠനത്തിനും പോഷകാഹാരത്തിനും സഹായിക്കുന്ന സപ്പോർട്ട് എ ചൈൽഡ് പദ്ധതിയിൽ എച്ച്.ഐ.വി അണുബാധിതരായ കുട്ടികൾ/അണുബാധിതരായവരുടെ മക്കൾ/മാനസിക വൈകല്യമുള്ളവരുടെ കുട്ടികൾ /ക്യാൻസർ ബാധിത കുട്ടികൾ/ക്യാൻസർ ബാധിതരുടെ കുട്ടികൾ എന്നിവർക്ക് ദിവസങ്ങൾ കഴിയുന്തോറും കൂടുതൽ സഹായം ആവശ്യമായി വരുന്നു. സഹായത്തിനായി നിരവധി ആളുകൾ ആത്മതാകേന്ദ്രം ഓഫീസിൽ വന്ന് അപേക്ഷിച്ചു കൊണ്ടിരിക്കുകയുമാണ്. ഇപ്പോൾ ചങ്ങനാശ്ശേരി, പത്തനംതിട്ട എന്നിവിടങ്ങളിലെ സപ്പോർട്ട് എ ചൈൽഡ് പദ്ധതി സമ്മേളനത്തിലൂടെ പ്രതിമാസം 80,000/-ൽ അധികം രൂപാ സഹായമായി നല്കി വരുന്നു. എന്നാൽ പുതിയ ധാരളം അപേക്ഷകരെ സഹായിക്കാൻ നമുക്ക് സാധിക്കുന്നില്ല ആയതിനാൽ സുമനസ്സുകളുടെ സഹായം അപേക്ഷിക്കുന്നു. ആത്മതാകേന്ദ്രത്തിൽ നല്കുന്ന സംഭാവനയ്ക്ക് 80 G (vi) പ്രകാരം ആനുകൂല്യം ലഭിയ്ക്കുന്നതാണ് സമ്പത്തികമായി സഹായിക്കാൻ കഴിവുള്ളവർ സഹായിക്കാൻ ശ്രദ്ധിക്കണമെ. കഴിഞ്ഞമാസം പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, കൊല്ലം ജില്ലകളിൽ നിന്നായി 60 പേർക്ക് 89000/- രൂപയുടെ സഹായവും, ന്യൂട്രീഷ്യൻ കിറ്റും വിതരണം ചെയ്തു.

## ലഹരി വിമുക്ത വിശുദ്ധീകരണ ധ്യാനം

ലഹരി വിമുക്തി ആഗ്രഹിക്കുന്നവർക്ക് പ്രാർത്ഥനയിലുടെയും ധ്യാനത്തിലൂടെയും വിമുക്തിയുടെ മാർഗ്ഗം തുറക്കാൻ കുന്നന്താനം പ്രൊവിഡൻസ്

റിന്യൂവൽ സെന്ററിൽ ഫാ. തോമസ് കൊച്ചുള്ളേച്ചംകളത്തിന്റെ നേതൃത്വത്തിൽ എല്ലാ മാസവും ലഹരിവിമുക്ത കുടംബവിശുദ്ധീകരണ ധ്യാനം നടത്തുന്നു. സൗജന്യമായി നടത്തുന്ന ഈ ധ്യാനത്തിൽ ശാസ്ത്രവേദി ചെയർമാൻ ഡോ. പരമേശ്വരക്കുറുപ്പ്, മൾട്ടി സ്പെഷ്യാലിറ്റി ഹോമിയോ ഹോസപിറ്റൽ എം.ഡി. ഡോ. എസ്.ജി. ബിജു എന്നിവർ സൗജന്യമായി ഹോമിയോ മരുന്ന് നല്കി വരുന്നു. അടുത്ത **ലഹരി വിമുക്ത വിശുദ്ധീകരണ ധ്യനം 2018 നവംബർ 22 മുതൽ നവംബർ 25** വരെ ദിവസങ്ങളിൽ, കുന്നന്താനം പ്രൊവിഡൻസ് റിന്യുവൽ സെന്ററിൽ വച്ച് നടത്തുന്നു. വ്യാഴാഴ്ച വൈകുന്നേരം 4 മണിക്ക് ആരംഭിച്ച് ഞായറാഴ്ച വൈകുന്നേരം 5 മണിക്ക് സമാപിക്കുന്നു. മേൽവിലാസവും, ഫോൺ നമ്പരും താഴെ ചേർക്കുന്നു.

## ലഹരിക്കെതിരെ ബോധനം

ആത്മതായുടെ ആഭിമുഖ്യത്തിൽ ദീപിക ഫ്രണ്ട്സ് ക്ലാസ് തൃക്കൊടിത്താനം ഫോറോന സമിതിയുമായി സഹകരിച്ച് പായിപ്പാട് സെന്റ് ജോസഫ്സ്, തൃക്കൊടിത്താനം ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂൾ എന്നിവിടങ്ങളിൽ ബോധവൽക്കരണ ക്ലാസ്സുകൾ നടത്തുകയുണ്ടായി.

പ്രൊവിഡൻസ് റിന്യുവൽ സെന്റർ, കുന്നന്താനം, തിരുവല്ല,
ഫോൺ നമ്പർ : 0469 2693413, 2690414, 9495193406

**ഫാ. ജോസ് പുത്തൻചിറ**
*ഡയറക്ടർ*

NB. ഇടവക തലത്തിലും, വാർഡുതലത്തിലും സംഘടനാ തലത്തിലും, ലഹരി ബോധവത്ക്കരണ ക്ലാസ്സുകൾ, കൺവെൻഷൻ എന്നിവ ക്രമീകരിക്കുന്നതിന് ആത്മതാകേന്ദ്രവുമായി ബന്ധപ്പെടുക.
**ഫോൺ നമ്പർ : 0481 2411819 / 9497325685**


# Priestly Ordination & Holy Qurbana



**Dn Joseph Parathanam** (Josephkutty)
Mob. 9496628740
17th November 2018 Saturday 2:15 p.m.,
Little Flower Church, Madappally



സ്നേഹം നിറഞ്ഞവരേ,

അസംഘടിത തൊഴിലാളികളുടെ സമാഗമവും സുസ്ഥിരവുമായ വികസനം ലക്ഷ്യം വച്ചുകൊണ്ടുള്ള നമ്മുടെ യാത്ര ഏറെ നന്നായി മുന്നേറുന്നതിൽ ദൈവത്തിന് നന്ദി പറയാം. ഈ നാളുകളിലൊക്കെ ഒത്തൊരുമയോടെ പ്രവർത്തിച്ചതിന്റെ വലിയ നന്മകൾ നാം കണ്ടുകഴിഞ്ഞു. ഇനിയും ഏറെ സഞ്ചരിക്കാനുണ്ട് രക്ഷകനായ ഈശോയിൽ ആശ്രയം അർപ്പിച്ചും തൊഴിലാളികളുടെ മദ്ധ്യസ്ഥനായ വി. യൗസേപ്പ് പിതാവിന്റെ മദ്ധ്യസ്ഥം യാചിച്ചും അനുദിനം മുന്നേറാം..

**ഫാ. ജോസ് പുത്തൻചിറ** (ഡയറക്ടർ)

## യൂണിറ്റ് തല സന്ദർശനം

പുഴവാത്, വേരൂർ, ചീരംചിറ, പറേൽ, കൈനടി, കാവാലം നോർത്ത്, ഇരവുചിറ, കരിമ്പനക്കുളം, കരിക്കാട്ടൂർ, വള്ളംചിറ, മണിമല, കടയിനിക്കാട്, തുരുത്തി, കുറിച്ചി, കുറുമ്പനാടം അസംപഷൻ, പയറ്റുപാക്ക, കുമരകം, പൊടിപ്പാറ, കുന്നങ്കരി, വില്ലൂന്നി, കുടമാളൂർ, ആർപ്പൂക്കര, മണ്ണാർകുന്ന്, പാറമ്പുഴ, പുളിങ്കുന്ന്, പുന്നക്കുന്നം, മങ്കൊമ്പ്, എന്നീ യുണിറ്റുകൾ സന്ദർശിക്കുകയും വിലയിരുത്തുകയും ആവശ്യമായ നിർദ്ദേശങ്ങൾ പങ്കുവയ്ക്കുകയും ചെയ്തു.

## ആദരാഞ്ജലികൾ

ചാഞ്ഞോടി യൂണിറ്റിലെ സെന്റ് ഫ്രാൻസീസ് അസീസി സംഘത്തിലെ എം.റ്റി. വർഗീസ് മതുപുറം, 7.10.18 ൽ നിര്യാതനായി, കോട്ടാങ്ങൽ യൂണിറ്റിലെ ചാവറ സംഘത്തിലെ ഇ.വി. വർഗീസ് ഇലവുങ്കൽ 11.10.18 –ൽ നിര്യാതനായി. പരേതരുടെ ആത്മശാന്തിയ്ക്കായി പ്രാർത്ഥിക്കാം. കെ.എൽ.എം കുടുംബത്തിന്റെ അനുശോചനവും പ്രാർത്ഥനയും നേരുന്നു.

## മരണാനന്തര സഹായനിധി.

കുമരകം നവനസ്രത്ത് ഇടവകയിൽ സെന്റ് ജോർജ്ജ് സംഘത്തിൽ അംഗമായിരുന്ന വി.റ്റി. വർഗീസ് വല്യാറയുടെ കുടുംബത്തിനും (14.10.2018) കുറിച്ചി ശാന്തിഗിരി സംഘത്തിലെ അംഗമായിരുന്ന ഷാജി ഫിലിപ്പ് മമ്പലത്തിന്റെ കുടുംബത്തിനും (16.10.18) മരണാനന്തര സഹായനിധി ആയ 1,12,500 രൂപാ കൈമാറി.

## നേതൃസംഗമം.

കെ.സി.ബി.സി. ലേബർ കമ്മീഷന്റെ ആഭിമുഖ്യത്തിൽ സെപ്റ്റംബർ 20,21 തീയതികളിൽ പി.ഒ.സി യിൽ വച്ച നടത്തപ്പെട്ട നേതൃസംഗമത്തിൽ പി.സി. കുഞ്ഞച്ചൻ, ജോജൻ നാലുകോടി, ബിനു കടുവാക്കുളം എന്നിവർ സംബന്ധിച്ചു.

## വർക്കേഴ്സ് ഇൻഡ്യ ഫെഡറേഷൻ സമ്മേളനം.

കെ.സി.ബി.സി ലേബർ കമ്മീഷന്റെ ആഭിമുഖ്യത്തിൽ ഓക്ടോബർ 13.14 തീയതികളിൽ പി.ഒ.സി യിൽ വച്ചുനടത്തപ്പെട്ട വർക്കേഴ്സ് ഇൻഡ്യ ഫെഡറേഷൻ സമ്മേളനത്തിൽ ശ്രീമതി. മിനി വടക്കേക്കര, ശ്രീ. സണ്ണി അഞ്ചിൻ പുളിങ്കുന്ന്, ശ്രീ. ജോളി വെളിയനാട് എന്നിവർ സംസാരിച്ചു.

# കെയർ ഹോംസ് ഫെല്ലോഷിപ്പ് (CFCA), മാർ കാവുകാട്ട് പാലിയേറ്റീവ് & ഹെൽത്ത് കെയർ

ചങ്ങനാശേരി അതിരൂപതാതിർത്തിയിൽ അതിരൂപതയുടെ നേരിട്ടും, സന്ന്യസ്ത-അൽമായ നേതൃത്വങ്ങളിലും പ്രവർത്തിക്കുന്ന കെയർ ഹോമുകളുടെ അതിരൂപതാതല കൂട്ടായ്മയായ കെയർ ഹോം ഫെല്ലോഷിപ്പ് (CFCA) ന്റെയും മാർ തോമസ് തറയിൽ പിതാവിന്റെ മെത്രാഭിഷേക സ്മാരകമായി തുടക്കം കുറിച്ച മാർ കാവുകാട്ട് മെമ്മോറിയൽ പാലിയേറ്റീവ് & ഹെൽത്ത് കെയറിന്റെയും 2018 ഒക്ടോബർ മാസത്തെ പ്രവർത്തനങ്ങളുടെ സംക്ഷിപ്ത റിപ്പോർട്ടും വരും മാസങ്ങളിലെ പ്രധാന പരിപാടികളും.

## 1. കെയർ ഹോമുകളുടെയും റജിസ്റ്റേർഡ് NGO's ന്റെയും സംഗമവും ക്ലാസ്സും

ചങ്ങനാശ്ശേരി അതിരൂപതയുടെ കീഴിൽ വരുന്ന കെയർ ഹോമുകളുടെയും റജിസ്റ്റേർഡ് NGO's ന്റെയും സൊസൈറ്റികളുടെയും സംഗമവും, കണക്കുകൾ കൈകാര്യം ചെയ്യുന്നതും ഓഡിറ്റിംഗുമായി ബന്ധപ്പെട്ട പഠനക്ലാസ്സും 2018 ഒക്ടോബർ 6 ശനിയാഴ്ച എസ്.ബി. കോളജിലെ പടിയറ ഹാളിൽവെച്ച് നടന്നു. ചങ്ങനാശ്ശേരി അതിരൂപത പ്രൊക്യുറേറ്റർ റവ. ഫാ. ഫിലിപ്പ് തയ്യിൽ ഉദ്ഘാടനം ചെയ്ത സമ്മേളനത്തിൽ പ്രിൻസിപ്പൽ റവ. ഫാ. ജോൺ മുള്ളൻപാറയ്ക്കൽ, റവ. ഫാ. സോണി മുണ്ടുനടയ്ക്കൽ തുടങ്ങിയവർ പങ്കെടുത്തു. ചാർട്ടേർഡ് അക്കൗണ്ടന്റ് ശ്രീ. ടോണി സി. കല്ലുകളം ക്ലാസ്സ് നയിച്ചു. 60ൽ പരം സ്ഥാപനങ്ങളിൽ നിന്നുള്ള പ്രതിനിധികൾ സജീവമായി പങ്കെടുക്കുകയും ചർച്ചകളിൽ പങ്കെടുക്കുകയും ചെയ്തു. സി. പ്രശാന്തി സി.എം.സി., സി. ലിറ്റിൽ തെരേസ് എസ്. ഡി., സി. ഫ്ളവർ ജോസ് എസ്.എച്ച്., ശ്രീ. റോസിൻ റോയി തുടങ്ങിയവർ വിവിധ പരിപാടികൾക്ക് നേതൃത്വം നൽകി.

## 2. ലോക സാന്ത്വന പരിചരണ ദിനാചരണം

മാർ കാവുകാട്ട് പാലിയേറ്റീവ് & ഫാമിലി ഹെൽത്ത് കെയറിന്റെയും ചെത്തിപ്പുഴ സെന്റ് തോമസ് ഹോസ്പിറ്റലിന്റെയും സംയുക്താഭിമുഖ്യത്തിൽ ഒക്ടോബർ 13 ശനിയാഴ്ച ലോക സാന്ത്വന പരിചരണ ദിനാചരണം ചെത്തിപ്പുഴ ഹോസ്പിറ്റലിൽ വെച്ച് രാവിലെ 10 മണി മുതൽ 1 മണിവരെ നടന്നു. അതിരൂപതാ സഹായമെത്രാൻ മാർ തോമസ് തറയിൽ ഉദ്ഘാടനം ചെയ്ത സമ്മേളനത്തിൽ ഹോസ്പിറ്റൽ ഡയറക്ടർ റവ. ഫാ. തോമസ് മംഗലത്ത് അദ്ധ്യക്ഷത വഹിച്ചു. കെയർ ഹോം ഡയറക്ടർ റവ. ഫാ. സോണി മുണ്ടുനടയ്ക്കൽ സ്വാഗതവും വാഴപ്പള്ളി പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. വർഗീസ് ആന്റണി, ഫാ. ജെയിംസ് കുന്നത്ത്, ഡോ. സി. വിജയാ പുതുശ്ശേരിൽ എം.എം.എസ്. തുടങ്ങിയവർ ആശംസയും അർപ്പിച്ചു. രാവിലെ 10 മണിക്ക് ഡോ. ബോബൻ ജോസഫ് പാലിയേറ്റീവ് പ്രവർത്തനങ്ങളെക്കുറിച്ച് ക്ലാസ് നയിച്ചു. പാലിയേറ്റീവ് ദിനാചരണത്തിന്റെ പ്രതീകാത്മകമായി അഭി. പിതാവും സമ്മേളനാംഗങ്ങളും പിങ്ക് ബലൂൺ പറത്തി ഐക്യദാർഢ്യം പ്രകടിപ്പിച്ചു. പാലിയേറ്റീവ് ദിനാചരണ പ്രതിജ്ഞ ഡോ. വിജയാ പുതുശ്ശേരിൽ ചൊല്ലിക്കൊടുത്തു. അതിരൂപതയിലെ 55 ഓളം ഇടവകകളിൽനിന്നുള്ള പ്രതിനിധികൾ സമ്മേളനത്തിൽ പങ്കെടുത്തു. ഇടവകൾക്കുള്ള പാലിയേറ്റീവ് കെയർ കിറ്റിന്റെ വിതരണവും ഇതോടൊപ്പം നടന്നു. ഫാ. തോമസ് പുതിയിടം, എം.ജെ. അപ്രേം, പോൾ മാത്യു, റോബിൻ റോയ് തുടങ്ങിയവർ വിവിധ പരിപാടികൾക്ക് നേതൃത്വം നൽകി. സെന്റ് തോമസ് നഴ്സിംഗ് കോള

ജിലെ കുട്ടികളുടെ സ്കിറ്റും അനുബന്ധ ക്രമീകരണങ്ങളും ഏറെ ഹൃദ്യമായിരുന്നു. ഉച്ചഭക്ഷണത്തോടെ 2 മണിക്ക് പരിപാടികൾ സമാപിച്ചു.

## നൂറ് ഇടവകകളിൽ പാലിയേറ്റീവ് സെന്റർ ലക്ഷ്യം-മാർ തോമസ് തറയിൽ

ചങ്ങനാശ്ശേരി അതിരൂപതയിലെ 100 ഇടവകകളിൽ അടുത്ത ഒരു വർഷത്തിനുള്ളിൽ സജീവമായ പാലിയേറ്റിവ് കെയർ യൂണിറ്റുകൾ സ്ഥാപിക്കാൻ പരിശ്രമിക്കണമെന്ന് അഭിവന്ദ്യ മാർ തോമസ് തറയിൽ. സുവിശേഷ ചൈതന്യം പകർന്നു നൽകുന്ന കാരുണ്യത്തിന്റെ സന്ദേശവാഹകരാകാനുള്ള ശുശ്രൂഷയാണ് പാലിയേറ്റീവ് കെയർ. മാർ തോമസ് തറയിൽ പിതാവിന്റെ മെത്രാഭിഷേക സമ്മാനമായി 2017-ൽ തുടക്കം കുറിച്ച സംവിധാനമാണ് മാർ കാവുകാട്ട് പാലിയേറ്റീവ് ആൻഡ് ഹെൽത്ത് കെയർ.

## സാന്ത്വനദിനാചരണം - മുഹമ്മ കെ.ഇ. കാർമ്മൽ സ്കൂളിൽ

മാർ കാവുകാട്ട് പാലിയേറ്റീവ് കെയറിന്റെയും, മുഹമ്മ കെ.ഇ. കാർമ്മൽ സ്കൂളിന്റെയും സംയുക്താഭിമുഖ്യത്തിൽ പുതുതലമുറയ്ക്ക് സാന്ത്വനപരിചരണ സന്ദേശം നൽകുക എന്ന ലക്ഷ്യവുമായി ഒക്ടോബർ 12-ാം തീയതി വെള്ളിയാഴ്ച മീറ്റിംഗും പ്രതിജ്ഞയും സംഘടിപ്പിച്ചു. സ്കൂൾ പ്രിൻസിപ്പൽ ഡോ. മാത്യു തെങ്ങുംപള്ളി, അദ്ധ്യാപകർ, വിദ്യാർത്ഥികൾ തുടങ്ങിയവർ വിവിധ പരിപാടികൾക്ക് നേതൃത്വം നൽകി. പാലിയേറ്റീവ് അതിരൂപത ഡയറക്ടർ റവ. ഫാ. സോണി മുണ്ടുനടയ്ക്കൽ പ്രതിജ്ഞ ചൊല്ലിക്കൊടുത്ത് പാലിയേറ്റീവ് ദിനാചരണ സന്ദേശം നൽകി.

## പാലിയേറ്റീവ് ദിനാചരണം-അമലഗിരി ബി.കെ. കോളജിൽ

യുജനങ്ങളിലേയ്ക്ക് പാലിയേറ്റീവ് ദിനാചരണ സന്ദേശം നൽകുക എന്ന ലക്ഷ്യവുമായി അമലഗിരി ബി.കെ. കോളജിൽ വച്ച് സാന്ത്വന ദിനാചരണം നടത്തി. ജില്ലാകളക്ടർ ശ്രീ. ബി.എസ്. തിരുമേനി, റവ. സി. റോസ് കേയ്റ്റ് എസ്.എ.ബി.എസ്., പ്രിൻസിപ്പൽ ഡോ. ലീനാ പാലിയേറ്റീവ് ഡയറക്ടർ റവ. ഫാ. സോണി മുണ്ടുനടയ്ക്കൽ തുടങ്ങിയവർ പ്രസംഗിച്ചു. കോളജിലെ ഇംഗ്ലീഷ് വിഭാഗം മേധാവി ശ്രീ. രേഖ, അദ്ധ്യാപകർ, കുട്ടികൾ തുടങ്ങിയവരുടെ നേതൃത്വത്തിൽ നാൽപ്പാത്തിമല ഇടവകയിലെ പാലിയേറ്റീവ് കെയർ അംഗങ്ങളുടെ സഹായത്തോടെ ഹോം കെയർ നടത്തി.

## ഇടവകതല സാന്ത്വനദിനാചരണം

അതിരൂപതയിലെ വിവിധ ഇടവകകളിലും സംഘടനാതലത്തിലും പാലിയേറ്റീവ് ദിനാചരണം സംഘടിപ്പിച്ചു. നാൽപാത്തിമല ഇടവകയിൽ ജെ.സി.ഐ. യുടെ സഹകരണത്തോടെ സർജിക്കൽ ഉപകരണങ്ങളുടെ വിതരണവും ഭവന സന്ദർശനവും സംഘടിപ്പിച്ചു. പാലിയേറ്റീവ് പ്രവർത്തകർ, ഇടവകവികാരിമാർ സിസ്റ്റേഴ്സ് തുടങ്ങിയവർ വിവിധ പരിപാടികൾക്ക് നേതൃത്വം നൽകി.

## കുട്ടനാടിന് സഹായവുമായി വാട്ടർ പ്യൂരിഫയർ

മാർ കാവുകാട്ട് പാലിയേറ്റീവ് & ഫാമിലി ഹെൽത്ത് കെയറിന്റെ നേതൃത്വത്തിൽ സെന്റ് ക്രിസോസ്റ്റം സ്കൂൾ തിരുവനന്തപുരത്തിന്റെ സഹകരണത്തോടെ 1150 രൂപ വിലമതിക്കുന്ന 60 വാട്ടർ പ്യൂരിഫയർ കുട്ടനാട്ടിലെ 12 ഇടവകൾക്ക് സൗജന്യമായി നൽകി. റേഡിയോമീഡിയാ വില്ലേജിൽ വച്ച് നടന്ന വിതരണോത്ഘാടനം ശ്രീ. ജോസ് കെ. മാണി എം. പി. നിർവ്വഹിച്ചു.

## കുട്ടനാടിന്റെ നവസൃഷ്ടി കൃതജ്ഞതാ സമർപ്പണവും വികസന ശില്പശാലയും

2018 ഒക്ടോബർ 19 വെള്ളളിയാഴ്ച നടന്ന ചങ്ങനാശ്ശേരി അതിരൂപത കുട്ട

നാടിന്റെ നവസൃഷ്ടി-കൃതജ്ഞതാ സമർപ്പണവും വികസന ശില്പശാലയും പരിപാടിയിൽ പാലിയേറ്റീവ് കെയർ, കെയർ ഹോം അതിരൂപതാതല എക്സി ക്യൂട്ടീവ് അംഗങ്ങൾ സജീവമായി പങ്കെടുത്തു.

**പ്രതീക്ഷ - HWRC ഓഫീസ് ആശീർവ്വാദം**

ഹാൻസി ക്യാപ്ഡ് വെൽഫെയർ റിഹാബിലിറ്റേഷൻ ആൻഡ് ചാരിറ്റബിൾ ട്രസ്റ്റ് (HWRC) – പ്രതീക്ഷ, പുതിയ ഓഫീസ് ആശീർവ്വാദം 2018 ഒക്ടോബർ 23 ചൊവ്വാഴ്ച ഉച്ചകഴിഞ്ഞ് 3 മണിക്ക് ചങ്ങനാശ്ശേരി അതിരൂപത മെത്രാപ്പോലീത്താ മാർ ജോസഫ് പെരുന്തോട്ടം നിർവ്വഹിച്ചു. ചങ്ങനാശ്ശേരി വാഴപ്പള്ളി വില്ലേജ് ഓഫീസിന് സമീപം കയ്യാലപറമ്പിൽ ബിൽഡിംഗിൽ പ്രവർത്തിക്കുന്ന ഓഫീ സിൽ നിന്ന് ഭിന്നശേഷിയുള്ളവർക്കായുള്ള നിരവധി സേവനങ്ങൾ ലഭ്യമാണ്.

***കൂടുതൽ വിവരങ്ങൾക്ക് :***

**ബെന്നിച്ചൻ ലൂക്കോസ്** Mob : **9947112072**

**പാലിയേറ്റീവ് സഹായസംവിധാനം - പങ്കുവയ്ക്കാൻ ക്രമീകരണം**

പാലിയേറ്റീവ് ആവശ്യങ്ങൾക്ക് ഉപയോഗിക്കാൻ സാധിക്കുന്ന വീൽചെയർ, വാട്ടർബെഡ്, എയർബെഡ്, വോക്കർ തുടങ്ങി എല്ലാവിധ സംവിധാനങ്ങളും പഴയതോ, പുതിയതോ ഉപയോഗ്യമായത് ഉണ്ടെങ്കിൽ മറ്റൊരാൾക്ക് ഉപയോ ഗിക്കാൻ സാധിക്കുന്ന തരത്തിൽ ക്രമീകരിക്കുവാൻ സാധിക്കും. ഇടവക, ഫൊറോന, രൂപതാതലത്തിൽ ഇതിന്റെ ഇടവക ക്രമീകരണങ്ങൾ നടത്തിവരി കയാണ്. ഇത്തരം സാധനങ്ങൾ കൊടുക്കാൻ താൽപര്യമുള്ളവരോ, ആവശ്യ മുള്ളവരോ അതിരൂപത ഹെൽപ് ലൈനുമായി ബന്ധപ്പെടേണ്ടതാണ്.

**Mob : 9946000599**

സ്നേഹത്തോടെ,

**ഫാ. സോണി മുണ്ടുനടയ്ക്കൽ** (ഡയറക്ടർ)

## ആറാമയ പഞ്ചവത്സര താപസ്സിക പഠനം

ആറാമയ ഭാഷാപഠനം, നമ്മുടെ വിശ്വാസ പഠനം തന്നെയാണ്. ഭാഷ പഠിക്കുവാനുള്ള ശൈലിയേക്കാൾ ആദിമപള്ളിയുടെ വിശ്വാസം പഠിക്കുവാ നാണ് നാം ആറാമയാ/സുറിയാനി ഭാഷ പഠിക്കുന്നത്. ഉപവാസവും പ്രാർത്ഥനയും പഠനവും അദ്ധ്വാനവും ഒപ്പം ക്രിയാത്മകമായ വിമർശന വും ആറാമയാ പഠനത്തിനും വിവർത്തനത്തിനും ആവശ്യമുള്ള ശൈലി കളാകയാൽ ദയ്റായിൽ താമസിച്ചുള്ള പരിശീലനം അഭികാമ്യമാണ്. ബഹളഭാവങ്ങളില്ലാതെ, ശാന്തതയിൽ, അദ്ധ്വാനത്തിൽ, സസ്യാഹാരത്തിൽ, പഠനത്തിൽ, ലാളിത്യത്തിൽ, യാമശുശ്രൂഷകളിലൂടെ, ദയ്റായിൽ ജീവിച്ച് കേന്ദ്രീതമായി നടത്തുന്ന താപസിക തീർത്ഥാടനമായ പഞ്ചവത്സര ആറാ മയാ പഠനത്തിലേയ്ക്ക്, ഉത്ഥിതനീശോയിൽ ഏവർക്കും സ്വാഗതം.

**പഠനാരംഭ ദിനം:** സൂബാറാക്കാലം ഒന്നാം ഞായർ 02.12.2018. ജോലിത്തിര ക്കുള്ളവർക്കായി 2–ാം ശനിയാഴ്ച മാത്രമുള്ള ഏകദിന പഠനം 08.12.2018–ൽ ആരംഭിക്കും.

**മാർ സ്ലീവാ ദയ്റാ, സ്ലീവാമല, ഇളംപള്ളി, പയ്യനല്ലൂർ, പത്തനംതിട്ട.**
ഫോൺ: 7907335373/8547437997

പ്രിയ വിൻസെൻഷ്യൻ സഹോദരങ്ങളേ,

''കർത്താവിന്റെ ആത്മാവ് എന്റെമേൽ ഉണ്ട് ദരിദ്രരെ സുവിശേഷം അറിയിക്കാൻ അവിടുന്ന് എന്നെ അഭിഷേകം ചെയ്തിരിക്കുന്നു. ബന്ധിതർക്ക് മോചനവും, അന്ധർക്ക് കാഴ്ചയും അടിച്ചമർത്തപ്പെട്ടവക്ക് സ്വാതന്ത്ര്യവും കർത്താവിന് സ്വീകാര്യമായ വത്സരവും പ്രഖ്യാപിക്കാൻ അവിടുന്ന് എന്നെ അയച്ചിരിക്കുന്നു'' (ലൂക്കാ 4:18-19).

ദരിദ്രരുമായുള്ള വ്യക്തിസമ്പർക്കവും, പങ്കുവയ്ക്കലും അതിനുള്ള ആത്മസമർപ്പണവുമാണ്. സൊസൈറ്റിയുടെ അന്തസത്ത. അടിച്ചമർത്തപ്പെട്ടവരെയും, പാർശ്വവൽക്കരിക്കപ്പട്ടവരെയും, ഈശോയുടെ കരുണാർദ്രമായ സ്നേഹത്തിലൂടെ സുവിശേഷത്തിനു സാക്ഷ്യം വഹിച്ചുകൊണ്ട് സേവിക്കുക എന്ന മഹത്തായ പ്രവർത്തനമാണ് വി. വിൻസെന്റ് ഡി പോളും, ഫ്രഡറിക് ഓസാനാമും നമ്മെ പഠിപ്പിക്കുന്നത്. 1845 ഗ്രിഗറി 16-ാമൻ മാർപ്പാപ്പ നമ്മുടെ സംഘടനയെ കത്തോലിക്കാസഭയിലെ സ്വതന്ത്ര അത്മായ സംഘടനയായി അംഗീകരിച്ചു.

ഈ അവസരത്തിൽ നമ്മുടെ പ്രസിഡന്റ് ജനറൽ റിനാറ്റോ ലിമാ ഡി ഒലിവേറിയ എഴുതിയ കത്തിലെ 2-ാം ഭാഗത്തിന്റെ പ്രസക്ത ഭാഗങ്ങൾ ഇവിടെ ചേർത്തുകൊള്ളട്ടെ. ഇപ്പോൾ 47 വയസ്സുള്ള അദ്ദേഹം തന്റെ 32 വർഷത്തെ പ്രവർത്തന പരിചയത്തിന്റെ ഉൾക്കാഴ്ചയാണ് ഇതിലൂടെ വിവരിക്കുന്നത്. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ വിൻസെന്റ് ഡി പോൾ സംഘടനയിലെ ഏറ്റവും അവിഭാജ്യമായ ഘടകം ഏരിയാ കൗൺസിലാണ് കാരണം കോൺഫറൻസുമായി അടുത്തിടപഴകാൻ സാധിക്കുന്നത് ഏരിയാ കൗൺസിൽ പ്രസിഡന്റുമാർക്കാണ്. അതു കോൺഫ്രൻസുകളുടെ പ്രവർത്തനങ്ങൾക്ക് കൂടുതൽ ഉന്മേഷം നൽകി. സൊസൈറ്റിയെ നേരായ ദിശയിലേക്കു നയിക്കുവാൻ അതു കൂടുതൽ പ്രയോജനം ചെയ്യും.

അദ്ദേഹം തുടർന്നു പറയുന്നു, യാതൊരു കാരണവശാലും ഒരു കോൺഫ്രൻസുകളും പ്രവർത്തനരഹിതമാക്കരുത്. അതിനാവശ്യമായ എല്ലാ ഉപദേശങ്ങളും നൽകുവാനുള്ള ബാധ്യത ഏരിയാ കൗൺസിൽ പ്രസിഡന്റുമാരുടേതാണ്. സ്ഥാപകനേതാവിന്റെ പ്രചോദനങ്ങൾ കോൺഫ്രൻസു പ്രസിഡന്റുമാർക്ക് ലഭിക്കേണ്ടത് അവരിലൂടെയാണ്.

അതുപോലെതന്നെ കോൺഫറൻസ് പ്രസിഡന്റുമാർ തങ്ങളുടെ ഉത്തരവാദിത്വങ്ങൾ കാര്യക്രമമായ പ്രവർത്തനത്തിലൂടെ എല്ലാ അംഗങ്ങളെയും ഒരേ വഴിയിലൂടെ നടത്തിക്കണം. പ്രസിഡന്റിന്റെ ഉത്തരവാദിത്വപൂർണ്ണമായ ഉപദേശമാണ് കോൺഫ്രൻസുകളെത്തന്നെ നിലനിർത്തുന്നത്. ഒരു കോൺഫ്രൻസ് പ്രസിഡന്റാണ് തന്റെ എല്ലാ അംഗങ്ങളെയും ഒരേരീതിയിൽ കാണുന്നതിനുള്ള ഉപദേശം നൽകേണ്ടത്. ഏതെങ്കിലും പ്രശ്നങ്ങൾ ഉണ്ടായാൽതന്നെ അതിനെ നല്ല രീതിയിലൂടെ ഉപദേശം നൽകി തിരിച്ചുകൊണ്ടുവന്ന് സഭയോടൊത്ത് പ്രവർത്തിക്കുവാൻ ആഹ്വാനം ചെയ്യേണ്ടത് പ്രസിഡന്റിന്റെ ഉത്തരവാദിത്വമാണ്. സഹോദരതുല്യം മറ്റുള്ളവരെ കാണുവാനുള്ള മഹത്തായ ഉപദേശം നൽകുവാനുള്ള പൂർണ്ണ ഉത്തരവാദിത്വവും കോൺഫ്രൻസ് പ്രസിഡന്റിനാണ്. ഒരു ഉത്തരവാദിത്വപൂർണ്ണനായ പ്രസിഡന്റ് മറ്റുള്ളവരെ വിമർശിക്കുകയില്ല, അതുപോലെ മറ്റുള്ളവരുടെ കഴിവില്ലായ്മയെ ഒരു ഉപകരണമാക്കില്ല ആരെയെങ്കിലും ഒഴിവാക്കിക്കൊണ്ടുള്ള പ്രസ്ഥാവന ഒരു കാലത്തും കോൺഫ്രൻസു പ്രസിഡന്റുമാരിൽ ഉണ്ടാകരുത്.

കോൺഫ്രൻസ് പ്രസിഡന്റുമാരും ഏരിയാ കൗൺസിൽ പ്രസിഡന്റുമാരും പരസ്പരം ബന്ധപ്പെട്ട് ആശയവിനിമയം നടത്തണം. പ്രസിഡന്റു ജനറലിന്റെ അഭിപ്രായപ്രകാരം കോൺഫ്രൻസ് പ്രസിഡന്റുമാർ വിനയാന്വിതരും, സൗമ്യ മനോഭാവമുള്ളവരും അനാവശ്യമായ തർക്കങ്ങളിൽ ഏർപ്പെടാത്തവരും, ഹൃദ യത്തിന്റെ ഉള്ളിൽനിന്ന് എല്ലാവരെയും ഒരുപോലെ സ്നേഹിക്കുന്നവരും, വിശ്വസ്ഥതയോടും, കൂദാശകൾ സ്വീകരിക്കുന്നവരും, പ്രാർത്ഥനാമനോഭാവമു ള്ളവരുമായിരിക്കണം. (തുടരും....)

## പ്രോജക്ട്

പ്രളയബാധിത പ്രദേശങ്ങളിലെ ജനങ്ങളെ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള പ്രോജക്ട് തയ്യാറാക്കി സി.സി.യെ ഏൽപ്പിക്കുവാൻ ഏരിയാ കൗൺസിൽ പ്രസിഡന്റുമാർ ശ്രദ്ധിക്കണം. നവംബർ 10 ന് മുമ്പ് അത് സി.സി.യിൽ ഏൽപ്പി ക്കണം. വിശദമായ രൂപരേഖയും ഫോർമാറ്റും വാട്സാപ്പിലൂടെ അയച്ചത് ശ്രദ്ധി ച്ചിരിക്കുമല്ലോ. കൂടാതെ ദുരിതബാധിത പ്രദേശത്തെ ഏരിയാ കൗൺസിൽ പ്രസിഡന്റുമാരെ ടെലിഫോണിലൂടെയും ബന്ധപ്പെട്ടു വിവരങ്ങൾ നൽകിയതി നനുസരിച്ചു പ്രവർത്തിക്കണം. ഓരോ വ്യക്തികളുടെയും അല്ലെങ്കിൽ ഗ്രൂപ്പടി സ്ഥാനത്തിലുമുള്ള പ്രോജക്ടുകൾ ലഭിച്ചാലുടൻ നാഷണൽ കൗൺസിലിലേക്കു തുടർനടപടികൾക്കായി സമർപ്പിക്കും.

## സി.സി.മീറ്റിംഗ്

2-ാ മത്തെ സി.സി. മീറ്റിംഗ് ഡിസംബർ മാസം 2-ാം ശനിയാഴ്ച പതിവുസ മയത്ത് സി.സി. ഓഫീസിൽ കൂടുന്നതായിരിക്കും.

വേളാങ്കണ്ണിയിൽ നടന്ന നാഷണൽ കൗൺസിൽ വാർഷികത്തിൻെറ വിശദ റിപ്പോർട്ട് അടുത്ത ലക്കത്തിൽ പ്രതിപാദിക്കാം. സ്നേഹനിധിയായ ദൈവം നമ്മെ എല്ലാവരെയും സമൃദ്ധമായി അനുഗ്രഹിക്കട്ടെ എന്നു പ്രാർത്ഥിച്ചുകൊണ്ട്

ഈശോയിൽ സ്നേഹത്തോടെ,

**ബ്ര. ആന്റണി തോമസ് കാനാറിക്കാവുങ്കൽ**
സി.സി. പ്രസിഡന്റ്

## ജീവകാരുണ്യനിധി ട്രസ്റ്റ്

JEEVAKARUNYANIDHI TRUST

കളർ എ ഹോം ഭവന നിർമ്മാണ പദ്ധതിയിൽ 2017 ഡിസംബറിൽ ഇടവകകൾ സമാഹരിച്ച തുകയും ഒക്ടോബർ 24-വരെ അതിരൂപതാ കേന്ദ്രത്തിൽ ലഭിച്ച തുകയും (40%) - (തുടർച്ച)

| നം. | ഇടവക | ആകെ സമാഹരിച്ച തുക | അതിരൂപതയിൽ ലഭിച്ച തുക |
|---|---|---|---|
| 197 | രാജഗിരി | 6,320 | 2,528 |
| 198 | വെട്ടിത്തുരുത്ത് | 10,865 | 4,350 |
| 199 | മാന്നാനം | 1,56,770 | 62,708 |

# എൽഡേഴ്സ് ഫ്രറ്റേണിറ്റി

**(Ministry for the Senior Citizens & Sick)**

## അന്താരാഷ്ട്ര സീനിയർ സിറ്റിസൺസ് ദിനാചരണം

ഒക്ടോബർ ഒന്ന് അന്താരാഷ്ട്ര സീനിയർ സിറ്റിസൺസ് ദിനമാണ്. എല്ലാ പ്രായമായവരെയും പ്രത്യേകം ഓർമ്മിക്കുവാനും പ്രായമായവരുടെ അവകാശങ്ങൾക്കു വേണ്ടി നിലകൊള്ളുവാനുമുള്ള ദിവസം. പ്രസ്തുത ദിനാചരണം സമുചിതമായി പല സ്ഥലങ്ങളിലും നടന്നു.

## കത്തീഡ്രൽപള്ളിയിൽ സീനിയർ സിറ്റിസൺസ് ജൂബിലി സംഗമം

അന്താരാഷ്ട്ര വയോജന ദിനത്തിൽ കത്തീഡ്രൽ പള്ളിയുടെ ജൂബിലിയോട് അനുബന്ധിച്ച് പ്രായമായവരുടെ ഒരു മഹാസംഗമം സംഘടിപ്പിച്ചു. വിശുദ്ധ കുർബാനയ്ക്ക് ശേഷം നടന്ന സംഗമം പെരിയ ബഹുമാനപ്പെട്ട വികാരി കുര്യൻ പുത്തൻപുര അച്ചനും ഇടവകയിലെ സീനിയർ അംഗമായ റിട്ട. പ്രൊഫ. കെ. റ്റി. സെബാസ്റ്റ്യൻ സാറും സീനിയർ വൈദികനായ ബഹു. മാത്യൂ മറ്റത്തിൽ അച്ചനും ചേർന്ന് തിരി തെളിച്ച് ഉദ്ഘാടനം ചെയ്തു. ഏറ്റവും പ്രായമുള്ളവരെ തദവസരത്തിൽ ആദരിച്ചു. റവ. ഫാ. തോമസ് പ്ലാപ്പറമ്പിൽ 'ദൈവം ആഗ്രഹിക്കുന്ന വാർദ്ധക്യം' എന്ന വിഷയത്തിൽ ക്ലാസ്സെടുത്തു. പ്രായമായവർക്ക് ഉപകാരപ്രദമായ യോഗാ പരിശീലനവും ഉണ്ടായിരുന്നു. സ്നേഹവിരുന്നും സ്വീകരിച്ച് വളരെ സന്തോഷത്തോടെ പ്രായമായവർ വീടുകളിലേയ്ക്ക് മടങ്ങി. ബഹു. കൊച്ചച്ചന്മാർക്കും കൈക്കാരന്മാർക്കും കമ്മിറ്റി അംഗങ്ങൾക്കും ഒത്തിരി നന്ദി.

## സീനിയർ സിറ്റിസൺസ് മഹാസംഗമം ഐക്കരച്ചിറ ഇടവകയിൽ

അന്താരാഷ്ട്ര വയോജനദിനാചരണത്തിന്റെ ഭാഗമായി ഐക്കരച്ചിറ ഇടവകയിലെ എല്ലാ പ്രായമായവരെയും ഉൾപ്പെടുത്തി വലിയൊരു സംഗമം നടത്തി. എല്ലാവർക്കും കുമ്പസാരിക്കുന്നതിന് സൗകര്യം കൊടുത്തു. പ്രായമായവർക്കു മാത്രമായി വികാരി ബഹു. ചീരംവേലിൽ ജേക്കബ് അച്ചൻ വിശുദ്ധ കുർബാന അർപ്പിച്ചു. റവ. ഫാ. തോമസ് പ്ലാപ്പറമ്പപിൽ ക്ലാസ്സ് എടുത്തു. വെള്ളപ്പൊക്ക ദുരന്തത്തിനുശേഷം ഇടവകയിൽ നടത്തിയ ഈ സംഗമം പ്രായമായവർക്ക് ഉണർവ്വും സന്തോഷവും പ്രദാനം ചെയ്തു. ബഹു. ജേക്കബ് ചീരംവേലി അച്ചൻ സേവനം അനുഷ്ഠിച്ചിട്ടുള്ള എല്ലാ ഇടവകയിലും പ്രായമായവർക്കുവേണ്ടിയുള്ള ശുശ്രൂഷകൾ വളരെ താൽപര്യത്തോടെ ക്രമീകരിക്കുന്നത് നന്ദിയോടെ സ്മരിക്കുന്നു. 200–ൽ പരം പ്രായമായവർ സംഗമത്തിന് എത്തിയിരുന്നു. മാതൃ ജ്യോതീസ് – പിതൃവേദി അംഗങ്ങളുടെയും കൈക്കാരന്മാരുടെയും സഹായ സഹകരണങ്ങൾക്ക് നന്ദി.

ഇടവകയിലെ പ്രായമായവരെ നമുക്ക് മറക്കാതിരിക്കാം. സീനിയർ സിറ്റിസൺസ് സംഗമങ്ങൾ, പ്രായമായവർക്ക് ഉല്ലാസയാത്രകൾ, രോഗികൾക്കുവേണ്ടി പ്രത്യേക ദിനാചരണം എന്നിവ ക്രമീകരിക്കണമെ.

ശുശ്രൂഷകൾക്കുവേണ്ടി വിളിക്കുക – 9495107045

സ്നേഹത്തോടെ,

**ഫാ. തോമസ് പ്ലാപ്പറമ്പിൽ**
*(ഡയറക്ടർ)*

## ചങ്ങനാശേരി ഫൊറോന മതബോധന കേന്ദ്രവും
## തിരുവനന്തപുരം CMI സെന്റ് ജോസഫ്സ് പ്രോവിൻസും
## ചേർന്ന് നടത്തുന്ന

### റവ. ഡോ. പ്ലാസിഡ് ജെ. പൊടിപ്പാറ മെമ്മോറിയൽ
### 33–ാമത് അഖിലകേരള
# ആരാധനക്രമ – സഭാചരിത്ര
# ക്വിസ് മത്സരം

**2019 ജനുവരി 13 ഞായർ 02:00 pm**

**തിരുഹൃദയ ദൈവാലയം ചെത്തിപ്പുഴ**

**അദ്ധ്യാപകർക്ക്**

**1–ാം സമ്മാനം 8000 രൂപയും എവർറോളിംഗ് ട്രോഫിയും**
**2–ാം സമ്മാനം 5000 രൂപ • 3–ാം സമ്മാനം 3000 രൂപ**
**4–ാം സമ്മാനം 1000 രൂപ കൂടാതെ പ്രോത്സാഹന സമ്മാനങ്ങളും**

**കുട്ടികൾക്ക്**

**1–ാം സമ്മാനം 5000 രൂപ • 2–ാം സമ്മാനം 3000 രൂപ**
**3–ാം സമ്മാനം 2000 രൂപ • 4–ാം സമ്മാനം 1000 രൂപ**
**കൂടാതെ പ്രോത്സാഹന സമ്മാനങ്ങളും**

## മത്സരവിഷയങ്ങളും മാർക്കുവിഭജനവും

**അദ്ധ്യാപകർക്ക്**

1. **സേവനനിരതയായ സഭ** – ഡോ. തോമസ് പാടിയത്ത്, കുടുംബജ്യോതി പ്രസിദ്ധീകരണം (35%)
2. **ജീവിതം സഭയോടൊപ്പം** – ഡോ. തോമസ് പാടിയത്ത്, ഫാ. ക്രിസ്റ്റി കൂട്ടുമ്മേൽ (35%)
3 **പ്ലാസിഡച്ചൻ പ്രശാന്തനായ പ്രവാചകൻ** (20%) പ്ലാസിഡ് സീരിസ് – 1 (പേജ് 1–66) പ്ലാസിഡ് ഫോറം, ചെത്തിപ്പുഴ
4. **സീറോമലബാർ കുർബാന റാസക്രമം** (10%)

**കുട്ടികൾക്ക്**

1. **സേവനനിരതയായ സഭ** – ഡോ. തോമസ് പാടിയത്ത്, കുടുംബജ്യോതി പ്രസിദ്ധീകരണം (40%)
2. **സഭ എന്റെ കുടുംബം** (CML പ്രസിദ്ധീകരണം (30%)
3 **പ്ലാസിഡച്ചൻ പ്രശാന്തനായ പ്രവാചകൻ** (20%) പ്ലാസിഡ് സീരിസ് – 1 (പേജ് 1–66) പ്ലാസിഡ് ഫോറം, ചെത്തിപ്പുഴ
4. **സീറോമലബാർ കുർബാന റാസക്രമം** (10%)

**നിബന്ധനകൾ:**

1. വൈദിക വിദ്യാർത്ഥികളല്ലാത്ത എല്ലാ മതാദ്ധ്യാപകർക്കും പങ്കെടുക്കാം.
2. രണ്ട്പേരടങ്ങുന്ന ടീമുകളായിട്ടാണ് മത്സരിക്കേണ്ടത്. ഒരു സൺഡേസ്കൂളിൽ നിന്ന്അദ്ധ്യാപകരിൽ നിന്നും കുട്ടികളിൽനിന്നും 3 ടീമുകൾക്ക് വീതം പങ്കെടുക്കാം.
3. Reg. Fees ₹100. വികാരിയച്ചന്റെ സാക്ഷ്യപത്രം കൊണ്ടുവരേണ്ടതാണ്.
4. മത്സരം സംബന്ധിച്ച് ക്വിസ്മാസ്റ്ററുടെ തീരുമാനം അന്തിമമായിരിക്കും.

മത്സരത്തിൽ പങ്കെടുക്കുവാനാഗ്രഹിക്കുന്നവർ **2019 ജനുവരി 1** നു മുമ്പ് താഴെകാണുന്ന വിലാസത്തിൽ പേര് രജിസ്റ്റർ ചെയ്യാവുന്നതാണ്.

വിലാസം:– **ഫാ. ആന്റണി ആനക്കല്ലുങ്കൽ**

മത്സരവിഷയങ്ങളുടെ പുസ്തകങ്ങൾ ചങ്ങനാശേരി സെന്റ് ജോസഫ് ബുക്ക്സ്റ്റാളിലും സന്ദേശനിലയം കുടുംബകൂട്ടായ്മ, ഫാമിലി അപ്പസ്തലേറ്റ് ഓഫീസിലും ലഭ്യമാണ്.

# സെന്റ് തോമസ് സൺഡേസ്കൂൾ പുഴവാത് ചങ്ങനാശ്ശേരി

## 33-ാമത് സണ്ണി വൈശ്യന്റേടം മെമ്മോറിയൽ ഇന്റർ സൺഡേസ്കൂൾ ക്വിസ് കോമ്പറ്റീഷൻ 2018

പ്രിയപ്പെട്ട ബഹു. അച്ചാ/സാർ,

പുഴവാത് സെന്റ് തോമസ് സൺഡേ സ്കൂളിന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന സണ്ണി **വൈശ്യന്റേടം** മെമ്മോറിയൽ ഇന്റർ സൺഡേസ്കൂൾ 33-ാമത് ക്വിസ് കോമ്പറ്റീഷൻ 2018 നവംബർ 25-ാം തീയതി ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2:00 ന് പുഴവാത് സെന്റ് തോമസ് പാരീഷ് ഹാളിൽ വച്ച് നടത്തുന്നതാണ്. ചങ്ങനാശ്ശേരി അതിരൂപതയിലെ എല്ലാ സൺഡേസ്കൂൾ വിദ്യാർത്ഥികൾക്കും ഈ മത്സരത്തിൽ പങ്കെടുക്കാവുന്നതാണ്. ഒരു സൺഡേ സ്കൂളിൽനിന്നും മൂന്നു പേർ ഉൾപ്പെട്ട ഒരു ടീമിന് മത്സരത്തിൽ പങ്കെടുക്കുവാൻ അർഹതയുണ്ടായിരിക്കുന്നതാണ്.

**നിബന്ധനകൾ**

1. ഒരു സൺഡേ സ്കൂളിൽനിന്നും ഒരു ടീമിന് പങ്കെടുക്കാം
2. ഒരു ടീമിൽ - ഒരു സൺഡേ സ്കൂൾ അദ്ധ്യാപകൻ/അദ്ധ്യാപിക ഒരു ഹയർ കോഴ്സ് വിദ്യാർത്ഥി/വിദ്യാർത്ഥിനി 1 മുതൽ 10 വരെ ക്ലാസുകളിൽനിന്ന് ഒരു വിദ്യാർത്ഥി/വിദ്യാർത്ഥിനി
3. ഹയർ കോഴ്സ് വിഭാഗത്തിൽ നിന്ന് മത്സരാർത്ഥികൾ ഇല്ലെങ്കിൽ 1 മുതൽ 10 വരെ ക്ലാസുകളിൽ നിന്ന് ഒരാളെക്കൂടി ഉൾപ്പെടുത്താവുന്നതാണ്.
4. പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ നവംബർ 15 മുമ്പായി ഹെഡ്മാസ്റ്ററുടെയോ കൺവീനറിന്റെയോ പക്കൽ പേര് രജിസ്റ്റർ ചെയ്യണം.
5. മത്സരത്തിൽ പങ്കെടുക്കാനെത്തുമ്പോൾ (നവം.25) ബഹു. വികാരിയച്ചന്റെയോ/ സൺഡേ സ്കൂൾ ഡയറക്ടറിന്റെയോ സാക്ഷ്യപത്രം, രജിസ്ട്രേഷൻ ഫീ ആയി 50 രൂപ നൽകേണ്ടതാണ്.
6. വൈദിക വിദ്യാർത്ഥികളോ സന്യാസിനികളോ മത്സരത്തിൽ പങ്കെടുക്കുവാൻ പാടില്ല.

**വിഷയങ്ങൾ**

1. **പ്രഭാഷകന്റെ പുസ്തകം** (1 മുതൽ 10 വരെ അദ്ധ്യായങ്ങൾ) (25%)
2. **വി. മത്തായിയുടെ സുവിശേഷം** (10 മുതൽ 18 വരെ അദ്ധ്യായങ്ങൾ) (25%)
3. **വെളിപാട് പുസ്തകം** (10 മുതൽ 16 വരെ അദ്ധ്യായങ്ങൾ) (25%)
4. **ആനന്ദിച്ച് ആഹ്ളാദിക്കുവിൻ** (അപ്പസ്തോലിക പ്രബോധനം) (25%)
   വിവർത്തനം: **ഫാ. ജയിംസ് ആലക്കുഴിയിൽ OCD** (പേജ് 85 മുതൽ 130 വരെ)

അങ്ങയുടെ എല്ലാ സഹകരണം പ്രതീക്ഷിച്ചുകൊണ്ട്,

ഈശോയിൽ സ്നേഹപൂർവ്വം,

**ഫാ. ജോസഫ് കളരിക്കൽ**
(ഡയറക്ടർ) ഫോൺ: 9446903631

**ബിജു തോപ്പിൽ**
(ഹെഡ്മാസ്റ്റർ) ഫോൺ: 9447573065

**ജോബിൻ സണ്ണി**
(കൺവീനർ) ഫോൺ: 7025175265

**1-ാം സമ്മാനം - 5000 രൂപാ ക്യാഷ് അവാർഡും, ട്രോഫിയും, സർട്ടിഫിക്കറ്റും**
**2-ാം സമ്മാനം - 4000 രൂപാ ക്യാഷ് അവാർഡും, ട്രോഫിയും, സർട്ടിഫിക്കറ്റും**
**3-ാം സമ്മാനം - 3000 രൂപാ ക്യാഷ് അവാർഡും, ട്രോഫിയും, സർട്ടിഫിക്കറ്റും**
**4-ാം സമ്മാനം - 2000 രൂപാ ക്യാഷ് അവാർഡും, സർട്ടിഫിക്കറ്റും**
**5-ാം സമ്മാനം - 1000 രൂപാ ക്യാഷ് അവാർഡും, സർട്ടിഫിക്കറ്റും**



# ദൈവദാസൻ പുത്തൻപറമ്പിൽ തൊമ്മച്ചൻ

# അഖില കേരളാ ക്വിസ് മത്സരം

**എടത്വാ സെന്റ് ജോർജ്ജ് സൺഡേസ്കൂൾ**
**2018 നവംബർ 25 ഞായർ 2 p.m.**

**ഒന്നാം സമ്മാനം – 5000 രൂപയും ട്രോഫിയും**
**രണ്ടാം സമ്മാനം – 4000 രൂപയും ട്രോഫിയും**
**മൂന്നാം സമ്മാനം – 3000 രൂപയും ട്രോഫിയും**
**നാലാം സമ്മാനം – 2000 രൂപ**
**അഞ്ചാം സമ്മാനം – 1000 രൂപ**

**വിഷയം**

| | | |
|---|---|---|
| 1. | നിയമാവർത്തനം 1 മുതൽ 11 വരെ അദ്ധ്യായങ്ങൾ | 15% |
| 2. | പ്രഭാഷകൻ 1 മുതൽ 10 വരെ അദ്ധ്യായങ്ങൾ | 15% |
| 3. | വെളിപാട് 10 മുതൽ 16 വരെ അദ്ധ്യായങ്ങൾ | 15% |
| 4. | "സുവിശേഷ ഭാഗ്യങ്ങളുടെ മനുഷ്യൻ" പ്രൊഫ. ജെയിംസ് സെബാസ്റ്റ്യൻ | 35% |
| 5. | **Youcat** - കത്തോലിക്കാ സഭയുടെ മതബോധന ഗ്രന്ഥം ഭാഗം രണ്ട് | 20% |

***നിബന്ധനകൾ***

1. *ഒരു വർഷത്തിൽ കുറയാതെ സർവ്വീസ് ഉള്ളവരും ഇപ്പോൾ അദ്ധ്യാപനം നടത്തുന്നവരുമായ മതാദ്ധ്യാപകരും 8 മുതൽ 12 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികളുമാണ് ഇതിൽ പങ്കെടുക്കേണ്ടത്.*
2. *ഒരു അദ്ധ്യാപകനും 2 വിദ്യാർത്ഥികളുമാണ് ഇതിൽ പങ്കെടുക്കേണ്ടത്.*
3. *മൽസരസമയത്ത് സാക്ഷ്യപത്രവും (ഇടവക വികാരി/ഹെഡ്മാസ്റ്റർ) രജിസ്ട്രേഷൻ ഫീസ് (ടീം ഒന്നിന് 100 രൂപ) കൊണ്ടുവരേണ്ടതാണ്.*
4. *ക്വിസ് മാസ്റ്ററുടെ തീരുമാനം അന്തിമമായിരിക്കും.*

**റവ. ഫാ. ജെ. മണക്കുന്നേൽ** *(വികാരി)*
**ഫാ. ജോർജ്ജ് തൈച്ചേരിൽ** *(ഡയറക്ടർ)* – *9497391959*
**സി. ജെസ്മേരി എസ്.എ.ബി.എസ്.** *(സെക്രട്ടറി)* – *9562120625*
**പ്രൊഫ്. ജെറോം പി.വി. ഇരുപത്തേഴിൽ** *(ഹെഡ്മാസ്റ്റർ)* *9495162685*

# ചങ്ങനാശ്ശേരി മെത്രാപ്പോലീത്തൻ പള്ളി

**(Ministry for the Senior Citizens & Sick)**

**നവമശതാബ്ദി സമാപനം**
**2018 നവംബർ 10,11 തീയതികളിൽ (ശനി, ഞായർ)**
**സ്ഥലം: മാർ ചാൾസ് ലവീഞ്ഞ് നഗർ (പാരീഷ്ഹാൾ)**

## കാര്യപരിപാടികൾ

**നവംബർ 10 ശനി**

| | | |
|---|---|---|
| 9:00 a.m. | : | **ഇടവകനേതൃസംഗമം** |
| ക്ലാസ്സ് | : | ഇടവക നവ നിർമ്മിതിയിൽ അല്മായരുടെ പങ്ക്<br>**അഭിവന്ദ്യ മാർ തോമസ് തറയിൽ** |
| 10:30 a.m. | : | **മതസൗഹാർദ്ദ - സഭൈക്യസമ്മേളനം** |
| അദ്ധ്യക്ഷൻ | : | **അഭിവന്ദ്യ മാർ ജോസഫ് പെരുന്തോട്ടം** |
| ഉദ്ഘാടനം | : | **അഭിവന്ദ്യ ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്താ**<br>*(മാർത്തോമ്മാ സുറിയാനി സഭാ അദ്ധ്യക്ഷൻ)* |
| മുഖ്യപ്രഭാഷണം: | | **അഭിവന്ദ്യ യൂഹാനോൻ മാർ ദിയോസ് കോസ് മെത്രാപ്പോലീത്താ** *(ഓർത്തഡോക്സ് സഭ, സൂനഹദോസ് സെക്രട്ടറി)* |
| | : | **അഭിവന്ദ്യ മാർ തോമസ് തറയിൽ** |
| | : | **ശ്രീ. ഹരികുമാർ കോയിക്കൽ**<br>*(പ്രസിഡന്റ് NSS താലൂക്ക് യൂണിയൻ)* |
| | : | **ശ്രീ. ഇനാസ് ഗഫൂർ മൗലവി**<br>*(ഇമാം, പാളയം പള്ളി)* |
| | : | **ഡോ. കെ.എസ്. രാധാകൃഷ്ണൻ**<br>*(മുൻ വൈസ്ചാൻസലർ, മുൻ PSC ചെയർമാൻ)* |
| | : | **ശ്രീ. ഗിരീഷ് കോനാട്ട്**<br>*(പ്രസിഡന്റ്, SNDP താലൂക്ക് യൂണിയൻ)* |
| | : | **ശ്രീ. മുഹമ്മദ് ഫുവാദ്**<br>*(പ്രസിഡന്റ്, പഴയപള്ളി മുസ്ലീം ജമാ അത്ത്)* |
| | : | **ശ്രീ. P.S.P. റഹിം**<br>*(പ്രസിഡന്റ്, പുതൂർപള്ളി മുസ്ലീം ജമാ അത്ത്)* |
| | : | **ശ്രീ. നവനീത കൃഷ്ണൻ**<br>*(പ്രസിഡന്റ്, കാവിൽഭഗവതി ക്ഷേത്രോപദേശകസമിതി)* |
| | : | **ശ്രീമതി എൽസമ്മ ജോസ്**<br>*(മുൻ കൗൺസിലർ, മുൻ വൈസ് ചെയർപേഴ്സൻ)* |

**നവംബർ 11 ഞായർ**

| | | |
|---|---|---|
| 9:00 a.m. | : | **വിശ്വാസപ്രഘോഷണ റാലി** |
| 10:00 a.m. | : | **നവമശതാബ്ദി സമാപന മഹാസമ്മേളനം** |
| അദ്ധ്യക്ഷൻ | : | **അഭിവന്ദ്യ മാർ ജോസഫ് പെരുന്തോട്ടം** |
| ഉദ്ഘാടനം | : | **കർദ്ദിനാൾ ബസേലിയോസ് മാർ ക്ലിമീസ് കത്തോലിക്കാ ബാവാ** *(മലങ്കര കത്തോലിക്കാ സഭയുടെ മേജർ ആർച്ച് ബിഷപ്പ്)* |
| മുഖ്യപ്രഭാഷണം: | | **ജസ്റ്റീസ് കുര്യൻ ജോസഫ്** *(സുപ്രീം കോടതി ജഡ്ജി)* |
| അനുഗ്രഹപ്രഭാഷണം: | | **അഭിവന്ദ്യ മാർ ജോസഫ് പൗവ്വത്തിൽ** |
| എൻഡോവ്മെന്റ് & വിവാഹ സഹായനിധി ഉദ്ഘാടനം | : | **ഡോ. റ്റി. തോമസ് ഐസക്ക്** *(ബഹു. കേരള സംസ്ഥാന ധനകാര്യവകുപ്പ് മന്ത്രി)* |
| ആശംസകൾ | : | **അഭിവന്ദ്യ മാർ തോമസ് തറയിൽ** |
| | : | **ശ്രീമതി റോസ് മേരി ഏബ്രഹാം** IES *(Joint Director, Economic affairs, Govt. of India)* |
| **നവമശതാബ്ദി** സുവനീർ പ്രകാശനം | : | **ശ്രീ. കൊടിക്കുന്നേൽ സുരേഷ് എം.പി.** |
| ആശംസകൾ | : | **ശ്രീ. സി.എഫ്. തോമസ് എം.എൽ.എ.** |
| | : | **ശ്രീ. ലാലിച്ചൻ കുന്നിപ്പറമ്പിൽ** *(മുനി. ചെയർമാൻ)* |
| | : | **സി. ഡോ. സുമാ റോസ്** CMC *(Provincial Superior CMC, Holy Queens Province)* |
| | : | **ശ്രീ. സാജൻ ഫ്രാൻസീസ്** *(മുനി. കൗൺസിലർ)* |
| | : | **ഡോ. ആന്റണി മാത്യൂസ്** *(Pastoral Council Secretary* |

## ചങ്ങനാശ്ശേരി മെത്രാപ്പോലീത്തൻ പള്ളി ദിനരാത്രങ്ങൾ അഖണ്ഡ പ്രാർത്ഥന

### ആത്മീയ നവീകരണം ലക്ഷ്യംവച്ച് ചങ്ങനാശ്ശേരി കത്തീഡ്രൽ പള്ളിയോടനുബന്ധിച്ച്

കബറിടപള്ളിയിൽ 2018 ഒക്ടോബർ 17 മുതൽ നവംബർ 25 വരെ അഖണ്ഡ പ്രാർത്ഥനാദിനം ആരംഭിച്ചിരിക്കുന്നു. ഈശോ തന്റെ പരസ്യജീവിതം ആരംഭിക്കുന്നതിനുമുമ്പ് 40 ദിവസം ഉപവസിച്ചു പ്രാർത്ഥിച്ച് ആത്മാവിൽ ശക്തിപ്പെടുകയുണ്ടായി. ഈ മാതൃക അനുസരിച്ച് ഈശോയുടെ തുടർച്ചയും ശരീരവുമായ സഭയോട് ചേർന്ന് 40 ദിവസം അഖണ്ഡ പ്രാർത്ഥന നടക്കുന്നു. വി. കുർബാന, വി. കുർബാനയുടെ ആരാധന, യാമപ്രാർത്ഥനകൾ, ദൈവവചനധ്യാനം, സങ്കീർത്തനലാപം ജപമാല, കരുണകൊന്ത, വചനപ്രഘോഷണം എന്നിവയെല്ലാം പ്രാർത്ഥനയോടനുബന്ധിച്ച് നടക്കുന്നു. സഭ, അതിരൂപത, കുടുംബം, വ്യക്തികൾ വിശുദ്ധീകരിക്കപ്പെടുക എന്നതാണ് പ്രാർത്ഥനാനിയോഗം.

**''സഭാത്മക പ്രസ്ഥാനങ്ങളും നവസമൂഹങ്ങളും തിരുസഭയുടെയും സമകാലീന സമൂഹത്തിന്മേലുള്ള പരിശുദ്ധാത്മാവിന്റെ കോരിച്ചൊരിയലാണ്. പ്രിയസുഹൃത്തുക്കളെ, ക്രിസ്തുവിന് വാതിലുകൾ തുറന്നു കിട്ടുന്നതിനു വേണ്ടി, നമ്മുടെ അപ്പസ്തോലിക ശുശ്രൂഷയിൽ, ധാരാളം സഹകരണം, ഇനിയും നിങ്ങളിൽ നിന്നും ഉണ്ടാകട്ടെ....!''**

(ബെനഡിക്ട് 16-ാം മാർപ്പാപ്പ, 13-ാം അന്തർദേശീയ കത്തോലിക്കാ കരിസ്മാറ്റിക് സംഘടനകൾക്ക് നൽകിയ പ്രഭാഷണത്തിൽനിന്നും)

**ചങ്ങനാശ്ശേരി കരിസ്മാറ്റിക് കൺവൻഷൻ ഒരുക്കങ്ങൾ :** 'പ്രാർത്ഥിക്കുക, നിലനിൽക്കുക' എന്ന മുദ്രാവാക്യവുമായി ഡിസംബർ 27, 28, 29 തീയതികളിൽ, ചങ്ങനാശ്ശേരി എസ്.ബി. കോളജിന്റെ കാവുകാട്ട് ഹാളിൽ വച്ച് നടത്തുന്ന ''ചങ്ങനാശ്ശേരി കരിസ്മാറ്റിക് കൺവൻഷൻ'' സംബന്ധിച്ച ഒരുക്കങ്ങൾ നടന്നുവരുന്നു. വിപുലമായ ''കൺവൻഷൻ കമ്മറ്റി മീറ്റിംഗ്'' സെപ്റ്റംബർ 27-ാം തീയതി പാസ്റ്ററൽ സെന്ററിൽ വച്ച് സോണൽ ഡയറക്ടർ റവ. ഫാ. മാത്യു താന്നിയത്തിന്റെ നേതൃത്വത്തിൽ നടന്നു. തുടർസമ്മേളനങ്ങൾ ദൈവാരാടിസ്ഥാനത്തിൽ നടന്നുവരുന്നു.

**സോണൽ ഉപദേശക സമിതി (ZAC) യുടെ സെക്കന്റ് സാറ്റർഡേ കൂട്ടായ്മകൾ:** ശക്തമായ സോണൽ ഉപദേശകസമിതി വളർത്തി എടുക്കുക എന്ന ലക്ഷ്യവുമായി എല്ലാ രണ്ടാം ശനിയാഴ്ചകളിലും ഒരുമിച്ച് ചേരുന്ന (ZAC) യോഗം ഈ 13-ാം തീയതിയും കുന്നന്താനം സെഹിയോൻ ഒരുമിച്ചു ചേർന്നു. ചങ്ങനാശ്ശേരിയിലെ നവീകരണ ശുശ്രൂഷകൾക്ക് ദിശാബോധവും ഏകോപനവും നൽകുക എന്ന ലക്ഷ്യത്തിലെത്താൻ വേണ്ട കാര്യങ്ങളെക്കുറിച്ചുള്ള ഗൗരവാവഹമായ ചർച്ചകൾ ഈ കൂട്ടായ്മയുടെ പ്രത്യേകതയാണ്. ബഹു. ഡയറക്ടറച്ചൻ ഫാ. മാത്യു താന്നിയത്തിന്റെ മുഴുനീള സാന്നിദ്ധ്യമുണ്ടായിരുന്നു.

**ലോർഡ്സ് കപ്പൾസ് മിനിസ്ട്രി :** ഒരു മാതൃകാ സെൽഗ്രൂപ്പായി പ്രവർത്തിച്ചുവരുന്ന ലോർഡ്സ് കപ്പിൾസ് മിനിസ്ട്രിയുടെ ചങ്ങനാശ്ശേരിയിലെ സേവനസമിതി പതിവുപോലെ മൂന്നാം ശനിയാഴ്ച പാസ്റ്ററൽ സെന്ററിൽവെച്ച് കൂടുകയുണ്ടായി. മിനിസ്ട്രി, സെൻട്രൽ ടീം അനിമേറ്റർ റവ. ഫാ. ലൂയിസ് വെള്ളാനിക്കൽ നേതൃത്വം നൽകുന്നു.

**സൗത്ത് സെൻട്രൽ സബ്റീജൻ ഗാതറിംഗ്:** കാഞ്ഞിരപ്പള്ളി, പാലാ, കോട്ടയം ചങ്ങനാശ്ശേരി പ്രദേശങ്ങൾ ഒരുമിച്ചുചേരുന്ന സബ്റീജണൽ കൂട്ടായ്മ ആഗസ്റ്റ് 13-ാം തീയതി കളത്തിപ്പടിയിലുള്ള ക്രിസ്ടീൻ ധ്യാനകേന്ദ്രത്തിൽവച്ച് നടന്നു. ചങ്ങനാശ്ശേരിയിൽനിന്നും അമ്പതിലേറെപ്പേർ പങ്കെടുത്തു.

**ജറീക്കോ പ്രാർത്ഥന:** കേരളത്തിലെ 34 കത്തീഡ്രൽ ദൈവാലയങ്ങൾ ഉൾപ്പെടെ ഭാരതത്തിലെ 174 കത്തീഡ്രൽ ദൈവാലയങ്ങൾ ബന്ധിപ്പിച്ചുകൊണ്ട് പ്രാർത്ഥനാ യജ്ഞങ്ങൾ രാജ്യമാസകലം നടന്നുവരികയാണ്. ഈ നാളുകളിൽ ലോകമാസകലം ഉയർന്നുവരുന്ന രാഷ്ട്രീയ അസ്വസ്ഥതകൾ, കാലാവസ്ഥാ വ്യതിയാനങ്ങൾ, ധാർമ്മിക അധഃപതനം മുതലായവ അതിരൂക്ഷമായ രീതിയിൽ രാജ്യത്തെയും, സംസ്ഥാനത്തെയും സഭയെത്തന്നെയും ബാധിച്ചുകൊണ്ടിരിക്കുന്നു. വലിയ നിലവിളിയും പ്രാർത്ഥനയും ദൈവസന്നിധിയിലേക്ക് ഉയരേണ്ട

തുണ്ടെന്നുള്ള വ്യക്തമായ ദൈവീക വെളിപാടുകളുടെ വെളിച്ചത്തിൽ ഭാരതത്തിലെ കരിസ്മാറ്റിക് നവീകരണ മുന്നേറ്റം ഈ ചുമതല ഏറ്റെടുത്തിരിക്കുകയാണ്. ഭാരത മെത്രാൻ സമിതിയുടെയും കെ. സി. ബി. സി. യുടെയും മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായും പിന്തുണയോടെയും ആരംഭിച്ചിരിക്കുന്ന ജറീക്കൊ പ്രാർത്ഥനാ പ്രയാണം രാജ്യമെങ്ങുമുള്ള 174 കത്തീഡ്രൽ പള്ളികളിൽ നിന്നും ആരംഭിച്ച് ഡിവൈൻ ധ്യാനകേന്ദ്രത്തിൽ ഒരുക്കിയിരിക്കുന്ന ദേശീയ മദ്ധ്യസ്ഥ പ്രാർത്ഥനാ കോൺഫറൻസിലാണ് സമാപിക്കുക. ഓരോ കത്തീഡ്രലിൽ നിന്നും പ്രാർത്ഥനാപൂർവ്വം കൊണ്ടുവരുന്ന വെഞ്ചിരിച്ച കുരിശുകൾ നവംബർ 18,19,20,21 തീയതികളിൽ മൂരിങ്ങൂർ (ഡിവൈൻ) വച്ച് നടക്കുന്ന ദേശീയ മദ്ധ്യസ്ഥ പ്രാർത്ഥനാ വേദിയിലെ ഇന്ത്യയുടെ ഭൂപടത്തിൽ പ്രതിഷ്ഠിച്ച് രാജ്യത്തിന് വേണ്ടി പ്രാർത്ഥിക്കുന്നു.

സെപ്റ്റംബർ 18-ാം തീയതി ചങ്ങനാശ്ശേരി മെത്രാപ്പോലീത്തൻ കത്തീഡ്രലിൽ വച്ച് നടന്ന ജറീക്കോ ശുശ്രൂഷയിൽ അഭി. മാർ ജോസഫ് പെരുന്തോട്ടം ദിവ്യബലി അർപ്പിച്ച് സന്ദേശം നൽകി. 21-ാം തീയതി വെള്ളിയാഴ്ച തിരുവല്ല, സെന്റ് ജോൺസ് കത്തീഡ്രലിൽ വച്ച് നടന്ന ജറീക്കോ പ്രാർത്ഥനകൾ അഭി. മെത്രാപ്പോലീത്താ റവ. ഡോ. തോമസ് മാർ കൂറിലോസ് നയിക്കുകയുണ്ടായി.

**പ്രളയ ദുരിതാശ്വാസ പ്രവർത്തനങ്ങൾ:** കരിസ്മാറ്റിക് നവീകരണത്തിന്റെ മുൻനിരയിൽപെട്ട എല്ലാവരുംതന്നെ തങ്ങളുടെ ഇടവക വികാരിമാരോട് ചേർന്ന് ശ്ലാഘനീയമായ രീതിയിൽ ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടവരാണ്. ബഹു. ഡയറക്ടറച്ചന്റെ നേതൃത്വത്തിൽ പള്ളിക്കൂട്ടുമ്മ ഇടവക സന്ദർശിക്കുകയും വിവിധ ശുചീകരണ പ്രവർത്തനങ്ങളിൽ ഏർപ്പെട്ട് പ്രസ്തുത ഇടവകയുടെ പുനരുദ്ധാരണത്തിൽ പങ്കാളികളാവുകയും ചെയ്തു.

**അഖണ്ഡപ്രാർത്ഥനായജ്ഞം (കരുണാർത്ഥന):** ചങ്ങനാശ്ശേരിയിലും പരിസര പ്രദേശങ്ങളിലും ഈ അടുത്തകാലത്ത് നടന്ന ചില ദുരന്തങ്ങൾ മാർക്കറ്റ് പ്രദേശത്തുള്ള ചില പ്രാർത്ഥനാ കൂട്ടായ്മകളുടെയും വ്യക്തികളുടെയും മനസ്സുലയ്ക്കുകയുണ്ടായി. ദൈവകരുണയ്ക്കായുള്ള വലിയ നിലവിളി ഈ കാലഘട്ടത്തിന്റെ ആവശ്യമാണെന്നുള്ള തിരിച്ചറിവുമായി അഭിവന്ദ്യ പിതാവിനെ അവർ കത്തീഡ്രൽ വികാരിയച്ചനോടൊപ്പം പോയിക്കാണുകയുണ്ടായി. പിതാവിന്റെ നിർദ്ദേശാനുസരണം ഒക്ടോബർ 17 മുതൽ നവംബർ 25 വരെയുള്ള 40 ദിവസം, ദിവ്യകാരുണ്യസന്നിധിയിൽ രാപകൽ 'കരുണാർത്ഥന' നടത്തുക എന്ന വലിയ പ്രാർത്ഥനായജ്ഞം ചങ്ങനാശ്ശേരിയിലെ കരിസ്മാറ്റിക്ക് നവീകരണത്തിന്റെ പിന്തുണയോടെ നടന്നുവരുന്നു.

**സേവനസമിതിയോഗം:** എല്ലാ മാസവും പതിവുപോലെ മൂന്നാം ചൊവ്വാഴ്ചകളിൽ നടന്നുവരുന്ന സോണൽ സേവന സമിതി യോഗം ഇത്തവണ ഒക്ടോബർ 16-ാം തീയതി ചൊവ്വാഴ്ചയാണ് നടന്നത്. ഭാവി പരിപാടികൾക്കു വേണ്ടിയുള്ള ഒരുക്കങ്ങളും യോഗം ചർച്ച ചെയ്തു.

ഈശോയിൽ സ്നേഹപൂർവ്വം,


**ഫാ. മാത്യു താന്നിയത്ത്**
(ഡയറക്ടർ)
ഫോൺ: 9446903631

**ടോമിച്ചൻ പുല്ലങ്കാവുങ്കൽ**
(കോ-ഓർഡിനേറ്റർ)
ഫോൺ: 9061954230

# വായിൽ കൊതിയൂറും മായമില്ലാത്ത ക്രസ്തുമസ് - ന്യൂ ഇയർ കേക്കുകൾ

ഇന്നുതന്നെ ഓർഡർ ചെയ്യുക




● പ്ലം കേക്ക് ● മാർബിൾ കേക്ക് ● കാരറ്റ് കേക്ക്
● ബട്ടർ സ്കോച്ച് കേക്ക് ● ബ്ലാക്ക് ഫോറസ്റ്റ് കേക്ക്

ഇടവകകൾ, സംഘടനകൾ, ഷോപ്പുകൾ, സ്കൂളുകൾ, കോളേജുകൾ, ക്ലബ്ബുകൾ, സ്ഥാപനങ്ങൾ എന്നിവർക്ക് ഹോൾസെയിൽ റേറ്റിൽ ലഭ്യമാണ്.

CHASS
KHADI

ഇന്നുതന്നെ വിളിക്കുക: **97441 93238, 82898 25569**

മല്പാൻ ഫാ. മാത്യു വെള്ളാനിക്കൽ



135

# പുരോഹിതനും പ്രാർത്ഥനാജീവിതവും

(തിരുവചനഭാഗം: ശ്ലീഹ 9:38–10:48)

ശ്ലീഹന്മാരുടെ നടപടിഗ്രന്ഥത്തിൽ പത്രോസ്ശ്ലീഹായുടെ സഭാശുശ്രൂഷ അവതരിപ്പിക്കുന്ന തിരുവചനഭാഗമാണിത്. ഇതുവരെ പത്രോസ് യോഹന്നാനോടൊപ്പമാണ് സഭാജീവിതത്തിൽ പ്രത്യക്ഷപ്പെടുന്നതെങ്കിൽ ഇവിടെ പത്രോസ് തനിച്ച് ജറുസലേമിനു പുറത്തുള്ള സഭാസമൂഹങ്ങളോടു ബന്ധപ്പെടുന്നതായിട്ടാണ് കാണുന്നത്. അതുപോലെതന്നെ തന്റെ യഹൂദപശ്ചാത്തലത്തെ മറികടന്ന് പത്രോസ് സഭാശുശ്രൂഷ നിർവഹിക്കുന്നതായും കാണുന്നു. ശ്ലീഹന്മാർ പത്രോസിനെ ഔദ്യോഗികമായി സഭാസന്ദർശനത്തിനായി അയച്ചതാണോ എന്നും സംശയിക്കാവുന്നതാണ്.

ഈ സഭാസന്ദർശനവേളയിൽ പത്രോസിന്റെ സഭാശുശ്രൂഷ പ്രാർത്ഥനാനിർഭരമായിരുന്നു എന്നത് പ്രത്യേകം ശ്രദ്ധിക്കപ്പെടേണ്ടതാണ്. അതുകൊണ്ട് അജപാലകരായ വൈദികർക്ക് തങ്ങളുടെ അജപാലനശുശ്രൂഷയുടെ അടിസ്ഥാന സവിശേഷതയായി പ്രാർത്ഥനാജീവിതത്തെ കാണുവാനും മനസ്സിലാക്കുവാനും ഈ വചനഭാഗം സഹായകരമാകും. ഈ വചനഭാഗത്തെ അഞ്ചായി തിരിക്കാവുന്നതാണ്.

1. പത്രോസ് ലിദായിലും യോപ്പായിലും (9:32–43)
2. കൊർണേലിയൂസിന്റെ ദർശനം (10:1–8)
3. പത്രോസിന്റെ പ്രാർത്ഥനാനുഭവം (10:9–16)
4. പത്രോസും കൊർണേലിയൂസും തമ്മിൽ കണ്ടുമുട്ടുന്നു (10:17–43)
5. വിജാതീയരുടെ ജ്ഞാനസ്നാനം (10:44–48)

## 1. പ്രാർത്ഥനയും അടയാളങ്ങളും

*"പത്രോസ് ചുറ്റി സഞ്ചരിക്കുന്നതിനിടയിൽ ലിദായിലെ വിശുദ്ധരുടെ അടുക്കലെത്തി. അവിടെ ഐനെയാസ് എന്നൊരുവനെ അവൻ കണ്ടുമുട്ടി. അവൻ എട്ടു വർഷമായി തളർവാതം പിടിപെട്ട് രോഗശയ്യയിലായിരുന്നു. പത്രോസ് അവനോടു പറഞ്ഞു: ഐനെയാസേ, ഈശോമിശിഹാ നിന്നെ സുഖപ്പെടുത്തുന്നു. എഴുന്നേറ്റ് നിന്റെ കിടക്ക ചുരുട്ടുക. ഉടൻതന്നെ അവൻ എഴുന്നേറ്റു. ലിദായിലെയും സാറോണിലേയും സകല ജനങ്ങളും അവനെ കണ്ടു കർത്താവിലേക്കു തിരിഞ്ഞു" (9:32–35).*

പത്രോസിന്റെ സഭാസന്ദർശനത്തിന്റെ അവശ്യ ഘടകങ്ങളായി പ്രാർത്ഥനയും അടയാളങ്ങളും കാണപ്പെടുന്നു. ലിദായിൽ ഐനെയാസ് എന്നു പേരുള്ള തളർവാതരോഗിയെ സുഖപ്പെടുത്തുമ്പോൾ (9:34), യോപ്പായിൽ തബീത്താ എന്നു പേരുള്ള, മരിച്ച ഒരു ശിഷ്യയെ ഉയിർപ്പിക്കുന്നു. ആദിമക്രൈസ്തവസമൂഹത്തിൽ ഇത്തരം അടയാളങ്ങൾ കൂടുതലായി സംഭവിച്ചതായി കാണുന്നുണ്ട്.

ഈശോയുടെ ജീവിതകാലത്ത് സംഭവിച്ചതിനു സദൃശ്യമായുള്ള അത്ഭുതങ്ങ ളാണ് ആദിമസഭയിലും നാം കാണുന്നത്. തളർവാതരോഗിയോട് ''ഈശോ നിന്നെ സുഖപ്പെടുത്തുന്നു'' (9:34) എന്നുതന്നെ പത്രോസ് പറയുന്നു. 'തബീത്താ' എന്ന ശിഷ്യയുടെ കാര്യത്തിൽ പ്രാർത്ഥിച്ചതിനുശേഷം, ജായ്റോസിന്റെ മകളോട് ഈശോ പറഞ്ഞതുപോലെ ''തബീത്താ, എഴുന്നേല്ക്കൂ'' (9:40) എന്നു പറയുന്നു. സഭാശുശ്രൂഷകരിലൂടെ ഈശോതന്നെയാണ് സഭയിൽ സന്നിഹിത നായി ശുശ്രൂഷ ചെയ്യുന്നതെന്ന് ഇതു സൂചിപ്പിക്കുന്നു. സഭയിലുള്ള ഈശോ യുടെ സജീവസാന്നിദ്ധ്യം മറ്റുള്ളവർക്ക് അനുഭവവേദ്യമാകത്തക്കവിധത്തിലാണ് രോഗശാന്തിശുശ്രൂഷ നിർവഹിക്കേണ്ടതെന്ന് ഈ സംഭവങ്ങൾ വ്യക്തമാ ക്കുന്നു.

രോഗശാന്തിശുശ്രൂഷ നമ്മുടെ അജപാലനശുശ്രൂഷയുടെ അവശ്യഘടകമാ ണ്. പക്ഷേ, അതു നിർവഹിക്കേണ്ടത് നിർവഹിക്കുന്ന ആളിന്റെ പ്രത്യേകത കൊണ്ടാണ് എന്ന പ്രതീതി ഉളവാക്കാതെ ഈശോമിശിഹായുടെ സാന്നിദ്ധ്യവും പ്രവർത്തനവുംകൊണ്ടാണ് എന്നു ജനങ്ങൾക്കു മനസ്സിലാകത്തക്ക വിധമായിരി ക്കണമെന്ന് പത്രോസിന്റെ ഈ പ്രവർത്തനശൈലി നമ്മെ ഓർമ്മിപ്പിക്കുന്നു. ഇതു സാദ്ധ്യമാകണമെങ്കിൽ സഭയോടൊത്തു പ്രാർത്ഥനാജീവിതം നയിച്ചുകൊണ്ട് ആ ശുശ്രൂഷ നിർവഹിക്കുവാൻ നമുക്കു കഴിയണം. തബീത്തായെ ഉയിർപ്പിക്കുന്ന തിനുമുമ്പ് പത്രോസ് മുട്ടുകുത്തി പ്രാർത്ഥിക്കുന്നുണ്ട് (9:40). സഭയുടെ പ്രാർത്ഥ നകൾ ചൊല്ലുകയും അവ ഉപയോഗിച്ച് രോഗശാന്തിശുശ്രൂഷകൾ നിർവഹിക്കു കയും ചെയ്യുന്നെങ്കിൽ, അവയിലൂടെ സഭയിലുള്ള കർത്താവിന്റെ സാന്നിദ്ധ്യവും രക്ഷാകരസ്നേഹവും തിരിച്ചറിയുവാനും, കർത്താവിലുള്ള വിശ്വാസത്തിൽ വളരു വാനും അത് സഹായകമാകുമെന്നതിനു സംശയമില്ല.

## 2. പ്രാർത്ഥനയും അനുസ്മരണവും

*''കേസറിയായിൽ കൊർണേലിയൂസ് എന്നൊരാളുായിരുന്നു. അവൻ ഇത്താ ലിക്കെ എന്നു വിളിക്കപ്പെടുന്ന സൈന്യവിഭാഗത്തിലെ ഒരു ശതാധിപനായിരു ന്നു. അവനും കുടുംബവും ദൈവഭയവും ഭക്തിയുമുള്ളവരായിരുന്നു. അവൻ ജനങ്ങൾക്ക് ഉദാരമായി ദാനധർമ്മം ചെയ്യുകയും ദൈവത്തോട് നിരന്തരം പ്രാർത്ഥിക്കുകയും ചെയ്തുപോന്നു'' (10:1-2).*

കേസറിയ ഒരു യഹൂദേതര നഗരമായിരുന്നു. യഹൂദരല്ലാത്ത ജനതക ളോടു സുവിശേഷം പ്രസംഗിക്കുവാനുള്ള സാഹചര്യം ആ നഗരത്തിലുണ്ടായി. കൊർണേലിയൂസ് എന്ന ശതാധിപൻ അതിനുപകരണമായിത്തീർന്നു. അയാൾ ദൈവഭയം നിലനിർത്തിയ ആളായിരുന്നു. യഹൂദമതത്തിന്റെ ഏക ദൈവവിശ്വാ സവും ധാർമ്മികപ്രമാണങ്ങളും ആകർഷകങ്ങളായി കരുതി അവയെ സ്വീകരിച്ച യഹൂദേതരിൽ ഒരുവനായിരുന്നു അയാൾ. പരിഛേദനം ഏല്ക്കാതെ യഹൂദമത വിശ്വാസവും അതിനോടു ചേർന്നുള്ള ജീവിതക്രമവും അയാൾ പുലർത്തി വന്നു. ആദ്ധ്യാത്മികവും ധാർമ്മികവുമായ കാര്യങ്ങളിൽ അതീവ ശ്രദ്ധാലുവായിരുന്നു. കുടുംബാംഗങ്ങളെയും അയാൾ ആ തീക്ഷ്ണതയിൽ നിലനിർത്തി. ഒരു ദിവസം പ്രാർത്ഥനയിൽ അയാൾക്ക് ഒരു ദർശനമുണ്ടായി: ''നിന്റെ പ്രാർത്ഥനകളും ദാന ധർമ്മങ്ങളും ദൈവസന്നിധിയിൽ നിന്നെ അനുസ്മരിപ്പിച്ചിരിക്കുന്നു'' എന്ന സന്ദേശം ലഭിച്ചു. അതേത്തുടർന്ന് യോപ്പായിലേക്ക് ആളയച്ച് പത്രോസ് എന്നു വിളിക്കപ്പെടുന്ന ശെമയോനെ വരുത്താനുള്ള നിർദ്ദേശവും ലഭിച്ചു.

പ്രാർത്ഥന ഒരനുസ്മരണമുൾക്കൊള്ളുന്ന പ്രക്രിയയാണെന്ന് ഈ സംഭവം സൂചിപ്പിക്കുന്നു. മനുഷ്യൻ ദൈവത്തെ അനുസ്മരിക്കുന്നു എന്നതിനെക്കാൾ ദൈവം മനുഷ്യനെ അനുസ്മരിക്കുന്ന ഒരു പ്രക്രിയയാണ് പ്രാർത്ഥന. പഴയനിയമ ത്തിൽ തോബിത്തിന് സ്വയം വെളിപ്പെടുത്തിക്കൊണ്ട് റഫായേൽ ദൂതൻ ഇപ്രകാരം പറയുന്നു: '' നീയും നിന്റെ മരുമകൾ സാറായും പ്രാർത്ഥിച്ചപ്പോൾ നിങ്ങളുടെ

പ്രാർത്ഥന പരിശുദ്ധനായവനെ ഞാൻ അനുസ്മരിപ്പിച്ചു. നീ മൃതരെ സംസ്കരിച്ചപ്പോൾ ഞാൻ നിന്നോടൊത്തുണ്ടായിരുന്നു'' (തോബിത് 12:12). ദൈവത്തിന്റെ ഈ അനുസ്മരണത്തിന് ഒരു ബലിയർപ്പണസ്വഭാവമുണ്ടെന്ന് ധാന്യബലിയെക്കുറിച്ചുള്ള പഴയനിയമ പരാമർശം വ്യക്തമാക്കുന്നുണ്ട് (ലേവാ 2:2). കൊർണേലിയൂസിന്റെ ദാനധർമ്മജീവിതത്തോടുകൂടിയ പ്രാർത്ഥനയ്ക്കുണ്ടായിരുന്ന അനുസ്മരണത്തിന്റെയും ബലിയർപ്പണത്തിന്റെയും സ്വഭാവം നമ്മുടെ പ്രാർത്ഥനയ്ക്കുമുണ്ടാകണം. പരിശുദ്ധ കുർബാന ഈശോയുടെ ബലിയർപ്പണവും അനുസ്മരണവുമുൾക്കൊള്ളുന്ന ഏറ്റം വലിയ പ്രാർത്ഥനയായതുപോലെ നമ്മുടെ ശുശ്രൂഷാജീവിതവും പ്രാർത്ഥനയും ദൈവത്തിനു സ്വീകാര്യമായ ബലിയർപ്പണവും അനുസ്മരണവുമാകണം. പരിശുദ്ധ കുർബാനയിൽ ദൈവം തന്റെ പുത്രന്റെ ബലിയർപ്പണം അനുസ്മരിക്കുന്നതിലൂടെ നമ്മുടെമേൽ കൃപാവരം ചൊരിയുന്നതുപോലെ നമ്മുടെ പ്രാർത്ഥന ദൈവതിരുമുമ്പിലുള്ള അനുസ്മരണമാകുമ്പോൾ, അതുവഴി നമ്മുടെമേൽ ദൈവത്തിന്റെ കൃപാവരം സമൃദ്ധമായി ചൊരിയപ്പെടും. അപ്രകാരമുള്ള ഒരു പ്രാർത്ഥനാജീവിതം പുരോഹിതനുണ്ടാവണം.

## 3. പ്രാർത്ഥനയും ദൈവാനുഭവവും

*''സ്വർഗ്ഗം തുറന്നിരിക്കുന്നതും വലിയ വിരിപ്പുപോലുള്ള ഒരു പാത്രം നാലു കോണിലും പിടിച്ച് ഭൂമിയിലേക്ക് ഇറക്കപ്പെടുന്നതും അവൻ കണ്ടു. ഭൂമിയിലെ എല്ലാത്തരം നാല്ക്കാലികളും ഇഴജന്തുക്കളും ആകാശപ്പറവകളും അതിലുണ്ടായിരുന്നു. ഒരു സ്വരവും അവൻ കേട്ടു: പത്രോസേ, എഴുന്നേല്ക്കുക; നീ ഇവയെ കൊന്നു ഭക്ഷിക്കുക. പത്രോസ് പറഞ്ഞു: കർത്താവേ, ഒരിക്കലുമില്ല. മലിനമോ അശുദ്ധമോ ആയ ഒന്നും ഞാൻ ഒരിക്കലും ഭക്ഷിച്ചിട്ടില്ല. രണ്ടാമതും അവൻ ആ സ്വരം കേട്ടു: ദൈവം വിശുദ്ധീകരിച്ചവ മലിനമെന്നു നീ കണക്കാക്കരുത്. മൂന്നു പ്രാവശ്യം ഇങ്ങനെ സംഭവിച്ചു. ഉടൻതന്നെ പാത്രം ആകാശത്തേക്ക് എടുക്കപ്പെടുകയും ചെയ്തു'' (10:11-16).*

പത്രോസിനുായ പ്രാർത്ഥനാനുഭവമാണ് ഇവിടെ വിവരിക്കുന്നത്. പ്രാർത്ഥന സ്വർഗ്ഗം തുറക്കപ്പെടുന്നതും ദൈവത്തിന്റെ സ്വരം കേൾക്കുന്നതുമായ ദൈവാനുഭവമാണെന്ന് ഈ രംഗം നമ്മെ ഓർമ്മിപ്പിക്കുന്നു. ഈശോയുടെ മാമ്മോദീസായുടെ സന്ദർഭവും രൂപാന്തരീകരണ സന്ദർഭവും ഇതുപോലെ ഒരു പ്രാർത്ഥനാനുഭവത്തിന്റെ സന്ദർഭമായിട്ടാണ് ലൂക്കാ സുവിശേഷകൻ അവതരിപ്പിക്കുക (ലൂക്കാ. 3:21-22; 9:28-36). ഈശോയെക്കുറിച്ചുള്ള ദൈവത്തിന്റെ രക്ഷാപദ്ധതി വെളിപ്പെടുത്തുന്ന സന്ദർഭമായിട്ടാണ് ഈ പ്രാർത്ഥനാനുഭവം ലൂക്കാ സുവിശേഷകൻ അവതരിപ്പിക്കുന്നത് (ലൂക്കാ 9:31). പ്രവാചകഗ്രന്ഥങ്ങളിൽ ഇപ്രകാരമുള്ള ദൈവാനുഭവത്തിലൂടെ പ്രവാചകന്മാർക്ക് ഇസ്രായേലിലുള്ള തങ്ങളുടെ പ്രവാചകദൗത്യം വെളിപ്പെടുത്തുന്നതായി കാണുന്നുണ്ട് (എസ. 1:1; ജറെ. 1:11-15; ആമോസ് 8:1-3). ഇവിടെ പത്രോസിന്, യഹൂദരും വിജാതീയരും ഉൾക്കൊള്ളുന്ന സമൂഹമാണ് സഭ എന്ന വലിയ വെളിപ്പെടുത്തൽ നല്കപ്പെടുകയാണ്. സഭയുടെ ഇന്നത്തെ രീതിയിലുള്ള വളർച്ചയ്ക്കു നിർണായകമായ ഒരു പ്രാർത്ഥനാനുഭവമായിരുന്നു പത്രോസിന്റേത്.

പ്രാർത്ഥന ദൈവവും മനുഷ്യനും തമ്മിലുള്ള ഒരു സംഭാഷണമാണ്. പലപ്പോഴും പ്രാർത്ഥന ദൈവമനുഷ്യസംഭാഷണമാകാതെ കേവലം മനുഷ്യന്റെ സ്വഭാഷണമായിത്തീരുന്നുണ്ട്. ദൈവത്തെ സംസാരിക്കാൻ അനുവദിക്കാതെ, ദൈവത്തെ കേൾക്കാൻ ശ്രമിക്കാതെ, ദൈവത്തോടു സംസാരിക്കുകമാത്രം ചെയ്യുന്ന ഒരു പ്രക്രിയയായി അതു മാറുന്നുണ്ട്. അതുകൊണ്ട് ശരിയായ ദൈവാനുഭവമുണ്ടാകുന്നില്ല. പ്രാർത്ഥനയിൽ ദൈവത്തിന്റെ സ്വരം കേൾക്കുവാൻ

ഇടമുണ്ടാകണം. ദൈവം മുൻകൈ എടുക്കുന്നതും മനുഷ്യൻ ശ്രവിക്കുകയും പ്രത്യുത്തരം നല്കുകയും ചെയ്യുന്ന ഒരു പ്രക്രിയ ആണ് -ആയിരിക്കണം- പ്രാർത്ഥന. അപ്പോൾമാത്രമേ നമ്മുടെ ജീവിതവും പൗരോഹിത്യശുശ്രൂഷയും ദൈവഹിതപ്രകാരമാണെന്ന് നമുക്ക് ഉറപ്പുവരുത്താനാവൂ. ഇപ്രകാരം ശ്രവണത്തിനിടംകൊടുത്തുകൊണ്ട് പ്രാർത്ഥിച്ചാൽ നമുക്ക് ദൈവഹിതം അറിയുവാനാകും. ദൈവാനുഭവത്തോടുകൂടെ പ്രാർത്ഥിക്കുവാനും കഴിയും. അതിന്റെ ഫലമായി ദൈവഹിതപ്രകാരമുള്ള, ദൈവികമായ മാറ്റം നമ്മുടെ ജീവിതത്തിലും ശുശ്രൂഷയിലുമുണ്ടാകും. യഹൂദാഭിമുഖ്യം മാത്രമുണ്ടായിരുന്ന പത്രോസിന് ഇപ്പോൾ വിജാതീയരോടും ആഭിമുഖ്യമുണ്ടാകുന്നു. മാനുഷികതയ്ക്ക് അടിമപ്പെടാതെ ദൈവികതയിൽ വളരാനും ദൈവത്തോടു ചേർന്നുനിന്ന് ശുശ്രൂഷ ചെയ്യുവാനും ശരിയായ പ്രാർത്ഥന പുരോഹിതനെ സഹായിക്കുന്നു.

## 4. പ്രാർത്ഥനയും സുവിശേഷപ്രഘോഷണവും

*''അവൻ അവരോടു പറഞ്ഞു: മറ്റൊരു വർഗ്ഗക്കാരനുമായി സമ്പർക്കം പുലർത്തുന്നതും അവനെ സമീപിക്കുന്നതും ഒരു യഹൂദന് എത്രത്തോളം നിയമവിരുദ്ധമാണെന്ന് നിങ്ങൾക്കറിയാമല്ലോ. എന്നാൽ, ഒരു മനുഷ്യനെയും ഹീനജാതിക്കാരനെന്നോ അശുദ്ധനെന്നോ വിളിക്കരുതെന്ന് ദൈവം എനിക്കു കാണിച്ചുതന്നിരിക്കുന്നു. അതിനാൽ, നിങ്ങൾ എനിക്ക് ആളയച്ചപ്പോൾ യാതൊരു തടസ്സവും പറയാതെ ഞാൻ വരുകയാണു ചെയ്തത്. എന്തിനാണ് നിങ്ങൾ എനിക്ക് ആളയച്ചതെന്നു പറയുവിൻ'' (10:28-29).*

പത്രോസ് ഒരു യഹൂദനായിരുന്നു. യഹൂദരോട് സുവിശേഷം പ്രസംഗിക്കുകയും അവരെ ക്രിസ്തീയവിശ്വാസത്തിലേക്ക് ആനയിക്കുകയും ചെയ്യുക എന്നതായിരുന്നു പത്രോസിന്റെ സുവിശേഷപ്രഘോഷണശൈലി. അതിൽനിന്നും തികച്ചും വ്യത്യസ്തമായ നിലപാടു സ്വീകരിക്കുകയും എല്ലാ ജനതകൾക്കുമുള്ള സുവിശേഷപ്രഘോഷകനായി മാറുകയും ചെയ്തത്, പത്രോസിന്റെ പ്രാർത്ഥനാനുഭവത്തിന്റെ ഫലമായിട്ടാണ്. കൊർണേലിയൂസുമായി കണ്ടുമുട്ടിയപ്പോൾ പത്രോസ് പറഞ്ഞ വാക്കുകൾ ഈ വസ്തുത വ്യക്തമാക്കുന്നു: ''മറ്റൊരു വർഗ്ഗക്കാരനുമായി സമ്പർക്കം പുലർത്തുന്നതും അവനെ സമീപിക്കുന്നതും ഒരു യഹൂദന് എത്രത്തോളം നിയമവിരുദ്ധമാണെന്ന് നിങ്ങൾക്കറിയാമല്ലോ. എന്നാൽ, ഒരു മനുഷ്യനെയും ഹീനജാതിക്കാരനെന്നോ അശുദ്ധനെന്നോ വിളിക്കരുതെന്ന് ദൈവം എനിക്കു കാണിച്ചുതന്നിരിക്കുന്നു. അതിനാൽ, നിങ്ങൾ എനിക്ക് ആളയച്ചപ്പോൾ യാതൊരു തടസ്സവും പറയാതെ ഞാൻ വരുകയാണു ചെയ്തത്'' (നട. 10:28-29).

പുരോഹിതന്റെ അജപാലനശുശ്രൂഷയുടെ പ്രഥമദൗത്യം സുവിശേഷപ്രഘോഷണമാണല്ലോ (PO 4). അജപാലനശുശ്രൂഷകളെല്ലാം ഈ സുവിശേഷപ്രഘോഷണത്തിന്റെ ഭാഗമാണ്. അജപാലനശുശ്രൂഷയ്ക്ക് പ്രാർത്ഥനാപൂർവം ഒരുങ്ങേണ്ടതുണ്ട്. അതുപോലെ അജപാലനശുശ്രൂഷയ്ക്ക് പൊതുവായ മാർഗ്ഗരേഖ സഭാതലത്തിലും രൂപതാതലത്തിലുമുണ്ടെങ്കിലും അത് ഓരോ ഇടവകയിലും പ്രായോഗികമാക്കേണ്ടത്, അവിടുത്തെ പ്രത്യേക സാഹചര്യങ്ങൾക്കനുസൃതമായിട്ടാണ്. അതിന് വിവേചനം ആവശ്യമാണ്. ഈ വിവേചനം നടത്തുവാൻ കഴിയണമെങ്കിൽ ദൈവഹിതം ശ്രവിക്കുന്ന, ദൈവാനുഭവമുൾക്കൊള്ളുന്ന പ്രാർത്ഥനാജീവിതം ആവശ്യമാണ്. പ്രാർത്ഥനയിലൂടെ ദൈവഹിതം വിവേചിച്ചറിഞ്ഞ് അജപാലന ശുശ്രൂഷാപരിപാടികൾ ആസൂത്രണം ചെയ്യുവാനും നടപ്പിൽ വരുത്തുവാനും അജപാലകർക്കു കഴിയണം.

## 5. പ്രാർത്ഥനയും സുവിശേഷസ്വീകരണവും

''അതുകൊണ്ട് നിന്നെ വിളിക്കാൻ ഞാൻ ഉടനെ ആളയച്ചു. നീ സൗമനസ്യത്തോടെ ഇവിടെ വരികയും ചെയ്തു. കർത്താവ് നിന്നോട് ആജ്ഞാ

പിച്ചിട്ടുള്ളതെല്ലാം കേൾക്കാൻ ഇതാ, ദൈവസന്നിധിയിൽ ഞങ്ങളെല്ലാവരും സന്നിഹിതരായിരിക്കുന്നു. ... പത്രോസ് ഇതു പറഞ്ഞുകൊണ്ടിരിക്കുമ്പോൾത്തന്നെ കേട്ടുകൊണ്ടിരുന്ന എല്ലാവരുടെയുംമേൽ പരിശുദ്ധാത്മാവു വന്നു'' (നട. 10:33-44).

പ്രാർത്ഥനയിലൂടെ സുവിശേഷസ്വീകരണത്തിനൊരുങ്ങിക്കൊണ്ടാണ് കൊർണേലിയൂസ് പത്രോസിനെ കൊണ്ടുവരാൻ ആളയച്ചത്. പത്രോസിനോടുള്ള കൊർണേലിയൂസിന്റെ വാക്കുകൾ അത് വ്യക്തമാക്കുന്നുണ്ട്: ''കർത്താവ് നിന്നോട് ആജ്ഞാപിച്ചിട്ടുള്ളതെല്ലാം കേൾക്കാൻ ഇതാ, ദൈവസന്നിധിയിൽ ഞങ്ങളെല്ലാവരും സന്നിഹിതരായിരിക്കുന്നു'' (നട. 10:33). കൊർണേലിയൂസും കുടുംബവും പത്രോസിനെ കേൾക്കാൻ നിന്നത് ദൈവസന്നിധിയിലാണെന്നത് എടുത്തുപറയുന്നു. കൊർണേലിയൂസിനുണ്ടായ പ്രാർത്ഥനാനുഭവത്തിൽ പങ്കുചേർന്നുകൊണ്ട് അയാളുടെ കുടുംബാംഗങ്ങളും ബന്ധുക്കളും അടുത്ത സുഹൃത്തുക്കളും പത്രോസിനെ കേൾക്കാൻ തയ്യാറായി നിന്നത്. പ്രാർത്ഥനാനുഭവമാണല്ലോ ദൈവസാന്നിദ്ധ്യസ്മരണയെ ഉണർത്തുന്നതും വളർത്തുന്നതും. അപ്രകാരം പ്രാർത്ഥനയിലൂടെ ദൈവസ്വരം ശ്രവിക്കുവാൻ തയ്യാറാകുന്ന മനോഭാവം സൃഷ്ടിച്ചുകൊണ്ടാണ് കൊർണേലിയൂസ് തന്റെ കുടുംബാംഗങ്ങളെയും സുഹൃത്തുക്കളെയും പത്രോസ് പ്രഘോഷിക്കുന്ന സുവിശേഷസ്വീകരണത്തിനൊരുക്കിയത്.

പുരോഹിതൻ തന്റെ അജപാലനശുശ്രൂഷയ്ക്ക് ഏല്പിക്കപ്പെടുന്നവരെ ഇപ്രകാരം സുവിശേഷസ്വീകരണത്തിനായി ഒരുക്കണം. അത് സാദ്ധ്യമാകണമെങ്കിൽ അവരെ ശരിയായ രീതിയിൽ പ്രാർത്ഥിക്കുവാൻ പഠിപ്പിക്കണം. പ്രാർത്ഥനയുടെ പഠനക്കളരി സഭയുടെ ആരാധനക്രമമാണ് (NMI 34). സഭയുടെ ആരാധനക്രമ പ്രാർത്ഥനകൾ നന്നായി ചൊല്ലുവാനും പാടുവാനും ജനങ്ങളെ അഭ്യസിപ്പിക്കണം. സഭയുടെ പ്രാർത്ഥനകൾ ദൈവവചനസാന്നിദ്ധ്യമുള്ള പ്രാർത്ഥനകളാകതുകൊണ്ട് പ്രാർത്ഥിക്കുന്നവരിൽ ശ്രവണമനോഭാവമുളവാക്കുവാൻ അവ സഹായകരങ്ങളാണ്. അതുപോലെതന്നെ നാം പ്രാർത്ഥിക്കുന്നത് മിശിഹായോടും സഭയോടുമൊപ്പമാണെന്ന പ്രതീതിയും അനുഭവവും സഭയുടെ പ്രാർത്ഥനകൾ നമ്മിലുളവാക്കും. വെറും വ്യക്തിപരമായ ആകുലതകളും ചിന്തകളും ഒഴിവാക്കി ദൈവസന്നിധിയിലായിരിക്കുവാനും അവ നമ്മെ സഹായിക്കും. അപ്രകാരം പ്രാർത്ഥനാ പരിശീലനത്തിലൂടെ ദൈവജനത്തെ ഒരുക്കി അവരോടു സുവിശേഷപ്രഘോഷണം നടത്തുവാൻ അജപാലകർ ശ്രദ്ധിക്കണം.

## ജീവിതസൂചിക

1. പ്രാർത്ഥനയ്ക്കും രോഗശാന്തിശുശ്രൂഷയ്ക്കും എന്റെ അജപാലനശുശ്രൂഷയിൽ എത്രമാത്രം സ്ഥാനമുണ്ട്?
2. പ്രാർത്ഥനയെ ദൈവതിരുമുമ്പിലുള്ള അനുസ്മരണമാക്കിത്തീർക്കുവാൻ എന്റെ ജീവിതത്തെ ഞാൻ എങ്ങനെ ക്രമീകരിക്കണം?
3. പ്രാർത്ഥന എനിക്ക് ദൈവാനുഭവമായിത്തീരുന്നുണ്ടോ? ദൈവഹിതമനുസരിച്ചാണ് അജപാലനശുശ്രൂഷ നിർവഹിക്കുന്നതെന്ന് ഉറപ്പുവരുത്തുവാൻ അതെന്നെ സഹായിക്കുന്നുണ്ടോ?
4. ശരിയായ സുവിശേഷപ്രഘോഷണത്തിനും അജപാലനശുശ്രൂഷയ്ക്കും എന്നെ പ്രാപ്തനാക്കുന്ന ഒന്നാണോ എന്റെ പ്രാർത്ഥനാജീവിതം?
5. പ്രാർത്ഥനാപരിശീലനത്തിലൂടെ സുവിശേഷസ്വീകരണത്തിന് ഞാൻ ജനങ്ങളെ ഒരുക്കുന്നുണ്ടോ?



# അഭിവന്ദ്യ പിതാക്കന്മാരുടെ ഡയറി

## മാർ ജോസഫ് പെരുന്തോട്ടം

### 2018 സെപ്റ്റംബർ

26-28 ബാംഗ്ലൂർ സെന്റ് ജോൺസിൽ സി.ബി.സി.ഐ. സ്റ്റാന്റിംഗ് കമ്മിറ്റിയിൽ പങ്കെടുത്തു.

29 ഉച്ചയ്ക്ക് അതിരൂപതാകേന്ദ്രത്തിൽ സന്ദർശനത്തിനെത്തിയ വൈദികരെ സ്വീകരിച്ചു. ഉച്ചകഴിഞ്ഞ് അതിരൂപതാർതിത്തിക്കുള്ളിലെ, Men Religious സുപ്പീരിയേഴ്സിന്റെ മീറ്റിംഗിൽ പങ്കെടുത്ത് സംസാരിച്ചു. വൈകുന്നേരം തിരുവല്ലാ അതിരൂപതയിലെ മാരാമൺ ചെറുപുഷ്പ മലങ്കര കത്തോലിക്കാ ദൈവാലയത്തിൽ തിരുനാളിനോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ചു സന്ദേശം നൽകി.

30 ആനിക്കാട് സെന്റ് ആന്റണീസ് ദൈവാലയത്തിൽ അജപാലന സന്ദർശനം നടത്തി. ഉച്ചകഴിഞ്ഞ് കടയനിക്കാട് ഇടവകയുടെ നവതി ആഘോഷ സമ്മേളനത്തിൽ പങ്കെടുത്തു. വൈകുന്നേരം പൊടിപ്പാറ ഹോളി ഫാമിലി ഇടവകയുടെ ഇടവകദിനാഘോഷത്തോടനുബന്ധിച്ച് സംഘടിപ്പിച്ച സമ്മേളനത്തിൽ പങ്കെടുത്തു സംസാരിച്ചു.

### 2018 ഒക്ടോബർ

1 രാവിലെ അതിരൂപതാ കേന്ദ്രത്തിൽ, പ്രസ്ബിറ്ററൽ കൗൺസിൽ സമ്മേളനത്തിൽ അദ്ധ്യക്ഷത വഹിച്ചു. ഉച്ചകഴിഞ്ഞ് 'The Crown of the Church' എന്ന ഡോക്യുമെന്ററി പ്രകാശനത്തോടനുബന്ധിച്ച് മീഡിയ വില്ലേജിൽ (SJCC) സംഘടിപ്പിച്ച സമ്മേളനത്തിൽ പങ്കെടുത്ത് റിലീസിംഗ് കർമ്മം നിർവ്വഹിച്ചു. അതിരൂപതാകേന്ദ്രത്തിൽ സംഘടിപ്പിച്ച ഫൊറോന വികാരിമാരുടെ സമ്മേളനത്തിൽ പങ്കെടുത്തു. വൈകുന്നേരം കാവുകാട്ട് പിതാവിന്റെ ചരമവാർഷികാചരണത്തോടനുബന്ധിച്ച് കത്തീഡ്രൽ കബറിട പള്ളിയിൽ വി. കുർബാനയർപ്പിച്ചു സന്ദേശം നൽകി. തുടർന്ന് കത്തീഡ്രൽ ഇടവകയിൽ കോയിപ്പള്ളി ഡ്യൂക്ക്-ദീപ ദമ്പതികളുടെ 5-ാമത്തെ കുഞ്ഞിന് മാമ്മോദീസാ നൽകി.

2 രാവിലെ മങ്കൊമ്പ് തെക്കേക്കര, പൊങ്ങ പള്ളികളിൽ പുതിയതായി സ്ഥാപിച്ച RO-പ്ലാന്റ് വെഞ്ചരിച്ച് നൽകുകയും, അതിരൂപതാകേന്ദ്രത്തിലൂടെ പ്രദേശവാസികൾക്ക് നൽകിയ RO-പ്ലാന്റ് സംഭാവന ചെയ്തവരെ നന്ദിയോടെ ഓർക്കുകയും ചെയ്തു. പഴവങ്ങാടി CMC മഠത്തിന്റെ ജൂബിലിയോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി. ഉച്ചകഴിഞ്ഞ് കല്ലൂപ്പാറ സെന്റ് ജോസഫ് ബോയ്സ് ഹോമിൽ സെന്റ് ജോസഫ്സ് പ്രസ്സ് & ബുക്ക് സ്റ്റാളിലെ ജീവനക്കാരുടെ കുടുംബസംഗമത്തിൽ പങ്കെടുത്തു. തുടർന്ന് മല്ലപ്പള്ളി ഖാദി പരിശീലന കേന്ദ്രത്തിലെ ഗാന്ധിജയന്തി ദിനാഘോഷസമ്മേളനത്തിൽ പങ്കെടുത്തു സന്ദേശം നൽകി. തുടർന്ന് മങ്കൊമ്പ് കവലയിൽ പ്രളയബാധിത പ്രദേശങ്ങളിൽ സഹായത്തിനെത്തിയവരെ അഭിനന്ദിക്കുന്നതിനായി AKCC വിളിച്ചു കൂട്ടിയ സംഗമത്തിൽ പങ്കെടുത്തു. വൈകുന്നേരം, റീജൻസി ഡയറക്ടേഴ്സിന്റെ സമ്മേളനത്തിൽ പങ്കെടുത്തു.

3 ചങ്ങനാശേരി അതിരൂപതാ കേന്ദ്രത്തിൽ ചങ്ങനാശേരി, പാലാ, കാഞ്ഞിരപ്പള്ളി രൂപതാ പ്രതിനിധികൾക്കായി സംഘടിപ്പിച്ച മാധ്യമ സെമിനാറിൽ പങ്കെടുത്തു. ഉച്ചകഴിഞ്ഞ് അഭിവന്ദ്യ പവ്വത്തിൽ പിതാവിന്റെ ജീവിതത്തെ ആധാരമാക്കിയുള്ള 'The Crown of the Church' എന്ന ഡോക്യുമെന്ററി പ്രദർശനം അപ്സരാ തിയേറ്ററിൽ വീക്ഷിച്ചു. പ്രളയ പുനരധിവാസത്തെക്കുറിച്ച് ആലോചിക്കുന്നതിനായി അതിരൂപതാ കേന്ദ്രത്തിൽ കൂടിയ സമ്മേളനത്തിൽ പങ്കെടുത്തു.

4 രാവിലെ പള്ളിക്കുന്നം പള്ളിയിൽ വി. കുർബാനയർപ്പിച്ചു. പുതിയതായി നിർമ്മിച്ച പള്ളിമേട വെഞ്ചരിച്ചു. ഉച്ചയ്ക്ക് എസ്.ബി. കോളജിൽ വിൻസെന്റ് ഡീ പോൾ സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച ഫുഡ് ഫെസ്റ്റിൽ പങ്കെടുത്തു സന്ദേശം നൽകി. ജയിലിൽ കഴിഞ്ഞ ജലന്തർ ബിഷപ്പ് ഫ്രാങ്കോ മുളയ്ക്കൽ പിതാവിനെ സന്ദർശിച്ചു.

5 ഉച്ചകഴിഞ്ഞ് അതിരൂപതാ കേന്ദ്രത്തിൽ സന്ദർശകരെ സ്വീകരിച്ചു. വൈകുന്നേരം, അതിരൂപതാ കേന്ദ്രത്തിൽ മേജർ സെമിനാരിക്കാരുടെ സംഗമത്തിൽ പങ്കെടുത്ത് സന്ദേശം നൽകി.

6 നവമശതാബ്ദിയോടനുബന്ധിച്ച് കത്തീഡ്രൽ പള്ളിയിൽ നടന്ന സിമ്പോസിയം ഉദ്ഘാടനം ചെയ്തു സന്ദേശം നൽകി. തുടർന്ന്, മിഷൻ യാത്രയ്ക്കായി ജയ്പൂർ, ഇറ്റാവാ സ്ഥലങ്ങളിലേക്കു യാത്ര തിരിച്ചു.

**ജയ്പൂർ മിഷൻ സന്ദർശനം**

7 ജയ്പൂർ ഹോളിഫാമിലി ഇടവകയിലെ ജയ്പൂർ മിഷൻ മാനസരോവർ (Mansarover) കൂട്ടായ്മയിൽ ഏതാനും വീടുകൾ അഭിവന്ദ്യ റാഫേൽ തട്ടിൽ പിതാവിനും പാലയ്ക്കൽ ബഹു. ജയിംസ്ച്ചനും മറ്റു വൈദികർക്കൊപ്പം സന്ദർശിച്ചു. തുടർന്ന് ജയ്പൂർ സെന്റ് തോമസ് ഓർത്തഡോക്സ് പള്ളിയുടെ വജ്രജൂബിലി ആഘോഷങ്ങളിൽ പങ്കെടുത്തു സന്ദേശം നൽകി. ഉച്ചകഴിഞ്ഞ് ജയ്പൂർ ഹോളിഫാമിലി, ജോട്ട്വാര (Jhotwara) സെന്റ് തോമസ് ഇടവകാംഗങ്ങൾക്കായി, ജോട്ട് വാര എമ്മാനുവേൽ മിഷൻ പെന്തക്കുസ്താ സ്കൂളിൽ പ്രത്യേകം തയ്യാറാക്കിയ ഹാളിൽ വി. കുർബാനയർപ്പിച്ചു. രണ്ട് ഇടവകയിലെയും 7 കുട്ടികൾക്ക് ആഘോഷമായ കുർബാന സ്വീകരണത്തോടനുബന്ധിച്ച് തൈലാഭിഷേക കൂദാശ നൽകി. ജയ്പൂർ സീറോ മലബാർ കൂട്ടായ്മയുടെ ആഭിമുഖ്യത്തിൽ ആരംഭിച്ച 'സീറോമലബാർ ഹെൽത്ത് പ്രഫഷണൽ മൂവ്മെന്റ്, രാജസ്ഥാൻ' ശുശ്രൂഷ ഉദ്ഘാടനം ചെയ്തു. ജയ്പൂരിൽ ആതുരാശുശ്രൂഷാരംഗത്ത് സംഭാവനകൾ നൽകിയ 41 റിട്ടയേർഡ് നഴ്സുമാരെ ആദരിച്ചു. അത്താഴത്തിനുശേഷം സോഡാലയിലേക്കു (Sodala) മടങ്ങി.

8 രാവിലെ സോഡാലയിലെ ചാപ്പലിൽ വി. കുർബാനയർപ്പിച്ചു. തുടർന്ന് അഭിവന്ദ്യ തട്ടിൽ പിതാവിനും ബഹു. വൈദികർക്കും അല്മായ നേതാക്കൾക്കുമൊപ്പം ബിവാടി (Bhiwadi) ജില്ലയിലെ സീറോമലബാർ വിശ്വാസികളെ ഒരുമിച്ചുകൂട്ടി സംസാരിക്കുകയും, സീറോ മലബാർ കമ്മ്യൂണിറ്റി ആരംഭിക്കേണ്ടതിന്റെ പ്രസക്തി മനസ്സിലാക്കി കൊടുക്കുകയും ചെയ്തു. യാത്രാമദ്ധ്യേ സി.എം.സി. രാജസ്ഥാൻ (Amal Jyothi) റീജിയനിലെ മഠം, ബിവാടിയിലെ ഓർത്തഡോക്സ് പള്ളി, സെന്റ് പോൾസ് സലേഷ്യൻ ഹൗസ് സന്ദർശിച്ച് ബഹു. വൈദികരും സന്ന്യസ്തരുമായി സംസാരിച്ചു.

9 ജയ്പൂർ ഹോളിഫാമിലി ഇടവകയിലെ മാളവിയ്യ നഗർ (Malavianagar) സോഡാല കൂട്ടായ്മകളിലെ വിവിധ ഭവനങ്ങൾ സന്ദർശിച്ച് സീറോമലബാർ

കമ്മ്യൂണിറ്റിയിലെ രൂപികരണത്തിനു നേതൃത്വം നൽകിയവരുമായി സംസാരിച്ചു. വൈകുന്നേരം ഹോളിഫാമിലി ഇടവകാംഗങ്ങൾക്കായി സെന്റ് പോൾ സ്കൂളിൽ വി. കുർബാന അർപ്പിച്ചു.

10 ബുന്ദി (Bundi) ജില്ലയിലെ സെന്റ് തോമസ് സ്കൂളിൽ വി. കുർബാനയർപ്പിച്ച് സ്കൂളുടമ ശ്രീ. ജയിംസും മറ്റ് വിശ്വാസികളുമായും സംസാരിച്ചു. യാത്രാമദ്ധ്യേ മാളവിയ്യനഗറിൽ ശ്രീ. ബേബിയുടെ ഭവനം സന്ദർശിച്ച് മരണത്തിൽ ദുഃഖാർത്തരായ കുടുംബാംഗങ്ങളുമൊത്തു ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.കോട്ട (Kotta) ജില്ലയിൽ പി.എസ്.എ. കോൺഗ്രിഗേഷൻ നടത്തുന്ന ഹോളിഫാമിലി ആശുപത്രി സന്ദർശിച്ച് ബഹു. സിസ്റ്റേഴ്സുമായും സംസാരിച്ചു. സീറോ മലബാർ സഭാംഗമായ ശ്രീ. ജോസഫിന്റെ ഭവനത്തിൽ വി. കുർബാനയർപ്പിക്കുകയും അവിടെ ഒത്തുചേർന്ന വിശ്വാസികളുമായി സംസാരിക്കുകയും ചെയ്തു.

## ഇറ്റാവാ മിഷൻ

11 രാജസ്ഥാനിലെ ജയ്പൂർ മിഷനിൽ നിന്ന് ഉത്തർപ്രദേശിലെ ഇറ്റാവാ മിഷനിലേക്ക് യാത്ര ചെയ്തു. വൈകുന്നേരം ഇറ്റാവ മിഷനിലെ ഇറ്റാവ സെന്റ് മേരീസ് ഇടവക കൂട്ടായ്മ നൽകിയ സ്വീകരണത്തിന്റെ ഭാഗമായ സമ്മേളനത്തിൽ പങ്കെടുത്ത് സംസാരിച്ചു. ആലംപൂരുള്ള ആശാനിലയത്തിലെത്തി വി. കുർബാനയർപ്പിച്ചു.

12 രാവിലെ ആലംപൂരുള്ള ഹോളിഫാമിലി മഠം സന്ദർശിച്ചു തുടർന്ന് ഇറ്റാവാ സെന്റ് മേരീസ് സ്കൂളിലെ സ്പോർട്ട്സ് ഡേ ഫെസ്റ്റ് ഉദ്ഘാടനം ചെയ്തു. തുടർന്ന് ആലംപൂര് 'മാനസിക വെല്ലുവിളികൾ' നേരിടുന്നവർക്കായുള്ള സ്കൂൾ സന്ദർശിച്ചു. ചിബറമാവ് സെന്റ് പോൾ മിഷൻ സെന്റർ സന്ദർശിച്ചു, വിശ്വാസികളുമായി സംസാരിച്ചു. ഉച്ചയ്ക്കുശേഷം കനൗജിലുള്ള ക്രിസ്തുജ്യോതി മിഷനിലേക്കു യാത്ര തിരിച്ചു. വൈകുന്നേരം കനൗജിലുള്ള വിശ്വാസികളുമൊത്ത് വി. കുർബാനയർപ്പിച്ചു.

13 രാവിലെ ദിബിയപൂറിലുള്ള സാഞ്ചോസ് മിഷൻ സെന്ററിൽ എത്തി, ഇറ്റാവ മിഷനു കീഴിൽ വിവിധ സെൻററുകളിലെ സൺഡേസ്കൂൾ കുട്ടികൾക്കായുള്ള ക്യാമ്പിൽ പങ്കെടുത്തവരെ സന്ദർശിച്ച് സംസാരിച്ചു. ഔറിയ സെന്റ് ഫ്രാൻസീസ് സെന്റർ സന്ദർശിച്ച് വിശ്വാസികളുമായി സംസാരിച്ചു. വൈകുന്നേരം ദിബിയാപൂർ സെന്ററിൽ കുട്ടികളുടെ ആഘോഷമായ കുർബാന സ്വീകരണത്തിനു കാർമ്മികത്വം വഹിച്ചു. തുടർന്ന് ദിബിയാപൂറിലുള്ള സെന്റ് ജോസഫ് മിഷൻ സെന്റർ (എൻ.റ്റി.പി.സി.) സന്ദർശിച്ച് വിശ്വാസികളുമായി സംസാരിച്ചു.

14 രാവിലെ നഗ്ല ഗഢരിയായിലുള്ള ജീവൻ ജ്യോതി മൈനർ സെമിനാരിയിലെത്തി വൈദികാർത്ഥികളുമൊത്ത് വി. കുർബാനയർപ്പിച്ചു. തുടർന്ന് എല്ലാ വൈദികാർത്ഥികളുമായി ബഹു. വൈദികരുടെയും അഭിവന്ദ്യ തട്ടിൽ പിതാവിന്റെയും സാന്നിധ്യത്തിൽ സംസാരിച്ചു. പ്രഭാതഭക്ഷണത്തിനുശേഷം ബാച്ചടിസ്ഥാനത്തിൽ വൈദികാർത്ഥികളുമായി സംസാരിച്ചു. തുടർന്ന് ഉച്ചകഴിഞ്ഞ് ചക്കർനഗർ മിഷൻ സ്റ്റേഷനിലെത്തി ഇറ്റാവ മിഷനിലെ ബഹു. വൈദികരും സിസ്റ്റേഴ്സുമായി അഭിവന്ദ്യ തട്ടിൽ പിതാവിന്റെയും ബഹു. പാലയ്ക്കലച്ചന്റെയും മിഷൻ സൂപ്പീരിയർ ബഹു. ഏഴുകാട്ടച്ചന്റെയും സാന്നിധ്യത്തിൽ സംസാരിച്ചു. തുടർന്ന് ചക്കർനഗർ സ്റ്റേഷനിൽ പുതിയതായി നിർമ്മിച്ച ദൈവാലയം കൂദാശ ചെയ്ത് ആരാധനയ്ക്കായി സമർപ്പിച്ചു.

15 അതിരാവിലെ ചങ്ങനാശ്ശേരിയിലേക്കു യാത്ര തിരിച്ചു.

16 രാവിലെ കുറിച്ചി മൈനർ സെമിനാരിയിൽ പൗരോഹിത്യത്തിന്റെ സുവർണ്ണ-രജത ജൂബിലി ആഘോഷിക്കുന്ന ചങ്ങനാശ്ശേരി അതിരൂപതയിലെ ബഹു. വൈദികരുടെ സംഗമത്തിൽ പങ്കെടുക്കുകയും വി. കുർബാനയർപ്പിച്ച് സന്ദേശം നൽകുകയും ചെയ്തു. ഉച്ചഭക്ഷണത്തിനുശേഷം, ചങ്ങനാശ്ശേരി, കാഞ്ഞിരപ്പള്ളി, ഭോപ്പാൽ പ്രോവിൻസുകളിലെ സി.എം.സി. സന്ന്യാസിനിമാരുടെ സുവർണ്ണ ജൂബിലി ശുശ്രൂഷകൾക്ക് കാർമ്മികത്വം വഹിച്ചു. വൈകുന്നേരം അതിരൂപതാ കേന്ദ്രത്തിൽ ഇന്റർ ഡിപ്പാർട്ടുമെന്റൽ മീറ്റിംഗിൽ പങ്കെടുത്തു.

17 രാവിലെ അതിരൂപതാ കേന്ദ്രത്തിലെ കൂരിയാ സമ്മേളനത്തിനുശേഷം കോട്ടയം എസ്.എച്ച്. മെഡിക്കൽ സെന്റർ ആശുപത്രിയുടെ സുവർണ്ണ ജൂബിലി ആഘോഷത്തിൽ പങ്കെടുത്തു. തുടർന്ന് കോട്ടയം ലൂർദ് പള്ളി സന്ദർശിച്ചു. അതിരമ്പുഴ ഇടവക കരോട്ട് പീടിയേക്കൽ തോമസ് പോളിന്റെ മൃതസംസ്കാര ശുശ്രൂഷയിൽ ഭവനത്തിലെ കർമ്മങ്ങൾക്ക് നേതൃത്വം നൽകി. ഉച്ചകഴിഞ്ഞ് സന്ദർശകരെ അതിരൂപതാ കേന്ദ്രത്തിൽ സ്വീകരിച്ചു.

18 ഉച്ചയ്ക്ക് കുടമാളൂർ ഫൊറോനായുടെ ആഭിമുഖ്യത്തിൽ പാറമ്പുഴയിൽ സംഘടിപ്പിച്ച ഏകദിന യുവജന കൺവൻഷനിൽ അനുഗ്രഹ സന്ദേശം നൽകി. പാറമ്പുഴ ഇടവകയിൽനിന്നും നിർമ്മിച്ചു നൽകിയ ഭവനത്തിന്റെ താക്കോൽകർമ്മം നിർവ്വഹിച്ചു.

19 പ്രളയക്കെടുതിയിൽനിന്നും രക്ഷപ്പെട്ട കുട്ടനാടിനെ അനുസ്മരിച്ച് കത്തീഡ്രൽ പള്ളിയിൽ സംഘടിപ്പിച്ച കൃതജ്ഞതാ ബലിയർപ്പണത്തിലും, വികസനപ്രവർത്തനങ്ങളെക്കുറിച്ചുള്ള ശില്പശാലയിലും ആദ്യാന്തം പങ്കെടുത്തു. വൈകുന്നേരം നിരണം സെമിനാരിയിൽ 4-ാം വർഷ വൈദികാർത്ഥികൾക്ക് ക്ലാസ്സെടുത്തു.

20 രാവിലെ ചമ്പക്കുളം കല്ലൂർക്കാട് ഇടവകയിൽ തുരുത്തേയിൽ ഫിലിപ്പ് ജാൻ - റോസ് മോൾ ദമ്പതികളുടെ കുഞ്ഞിന് പ്രാരംഭകൂദാശകൾ നൽകി. കൈതവനപള്ളിയിൽ കാളാശ്ശേരി ബഹു. സെബാസ്റ്റ്യൻ അച്ചന്റെ പൗരോഹിത്യ സുവർണ്ണ ജൂബിലി ആഘോഷത്തിന്റെ ഭാഗമായി കൃതജ്ഞതാബലിമദ്ധ്യേ വചനസന്ദേശം നൽകി. കുറുമ്പനാടം പള്ളിയിൽ വിവാഹം ആശീർവദിച്ചു. പാറേൽ തീർത്ഥാടനകേന്ദ്രത്തിൽ, പുന്നപ്ര ഐ.എം.എസ്. -ന്റെ നേതൃത്വത്തിൽ നടന്ന ജപമാല റാലിയുടെ സമാപനത്തിൽ വി. കുർബാനയർപ്പിച്ചു സന്ദേശം നൽകി. വൈകുന്നേരം ചമ്പക്കുളം ഫൊറോനപ്പള്ളിയിൽ ദർശന തിരുനാളിനോടനുബന്ധിച്ചു വി. കുർബാനമദ്ധ്യേ സന്ദേശം നൽകി. കത്തീഡ്രൽ പള്ളിയിൽ ചങ്ങനാശ്ശേരി, തൃക്കൊടിത്താനം, ഫൊറോനാകളിലെ ഗായക സംഘാംഗങ്ങളുടെ സംഗമത്തിൽ പങ്കെടുത്തു സന്ദേശം നൽകി.

21 എടത്വാ ഫൊറോനായിലെ കൊടുപ്പുന്ന സെന്റ് ജോസഫ് ഇടവകയിൽ അജപാലന സന്ദർശനം നടത്തി.

22 ഇടിഞ്ഞിലത്ത് വാഹനാപകടത്തിൽ മരിച്ച ചിങ്ങവനം ക്നാനായ ഓർത്തഡോക്സ് ഇടവകാംഗങ്ങളായ എൽജോ, എൽദോ സഹോദരങ്ങളുടെ മൃതദേഹത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. മുണ്ടുപാലം ഇടവകയിൽ വിവാഹം ആശീർവ്വദിച്ചു. കുറുമ്പനാടം ഫൊറോനയിലെ രാജമറ്റം ഇടവകയിൽ ഡി.എസ്.ജെ. സന്ന്യാസിനി സമൂഹാംഗമായ സി. ലിനറ്റിന്റെ മൃതസംസ്കാര ശുശ്രൂഷയിൽ ദൈവാലയത്തിലെ കർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു. ഉച്ചകഴിഞ്ഞ് അതിരൂപതാ കേന്ദ്രത്തിൽ സന്ദർശകരെ സ്വീകരിച്ചു.

23 രാവിലെ എസ്.ബി. ഹൈസ്കൂളിൽ സയൻസ് കോൺഫ്രൻസിൽ പങ്കെടുത്തു. തുടർന്ന്, പുതിയതായി പ്രവർത്തനം ആരംഭിച്ച സയൻസ് ലാബ് സന്ദർശിച്ചു. ചെത്തിപ്പുഴ ആശുപത്രിയിൽ ചികിത്സയിലും വിശ്രമത്തിലുമായിരിക്കുന്ന ബഹു. വൈദികരെ സന്ദർശിച്ചു. ഉച്ചകഴിഞ്ഞ് മതുമൂല പ്രതീക്ഷാ ഭവന്റെ 'Training Centre for Differently Abled' സ്ഥാപനത്തിന്റെ വെഞ്ചരിപ്പ് നിർവ്വഹിച്ചു. അധാർമ്മികത പ്രചരിപ്പിക്കുവാൻ സാധ്യത തുറന്നിട്ടിരിക്കുന്ന സമീപകാല കോടതിവിധികൾക്കെതിരെ കൃപാ പ്രൊലൈഫ് മൂവ്മെന്റിന്റെ ആഭിമുഖ്യത്തിൽ ആരംഭിച്ച പ്രതിഷേധറാലി ഉദ്ഘാടനം ചെയ്തു. പുറക്കാട് മാർ സ്ലീവാ പള്ളിയിൽ ആലപ്പുഴ ഫൊറോനായിലെ വൈദികരുടെ കോൺഫറൻസിൽ പങ്കെടുത്ത് സംസാരിച്ചു.

24 ഉച്ചകഴിഞ്ഞ് ഐക്കരച്ചിറയിൽ പുതിയതായി നിർമ്മിച്ച പ്രാർത്ഥന ഭവനത്തിന്റെ വെഞ്ചരിപ്പ് നിർവ്വഹിച്ചു. വൈകുന്നേരം കൈനടി ലൂർദ് മാതാ പള്ളിയിൽ തുരുത്തി ഫൊറോനയിലെ വൈദികരുടെ കോൺഫറൻസിൽ പങ്കെടുത്തു സംസാരിച്ചു.

# മാർ തോമസ് തറയിൽ

## സെപ്റ്റംബർ 2018

28 നസ്രത്ത് തെക്കേകര സെയിന്റ് ജെറോം ദൈവാലയത്തിൽ നവീകരിച്ച ബലിപീഠത്തിന്റെ പുനർകൂദാശ കർമ്മം നിർവ്വഹിച്ചു.

29 പുന്നപ്ര ദനഹാലയയിൽ ക്ലാസ്സ് എടുത്തു. വൈകുന്നേരം തിരുവനന്തപുരത്ത് മാർത്തോമ്മാ കൺവൻഷൻ ഉദ്ഘാടനം നിർവ്വഹിച്ചു.

30 തിരുവനന്തപുരം ലൂർദ് ഫോറോനപള്ളിയിൽ പരി. കുർബാന അർപ്പിച്ചു. മെറിറ്റ് ഡേ മീറ്റിങ്ങിൽ പങ്കെടുത്തു. തുടർന്ന് സിവിൽ സർവ്വീസ് കോച്ചിങ്ങ് സെന്ററിൽ പ്രഭാഷണം നടത്തി.

## ഒക്ടോബർ 2018

1 ഇത്തിത്താനം കർമ്മലീത്താ മഠത്തിൽ പരി. കുർബാന അർപ്പിച്ചു. ചെത്തിപ്പുഴ സെന്റ് തോമസ് ഹോസ്പിറ്റലിലെ ഹാർട്ട് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആഭ്യമുഖ്യത്തിൽ സർഗക്ഷേത്രയിൽവച്ചു നടന്ന ഹൃദ്രോഗദിനാഘോഷം ഫ്ളാഗ് ഓഫ് ചെയ്തു സന്ദേശം നൽകി. ഉച്ചകഴിഞ്ഞ് കുരിശുംമൂട് മീഡിയ വില്ലേജിൽ ആർച്ചുബിഷപ്പ് ജോസഫ് പവ്വത്തിൽ പിതാവിന്റെ ജീവചരിത്ര ഡോക്കുമെന്ററി ‘ക്രൗൺ ഓഫ് ദി ചർച്ച്’ സിഡി പ്രകാശനത്തിൽ പങ്കെടുത്തു. വൈകുന്നേരം നിരണം മാർ തോമാശ്ലീഹാ സെമിനാരിയിൽ വൈദികാർത്ഥികൾക്ക് ക്ലാസ്സ് എടുത്തു.

2 ഇത്തിത്താനം പ്രീസ്റ്റ് ഹോമിൽ പരി. കുർബാന അർപ്പിച്ചു. രാമങ്കരി, പുളിങ്കുന്ന്, ചമ്പക്കുളം, എടത്വാ, ആലപ്പുഴ എന്നീ ഏരിയ കൗൺസിലുകളുടെ സംയുക്താഭിമുഖ്യത്തിൽ പള്ളിക്കൂട്ടുമ്മ ഫാത്തിമ മാതാ ദൈവാലയത്തിൽ നടത്തിയ വിൻസെൻഷ്യൻ സംഗമം ഉദ്ഘാടനംചെയ്തു. പുതുശ്ശേരി സെയിന്റ് ജോസഫ് ഓർഫനേജിൽ സെയിന്റ് ജോസഫ് പ്രസ്സ്, ബുക്ക്സ്റ്റാൾ ജീവനക്കാരുടെ കുടുംബസമ്മേളനം ഉദ്ഘാടനം ചെയ്തു. ഉച്ചക്കുശേഷം പഴവങ്ങാടി കർമ്മലീത്താ മഠത്തിൽ ശതാബ്ദി ആഘോഷങ്ങൾക്ക് അദ്ധ്യക്ഷത വഹിച്ചു. അതിരൂപതാ കേന്ദ്രത്തിൽ റീജൻസി ബ്രദേഴ്സിന്റെ ഡയറക്ടറുമാരുടെ മീറ്റിങ്ങിൽ പങ്കെടുത്തു.

3 മാന്നാനം കർമ്മലീത്താ മഠത്തിൽ പരി. കുർബാനയർപ്പിച്ചു തുടർന്ന്; പി. ജി. ഹോസ്റ്റൽ വെഞ്ചരിച്ചു. സന്ദേശനിലയത്തിൽ ചങ്ങനാശ്ശേരി അതിരൂപത നേതൃത്വം വഹിച്ച മാധ്യമജാഗ്രത സമ്മേളനത്തിൽ പങ്കെടുത്തു. വൈകുന്നേരം ചങ്ങനാശ്ശേരി അപ്സര തിയറ്ററിൽ അഭി. മാർ ജോസഫ് പവ്വത്തിൽ പിതാവിനെക്കുറിച്ചുള്ള ഡോക്കുമെന്ററി ക്രൗൺ ഓഫ്ദി ചർച്ച് വീക്ഷിച്ചു.

4 കുറിച്ചി സെയിന്റ് തോമസ് മൈനർ സെമിനാരിയിൽ പരി. കുർബാനയർപ്പിച്ചു. ചെത്തിപ്പുഴ S.D. സമൂഹത്തിലെ സി. ഇലക്റ്റ തോണിപ്പാറയുടെ മൃതദേഹത്തിങ്കൽ ഒപ്പിസ്പാടി പ്രാർത്ഥിച്ചു. പുന്നപ്ര ദനഹാലയയിൽ ക്ലാസ്സെടുത്തു. വൈകുന്നേരം പൂന്തോപ്പ് സെയിന്റ് ഫ്രാൻസീസ് അസ്സീസി ദൈവാലയത്തിൽ പൗരോഹിത്യത്തിന്റെ 25 വർഷം പൂർത്തിയാക്കിയ ബഹു. മണിലാൽ ക്രിസ് ofm conv. അച്ചന്റെ ജൂബിലി ആഘോഷങ്ങളിൽ പങ്കെടുത്തു.

5 ഇത്തിത്താനം ആശാഭവനിൽ പരി. കുർബാനയർപ്പിച്ചു. വൈകുന്നേരം സന്ദേശനിലയത്തിൽ അതിരൂപതയിലെ മേജർ സെമിനാരിക്കാരുടെ ഗാതറിങ്ങിൽ സന്ദേശം നല്കി.

6 തിരുവല്ലം തിരുകുടുംബ സന്യാസ ഭവനത്തിന്റെ രജത ജൂബിലി ആഘോഷത്തോടനുബന്ധിച്ച് പരി. കുർബാനയർപ്പിച്ച് സന്ദേശം നൽകി. തിരുവനന്തപുരം മൺവിള സ്നേഹാശ്രമത്തിന്റെ വാർഷികാഘോഷത്തിൽ പങ്കെടുത്തു. വിളപ്പിൽശാല S.H. മഠത്തിൽ പരി. കുർബാനയർപ്പിച്ചു.

7 പുനലൂർ ചെറക്കടവ് ഇടവകയിൽ പരി. കുർബാന അർപ്പിച്ചു, തുടർന്ന് ഭവന സന്ദർശനം നടത്തി. വൈകുന്നേരം ലത്തീൻ, സീറോമലബാർ, സീറോമലങ്കര റീത്തുകളുടെ സംയുക്ത ആഭിമുഖ്യത്തിൽ തിരുവനന്തപുരത്ത് നടത്തിയ ജപമാല റാലിയിൽ സംബന്ധിച്ച് സമാപന സന്ദേശം നല്കി.

8 തൃശ്ശൂരിൽ കപ്പൂച്ചിൻ പ്രൊവിൻഷ്യൽ ചാപ്റ്റർ ഉദ്ഘാടനം ചെയ്തു. ഉച്ചകഴിഞ്ഞ് ആലുവ എമ്മാവൂസിൽ നടന്ന കരിസ്മാറ്റിക്ക് നേതൃസംഗമത്തിൽ പ്രഭാഷണം നടത്തി.

9 ചങ്ങനാശ്ശേരി മെത്രാപ്പോലീത്തൻ പള്ളിയിൽ ദൈവദാസൻ മാർ മാത്യു കാവുകാട്ട് പിതാവിന്റെ 49-ാം ചരമദിനത്തിൽ പരി. കുർബാനയർപ്പിച്ചു സന്ദേശം നല്കി. വൈകുന്നേരം കുറിച്ചി സെയിന്റ് തോമസ് മൈനർ സെമിനാരിയിൽ ക്ലാസ്സ് എടുത്തു.

10 പാറേൽ എസ്. എച്ച്. പ്രൊവിൻഷ്യൽ ഹൗസിൽ പരി. കുർബാനയർപ്പിച്ചു. ഉച്ചകഴിഞ്ഞ് അതിരൂപതാ കേന്ദ്രത്തിൽ സന്ദർശകരെ സ്വീകരിച്ചു. വൈകുന്നേരം കുട്ടനാടിന്റെ പുനരധിവാസം സംബന്ധിച്ച മീറ്റിംങ്ങിൽ പങ്കെടുത്തു.

11 പുന്നപ്ര ദനഹാലയയിൽ ക്ലാസ്സ് എടുത്തു. വെരൂർ ഇടവക കണ്ണമ്പള്ളി ബഹു. തോമസച്ചന്റെ മൃതസംസ്കാര ശുശ്രൂഷയോടനുബന്ധിച്ച് പരി. കുർബാനയർപ്പിക്കുകയും മൃതസംസ്കാര ശുശ്രൂഷയിൽ സഹകാർമ്മികത്വം വഹിക്കുകയും ചെയ്തു.

12 കുറമ്പനാടം ജീവോദയിൽ പരി. കുർബാന അർപ്പിച്ചു. ഉച്ചകഴിഞ്ഞ് അതിരൂപതാ കേന്ദ്രത്തിൽ സന്ദർശകരെ സ്വീകരിച്ചു. വൈകുന്നേരം നിരണം മാർ തോമ്മാശ്ലീഹാ സെമിനാരിയിൽ ക്ലാസ്സ് എടുത്തു.

13 ചെത്തിപ്പുഴ ആശുപത്രിയിൽ പാലിയേറ്റിവ്കെയർ ദിനാഘോഷം ഉത്ഘാടനം ചെയ്തു. ഉച്ചകഴിഞ്ഞ് പാറേൽപള്ളിയിൽ ചങ്ങനാശ്ശേരി ദേവമാതാ പ്രോവിൻസിലെ നവസന്യാസിനികളുടെ സഭാവസ്ത്ര സ്വീകരണ കർമ്മത്തിൽ മുഖ്യകാർമ്മികത്വം വഹിക്കുകയും പരി. കുർബാനയർപ്പിച്ച് സന്ദേശം നൽകുകയും ചെയ്തു. എസ്.ബി. ഹയർ സെക്കൻഡറി സ്കൂളിൽ നടന്ന കെ.സി.എസ്.എൽ. നേതൃത്വ ക്യാമ്പ് ഉദ്ഘാടനം ചെയ്തു. എ.കെ.സി.സി.യുടെ നേതൃത്വത്തിൽ രാമങ്കരിയിൽ നടന്ന ജനകീയ സദസ് ഉദ്ഘാടനം ചെയ്തു.

14 രാവിലെ 9.00 മണി മുതൽ തിരുവനന്തപുരം ലൂർദ് ഫൊറൊനാപ്പള്ളിയിൽ സന്ദർശകരെ സ്വീകരിച്ചു. ഉച്ചകഴിഞ്ഞ് 3:30 ന് തിരുവല്ലം ഹോളി ഫാമിലി ഇടവകയുടെ രജത ജൂബിലി സമാപനത്തോടനുബന്ധിച്ച് പരി. കുർബാനയർപ്പിച്ച് സന്ദേശം നൽകി. തുടർന്ന് ജൂബിലി സമ്മേളനം ഉദ്ഘാടനം ചെയ്തു.

15 രാവിലെ 10:00 മണിക്ക് പള്ളിക്കുന്ന് എസ്റ്റേറ്റിൽ 2017 - 18 ബാച്ചിലെ വൈദികരുടെ ഗ്യാതറിങ് നടത്തുകയും വ്യക്തിപരമായി അവരെ കാണുകയും ചെയ്തു. വൈകുന്നേരം 4:00 ന് രാമപുരത്ത് വാഴ്ത്തപ്പെട്ട തേവർപ്പറമ്പിൽ കുഞ്ഞച്ചന്റെ കബറിടത്തിങ്കൽ പ്രാർത്ഥിച്ച് പരി. കുർബാന അർപ്പിച്ച് സന്ദേശം നൽകി.

16 മിത്രക്കരി കുന്നമ്പള്ളിയിൽ ബഥേൽ ശ്രാമ്പിക്കൽ അപ്പച്ചന്റെ മൃതദേഹത്തിങ്കൽ ഒപ്പീസ് പ്രാർത്ഥിച്ചു. കുറിച്ചി സെയിന്റ് തോമസ് മൈനർ സെമിനാരിയിൽ പൗരോഹിത്യത്തിന്റെ 50, 25 ജൂബിലി ആഘോഷിക്കുന്ന ചങ്ങനാശ്ശേരി അതിരൂപതയിലെ വൈദികരോടൊന്നിച്ച് പരി. കുർബാന അർപ്പിച്ചു.

17 പായിപ്പാട് S.H. മഠത്തിൽ പരി. കുർബാനയർപ്പിച്ചു. അതിരമ്പുഴ കരോട്ടുപീടികയിൽ ശ്രീ. തോമസ് പോളിന്റെ മൃതദേഹത്തിങ്കൽ ഒപ്പിസ്പാടി പ്രാർത്ഥിച്ചു. കുടമാളൂർ സെന്റ് മേരീസ് U.P.S. ന്റെ എഴുപതാം വാർഷിക ആഘോഷങ്ങൾ ഉദ്ഘാടനം ചെയ്തു സന്ദേശം നൽകി. ഫാത്തിമാപുരം പൊട്ടുകുളം ഏലിയാമ്മ തോമസിന്റെ മൃതസംസ്കാര ശുശ്രൂഷയിൽ വീട്ടിലെ ശുശ്രൂഷകൾക്ക് കാർമ്മികത്വം വഹിച്ചു. വൈകുന്നേരം ചെത്തിപ്പുഴ ഇടവകയിൽ നടന്ന കൃപാഭിഷേകം കൺവെൻഷൻ ഉത്ഘാടനം ചെയ്തു. K.C.S.L. ഹയർ സെക്കണ്ടറി ക്യാമ്പിൽ വിദ്യാർത്ഥികൾക്ക് സന്ദേശം നൽകി.

18-30 അയർലന്റിലെ വിവിധ സീറോമലബാർ സമൂഹങ്ങൾ സന്ദർശിക്കുകയും ഡബ്ലിനിൽ അവർക്ക് കുടുംബനവീകരണ ധ്യാനം നയിക്കുകയും ചെയ്തു. ഡബ്ലിൻ ആർച്ച്ബിഷപ്പ് ഡിമുട്ട് മാർട്ടിനെ സന്ദർശിച്ചു.

## മാർ ജോസഫ് പവ്വത്തിൽ

### 2018 സെപ്റ്റംബർ

24 മാങ്ങാനം മാർ സ്ലീവാ സ്പിരിച്ച്വാലിറ്റി സെന്ററിൽ 'ആനന്ദിച്ച് ആഹ്ലാദിക്കുവിൻ' എന്ന അപ്പസ്തോലിക ഉദ്ബോധനം അടിസ്ഥാനമാക്കി വൈദികർക്കായി ഒരുക്കിയ ഏകദിന സെമിനാർ ഉദ്ഘാടനം ചെയ്തു.

### 2018 ഒക്ടോബർ


1 കുരിശുംമ്മൂട് മീഡിയവില്ലേജ് ഓഡിറ്റോറിയത്തിൽ കോതമംഗലം രൂപതാദ്ധ്യക്ഷനായിരുന്ന അഭി. മാത്യു പോത്തനാമുഴി പിതാവിന്റെ പേരിൽ ഏർപ്പെടുത്തിയ പോത്തനാമുഴി ഫൗണ്ടേഷൻ പുരസ്ക്കാരം സ്വീകരിച്ചു. തുടർന്ന് മീഡിയവില്ലേജ് തയ്യാറാക്കിയ 'ക്രൗൺ ഓഫ് ദ ചർച്ച്' എന്ന ഡോക്യുമെന്ററിയുടെ സി.ഡി. പ്രകാശന കർമ്മത്തിൽ പങ്കെടുത്തു.

02 ചെത്തിപ്പുഴ സെയിന്റ് തോമസ് നേഴ്സിങ്ങ് കോളേജിൽ 2018–19 അദ്ധ്യയന വർഷ സന്ദേശം നല്കി.

03 ചങ്ങനാശ്ശേരി അപ്സരാ തിയറ്ററിൽ പ്രദർശിപ്പിച്ച 'ക്രൗൺ ഓഫ് ദ ചർച്ച്' ഡോക്യുമെന്ററി ഷോയിൽ പങ്കെടുത്തു.

05 ചങ്ങനാശ്ശേരി സന്ദേശനിലയത്തിൽ അതിരൂപതയിലെ മേജർ സെമിനാരിക്കാരുടെ ഗ്യാതറങ്ങിൽ പങ്കെടുത്തു സന്ദേശം നല്കി.

09 ചങ്ങനാശ്ശേരി മെത്രാപ്പോലീത്തൻ പള്ളിയിൽ ദൈവദാസൻ മാർ മാത്യു കാവുകാട്ടുപിതാവിന്റെ 49–ാം ചരമവാർഷികത്തിൽ പരി. കുർബാന മദ്ധ്യേ സന്ദേശം നല്കി.





# ENGAGEMENTS

**Mar Joseph Perumthottam**
Metropolitan Archbishop of Changanacherry

## 2018 NOVEMBER

| | | |
|---|---|---|
| 1. | **03:00 p.m. - 04:00 p.m.** | Visitors' Time |
| | **04:30 p.m.** | Evaluation Work Shop on Kuttanadu |
| 2. | **06:00 p.m.** | Kuttanadu Monitoring Committee @ Archbishop's House |
| 3. | **10:00 a.m.** | Parents Meeting @ Kurichy Seminary |
| | **11:00 a.m.** | Centenary Public Meeting @ Sacred Heart Church, Chethipuzha |
| | **12:30 p.m.** | *Requiem* Prayer for Rev. Fr Mathew Meprath @ Thathampally. |
| | **04:00 p.m.** | Kurumpanadom & Thuruthy Foranes Choir Members Gathering @ Kurumpanadom |
| | **05:00 p.m.** | Jubilee Celebration @ Vazhappally SABS Convent |
| | **06:15 p.m.** | Solemn Ramsa @ Thrickodithanam Forane Church |
| 4 | **06:00 a.m.** | Pastoral Visit @ St Jerome Church, Nazareth |
| 5. | **10:00 a.m.** | Boarding Blessing @ S.B.H.S.S. |
| | **02:45 p.m. - 04:00 p.m.** | Visitors' Time |
| 6. | **10:00 a.m.** | Golden Jubilee Celebration of Rev. Fr George Koodathil & Rev. Fr Antony Mannarkalam @ Mother Theresa Home, Nedumkunnam |
| | **12:45 p.m.** | Yuvadeepti – SMYM Ecumenical Meet @ Pastoral Centre. |
| 7. | | Engaged |
| 8. | **02:30 p.m.** | *Palliquadasa* @ Veliyanadu Kesaria |
| 9. | **04:00 p.m.** | Pro-life Rally Conclusion Message of Alapuzha Zone @ Alapuzha |
| | **07:00 p.m.** | *Vanitha* Camp inauguration, Yuvadeepti – SMYM @ Pastoral Centre |
| 10. | **06:30 a.m.** | *Qurbana* @ Little sisters, Manganam |
| | **10:00 a.m.** | 'Navamasathabdhi' (900th Jubilee) Inter religious & Ecumenical Public Meeting @ Cathedral |
| 11. | **06:15 a.m.** | *Qurbana* @ Pastoral Centre Chapel |
| | **07:45 a.m.** | *Kurisadi* Blessing @ Thuruthy |
| | **10:00 a.m.** | 'Navamasathabdhi' (900th Jubilee) Public Meeting @ Cathedral |
| 12. | **06:15 a.m.** | *Qurbana* @ SH Generalate, Manganam |

| | | |
|---|---|---|
| | **06:00 p.m.** | Inter Departmental Meeting @ Archbishop's House |
| 13. | **11:45 a.m.** | Meeting @ SBHSS |
| | **02:30 p.m.** | Course Concluding Message @ Amala Theological College, Parel |
| | **06:00 p.m.** | *Jagratha Sayannam* @ Thrickodithanam |
| 14 | **02:45 p.m. - 02:45 p.m.** | Visitors' Time |
| | **06:30 p.m.** | Monthly Recollection of the Regency Brothers |
| 15. | **11.15 a.m.** | Parents Day @ Niranam Seminary |
| | **04:00 p.m.** | Pro-Life Rally Conclusion Meeting of Kottayam Zone |
| | @ Ettumannor | |
| 16. | **04:00 p.m.** | *Qurbana* @ ChristThe King Church, Kuttiikonam |
| 17. | **10:00 a.m.** | Pastoral Council Meeting @ Archbishop's House |
| | **02:30 p.m.** | Ordination of Dn Joseph Parathanam @ Little Flower, |
| | Madappally | |
| | **06:30 p.m.** | Solemn Ramsa, Parish day @ St. Mary's, Parel |
| 18. | **06:00 a.m.** | Pastoral Visit @ St. Thomas, Kumaranallor |
| 19. | **02:45 p.m. - 03:45 p.m.** | Visitors' Time |
| | **04:00 p.m.** | Pro-life Rally Conclusion Message @ Changanacherry |
| 20. | **09:30 a.m.** | Presbyterium @ Archbishop House |
| | **03:00 p.m.** | *Requiem Qurbana* for Rev. Fr Thomas Kannampalli |
| | @ St Joseph's, Veroor | |
| | **06:00 p.m.** | Ramsa, Synaxis @ FCC Devamatha Provincial House, |
| 21 | | DCMS State meet @ Kottayam |
| 22. | | Ordination of Dn Peter Naluchira OFM Cap @ St Joseph's Church, Kayalpuram |
| 23- 24 | | Engaged |
| 25. | | Pastoral Visit @ Nalpathimala |
| 26. | **02:45 p.m. – 04:00 p.m.** | Visitors' Time |
| | 06:30 p.m. | Class @ Niranam Seminary |
| 27. | **10:00 a.m.** | Rev. Fr Vicars' Conference of Minor Seminarians @ Kurichy Seminary |
| 28 | | Engaged |
| 29. | **11:00 a.m.** | Home Day Celebration @ Denahalaya, Punnapra |
| 30. | **02:30 p.m.** | Blessing of the School for the Differently Abled @ |
| | FDSHJ, Kumarakom | |

# ENGAGEMENTS

**Mar Thomas Tharayil**
Auxiliary Bishop of Changanacherry

## 2018 NOVEMBER

| | | |
|---|---|---|
| 1 | **06:30 a.m.** | *Qurbana* @ *Snehatheeram*, Kidangara |
| | | Engaged |
| 2 | **06:30 a.m.** | *Requiem Qurbana* of Sr Linet DSJ @ Rajamattam |
| | **08:45 a.m.** | Curia |
| | **06:00 p.m.** | Flood Rehabilitation Monitoring Cell @ Archbishop's House |
| 3 | **11:00 a.m.** | *Requiem Qurbana* of Rev. Fr Mathew Meprath @ Thathampally |
| | **03:00 p.m.** | Jubilee *Qurbana* @ SABS Vazhapally |
| | **05:00 p.m.** | Choir Members Meet @ Kurumpanadam Forane |
| 4-9 | | Priests' Retreat @ Gorakhpur |
| 10 | **06:30 a.m.** | *Qurbana* @ *Jyothis Bhavan* SH, Mudiyoorkara |
| | **09:30 a.m.** | 'Navamasathabdhi' (900th Jubilee) Inter religious & Ecumenical Public Meeting @ Cathedral |
| | **03:30 p.m.** | Yuvadeepthi *Vanitha* Camp @ Pastoral Centre |
| | **08:00 p.m.** | *Kristuraja Jyothi* Kindling the Lamp @ Punnapra |
| 11 | **06:00 a.m.** | *Qurbana* & *Kappela* Blessing @ Mamoodu |
| | **10:00 a.m.** | 'Navamasathabdhi' (900th Jubilee) Public Meeting @ Cathedral |
| 12 | **08:30 a.m.** | Class @ Denahalaya |
| | **04:00 p.m.** | *Qurbana* & Message @ Mannanam Bible Convention |
| | **06:00 p.m.** | Inter Departmental at Meeting @ Archbishop's House |
| 13 | | Engaged |
| 14 | **06:30 a.m.** | *Qurbana* @ Minor Seminary, Kurichy |
| | **08:45 a.m.** | Curia |
| | **02:30 p.m.** | Visitors' Time |
| 15 | **09:30 a.m.** | Patron's Day @ Placid, Chethipuzha |
| | **04:30 p.m.** | *Qurbana* & Message @ Thrikodithanam |
| | **07:00 p.m.** | Class @ Niranam Seminary |
| 16 | **08:45 a.m.** | Curia |
| | **02:30 p.m.** | Visitors' Time |

| | | |
|---|---|---|
| | **06:30 p.m.** | *Qurbana* @ Mother Teresa Home, Nedumkunnam |
| 17 | **06:30 a.m.** | *Qurbana* @ Pious X Hostel |
| | **10:00 a.m.** | Pastoral Council |
| | **08:30 p.m.** | *Yuvadeepthi* Amboori Forane Camp @ Venjarumoodu |
| 18 | **07:00 a.m.** | Pastoral Visit @ St. Mary's Church, Palode |
| 19 | **10:00 a.m.** | Inter Eparchial Meeting @ Thuckalay |
| 20 | **06:30 p.m.** | *Qurbana* @ Priest Home |
| | | Presbyterium |
| | **05:30 p.m.** | *Bhalika Bhavan* Visit @ Pulincunnoo |
| 21 | **06:30 p.m.** | *Qurbana* @ *Abhaya Bhavan*, Kudamaloor |
| | **08:45 a.m.** | Curia |
| | **02:30 p.m.** | Visitors' Time |
| | **07:00 p.m.** | Class @ Minor Seminary, Kurichy |
| 22 | **09:00 a.m.** | Class @ Denahalaya |
| 23 | **06:30 a.m.** | *Qurbana* @ *Vijaya* Hostel |
| | **08:45 a.m.** | Curia |
| | **02:30 p.m.** | Visitors' Time |
| | **07:00 p.m.** | Class @ Niranam Seminary |
| 24 | **07:30 a.m.** | Requiem Qurbana of Fr O.J. Varghese @ Pazhayidom |
| | **10:30 p.m.** | Youth Gathering @ SD Provincial House, Chethipuzha |
| | **12.00 p.m.** | *Kudumbakoottaima* Leaders Meet @ Pastoral Center |
| | **03:00 p.m.** | Choir Members Meet @ Pulincunnoo |
| | **04:30 p.m.** | *Kudumbakoottaima* Animators Meet @ Pastoral Center |
| 25 | **07:00 a.m.** | Pastoral Visit @ All Saints Church, Vithura |
| 26 | **06.30 a.m.** | *Qurbana* @ S.H. Trivandrum |
| 27 | **06:30 a.m.** | *Qurbana* @ *Vimala* Hostel Seminarians' Vicars Conference |
| | **10:00 a.m.** | Rev. Fr Vicars' Conference of Minor Seminarians @ Kurichy Seminary |
| | **07:00 p.m.** | Class @ Minor Seminary |
| 28 | **06:30 a.m.** | *Qurbana* @ *Jyothi* Hostel |
| | | Engaged |
| 29 | **11:00 a.m.** | Home Day @ Denahalaya |
| | **02:45 p.m.** | *Qurbana* & Message @ Nedumkunnam |
| 30 | **06:30 a.m.** | Altar Blessing & *Qurbana* @ Assumption College Chapel |
| | **08:45 a.m.** | Curia |
| | **02:30 p.m.** | Visitors' Time |
| | **07:00 p.m.** | Class @ Minor Seminary |




# ENGAGEMENTS

**Mar Joseph Powathil**
Archbishop Emeritus

## 2018 NOVEMBER

| | | |
|---|---|---|
| 04 | **09:00 a.m.** | *Kalkurisu* Blessing @ Mamoodu |
| 08 | **04:00 p.m.** | Jubilee of Fr Panamthottam@ Kottangal |
| 11 | **10.00 a.m.** | 'Navamasathabdhi' (900th Jubilee) Public Meeting @ Cathedral |
| 15 | 0**3:00 p.m.** | *Jeevakarunyanidhi* Trust AGM @ Sandeshanilayam |
| 17 | **11:00 a.m.** | Marriage @ Champakulam |
| 18 | **10:00 a.m.** | Parish Day @ Parel |